# GADYASOPANAM

## SELECTIONS IN MALAYALAM PROSE

B. A., B. Sc. Part I - Malayalam

UNIVERSITY OF MADRAS

MADRAS - 600 005

1987

0B20

# ഗദ്യസോപാനം

ഗദ്യസമാഹാരം

ബി. ഏ., ബി.എസ്‌സി.

പാർട്ട് I-മലയാളം

മദിരാശി സർവകലാശാല

മദിരാശി

1987

# GADYASOPANAM

(Selections in Malayalam Prose)

Third Reprint : 1987

Printed at : Silpi Printers, Abhiramapuram, Madras-18

Copies : 2000

Prize Rs. 20/-

© University of Madras.

(Compiled and edited by the members of the Board of Studies in Malayalam, University of Madras).

0B20

# ഉള്ളടക്കം


1. ഒരു കാഥികയുടെ അനുഭവപാഠങ്ങൾ 1

—ലളിതാംബിക അന്തർജ്ജനം

2. മെൻഡൽ 12

—ഡോ. കെ. ഭാസ്കരൻനായർ

3. മാരാരുടെ കത്ത് 27

—കുട്ടികൃഷ്ണമാരാര്

4. ജൂബയിലെ ദിവസങ്ങൾ 34

—എസ്. കെ. പൊറ്റെക്കാട്ട്

5. പ്രാസവാദം 58

—കെ. ഭാസ്കരപിള്ള

6. ഞങ്ങളുടെതന്നെ ഒരു ഭാഗം 72

—ഇ. എം. എസ്. നമ്പൂതിരിപ്പാട്

7. ക്രൈസ്തവാദർശം മലയാളസാഹിത്യത്തിൽ 84

—പ്രൊഫ. സുകുമാർ അഴീക്കോട്

8. കേരളവും മരക്കാർവംശവും 106

—പി. എ. സെയ്തുമുഹമ്മദ്

9. ഭാരതീയസാഹിത്യത്തിന്റെ അന്തർദ്ധാര 120

—ശ്രീനി

10. പരദേശിമോക്ഷയാത്ര 132

—വി. പി. ശിവകുമാർ

പൊതുസ്വത്തും പൌരന്മാരും 150

കുറിപ്പുകൾ 154

ഒന്നു്

# ഒരു കാഥികയുടെ അനുഭവപാഠങ്ങൾ

പ്രിയപ്പെട്ട വായനക്കാരെ!

ഇതു വളരെ പഴയ രീതിയിലുള്ള തുടക്കമാണെന്നു് എനിക്കറിയാം. എങ്കിലും ഇപ്പോൾ ഇതല്ലാതെ പററില്ല. 'മലയാളനാടി'ൻെറ ഇത്തവണത്തെ ഓണപ്പതിപ്പ് കാഥികന്മാരുടെ വകയാണെന്നും അതിൽ ഉപദേശരൂപേണ വല്ലതും എഴുതണമെന്നും പത്രാധിപർ ആവശ്യപ്പെട്ടിരിക്കുന്നു. അതല്ലെങ്കിൽ ഞാൻ കഥാകർത്രിയായതെങ്ങനെ എന്നുള്ള വിഷയത്തെപ്പററിയായാലും മതി. രണ്ടും വിഷമമുള്ള കാര്യമാണ്. ആദ്യത്തേതു് ഞാൻ ഒരിക്കലും ചെയ്കയില്ല, കലയുടെ മണ്ഡലത്തിൽ ആക്കും ആരേയും ഉപദേശിക്കുവാൻ സാദ്ധ്യമല്ല. അതു അരുതുതാനും. ഓരോ തലമുറയും തങ്ങൾക്കൊത്ത വഴി സ്വയം കണ്ടുപിടിക്കുന്നു. ഭൂതകാലത്തിൻെറ തുടർച്ചയാണെന്നിരിക്കിലും ഭാവിയിലേക്കുള്ള പാതവെട്ടിത്തീർക്കേണ്ടതു് തങ്ങൾക്കൊത്തവിധം വേണം. ഇവിടെ പുറകിൽനിന്നുള്ള ഉപദേശനിർദേശങ്ങൾക്കൊന്നും സ്ഥാനമില്ല.

പിന്നെ — ഞാൻ ഒരു കഥയെഴുത്തുകാരിയായതെങ്ങനെയെന്നു ചോദിച്ചാൽ അതും അത്ര നിഷ്പ്രയാസം പറയാനൊക്കുമോ? ഇതിനു മുമ്പ് പലരും ഇതേ ചോദ്യംതന്നെ എന്നോടു ചോദിച്ചിട്ടുണ്ട്. മറുപടി പറയാൻ സാധിച്ചിട്ടില്ല — മറുപടി എനിക്കുതന്നെ വ്യക്തമല്ലായിരുന്നു എന്നതാവാം കാരണം — ഞാൻ സ്ത്രീയായി ജനിക്കാൻ കാരണമെന്തായിരുന്നു എന്നു ചോദിച്ചാൽ എന്തു പറയും? അതും ഇതേ കുലത്തിൽ ഇങ്ങനെയുള്ള മാതാപിതാക്കളുടെ സന്തതിയായി ഇതേ കാലഘട്ടത്തിൽ ജനിക്കാനിടയായതെന്തേ? തികച്ചും അസാധാരണമാംവിധം എന്നിൽ സാഹിത്യവാസന മൊട്ടിട്ടുവന്നതെന്താണ്? എല്ലാം ഉത്തരമില്ലാത്ത ചോദ്യങ്ങൾ. മലയാളസാഹിത്യത്തിൽ, എന്നല്ല, ലോകസാഹിത്യത്തിൽത്തന്നെ, മുൻതലമുറയിലെ സ്ത്രീജനങ്ങളിൽ സാഹിത്യരചന നടത്തിയവർ അധികമില്ലാത്തതെന്തെന്ന ചോദ്യത്തിനും പലപ്പോഴും ഉത്തരം പറയേണ്ടതായി വന്നിട്ടുണ്ട്. വാസനയും ഭാവനയും ഇല്ലാത്തതുകൊണ്ടല്ല സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് അങ്ങനെ വന്നത് എന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ടല്ലോ. ഭാരതത്തിൽ ഏററവും സ്വാതന്ത്ര്യം കൂടിയവരാണ് (ചില സമുദായങ്ങൾ ഒഴിച്ചാൽ) കേരളസ്ത്രീകൾ എന്നു പറയപ്പെടാറുണ്ട്. പക്ഷേ, ഇവിടെയും അവർ എന്നും സാഹിത്യലോകത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടും തൊടീലുമുണ്ട്, അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തു കേട്ടുകൂടാ എന്നാണു വിധി. അവർക്ക് അണിഞ്ഞൊരുങ്ങാം, സുന്ദരി ചമയാം, ഒരേ സമയത്ത് അനവധി കാമുകന്മാരുടെ നോട്ടപ്പുള്ളിയായി കഴിയാം. ചന്ദ്രോത്സവാദി കാവ്യങ്ങളിലെ നായികമാരായി മദനവൈജയന്തികളായി ഞെളിയാം. പക്ഷേ, അങ്ങിങ്ങു ചില ഭക്തിമാർഗ്ഗകവിതകളല്ലാതെ മറെറാന്നും അവരുടേതായി കേട്ടുകേൾവിപോലും ഇല്ലല്ലോ. ഇതിന് എന്താണു കാരണം?

മലയാളഭാഷയുടെ ആരോമലായ ഒരു യുവകവി ഒരിക്കൽ, വളരെ മുമ്പൊരിക്കലൊണ്, ഒരു പൊതുസദസ്സിൽവച്ച് എന്നോടു ചോദിച്ചു: ''കാവ്യദേവതയെ സ്ത്രീരൂപത്തിൽ ധ്യാനിക്കുന്ന ഈ നാട്ടിൽ എന്തുകൊണ്ടാണ് ഒരു കവയിത്രീപോലും ഉണ്ടാകാതിരുന്നിട്ടുള്ളതു്? ശൃംഗാരമൂർത്തികളെന്നു് പ്രകീർത്തിക്കപ്പെടുന്ന അവരിലൊരാളെങ്കിലും ഒരൊററവരി പ്രേമകവിതയെങ്കിലും എഴുതിയിട്ടില്ലാത്തതെന്താണു്?—'' താനിരുന്ന കസാല എടുത്തു പൊക്കിപ്പിടിച്ചുകൊണ്ടു് അയാൾ ഉച്ചത്തിൽ ചോദിച്ചു; ''ഇതാ, ഇതു് മരംകൊണ്ടുള്ള ഒരുപകരണമാണു്. നാലുകാലുണ്ടു്, ചാരുണ്ടു്, പലകയുണ്ടു്. ഇതുപോലെ ഇരിക്കുവാനുതകുന്ന ഒരുപകരണമെങ്കിലുമാവാൻ ഇതുവരെ സ്ത്രീക്കു സാധിച്ചിട്ടുണ്ടോ? ''

ഞാൻ അല്പം വിഷമിച്ചു. സ്ത്രീയും കസാലയുമായുള്ള ഉപമയുടെ സാരം പിടികിട്ടിയില്ല. വെറും മരത്തടിപോലെ അന്യർക്കു കൊത്തിച്ചെത്തി എടുക്കുവാനുള്ള നിശ്ചേതനവസ്തുവാണോ സ്ത്രീത്വം? അതിനു ചൂടും ചലനവും സ്വയംനിർണ്ണായകമായ ചൈതന്യവിശേഷവുമുണ്ടായാൽ എന്തായിരിക്കും കഥ? അനവധി പ്രേമകവിതകൾ എഴുതിയിട്ടുള്ള ഈ കവിയെപ്പോലെ — ഇതുപോലെയുള്ള അനേകമനേകം കവികളെപ്പോലെ — ഒരുവരി ശൃംഗാരകവിതയെഴുതിയാൽ ആ യുവതിയുടെ ജീവിതം സമുദായത്തിൽ എങ്ങനെയാവും? തന്നെപ്പോലെ പ്രേമത്തെത്തേടി — പ്രേമം ആസ്വദിച്ച്— പാറിപ്പറന്നു നടക്കുവാൻ സ്വന്തം സഹോദരിയെപ്പോലും ഇയാൾ അനുവദിക്കുമോ?

എന്നല്ല ചിരപുരാതനകാലംമുതൽതന്നെ സ്ത്രീയെ അബല എന്നും ചപല എന്നും ഭീരു എന്നും ഒക്കെയാണല്ലോ കവികൾ വാത്സല്യപൂർവ്വം വിളിക്കാറുള്ളതും. ഇതു കേട്ടുകേട്ടു തങ്ങൾ അങ്ങനെയാണെന്നും അവർ ധരിച്ചുവശായിരിക്കുന്നു. കണ്ണുകൾ കരിംകൂവളം, കവിൾ റോസാപ്പൂ, നെററി ചന്ദ്രക്കല, അധരം തൊണ്ടിപ്പഴംതന്നെ, ചുവന്ന തൊണ്ടിപ്പഴം — പക്ഷേ, ഇവയ്ക്കി

ടയിൽ മാറിനകത്തു ത്രസിക്കുന്ന ഹൃദയവും അതിലുള്ള ചൂടും ചൈതന്യവും കണ്ണീരും നെടുവീർപ്പും ഒന്നും ആരും കണ്ടില്ല സ്ത്രീ എന്നും സാഹിത്യധാരണയിൽ ഭോഗത്തിനുള്ള ഉപകരണം മാത്രമായിരുന്നു. ഇതിഹാസപുരാണങ്ങളിലെ സമുജ്ജ്വലമാതൃകകൾ മാഞ്ഞുപോയിത്തുടങ്ങിയിരുന്നു. ക്രൈസ്തവവിശ്വാസപ്രകാരം ആദിമാതാവുതന്നെ ശാപഗ്രസ്തയായിരുന്നല്ലോ. സർപ്പത്തിന്റെ ദുർബ്ബോധന കേട്ടായാലും ജ്ഞാനവൃക്ഷത്തിന്റെ ഫലം ആസ്വദിക്കാനെടുത്ത അവർ ആദ്യം അതു ഭർത്താവിനു കൊടുത്തു. ജ്ഞാനിയായിത്തീർന്ന പുരുഷനാകട്ടെ ഇതു അവൾ രുചിച്ചു നോക്കിയാലുള്ള അപകടം മനസ്സിലാക്കി മനഃപൂർവ്വം പിടിച്ചെടുക്കയും ചെയ്തു. അങ്ങനെ പാവം ഹവ്വ, ഭർത്താവിന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ പാപിയായി, ശാപഭാരവും പേറി, പുരുഷന്റെ വാരിയെല്ലുകളിലൊന്നായി, സാർവകാലികസ്ത്രീത്വത്തിന്റെ പ്രാതിനിധ്യവും വഹിച്ചു ചുമടു ചുമന്നുകൊണ്ടു നടന്നേ പോരുന്നു. ഹൈന്ദവപുരാണങ്ങളിലാകട്ടെ, സീത പരിത്യക്തയായി; പാഞ്ചാലി അവമാനിതയായി; രജപുത്രകാലത്ത് മീരയ്ക്കു വിഷം കടിക്കേണ്ടിവരികയും പത്മിനിക്കു തീയിൽ ചാടേണ്ടിവരികയും ചെയ്തു. ആധുനികയുഗത്തിൽ ഈ കെട്ടൊന്ന് അയഞ്ഞാൽ അന്ന് അവർ കാണിച്ചുതരും, നോക്കിക്കൊള്ളൂ, നിങ്ങളുടെ കവിതയുടെ ധാരതന്നെ മാറിപ്പോവും—

എന്നൊക്കെ അന്നു ഞാൻ പറഞ്ഞുവെന്നു തോന്നുന്നു. മീററിങ് കഴിഞ്ഞപ്പോൾ ആ യുവകവി എന്റെ അടുത്തുവന്നു ചോദിച്ചു ;

''ജ്ഞാനവൃക്ഷത്തിന്റെ ഫലം ഇപ്പോൾ കിട്ടിയാൽ ചേച്ചി എന്തു ചെയ്യും? ''

ഞാൻ ചിരിച്ചു: ''സംശയമെന്ത്? ഞാനും സ്ത്രീയല്ലേ? ആദിമാതാവിനെപ്പോലെ ഞാനും ഇതാ — അനുജന്റെ വായിലേക്കു് ഇട്ടുതരും.''

ഈ സംഭവം കഴിഞ്ഞിട്ടു മുപ്പത്തിയഞ്ചു വർഷങ്ങളോളമായി. ആ കവി ഇന്നില്ല.

പക്ഷേ, അന്നത്തെ സദസ്യരിൽ പലരും ഉണ്ടാവും. അന്നു് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്കു ചുട്ട മറുപടി പുതിയ തലമുറയിലെ കലാകാരികൾ കൊടുക്കുകയും ചെയ്യുന്നു. ഇന്നു ജനസംഖ്യാനുപാതികമായി നോക്കിയാൽ പുരുഷനോളമില്ലെങ്കിലും നല്ല ഒരു സംഖ്യ സ്ത്രീകൾ എഴുത്തുകാരികളായുണ്ടു്. കഥയുടേയും കവിതയുടേയും നോവലിൻേറയും നിരൂപണത്തിൻേറയും മണ്ഡലത്തിൽ സമശീർഷരുണ്ടു്. കാലത്തിൻെറ മാററം സമൂഹത്തിൽ വരുത്തുന്ന പരിവർത്തനത്തിനു് ഉത്തമോദാഹരണമാണു് ഈ വസ്തുത. അരനൂററാണ്ടുമുമ്പു് എഴുതിത്തുടങ്ങിയ എന്നെപ്പോലെയുള്ളവർ ഇപ്പോൾ പഴഞ്ചൻ സെററിൽപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ പുതിയ കഥാകൃത്തുക്കൾക്കു് ഉപദേശം കൊടുക്കാൻ വേണ്ടി ഞാൻ തൂലിക ചലിപ്പിക്കയുമില്ല.

പക്ഷേ മുഷിയുകയില്ലെങ്കിൽ ഒന്നുരണ്ടു അനുഭവപാഠങ്ങൾ കൂടി പറയാം.

മററു പല എഴുത്തുകാരികളുടെ കാര്യത്തിലുമെന്നപോലെ, എൻെറ ജീവിതത്തിലും ഒരു ദ്വന്ദ്വം ഉണ്ടായിരുന്നു എന്നു തോന്നുന്നു. ഒരു കലാകാരിയായ വ്യക്തിയും കുടുംബജീവിയായ വ്യക്തിയും തമ്മിലുള്ള സംഘർഷം — ഒരേ സമയത്തു രണ്ടു രംഗങ്ങളിലും ആടിത്തകർക്കേണ്ടിയിരിക്കുന്നു — ആത്മാർത്ഥത പുലർത്തേണ്ടിയിരിക്കുന്നു പുരുഷനു കുടുംബം ഒരു താവളമെന്നേയുള്ളു, സ്ത്രീക്കാകട്ടെ, പ്രധാന കർമ്മരംഗമാണതു്. സർവസ്വവുമാണു്. അവിടെ തോററാൽ ആകെ തോററു. അതേ സമയത്തു് കലയും സമ്പൂർണ്ണമായ ആത്മസമർപ്പണം ആവശ്യപ്പെടുന്ന മണ്ഡലമാണല്ലോ. വായിക്കണം, പഠിക്കണം, ചിന്തിക്കണം, എഴുതണം, വാദപ്രതിവാദങ്ങളിലേർപ്പെടണം. ചുമരുകളില്ലാത്ത ഈ വിശാലമായ മണ്ഡലത്തിൽ സങ്കുചിതചിന്തകൾക്കു് ഇടമില്ല. കുടുംബത്തിൻെറ സങ്കുചിതമായ ചുററുപാടുകളിൽ ഒതുങ്ങിനിന്നുതന്നെയാണു ഞാൻ എഴുതിത്തുടങ്ങിയതു്. കഴിവുള്ളിടത്തോളം രണ്ടു രംഗങ്ങളും സമരസപ്പെടുത്തിക്കൊണ്ടു പോവാൻ പരിശ്രമിച്ചു. വെച്ചുവിളമ്പി. മുലയൂട്ടി. ഭർത്താ

വിനോടും കുട്ടികളോടുമുള്ള കർത്തവ്യങ്ങൾ എല്ലാം ചെയ്യും. പക്ഷേ ഇതുകൊണ്ടു കലയുടെ ഭാഗത്തുള്ള കർമ്മങ്ങളിൽ ഈടുവെപ്പ് കുറയുകയും ചെയ്തിരിക്കാം. അവഗാഢമായി ചിന്തിച്ച്, അനുഭവിച്ച്, അതിൽത്തന്നെ മുഴുകി എഴുതിത്തീർക്കേണ്ട ഒന്നും—ഒരു നോവലോ, കാവ്യമോ, പഠനമോ—കുറിച്ചു തീർക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല ഗൃഹപ്പിഴക്ക് ഒരു സാമൂഹ്യപരിഷ്കർത്ത്രിയുടെ വേഷം കെട്ടുവാനുള്ള ധൃഷ്ടതയും ഉണ്ടായി. എതിർക്കേണ്ട എന്തെങ്കിലും കാര്യം കണ്ടാൽ അതിനെ കലാരൂപത്തിൽ നേരിടുക — ഇതു് അക്കാലത്തെ സ്ഥിതിക്ക് ഒരു വീണമീട്ടുപോലെയോ കേക പാട്ടു പോലെയോ സുഗമമല്ലായിരുന്നു. എതിർപ്പ് കുറിക്കു കൊള്ളുകയാണെങ്കിൽ തീർച്ചയായും തിരിച്ചടി കിട്ടും. അതിനെ നേരിടണം. പിന്നെ അതിന്റെ തിരിച്ചടിയായി, ഇങ്ങനെ വീണ്ടും വീണ്ടും തുടരുന്നു. ചിലപ്പോൾ നമ്മൾ ഒട്ടുംതന്നെ പ്രതീക്ഷിക്കാത്ത വിധത്തിലായിരിക്കാം പ്രതികരണം ഉണ്ടാവുക

1934—ലോ 35—ലോ ആണ്, ഇന്നേക്ക് നാല്പതിൽപ്പരം കൊല്ലങ്ങൾക്കു മുമ്പാണ്. കൊല്ലത്തുനിന്നു പുറപ്പെട്ടിരുന്ന മലയാളരാജ്യം ചിത്രവാരികയിൽ 'സ്കൂൾ പ്രണയം' എന്ന പേരിൽ ഞാൻ ഒരു കഥ എഴുതി. ഒരു സ്കൂൾ മാസ്റ്റർ തന്റെ ശിഷ്യയായിരുന്ന ഹരിജന ബാലികയെ പ്രേമിച്ച് അവൾ ഗർഭിണിയാവുന്നു. മാസ്റ്ററുടെ നല്ല പേരിനു വേണ്ടി കുട്ടി നാടുവിട്ടു പോയി. പത്തിരുപതു വർഷം കഴിഞ്ഞ് ദൂരദേശത്തൊരു സ്കൂളിൽ അജ്ഞാതയായൊരു തുന്നൽക്കാരിയുടെ മകൾ പഠിക്കുന്നു. ആ കുട്ടിയും ഒരദ്ധ്യാപകനും തമ്മിൽ പ്രണയമായി. അമ്മ ഇതു് അറിഞ്ഞുപിടിച്ച് അന്വേഷിച്ചു വന്നപ്പോഴാകട്ടെ, നിത്യകാമുകനായ പഴയ സ്കൂൾമാസ്ററർതന്നെ. അമ്മ അവളെ അയാൾക്കു പ്രദാനം ചെയ്തു പത്നിയായല്ല, പുത്രിയായി. (എന്തൊരു ബാലിശമായ കഥാബന്ധം! — ഇല്ലേ?) ഇതും വെറും സങ്കല്പകഥാബന്ധമാണെന്നും, ആരെപ്പററിയും ഉദ്ദേശിച്ചല്ലെന്നും സത്യമായി — ആത്മാർത്ഥതയോടെ — ആയിരം തവണ ഇപ്പോഴും സത്യം ചെയ്യാം. പക്ഷേ, ആരോ ഇതിൽ ആത്മ

ടെയോ ഛായ കണ്ടു. മറുപടിക്കഥയെഴുതി, ഊമക്കത്തുകൾ വന്നു. ഇതു പോലെ 'വിധിബലം' എന്ന കഥയ്ക്കും തുടർച്ചയെഴുത്തുണ്ടായി. ഏതാണ്ടു് ഇക്കാലത്തുതന്നെയാണു് നമ്പൂതിരിയോഗക്ഷേമസഭയുടെ മുഖപത്രമായ 'യോഗക്ഷേമ'ത്തിൽ അന്തർജ്ജനങ്ങളുടെ പേരുവച്ചു് എഴുതുന്നതെല്ലാം പുരുഷന്മാരാണെന്നും അത്തരം സാഹിത്യത്തിനു് 'ആശാസ്യം' എന്നാണു പേർ പറയുന്നതെന്നും ആരോപിച്ചു് ഒരു ലേഖനം കണ്ടതു്. 'ഇതു് ആശാസ്യമാണോ' എന്ന പേരു്തന്നെയിട്ടു, യോഗക്ഷേമത്തിന്നു് അയച്ചു. ഇതും വാദവിഷയമായി. വടി കൊടുത്തു് അടി മേടിക്കുന്നതെന്തിനാണെന്നു പലരും ഗുണദോഷിച്ചുവെങ്കിലും—കലയിലൂടെയുള്ള തത്ത്വപരമായ ആശയസംഘട്ടനം തടഞ്ഞു നിർത്താൻ അന്നു കഴിഞ്ഞിരുന്നില്ല.

ഒന്നു രണ്ടു ഉദാഹരണങ്ങൾ കൂടി പറഞ്ഞുനിർത്താം.

അക്കാലത്തു തിരുവനന്തപുരത്തുനിന്നു് 'സ്ത്രീകൾക്കു വേണ്ടി സ്ത്രീകളാൽ നടത്തപ്പെടുന്ന'തെന്ന മുഖക്കുറിപ്പോടെ 'ശ്രീമതി' എന്നൊരു പത്രം നടത്തിയിരുന്നു. അതിന്റെ പത്രാധിപപംക്തിയിൽ പ്രമുഖരായ പല വനിതകളുടേയും പേരുണ്ടായിരുന്നു. ഞാൻ അതിലെ സ്ഥിരം എഴുത്തുകാരിയുമായിരുന്നു. (അകാലചരമം പ്രാപിച്ച ഇടപ്പള്ളി രാഘവൻപിള്ളയാണു്, 'ശ്രീമതി' വിശേഷാൽ പ്രതിയുടെ സാരഥ്യം വഹിച്ചിരുന്നതു്.) സ്ത്രീകളുടെയാണല്ലോ പത്രം, അതുകൊണ്ടു വീറോടെതന്നെ ഞാൻ എഴുതി. ആയിടെ നിയമസഭയിൽ സദസ്യതിലകൻ ടി.കെ. വേലുപ്പിള്ള നിലവിലിരുന്ന നായർ ബില്ലിൽ ഒരു ഭേദഗതി നിർദ്ദേശിച്ചു കൊണ്ടു്വന്നു. അതിൻപ്രകാരം നായന്മാർക്കു പഴയപോലെ ഒരേ സമയത്തു് ഒന്നിലധികം വിവാഹം കഴിക്കാനുള്ള അനുമതി വരും. ബഹുഭാര്യാത്വത്തിന്റെ ദുരിതം വളരെ അനുഭവിച്ചിട്ടുള്ള സമുദായത്തിൽ പെട്ടതാകയാൽ ഇതു് എന്നിൽ ഞെട്ടലുണ്ടാക്കി. പെട്ടെന്നുതന്നെ, 'ഭേദഗതികൊണ്ടുള്ള ഭേദഗതി' എന്ന പേരിൽ ഒരു കഥയെഴുതി 'ശ്രീമതി'ക്കു കൊടുക്കുകയും ചെയ്തു. ഇതിലും തത്ത്വത്തെ അല്ലാതെ

വ്യക്തിയെ ഞാൻ ഓർത്തിരുന്നില്ല എന്നു പറയേണ്ടതില്ലല്ലോ. പക്ഷേ, ഓർക്കാപ്പുറത്തു് വി. ജി. നായർ എന്ന പേരിൽ ഒരാളുടെ ലേഖനവും മറെറാരു മറുപടിക്കഥയും 'ശ്രീമതി'യിൽ പ്രത്യക്ഷപ്പെട്ടു. ഒരു ബ്രാഹ്മണസ്ത്രീക്കു് നായരുടെ കാര്യം പറഞ്ഞിട്ടെന്തു വേണം എന്നതായിരുന്നു പ്രധാന ചോദ്യം. ഇതു് എന്നെ വേദനിപ്പിച്ചു. 'വർഗ്ഗീയഭ്രതത്തിൻെറ വാദഗതി' എന്ന തലക്കെട്ടിൽ ഞാൻ എഴുതി. സ്ത്രീകൾക്കു സ്ത്രീ എന്ന വർഗ്ഗഗണനയല്ലാതെ മറെറാന്നും എൻെറ ദൃഷ്ടിയിൽ ഇല്ലെന്നും ഇതു തെററാണെങ്കിൽ അതു ധൈര്യത്തോടെ ഒരു നായർസ്ത്രീതന്നെ തുറന്നെഴുതട്ടെ എന്നുമായിരുന്നു സാരം എന്നു തോന്നുന്നു. (കഥയും ലേഖനവും ഇപ്പോഴും കൈയിലുണ്ടു്. പക്ഷേ, അതു വിവരിക്കുവാനുള്ള സ്ഥലവും സമയവും ഇവിടെയില്ലല്ലോ.)

പത്രാധിപ മാപ്പു ചോദിച്ചു. പലരും പ്രശംസിച്ചു. പക്ഷേ, വളരെ നാൾ കഴിഞ്ഞു് ശ്രീ മാടശ്ശേരി പറഞ്ഞപ്പോഴാണു് പ്രസ്തുത കഥയും ലേഖനവും എഴുതിയതു് ശ്രീ. ഈ. വി. കൃഷ്ണപ്പിള്ളയായിരുന്നുവെന്നും അദ്ദേഹവും അന്നു് ഏതാണ്ടു് എൻെറ കഥാനായകൻെറ നിലയായിരുന്നുവെന്നും മനസ്സിലായതു്. എത്ര യാദൃച്ഛികമായ ഒത്തുചേരലാണു് — സാദൃശ്യമാണു് — സങ്കല്പത്തിനും യാഥാർത്ഥ്യത്തിനുമിടയിൽ വന്നുചേരുന്നതെന്നോർത്തു.

'റിയലിസം' എന്ന കഥയും വെറും ആദർശത്തെ മുൻനിർത്തി ഒരു രസത്തിനു 'നവജീവനി'ൽ എഴുതിയതാണു്. പക്ഷേ, ഇതിലും പ്രിയസുഹൃത്തായ തകഴിയുടെ തെററിദ്ധാരണ സഹിക്കേണ്ടി വന്നു.

ഇപ്പോൾ സാഹിത്യത്തിൽ സുവിദിതയായ 'കുറിയേടത്തു താത്രി' എന്നൊരു ഭ്രഷ്ടനാരിയുണ്ടായിരുന്നു, നമ്പൂരി സമുദായത്തിൽ. ആരോ പറഞ്ഞുകേട്ട ഛായ വെച്ചു് അവരെപ്പററി 'പ്രതികാരദേവത' എന്നൊരു കഥയെഴുതി ഞാൻ. താത്രിയുടെ പേരു പോലും അന്തർജ്ജനങ്ങൾ ഉച്ചരിച്ചുകൂടാ എന്നു വിലക്കുള്ള

കാലമാണ്. പല ഊമക്കത്തുകളും കിട്ടി. ഒരാൾ പറഞ്ഞു:

''താത്രി ദേവതയാണെങ്കിൽ അവരെപ്പററി ഒരു സ്തോത്രമെഴുതു. നിങ്ങൾക്കേ അതു സാധിക്കുള്ളൂ.''

ഇതിലടങ്ങിയിരിക്കുന്ന ക്രൂരമായ പരിഹാസം മനസ്സിലാക്കിക്കൊണ്ടുതന്നെ ഞാൻ പറഞ്ഞു: ''താത്രിയുടെ കഥ എനിക്കറിയില്ലല്ലോ. പുരുഷന്മാർക്കേ അതറിയാവൂ. അറുപത്തിനാലു് ആണുങ്ങളാണു സാക്ഷികൾ. നിങ്ങൾ പറഞ്ഞു തന്നാൽ ഞാൻ എഴുതാം.''

ഇങ്ങനെ കഥകളുടെ കഥകളായി എത്രയെത്ര കഥകളുണ്ടു്. അന്നൊക്കെ അതൊരു രസമായിരുന്നു. ചോരയ്ക്കു ചൂടും മനസ്സിൽ ആവേശവും എതിർക്കുവാൻ നാലുപാടും അനീതികളും ഉള്ള കാലം.

കല—ശുദ്ധമായ കല—പ്രചരണമാദ്ധ്യമമായി എടുക്കാനുള്ളതാണോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ, കലാകാരൻ—കലാകാരിയും — സമൂഹജീവിയായതുകൊണ്ടു് സമൂഹത്തിന്റെ എല്ലാവിധ വികാരങ്ങളും അനുഭവങ്ങളും പ്രേരണകളും അവരുടെ ഹൃദയത്തിൽ ലയിച്ചു ചേരുന്നു. സഞ്ചിത സംസ്കാരത്തോടു ചേർന്നു് ഒരു പുതിയ മാനം വരുത്തുന്നു. 'ബഹുജന ഹിതായ—ബഹുജനസുഖായ' എന്ന ലക്ഷ്യം പ്രാചീന മഹർഷിമാർക്കുപോലും ഉണ്ടായിരുന്നല്ലോ. സമൂഹമനസ്സാക്ഷിയുടെ ഈ പ്രാതിനിദ്ധ്യസ്വഭാവം ഉള്ളതുകൊണ്ടാണു് ഒരേ സമയം വ്യക്തിയുടേയും സമഷ്ടിയുടേയും വികാരങ്ങൾ ഉൾക്കൊള്ളാൻ എഴുത്തുകാർക്കു് കഴിയുന്നതെന്നു തോന്നുന്നു. ഞാൻ നീയായും നീ ഞാനായും കൂടുവിട്ടു കൂടുമാറാനുള്ള മാന്ത്രികശക്തിയും കവിചേതനയ്ക്കു ലഭിക്കുന്നു. കലയെന്നതു ബോധപൂർവ്വമുള്ള ലഘുലേഖയെഴുത്തല്ലല്ലോ. തന്നിൽ അന്തർലീനമായ സമസ്തഭാവനകളും ഉണർത്തിക്കൊണ്ടു നടത്തുന്ന വിശ്വസംബോധനമാണതു്. പരസ്പര സംവാദമാണു്. പരസ്പര സംയോജനംകൂടിയാണു്. അതുകൊണ്ടാണു് ഞാൻ ആദ്യമേ അനുവാചകരെ നേരിട്ടു വിളിച്ചു പോയതും.

ഒന്നു് ഓർത്തു നോക്കൂ. എത്ര നിസ്സാരയായ ഒരു സ്ത്രീയായിരുന്നു ഞാൻ. ചുററുപാടുമുള്ള ലോകത്തെപ്പററിപോലും തിരിച്ചറിവില്ലാത്ത ഗ്രാമീണയായ അന്തഃപുരവനിത. അനഭ്യസ്തവിദ്യ. അബല. പക്ഷേ, ആ എനിക്കുപോലും കാലത്തിന്റെ ചുടുനെടുവീർപ്പുകൾ ഏറെറടുക്കാതിരിക്കാൻ കഴിഞ്ഞില്ല. നെടുവീർപ്പുകളുടെ ഒരു വൻകൊടുങ്കാററായിരുന്നു അന്നു് കേരളത്തിൽ—ഭാരതത്തിൽ—ലോകമെമ്പാടും—അലയടിച്ചിരുന്നതു്. അനേകം പ്രാണമരുത്തുകൾ ഉൾക്കൊണ്ട ആ കാലവാതം അടിച്ചു കയറിയപ്പോൾ മുളംതണ്ടുകളിൽപ്പോലും നാദമുണ്ടായി, മൺപ്രതിമകൾ ഉണർന്നു ജീവൻ വെച്ചു. ഞാനും ഒരു കവിയായി, കഥാകർത്രിയുമായി. ഇതാണു് കഥ.

ശുദ്ധകലയുടെ ലക്ഷ്യമായ ആനന്ദഭാവം മാത്രം വന്നിരുന്നുവെങ്കിൽ പണ്ടു് എം. പി. പോൾ പറഞ്ഞതുപോലെ വല്ല കാളീസ്തോത്രങ്ങൾ എഴുതിയോ കൈകൊട്ടിപ്പാട്ടു ചൊല്ലിയോ കഴിഞ്ഞുകൂടാമായിരുന്നു. ഭാവനയ്ക്കു ഇത്രയേറെ അഗ്നികുണ്ഡങ്ങളിലൂടെ നടന്നുപോരേണ്ടതായി വരികയില്ലായിരുന്നു. ദുഃഖങ്ങളെപ്പോലും സുഖങ്ങളാക്കി മാററാമായിരുന്നു. പറഞ്ഞിട്ടു ഫലമെന്തു്? ചിലരുടെ വിധി അതാണു്. രന്തിദേവനെപ്പോലെ സമസ്ത ജീവജാലങ്ങളിലുമുള്ള ദുഃഖത്തിൽ ആവസിക്കാൻ—അതിനെ ആവഹിക്കാൻ—ഒരുക്കപ്പെട്ടതാണവരുടെ മാനസികഘടന. ഈയിടെ ഒരു പഴയ മിത്രം ചോദിക്കുകയുണ്ടായി, ''ഇപ്പോഴും സ്ഥായിയായ രസം വിഷാദമാണോ?'' എന്നു്. എന്തു മറുപടി പറയും? കണ്ണീരും തീപ്പൊരിയുമായിരുന്നു പണ്ടു് എന്റെ ഉപകരണങ്ങൾ. തീപ്പൊരി തണുത്തിരിക്കുന്നു. ആ കരിക്കട്ടകളെ നക്ഷത്രങ്ങളാക്കാൻ കഴിയുമോ? കണ്ണീരിനെ ചിപ്പികളിലാക്കി മുത്തായി മാററാൻ കഴിയുമോ?—തപസ്സു ചെയ്യുന്ന പ്രപഞ്ചസത്യത്തെപ്പററിയുള്ള അഗാധമായ വിചിന്തനത്തിൽ വിഷാദംപോലും പ്രസാദമായി മാറുകയാണിന്നു്.

ഉപദേശരൂപത്തിൽ ഒരു വാക്കുപോലും പറയാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. പുതിയ എഴുത്തുകാർ അവരുടേതായ സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നു. തങ്ങൾക്കു പ്രത്യക്ഷപ്പെട്ട ദർശനങ്ങ

ളെപ്പററി എഴുതുന്നു. അവരാണ് ഭാവിയുടെ അവകാശികൾ. പക്ഷേ, അവർക്കുശേഷം ഇനിയും തലമുറകൾ വരും, തിരുത്തും. വിധിക്കും. സംസാരചക്രം വിരതഗതിയാവുംവരെ പിന്നെയും പിന്നെയും ഇതു് ആവർത്തിച്ചു കൊണ്ടേയിരിക്കും. മനുഷ്യജീവിതത്തിൻെറ അവിഭാജ്യഘടകമാണ് കല എന്നതുകൊണ്ടു് പരിണാമാത്മകതയോടെയെങ്കിലും അതങ്ങനെ പുരോഗമിച്ചുകൊണ്ടിരിക്കും. പക്ഷേ, പാരമ്പര്യത്തിൻെറ വഴികളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ചില വൻമരങ്ങളോ വള്ളിക്കുടിലുകളോ മുക്കററിപ്പൂക്കളെങ്കിലുമോ കാണാൻ കഴിയണം. നമ്മുടെ കാലം—നമ്മുടെ മാർഗ്ഗം—സാഹിത്യസൃഷ്ടികളിലൂടെ അനശ്വരമാക്കണം. മനുഷ്യചരിത്രം എന്നും സത്യസന്ധമായി നിലനിന്നിട്ടുള്ളതു് കലയിലൂടെയാണല്ലോ.

''സമാജത്തോടു് സ്വയം അർപ്പണമനോഭാവം പുലർത്തുന്നതിൽക്കൂടി മാത്രമേ മനുഷ്യനു് ജീവിതത്തിൻെറ അർത്ഥം കണ്ടെത്താൻ കഴിയുകയുള്ളൂ'' എന്നു് ഐൻസ്റ്റീൻ പറഞ്ഞതായി എവിടെയോ വായിച്ചിട്ടുണ്ടു്. ഐൻസ്റ്റീൻ ശാസ്ത്രജ്ഞനായിരുന്നു. പ്രപഞ്ചപരാശക്തികളെക്കുറിച്ചു് പഠിച്ചു് വിശദമാക്കുവാനാശിച്ച ആധുനികശാസ്ത്രജ്ഞൻ. പക്ഷേ, ഇതേ ഉപദേശം കലാകാരന്മാർക്കും മനുഷ്യരാശിക്കു പൊതുവേയും സ്വീകരിക്കാവുന്നതാണെന്നു് എനിക്കു തോന്നുന്നു. വ്യക്തിയിൽനിന്നു സമഷ്ടിയിലേക്കു വികസിക്കുന്ന ഒന്നാണല്ലോ ഋഷിമാരുടെ വേദാന്തവും.

മതി. ഇനിയിവിടെ നിർത്തട്ടെ, എനിക്കറിയാം, സാഹിത്യം സ്വാത്മസുഖത്തിനുവേണ്ടിക്കൂടിയുള്ളതാണെന്നു്. ചെറിയ തലമുറയോടു സംസാരിക്കുന്നതു് മുതിർന്നവർക്കു സുഖമാണു്. താനറിയാതെ കൂടുതൽ പറഞ്ഞു പോയോ — ക്ഷമിക്കുക. നമ്മൾ എന്തു ചെയ്യുമ്പോഴും 'സ്വാത്മസുഖായ' എന്നതിനോടൊപ്പം 'ബഹുജനഹിതായ' എന്നു കൂടി എഴുതിച്ചേർക്കുവാൻ മറക്കരുതല്ലോ.

—ലളിതാംബിക അന്തർജ്ജനം

—•—

രണ്ടു്

# മെൻഡൽ

ജീവശാസ്ത്രത്തിന്റെ ചരിത്രത്തിൽ കാലകൃത്തുക്കളായ രണ്ടു് ഉപദർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിൽ ഒന്നു് സമസ്തജീവരാശിയെയും ആശ്ലേഷിക്കുന്നതും, ജീവന്റെ ദീർഘമായ ചരിത്രത്തെ മുഴവൻ ആവരണം ചെയ്യുന്നതും, അതിഗംഭീരവുമായ ഒരു ഉൽഗ്രഥനമാണു്. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നു സംഭരിച്ച വസ്തുതകളെയും തെളിവുകളെയും അഭിജ്ഞലോകത്തിന്റെ മുമ്പിൽ അണിനിരത്തി, ഏററവും ലളിതരൂപത്തിലുള്ള ജീവി മുതൽ ഏററവും സങ്കീർണ്ണമായ ശരീരഘടനയോടുകൂടിയ ജീവിയെവരെ ഒരേ ഒരു പ്രവണതയുടെ ചരടിൽ കോർത്തിണക്കുന്ന ഒരു ഉപദർശനം. ജീവജാലം ഇന്നു കാണുന്നതുപോലെയല്ല സൃഷ്ടിക്കപ്പെട്ടതെന്നും, അതിനു് അതിദീർഘമായ ഒരു ചരിത്രമുണ്ടെന്നും, ആ ചരിത്രം സംഭവബഹുലമായിരുന്നു എന്നും, അതിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടായിട്ടുണ്ടെന്നും അതു സമർത്ഥിക്കുന്നു. ഗംഭീരമായ ഈ ആശയവിപ്ലവ

ത്തിൻെറ ഉപജ്ഞാതാവു് ചാറൽസ് ഡാർവിൻ എന്ന ഇംഗ്ലീഷുകാരനാണു്. "On the Origin of Species by Means of Natural Selection" എന്ന വിശ്രുതഗ്രന്ഥത്തിലൂടെ 1859-ൽ അദ്ദേഹം പരിണാമം എന്ന ഈ ഉപദർശനം പ്രഖ്യാപിച്ചു.

രണ്ടാമത്തെ ഉപദർശനം ഒരു ഉൽഗ്രഥനമല്ല. അതു് നിശിതവും സൂക്ഷ്മവും, ക്രാന്തദർശിത്വത്തിൻെറ പരമകോടിയിൽ നില്ക്കുന്നതുമായ ഒരു വിശകലനമാണു്; ഒരു അപഗ്രഥനം. മഹത്തായ ഈ ചിന്തായത്നത്തിൻെറ കർത്താവായ മഹാപുരുഷനെ ബഹുമാനിക്കുന്നതിനും അദ്ദേഹത്തിൻെറ സ്മരണയ്ക്കു മുമ്പിൽ ഇന്നാട്ടിലെ വിദ്യാത്ഥിലോകത്തിൻെറയും അദ്ധ്യാപകരുടെയും ആദരാഞ്ജലികഠം അർപ്പിക്കുന്നതിനുമാണു് ഈ സമ്മേളനവും ഇതേത്തുടന്നുള്ള ആഘോഷങ്ങളും സംഘടിപ്പിച്ചിരിക്കുന്നതു്, ഈ ശാസ്ത്രജ്ഞൻ ഗ്രെഗർ യോഹൻ മെൻഡെൽ എന്ന ആസ്ത്രിയൻ സൈലേഷ്യാക്കാരനായ ഒരു ക്രിസ്തീയസന്യാസിയാണു്. അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ചുള്ള വസ്തുതകഠം സാധാരണ ജനങ്ങഠംക്കു് അത്ര വളരെ പരിചിതമാണെന്നു തോന്നുന്നില്ല. വിദ്യാത്ഥികഠംക്കു് ഒരു പക്ഷേ, ഈ സന്ദർഭത്തിൽ അദ്ദേഹത്തെപ്പററിയുള്ള വിവരങ്ങഠം ലഭിച്ചിരിക്കും. എന്നു വരികിലും ആ ജീവിതത്തെക്കുറിച്ചു രണ്ടു വാക്കു പറയുന്നതു് ഉചിതമാണെന്നു കരുതുന്നു.

ആസ്ത്രിയൻ സൈലേഷ്യയിൽ ഹൈൻസെൻ ഡോർഫ് എന്ന ഗ്രാമത്തിൽ ഒരു സാധാരണ കൃഷീവലകുടുംബത്തിൽ ആണു് 1822-ൽ യോഹൻ മെൻഡൽ ജനിച്ചതു്. ഗ്രെഗർ എന്ന പേരു് പില്ക്കാലത്തു് സന്യാസിയായപ്പോഠം സ്വീകരിച്ചതാണു്. ബാല്യകാലവിദ്യാഭ്യാസം ആ ഗ്രാമത്തിൽത്തന്നെ നടന്നു എങ്കിലും ഉന്നതവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ അദ്ദേഹത്തിനു വിഷമിക്കേണ്ടി വന്നു. അദ്ദേഹത്തിൻെറ കുടുംബം സമ്പന്നമല്ലായിരുന്നു. മറെറാരു സ്ഥലത്തയച്ചു പഠിപ്പിക്കുവാൻ അദ്ദേഹത്തിൻെറ പിതാവിനു സാധിച്ചില്ല. ഈ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ഒരു സഹോദരി തൻെറ സ്ത്രീധനത്തിൽ ഒരു ഭാഗം സഹോദരൻെറ വിദ്യാഭ്യാസത്തിനു

വേണ്ടി വിട്ടുകൊടുക്കുവാൻ സ്വമേധയാ തീരുമാനിച്ചു. നമ്മുടെ നാട്ടിൽ പലർക്കും അനുഭവിക്കുവാൻ സാധിച്ചിട്ടുള്ളതുപോലെയുള്ള ഒരു ത്യാഗമാണിതു്. ഇങ്ങനെ കിട്ടിയ ധനംകൊണ്ടു് മെൻഡൽ അനന്തരവിദ്യാഭ്യാസം നടത്തി. പില്ക്കാലത്തു് സ്വകാര്യ സ്വത്തിനു് അവകാശിയല്ലാത്ത സന്യാസിയായി ജീവിച്ച അദ്ദേഹം തന്റെ സഹോദരിയോടുള്ള കടപ്പാടു് അനേകം മടങ്ങായി മടക്കിക്കൊടുക്കുകയുണ്ടായി. ആ സഹോദരിയുടെ മൂന്നു് ആൺമക്കളുടെ വിദ്യാഭ്യാസച്ചെലവുകൾ അദ്ദേഹം ഏറെറടുത്തു, അവർ മൂന്നുപേരും നല്ല നിലയിൽ എത്തുകയും ചെയ്തു.

ഇങ്ങനെ വിദ്യാഭ്യാസം ചെയ്തശേഷം, തന്റെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ, ഭാവിജീവിതത്തെപ്പററി അദ്ദേഹം അതിപ്രധാനമായ ഒരു തീരുമാനം ചെയ്തു. ആസ്ത്രിയൻ സൈലേഷ്യയിൽ അന്നത്തെ ചുററുപാടുകൾ എന്തായിരുന്നു എന്നു നമുക്കു നിശ്ചയമില്ലെങ്കിലും, നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ വെച്ചു നോക്കിയാൽ തനിക്കും മററുള്ളവർക്കും വളരെയധികം പ്രയാസമുണ്ടാക്കുന്ന ഒരു നിശ്ചയമായിരുന്നു അതു്. എന്തെന്നാൽ മററുള്ളവരുടെ ത്യാഗത്തിലൂടെ ഇത്രയധികം കഷ്ടപ്പെട്ടു വിദ്യാഭ്യാസം നേടിയ ബുദ്ധിശാലിയായ ആ യുവാവു് ഒരു സന്യാസിയാകുവാനാണു തീർച്ചപ്പെടുത്തിയതു്. അദ്ദേഹം സ്വകുടുംബത്തോടും സാമാന്യലോകത്തോടും ഉള്ള ബന്ധങ്ങൾ വേർപെടുത്തിയശേഷം, മുമ്പു് ബ്രൂൺ എന്ന പേരിൽ ആസ്ത്രിയാരാജ്യത്തിൽ ഉൾപ്പെട്ടു കിടന്നതും ഇപ്പോൾ ചെക്കോസ്ലാവാക്കിയയിൽ ചേർന്നിരിക്കുന്നതുമായ മൊറോവിയൻ തലസ്ഥാനമായ ബ്യ്രണോ എന്ന പട്ടണത്തിലെ കോണിങ്ഗ്സ് ക്ലോസ്റ്റർ സന്യാസിമഠത്തിൽ അഗസ്റ്റിനിയൻ സമൂഹത്തിലെ ഒരു സന്യാസിയായി ജീവിതം ആരംഭിച്ചു, അധികം താമസിയാതെ മഠത്തിന്റെ ചെലവിൽ അദ്ദേഹത്തെ ഉന്നത വിദ്യാഭ്യാസത്തിനായി വിയന്നാ സർവ്വകലാശാലയിലേക്കയച്ചു. അവിടെ അദ്ദേഹം മൂന്നു വർഷം ചെലവഴിച്ചു. പഠിച്ചതു മുഖ്യമായും ഗണിതശാസ്ത്രമായിരുന്നു. ഇതുകൊണ്ടുള്ള പ്രയോജനം ജീവശാസ്ത്രത്തിനാണു ലഭി

ച്ചതെന്നു നമുക്കു പുറകേ മനസ്സിലാകും. വിയന്നയിൽ നിന്നു തിരിച്ചു വന്നശേഷം അദ്ദേഹം കോണിങ്സ് ക്ലോസ്റ്ററിൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടു.

ഇടയ്ക്കൊന്നു പറയട്ടെ; ഭൂമിയിൽ ചില ചില സ്ഥാനങ്ങൾ ജ്ഞാനത്തിന്റെ ചരിത്രത്തിൽ സവിശേഷമായ പ്രാധാന്യം വഹിച്ചിട്ടുള്ളതായിക്കാണുന്നു. മൊറേവിയ ഇതുപോലെയുള്ള ഒരു ഭൂവിഭാഗമാണെന്നു തോന്നുന്നു. എന്തെന്നാൽ, അവിടെത്തന്നെയാണ് മനഃശാസ്ത്രജ്ഞന്മാരിൽ അഗ്രിമനായ സിഗ്മുണ്ട് ഫ്രോയിഡിന്റെയും ജനനം. ഒരേമണ്ണിൽ പിറന്ന ഈ രണ്ടു വ്യക്തികളും സംസ്കാരത്തിന്റെ പുരോഗതിക്കു നിസ്തുലമായ സംഭാവനകൾ നല്കുകയുണ്ടായി. ഈ വസ്തുത വളരെ ശ്രദ്ധാർഹമാണെന്ന് എനിക്കു തോന്നുന്നു.

മെൻഡൽ കോണിങ്സ് ക്ലോസ്റ്ററിൽ പതിനഞ്ചു വർഷക്കാലം അദ്ധ്യാപകനായി ജീവിതം നയിച്ചു. പക്ഷേ, നാം സാധാരണ കാണുന്നതുപോലെ, മററുള്ളവർ കണ്ടുപിടിച്ചു, പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അറിവ് വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുക മാത്രമല്ല അദ്ദേഹം ചെയ്തതു്. സ്വന്തം ഗവേഷണത്തിലൂടെ പുതിയ ജ്ഞാനം കണ്ടുപിടിക്കേണ്ടതും അദ്ധ്യാപകന്റെ ധർമ്മമാണെന്ന് അദ്ദേഹം കരുതി. അതിന്നുവേണ്ടി നിരന്തരം പരിശ്രമിക്കുകയും ചെയ്തു. ഗവേഷണത്തിനായി അദ്ദേഹം തിരഞ്ഞെടുത്ത വിഷയം ജീവൻ എന്ന പ്രതിഭാസത്തിന്റെ മർമ്മത്തിലേക്കുതന്നെ വെളിച്ചം വീശുവാൻ ഉപകരിക്കുന്നതായിരുന്നു. പ്രത്യുല്പാദനം (Reproduction) എന്ന ധർമ്മത്തിലാണല്ലോ ജീവികൾ നിർജ്ജീവവസ്തുക്കളിൽനിന്നു വ്യത്യസ്തമായി നില്ക്കുന്നതു്. ഈ ധർമ്മമാണ് അവയുടെ അസ്തിത്വത്തെ കാലത്തിന്റെ നെടുവഴിയിലൂടെ മുന്നോട്ടു കൊണ്ടുപോകുന്നതു്; ഒരു ജീവിയിൽനിന്നു മററു ജീവികളെ ജനിപ്പിക്കുന്നതു്. ഈ പ്രവണതയുടെ പരിപാടികൾ മനസ്സിലാക്കുവാനായിരുന്നു മെൻഡെലിന്റെ ശ്രമം. ജീവികളുടെ ലക്ഷണങ്ങൾ, സ്വഭാവവിശേഷങ്ങൾ, ഒരു തലമുറയിൽനിന്നു പിൻതലമുറകളി

ലേക്കു സംക്രമിക്കുന്നതു് എങ്ങനെയെന്നു പരീക്ഷണങ്ങൾ നടത്തി പരിശോധിക്കുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി.

പാരമ്പര്യം എന്നു പറയുന്ന ഈ പ്രവണത, ഈ ജീവിതത്ത്വം, ഈ ലോകത്തെപ്പററി അല്പമെങ്കിലും ചിന്തിച്ചിട്ടുള്ള സകലയാളുകളെയും വളരെയധികം രസിപ്പിച്ചിട്ടുള്ളതും അത്ഭുതപ്പെടുത്തിയിട്ടുള്ളതുമാണു്. ഓസ്കാർ വൈൽഡ് പറയുകയുണ്ടായി, പാരമ്പര്യമാണു് ഏററവും ഭയാനകമായ വിധിവൈചിത്ര്യമെന്നു്. (Heredity is the most terrible of the fates; the only god whose name we know) അത്ര ഗംഭീരവും പ്രധാനവുമായ ഒരു വസ്തുതയാണിതു്, വിധി വിലാസം, ഭാഗ്യം, ഭാഗ്യദോഷം, ദൈവനിശ്ചയം, നിയതി, സുകൃതദുഷ്കൃതങ്ങൾ, കർമ്മപരിപാകം, എന്നിങ്ങനെയുള്ള സങ്കല്പങ്ങളെ ആധാരമാക്കി മനുഷ്യരാശി ഈ പ്രഹേളികയെ വ്യാഖ്യാനിക്കുവാൻ അനാദികാലം മുതൽ ശ്രമിച്ചിട്ടുണ്ടു്. മഹാകവി കുമാരനാശാൻ ചിന്താവിഷ്ടയായ സീതയെക്കൊണ്ടു പറയിക്കുന്നതു നോക്കുക :

അറിവാൻ പണി, നീതിസംഗ്രഹം
മറിയാം കാററുകണക്കെയെങ്കിലും
കുറിയിൽക്കടുകർമ്മപാക മ–
മ്മുറിയേല്പിച്ചിടുമമ്പുപോലെ താൻ.

അത്രയ്ക്കു നിശ്ചിതത്വവും നിശിതത്വവും ഉള്ളതാണു് പാരമ്പര്യം. അനുഭവങ്ങളുടെ ലോകത്തിലായാലും ഹൃദയഗതിയിലായാലും ശരീരലക്ഷണങ്ങളിലായാലും പൂർവ്വജൻമങ്ങളുടെ നിഷ്ഠുരമായ നിയന്ത്രണത്തിൽനിന്നു മുക്തി നേടുവാൻ ഒരു ജീവിക്കും സാദ്ധ്യമല്ല. മനുഷ്യൻെറ സന്താനം മനുഷ്യനായും, മശകത്തിൻെറ സന്താനം മശകമായും, പയർച്ചെടിയുടെ സന്താനം പയർച്ചെടിയായും വളരുന്നതു കണ്ടു് നാം അത്ഭുതപ്പെടാറില്ല. പക്ഷേ, അരോഗദൃഢഗാത്രരായ മാതാപിതാക്കൾക്കു് അംഗഹീനതയും ആജന്മമൂകതയും ഉള്ള സന്താനം ജനിക്കുന്നതു കാണുമ്പോൾ

എല്ലാവരും അത്ഭുതപ്പെടും; അനുതപിക്കും; നിയതിയുടെ നിർണ്ണയമായ പരിപാടികൾ കണ്ട് അന്ധാളിക്കും.

ജീവികളുടെ ഈ പാരമ്പര്യത്തിൻെറ രഹസ്യങ്ങൾ മനസ്സിലാക്കുവാനാണ് മെൻഡൽ ശ്രമിച്ചത്. അതിന്നുവേണ്ടി അദ്ദേഹം സ്വീകരിച്ച ഉപായം സാധാരണക്കാർക്ക് വിചിത്രമെന്ന തോന്നിയേക്കാം. ഭിന്നലക്ഷണങ്ങളോടുകൂടിയ പയർച്ചെടികളെ വളർത്തിയും വർണ്ണസങ്കരം ചെയ്തും സന്താനപരമ്പരകളുടെ ലക്ഷണങ്ങളെ യുക്തിപൂർവ്വം വിശകലനം ചെയ്തും അദ്ദേഹം സുദീർഘമായ ഗവേഷണം നടത്തിയിട്ടുണ്ട്. പക്ഷേ, അവക്ക് മെൻഡലിൻെറ പ്രതിഭാശക്തിയും കുശാഗ്രബുദ്ധിയും ഇല്ലായിരുന്നു. 'വല്ലഭനു പുല്ലുമായുധം' എന്നു പറയുന്നതുപോലെ പരീക്ഷണമോ അതിൻെറ ഉപകരണമോ അല്ല പ്രധാനം. അതു കൈകാര്യം ചെയ്യുന്നവൻെറ ബുദ്ധിയാണ്; ചിന്താശക്തിയാണ്.

ബ്യൂണോയിലെ ആശ്രമത്തിൻെറ ഉദ്യാനത്തിൽ അദ്ദേഹം എട്ടുവർഷക്കാലം പരീക്ഷണങ്ങൾ നടത്തി. അദ്ദേഹം ചെടികളെ ആയിരക്കണക്കിൽ വളർത്തുകയും ഓരോന്നിൻെറയും ലക്ഷണങ്ങളേയും സ്വഭാവവിശേഷങ്ങളേയും സൂക്ഷ്മമായി പരിശോധിച്ചു രേഖപ്പെടുത്തുകയും ചെയ്തു. പരീക്ഷണഫലങ്ങളെ അപഗ്രഥിക്കുന്ന വിഷയത്തിലാണ് അദ്ദേഹത്തിൻെറ ഗണിതശാസ്ത്രപാണ്ഡിത്യം ഏററവും ഉപയോഗപ്രദമായിത്തീർന്നത്.

എന്താണ് മെൻഡൽ കണ്ടുപിടിച്ചത്? എന്തു കാരണത്താലാണ് അദ്ദേഹം ഇത്ര മഹാനായ ഒരു ശാസ്ത്രജ്ഞനായി കരുതപ്പെടുന്നത്? എന്നു ചോദിച്ചാൽ, വിദ്യാർത്ഥികൾ പറയും, അദ്ദേഹം അതിപ്രധാനങ്ങളായ രണ്ടു പാരമ്പര്യനിയമങ്ങൾ കണ്ടുപിടിച്ചു എന്ന്. പ്രസ്തുതനിയമങ്ങളും അവർ ഉദ്ധരിക്കും. പക്ഷേ, ഇതു കൊണ്ടായില്ല. നിയമങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവയുടെ അടിയിലുള്ള ജീവശാസ്ത്രതത്ത്വം വ്യക്തമാവുകയില്ല. ആ തത്ത്വം എന്താണെന്ന് ഞാൻ വിശദമാക്കുവാൻ ശ്രമിക്കട്ടെ.

ബെർനാഡ്ഷായുടെ വികൃതി നിറഞ്ഞ ഒരു മറുപടി നിങ്ങളിൽ പലരും കേട്ടിരിക്കും. സുന്ദരിയായ ഒരു നടി ഒരിക്കൽ അദ്ദേഹത്തോടു പ്രണയപ്രാർത്ഥന നടത്തുവാനിടയായി. അവൾ അദ്ദേഹത്തെക്കണ്ടു ഭ്രമിച്ചിട്ടല്ല അങ്ങനെ ചെയ്തതു്; ഭാവിയെക്കുറിച്ചു ചിന്തിച്ചിട്ടാണ്. ''അങ്ങയുടെ ബുദ്ധിയും എന്റെ സൌന്ദര്യവും കലൎന്ന സന്താനപരമ്പര ജനിക്കുമെന്നുള്ളതുകൊണ്ടു് നമുക്കു വിവാഹബദ്ധരായി ജീവിക്കാം'' എന്നാണ് അവർ അഭ്യർത്ഥിച്ചതു്. ഷാ മറുപടി പറഞ്ഞു: ''അല്ലയോ സുന്ദരി! പ്രത്യുല്പാദനം, പാരമ്പര്യം, എന്നു പറയുന്ന സംഗതികൾ നമ്മുടെ നിയന്ത്രണത്തിലല്ല. നീ മോഹിക്കുന്നതിനു വിപരീതമായി, നിന്റെ ബുദ്ധിയും എന്റെ സൗന്ദര്യവും ചേൎന്ന സന്താനപരമ്പര ഉണ്ടാവുകയാണെങ്കിൽ അതു കഷ്ടമല്ലേ''? അദ്ദേഹത്തിന്റെ ഫലിത തീക്ഷ്ണതയിൽ അവൾ ഭസ്മമായിരിക്കണം.

ജീവികളുടെ പാരമ്പര്യം എത്രമേൽ കുസൃതി നിറഞ്ഞതാണെന്നും, പ്രവചിക്കുവാൻ സാദ്ധ്യമല്ലാത്തതാണെന്നും കാണിക്കുവാൻ ഈ കഥ ഉപകരിക്കും. ഭിന്നസ്വഭാവമുള്ള രണ്ടു ജീവികൾ വൎണ്ണസങ്കരം ചെയ്യുമ്പോൾ അവയുടെ സ്വഭാവങ്ങൾ സന്താനങ്ങളിൽ പാലും വെള്ളവും പോലെ കലൎന്നു പോകുന്നു എന്നാണ് സാധാരണ വിശ്വാസം. രക്തശുദ്ധിയെയും, രക്തസങ്കലനത്തെയും കുറിച്ചുള്ള വീരവാദങ്ങളിലും ആക്ഷേപങ്ങളിലും ഈ ധാരണ അന്തർഭവിച്ചിരിക്കുന്നു. ലോകജേതാവായി സാമ്രാജ്യം സ്ഥാപിച്ച നെപ്പോളിയൻ, ''എനിക്കു് എന്റെ കോഴ്സിക്കൻ രക്തത്തെ യൂറോപ്പിലെ രാജവംശങ്ങളുമായി കൂട്ടിക്കലർത്തണ''മെന്നു പറഞ്ഞുവത്രെ. ഇങ്ങനെ സ്വഭാവങ്ങളേയും ലക്ഷണങ്ങളേയും എന്നെന്നേക്കുമായി കൂട്ടിക്കലർത്താമെന്നുള്ള വിശ്വാസം ചരിത്രാതീതകാലം മുതല്ക്കു് മനുഷ്യർ പുലർത്തുന്നതാണ്. ഈ വിശ്വാസം എത്രമേൽ യുക്തിപൂർവ്വമാണ്, വസ്തുതകളിൽ അധിഷ്ഠിതമാണ്, എന്നു പരിശോധിക്കുകയാണ് മെൻഡൽ യഥാർത്ഥത്തിൽ ചെയ്തതു്. അദ്ദേഹം കണ്ടുപിടിച്ച നിയമങ്ങളുടെ അർത്ഥം, ഈ വിശ്വാസം തെററാണെന്നാണ്. ജീവികളെ വർഗ്ഗസങ്കരം

ചെയ്താൽ അവയുടെ സ്വഭാവങ്ങൾ ഒരു തലമുറക്കാലത്തേക്ക് കൂടിക്കലരുമെങ്കിലും അടുത്ത തലമുറയിൽ അവ വേർപിരിഞ്ഞു പോകുമെന്ന് അദ്ദേഹം പരീക്ഷണങ്ങൾകൊണ്ടു തെളിയിച്ചു

വളരെ വ്യക്തവും സ്ഥിരവുമായ ലക്ഷണങ്ങളോടുകൂടിയ പയർചെടികളെയാണ് തൻെറ പരീക്ഷണങ്ങൾക്ക വേണ്ടി അദ്ദേഹം തിരഞ്ഞെടുത്തത്. പൊക്കം കൂടിയതു പൊക്കം കുറഞ്ഞതു്, മഞ്ഞനിറത്തിലുള്ള മണികളുള്ളതു്, തവിട്ടുനിറമായ മണികളുള്ളതു്, എന്നിങ്ങനെയുള്ള ദ്വന്ദ്വഭാവങ്ങൾ സ്വീകരിച്ചു സാധാരണ ഗതിയിൽ ഈ ജാതി ചെടികൾ ഓരോന്നും തത്തുല്യമായ സന്താനങ്ങളെ ജനിപ്പിക്കുന്നവയാണെന്നു തീർച്ചയാക്കിയശേഷം, അദ്ദേഹം അവയെ വർഗ്ഗസങ്കരം ചെയ്തു ഒന്നിൻെറ പൂമ്പൊടിയെടുത്തു് മറെറാന്നിൻെറ പരാഗയോനിയിൽ നിക്ഷേപിച്ചാണ് ഇതു സാധിക്കുന്നതു്. പയർചെടിയിൽ ഓരോപൂവിലും സ്ത്രീപുരുഷാവയവങ്ങളുണ്ടു്. അവ സംയോജിച്ചാണ് പ്രത്യുല്പാദനം നടക്കുന്നതും ഇങ്ങനെയുള്ള സ്വപരാഗണം തടയുവാൻ വേണ്ടി, പൂവു വിരിയുന്നതിനുമുമ്പുതന്നെ അതു് തുറന്ന് അതിൻെറ കേസരങ്ങൾ (പൂമ്പൊടി വഹിക്കുന്ന ഭാഗങ്ങൾ) ഛേദിച്ചുകളയണം. അതിനു ശേഷമാണ് ഭിന്നലക്ഷണമുള്ള ചെടിയുടെ പൂവിൽനിന്നു പൂമ്പൊടിയെടുത്തു് കൃത്രിമപരാഗണം നടത്തുന്നതു്. ഇതിൻെറ ഫലമായുണ്ടാകുന്ന പയർമണികൾ ശേഖരിച്ചു്, നട്ടുവളർത്തി, അടുത്ത തലമുറയെ പരിശോധിക്കുമ്പോൾ മുൻ തലമുറയുടെ ലക്ഷണങ്ങൾക്ക് എന്തു സംഭവിക്കുന്നു എന്നു മനസ്സിലാക്കാം. ക്ഷമയേറിയ ഈ പരീക്ഷണങ്ങൾ അദ്ദേഹം അനേകസഹസ്രം തവണ നടത്തുകയുണ്ടായി. സന്താനങ്ങളിലും, പിന്നീടു് വരുന്ന അനേകം തലമുറകളിലും തൻെറ അന്വേഷണം തുടരെ നടത്തിനോക്കി. ഓരോ പരീക്ഷണത്തേയും ഓരോ ചെടിയേയും കുറിച്ചുള്ള സൂക്ഷ്മവിവരങ്ങൾ രേഖപ്പെടുത്തി. അവസാനം പരീക്ഷണഫലങ്ങളെ ഗണിതശാസ്ത്രവിധിപ്രകാരം വിശകലനം ചെയ്തു.

ഈ അപഗ്രഥനത്തിൻെറ ഫലമായി ഓരോ ലക്ഷണത്തേയും നിയന്ത്രിക്കുന്ന രണ്ടു ഘടകങ്ങൾ ചെടിയുടെ ശരീരത്തിലുണ്ടായിരിക്കണമെന്നു് അദ്ദേഹം അനുമാനിച്ചു. പൊക്കമുള്ള ചെടിയിൽ പ്രസ്തുത ലക്ഷണത്തിനു് രണ്ടു ഘടകങ്ങൾ; പൊക്കമില്ലാത്ത ചെടിയിൽ പൊക്കമില്ലായ്മക്കു് രണ്ടു്, എന്നിങ്ങനെ പ്രത്യുല്പാദനത്തിൽ ഈ ഘടകങ്ങളുടെ കൈമാററമാണു സംഭവിക്കുന്നതു്. ഇവയാണു് അടുത്ത തലമുറയ്ക്കു കിട്ടുന്നതു്. ഓരോ സന്താനത്തിനും രണ്ടു ഘടകങ്ങൾ കിട്ടും. രണ്ടിൻേറയും ശക്തിക്കനുസരണമായ ലക്ഷണവും സന്താനത്തിൽ പ്രത്യക്ഷപ്പെടും

പാരമ്പര്യം നിർണ്ണയിക്കുന്ന ഈ ഘടകങ്ങൾ ഒരിക്കലും ഒന്നായിത്തീരുന്നില്ലെന്നും, ഒരു ചെടിയുടെ ആയുഷ്കാലമത്രയും, അതിൻെറ ശരീരത്തിൽ ഒരുമിച്ചിരുന്നാലും, സന്താനോല്പാദനത്തിൻെറ സമയം വരുമ്പോൾ അവ വേർപിരിയുമെന്നും, അത്രനാളും ഉണ്ടായിരുന്ന കൂട്ടുകെട്ടിൻെറ യാതൊരു ലാഞ്ഛനയും ഇല്ലാതെ വേർപിരിഞ്ഞു്, പിന്നത്തെ തലമുറയിൽ, അവയിൽ ഓരോന്നിനും പുതിയ കൂട്ടുകെട്ടുകൾ ഉണ്ടാകുമെന്നും ആണു് ക്ഷമയേറിയ ഈ പരീക്ഷണങ്ങൾ കൊണ്ടു മെൻഡെൽ തെളിയിച്ചതു്.

അദ്ദേഹത്തിൻെറ ഒരു പരീക്ഷണം വിവരിക്കാം. ഏഴടി പൊക്കമുള്ള ഒരു ചെടിയെയും ഒന്നരയടി പൊക്കമുള്ള മറെറാന്നിനെയും അദ്ദേഹം വർണ്ണസങ്കരം ചെയ്തു. പൂമ്പൊടി ഇതിൽ ഏതു ചെടിയിൽനിന്നെടുത്താലും ഫലത്തിനു വ്യത്യാസമില്ല ഇതുമൂലം ലഭിക്കുന്ന പയർമണികൾ നട്ടുവളർത്തി നോക്കിയപ്പോൾ സന്താനങ്ങളെല്ലാം പൊക്കമുള്ളവയായിട്ടാണു് കണ്ടതു്. പൊക്കമില്ലാത്തതിൻെറ പാരമ്പര്യം മററതിൻെറ പാരമ്പര്യത്തിൽ ലയിച്ചുപോയി എന്നായിരിക്കും ഇതിൽനിന്നു സാധാരണഗതിയിൽ നാം അനുമാനിക്കുക. പക്ഷേ, മെൻഡൽ സാധാരണക്കാരനല്ലായിരുന്നു. വളരെ ക്ഷമയുള്ളവനും ആയിരുന്നു. അടുത്ത തലമുറയിൽ എന്തു സംഭവിക്കും എന്നു് അറിയുവാൻ അദ്ദേഹം നിശ്ചയിച്ചു. പൊക്കമുള്ള ഈ സന്താനങ്ങളെ തമ്മിൽത്തമ്മിൽ പരാഗണം ചെയ്തു്, വിത്തുകൾ

എടുത്തു്, അവയെ അദ്ദേഹം നട്ടുവളർത്തി. അപ്പോഴാണു് അത്ഭുതം കണ്ടതു്. സന്താനങ്ങളിൽ നാലിൽ ഒന്നു് എന്ന കണക്കിനു പൊക്കമില്ലാത്തവയായിട്ടാണു വളർന്നു വന്നതു്. പൊക്കമില്ലാത്ത ഈ സന്താനങ്ങൾ പിന്നത്തെ തലമുറകളിൽ പ്രസ്തുത ലക്ഷണത്തിന്റെ കാര്യത്തിൽ, ശുദ്ധമായിത്തന്നെ നില്ക്കുമെന്നും കണ്ടു. അപ്പോൾ, വർണ്ണസങ്കരത്തിൽനിന്നുണ്ടായ ആദ്യത്തെ തലമുറയിൽ പൊക്കമില്ലായ്മ എന്ന ലക്ഷണം, പാലിൽ വെള്ളമെന്നതുപോലെ ലയിച്ചുപോവുകയല്ല ചെയ്തതു്. ആ ഒരു തലമുറക്കാലത്തേക്കു് അതു മറഞ്ഞിരിക്കുക മാത്രമായിരുന്നു. അതുകൊണ്ടാണു് എല്ലാ സന്താനങ്ങളും പൊക്കമുള്ളവയായിക്കണ്ടതു്. പക്ഷേ, അതിൽ നിന്നു് അടുത്ത തലമുറ ഉണ്ടായപ്പോൾ പ്രസ്തുത ലക്ഷണം, കുറേ സന്താനങ്ങളിൽ വേർതിരിഞ്ഞു വന്നു. ഒരു തലമുറക്കാലത്തെ കൂട്ടുകെട്ടിന്റെ യാതൊരു അടയാളവുമില്ലാതെ ശുദ്ധമായി പ്രത്യക്ഷപ്പെടുകയും ചെയ്തു.

പാരമ്പര്യത്തിന്റെ ഈ പരിക്രമസമ്പ്രദായത്തെപ്പററി ഗണിതശാസ്ത്രപരമായി ചിന്തിച്ചതിന്റെ ഫലമായിട്ടാണു് ഓരോ ലക്ഷണത്തിനും ആധാരമായി, ഓരോ വ്യക്തിയിലും രണ്ടു ഘടകങ്ങൾ ഉണ്ടായിരിക്കണമെന്നും. പ്രത്യുല്പാദനകാലത്തു് അവ വേർപിരിഞ്ഞു പുതിയ കൂട്ടുകെട്ടുകൾക്കു വിധേയമാകുമെന്നും മെൻഡൽ അനുമാനിച്ചതു്. ശുദ്ധപരമ്പരകളായി നില്ക്കുന്ന വ്യക്തികളിൽ രണ്ടു ഘടകങ്ങളും ഒരേ ലക്ഷണത്തെ ഉളവാക്കുന്നവയാണു്. അല്ലാത്തവയിൽ ഭിന്നങ്ങളും. ജന്മപരമ്പരകളിൽ സ്വഭാവഘടകങ്ങൾക്കു സംഭവിക്കുന്ന ഈ വേർപിരിയൽ, വിഘടനം (segregation) ആണു് ബ്യൂണോയിലെ പ്രതിഭാശാലിയായ സന്യാസി ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച മഹാതത്ത്വം. അദ്ദേഹം ജീവശാസ്ത്രത്തിനു നല്കിയ കാലകൃത്തായ ഉപദർശനം ഇതാകുന്നു.

ജീവശാസ്ത്രത്തിൽ മഹത്തായ രണ്ടു് ഉപദർശനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഞാൻ ആരംഭത്തിൽ പറയുകയുണ്ടായി. ഒന്നു് പരിണാമം (Evolution); മററതു് മെൻഡൽ കണ്ടുപിടിച്ച ഈ തത്ത്വം,

അഥവാ മെൻഡലിസം (Mendelism). ഇവയെ പൊരുത്തപ്പെടുത്തേണ്ടതു് എങ്ങനെയെന്നതിനെപ്പററി പലരും ചിന്തിച്ചിട്ടുണ്ടു്. പരിണാമം പറയുന്നതു ജീവികളുടെ സ്വഭാവങ്ങൾക്കും ലക്ഷണങ്ങൾക്കും മാററം വരുമെന്നും ദീർഘകാലംകൊണ്ടു് ഒരു ജീവജാതി മറെറാന്നായിത്തീരുമെന്നുമാണു്. മെൻഡലിസത്തിൻെറ നിഗമനം ഇതിനു വിരുദ്ധമാകുന്നു. ലക്ഷണങ്ങളും സ്വഭാവങ്ങളും സ്ഥിരമായി നില്ക്കുമെന്നും, താല്ക്കാലികമായ സഹവർത്തിത്വമല്ലാതെ അവയ്ക്കു സ്ഥായിയായ സങ്കലനം സംഭവിക്കുന്നില്ലെന്നും അതു തെളിയിക്കുന്നു.

മെൻഡലിനെയും അദ്ദേഹത്തിൻെറ ഗവേഷണങ്ങളെയും കുറിച്ചു പഠിക്കുവാൻ തൻെറ ആയുഷ്കാലം മുഴുവനും ചെലവഴിച്ച വില്യം ബേററ്സൺ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഈ വൈരുദ്ധ്യത്തിനു സമാധാനം കാണുവാൻ സാധിക്കാതെ ഈ നൂററാണ്ടിൻെറ ആരംഭകാലത്തു് എന്തെന്നില്ലാത്ത ധർമ്മസങ്കടം അനുഭവിക്കുകയുണ്ടായി. ഭൂഗർഭശാസ്ത്രം വെളിപ്പെടുത്തിയ തെളിവുകളിൽനിന്നു പരിണാമം പരമാർത്ഥമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ലായിരുന്നു. പക്ഷേ, മെൻഡലിസത്തിൻെറ വെളിച്ചത്തിൽ നോക്കിയപ്പോൾ അതു സംഭവിക്കാൻ സാദ്ധ്യമല്ലെന്നും അദ്ദേഹത്തിനു തോന്നി. ഇതായിരുന്നു ധർമ്മസങ്കടം. പില്ക്കാലത്തു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ഈ വൈരുദ്ധ്യവും പ്രയാസവും നിശ്ശേഷം നീങ്ങിയിട്ടുണ്ടു്. സ്വഭാവഘടകങ്ങൾക്കു മാററം വരാറുണ്ടെന്നും, പരീക്ഷണശാലയിൽവച്ചുതന്നെ അവയ്ക്കു മാററം വരുത്താമെന്നും കണ്ടുപിടിക്കപ്പെട്ടു. ഈ സംഗതികളെക്കുറിച്ചു പറയുവാൻ നമുക്കു സമയമില്ലാത്തതുകൊണ്ടു് അതു നില്ക്കട്ടെ.

മെൻഡൽ എട്ടു വർഷത്തെ പരീക്ഷണങ്ങൾകൊണ്ടു കണ്ടുപിടിച്ച ഈ തത്ത്വം ശാസ്ത്രത്തിനു പുതിയതാണെങ്കിലും, ചിന്തയുടെ ചരിത്രത്തിൽ അതേപ്പററിയുള്ള ചില സൂചനകൾ കാണുന്നുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ശാസ്ത്രീയഗവേഷണത്തിൻെറ തെളിവുകളും പട്ടികകളും സ്ഥിതിവിവരക്കണക്കുകളും ഗണിതപ്രക്രിയകളും ഇല്ലെങ്കിലും, കഠിനമായ ചിന്തയും ധ്യാനവും നിദിദ്ധ്യാ

സവും കൊണ്ടു ലോകത്തിൻെറ ആരാധനാപാത്രങ്ങളായിത്തീൎന്നിട്ടുള്ള ചില മഹാപുരുഷന്മാരുടെ പ്രസ്താവനകളിൽ ഇതേക്കുറിച്ചുള്ള പരാമർശങ്ങളുണ്ടു്. പതിനേഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന വിശ്രുത വിജ്ഞാനിയായ സ്പിനോസ ഇങ്ങനെ പറയുന്നു: "The effort by which each thing tries to persist in its being is nothing but the essence of the thing itself", കാലത്തിലൂടെയുള്ള പ്രയാണത്തിൽ—പാരമ്പര്യത്തിൽ—ജീവികളും ഇതിനുതന്നെയല്ലേ ശ്രമിക്കുന്നതു്? ഇതിനേക്കാം എത്രയോ പുരാതനമായ മറെറാരു പ്രസ്താവനകൂടി ഉദ്ധരിക്കട്ടെ. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്രത്തിൽ വെച്ച് അർജ്ജുനനോടു പറയുന്നു:

സദൃശം ചേഷ്ടതേ സ്വസ്യാഃ
പ്രകൃതേർ ജ്ഞാനവാനപി
പ്രകൃതിം യാന്തി ഭൂതാനി
നിഗ്രഹഃ കിം കരിഷ്യതി.

(ഭഗവദ്ഗീത III. 33)

(ജ്ഞാനവാൻ പോലും തൻെറ പ്രകൃതിക്കനുസരണമായിട്ടാണു പ്രവൎത്തിക്കുന്നതു്. പ്രാണികൾ അവയുടെ ജന്മപ്രകൃതിയെ പിൻതുടരുന്നു. നിഗ്രഹംകൊണ്ടു് എന്താണു സാധിക്കുക?)

"പ്രകൃതിം യാന്തി ഭൂതാനി" എന്ന തത്ത്വംതന്നെയല്ലേ മെൻഡലിസത്തിൽ അന്തർഭവിച്ചിരിക്കുന്നതു്? ആലോചനാമൃതമായ വിഷയമാണിതു്.

പയർച്ചെടികളെയോ വെള്ളെലികളെയോ, അല്ലെങ്കിൽ പില്ക്കാലത്തു ചെയ്തതുപോലെ വാഴപ്പഴത്തിൽ വന്നു പററുന്ന ഈച്ചകളെയോ പററി ഗവേഷണം നടത്തിയാലും അതെല്ലാം അവസാനം ചെന്നു മുട്ടുന്നതു ജീവൻെറ അടിസ്ഥാനപരമായ ആ പ്രവണതയിലാണു്. അത്യന്തം ദുരൂഹവും, പലവിധത്തിലുള്ള സങ്കല്പങ്ങളാലും അന്ധവിശ്വാസങ്ങളാലും ആവൃതമായിക്കിടക്കുന്നതുമായ ഈ പ്രകൃതിധർമ്മത്തിലേക്കു യുക്തിയുടെയും ബുദ്ധിയുടെയും നിർവ്വികാരവും

നിത്യനൂതനവുമായ പ്രകാശം കടത്തിവിട്ട ഈ മഹാപുരുഷൻ ലോകത്തിന്റെ ശാശ്വതസ്മരണയ്ക്ക് അർഹനാണ്.

അദ്ദേഹം തന്റെ ഗവേഷണ പ്രബന്ധത്തെ 1865 ഫെബ്രുവരി മാസത്തിൽ ബ്രൂണോയിൽ അന്ന് നിലവിലിരുന്ന പ്രകൃതിശാസ്ത്രസമാജത്തിന്റെ ഒരു യോഗത്തിൽ അവതരിപ്പിക്കുകയും, അത് അവരുടെ മാസികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എങ്കിലും അതേക്കുറിച്ച് ലോകം യാതൊരു ശ്രദ്ധയും കാണിച്ചില്ല. ഈ വിഷയത്തിൽ അത്യധികം താല്പര്യമുള്ള ധാരാളം ശാസ്ത്രജ്ഞന്മാർ അന്നുണ്ടായിരുന്നു. ബ്രൂണോയിലെ മാസിക ശാസ്ത്രത്തിൽ കൗതുകമുള്ള എല്ലാ രാജ്യങ്ങളിലും പതിവായി അയക്കുകയും ചെയ്തിരുന്നു. എങ്കിലും മെൻഡലിന്റെ പ്രബന്ധം ആരുടെയും ശ്രദ്ധയിൽ പെട്ടില്ല. ശാസ്ത്രജ്ഞന്മാരെല്ലാം പരിണാമവാദത്തെക്കുറിച്ച് 1859-ൽ ഡാർവിൻ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥം ജനിപ്പിച്ച ഉദ്വേഗ പ്രവാഹത്തിൽ മുങ്ങി മറ്റെല്ലാം മറന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നു പറയപ്പെടുന്നു. ഏതായാലും നിർഭാഗ്യകരമായ ഈ വിസ്മൃതി 35 വർഷം നീണ്ടുനിന്നു. 1900-ൽ, ഡിവ്രൈസ്, കോറെൻസ്, ഷെർമാക്ക് എന്ന മൂന്നു സസ്യശാസ്ത്രജ്ഞന്മാർ തങ്ങളുടെ ഗവേഷണത്തിനുവേണ്ടി പഴയ ശാസ്ത്രപ്രബന്ധങ്ങൾ തേടിയ കൂട്ടത്തിൽ, ഏകദേശം ഒരേസമയത്തുതന്നെ, മെൻഡലിന്റെ കൃതി കാണുവാനിടയാവുകയും അതിന്റെ നിസ്തുലമായ പ്രാധാന്യം മനസ്സിലാക്കി ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ അതിലേക്കു തിരിക്കുകയും ചെയ്തു. അന്നുമുതല്ക്കാണ് പാരമ്പര്യശാസ്ത്രം അതിന്റെ രാജകീയമായ ജൈത്രയാത്ര ആരംഭിച്ചതു്. ഇന്ന് അതു ജീവശാസ്ത്രത്തിന്റെ ഏററവും ഊർജ്ജസ്വലമായ ശാഖയായിത്തീർന്നിരിക്കുന്നു.

തന്റെ കൃതിക്കു ലഭിച്ച അവഗണന മെൻഡലിനെ അത്യധികം വേദനിപ്പിച്ചു. താൻ ഇതല്ല അർഹിച്ചതെന്ന വിചാരം അദ്ദേഹത്തിന്റെ മനസ്സിൽനിന്നു വിട്ടുമാറിയില്ല. "എന്റെ കാലവും വരും" എന്നു കൂടെക്കൂടെ പറഞ്ഞുകൊണ്ടിരുന്നെങ്കിലും അദ്ദേഹത്തിന്റെ അനന്തര ജീവിതം വിഷാദപൂർണ്ണമായിരുന്നു. 1868-ൽ

അദ്ദേഹം കോണിങ്സ് ക്ലോസ്റ്ററിലെ കുലപതിയായി അവരോധിക്കപ്പെട്ടു. അജയ്യനായ ഒരു ചതുരംഗക്കളിക്കാരനെന്നുള്ള പേരും കിട്ടി. അതേക്കുറിച്ച് ശ്രദ്ധേയമായ ചില ലേഖനങ്ങളും അദ്ദേഹം എഴുതിയതായി പറയുന്നു. അദ്ദേഹത്തിൻെറ ഭാഗിനേയരിൽ ഒരാളിന്നു് ഈ സിദ്ധിവിശേഷം ലഭിച്ചിട്ടുണ്ടെന്നു് ബേററ്സൺ പ്രസ്താവിച്ചിട്ടുണ്ടു്. ഇക്കാലത്തു കണികാണുവാനില്ലാത്ത ഒരു സിദ്ധിവിശേഷത്താലും മെൻഡൽ അനുഗൃഹീതനായിരുന്നു—വടിവൊത്തതും അതിമനോഹരവുമായ കൈയക്ഷരം!

മെൻഡൽ തേനീച്ചകളെക്കുറിച്ചും ദീർഘമായ പരീക്ഷണങ്ങൾ നടത്തിയിരുന്നു എന്നതിനു തെളിവുണ്ടു്. പക്ഷേ, അതിൻെറ രേഖകളൊന്നും കിട്ടിയില്ല. പിൽക്കാലത്തുണ്ടായ വിഷാദത്തിൻെറ ഫലമായി അദ്ദേഹംതന്നെ അതെല്ലാം നശിപ്പിച്ചുകളഞ്ഞു എന്നാണു് ഊഹിക്കപ്പെടുന്നതു്. ഇവിടെയും ഞാൻ മുൻപു പറഞ്ഞ ഒരു കാര്യം — മണ്ണിൻെറ ഗുണം — വീണ്ടും ശ്രദ്ധാർഹമായി വരുന്നു. മെൻഡലിൻെറ ജന്മഭൂമിയായ ആസ്ട്രിയയിൽതന്നെയാണു് തേനീച്ചയുടെ ഭാഷയെപ്പററി ഗവേഷണം നടത്തി അത്യത്ഭുതകരങ്ങളായ വസ്തുതകൾ കണ്ടുപിടിച്ച് ലോകപ്രസിദ്ധി നേടിയ വോൺഫ്രിഷ് എന്ന ശാസ്ത്രജ്ഞനും ജനിച്ചതു്. മെൻഡൽ ഒരു ബാങ്കിൻെറ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നതായും കാണുന്നുണ്ടു്. അന്നത്തെ ഗവണ്മെൻറ് സന്യാസിമഠങ്ങളുടെ സ്വത്തുക്കൾ കൈയടക്കുവാൻ വേണ്ടി നിയമമുണ്ടാക്കിയപ്പോൾ മെൻഡൽ സർക്കാരുമായി സമരം തന്നെ നടത്തി. അദ്ദേഹത്തെ അനുരഞ്ജിപ്പിക്കുവാൻ അധികാരികൾ പഠിച്ചപണി പതിനെട്ടും പ്രയോഗിച്ചുനോക്കി. സമ്മർദ്ദം ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ പ്രലോഭനങ്ങൾ പ്രയോഗിച്ചു. വലിയ സ്ഥാനമാനങ്ങളും പദവിയും കൊടുക്കാമെന്നു പറഞ്ഞു. പക്ഷേ, മെൻഡൽ ഒന്നുകൊണ്ടും വഴങ്ങിയില്ല. നിസ്സഹകരണവും ഒരുതരം നിയമനിഷേധവും അദ്ദേഹം അനുഷ്ഠിച്ചതായി പറയുന്നു. പില്ക്കാലത്തു് പ്രസ്തുത നിയമം പിൻവലിക്കുകയുണ്ടായി. എങ്കിലും, ഈ സംഭവങ്ങളും ആ മഹാപുരുഷനെ കണക്കിലേറെ വിഷമിപ്പിക്കുക

യുണ്ടായി. ഇങ്ങനെ പല തരത്തിലുള്ള ദുരിതാനുഭവങ്ങൾകൊണ്ടു് അദ്ദേഹത്തിൻെറ ജീവിതസായാഹ്നം വ്യാകുലമായിരുന്നു. 1884-ൽ തൻെറ 62-ാമത്തെ വയസ്സിൽ. അദ്ദേഹം കാലധർമ്മം പ്രാപിച്ചു.

ഇതെല്ലാം മെൻഡൽ എന്ന വ്യക്തിയുടെ അനുഭവങ്ങളാണു്. ഈ സന്ദർഭത്തിൽ അവയെപ്പററി അനുസ്മരിക്കുന്നതു് അനുചിതമല്ലെങ്കിലും, അദ്ദേഹം ലോകത്തിനു നല്കിയ ഉപദർശനത്തിലാണു് ആ നാമത്തിൻെറ അത്ഥമഹത്ത്വം സ്ഥിതിചെയ്യുന്നതു്. അതിലൂടെ നാം കാണുന്ന ആ മനുഷ്യൻ മരണമില്ലാത്തവനാണു്. അജ്ഞാനതിമിരത്തെ ദൂരീകരിച്ച നിസ്തുലജോതിസ്സമാണു്. ആ നാമത്തിൻെറ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുവേണ്ടി, അദ്ദേഹത്തിൻെറ വിശ്രുതമായ ഗവേഷണപ്രബന്ധം പ്രസിദ്ധപ്പെടുത്തി നൂറുവർഷം തികയുന്ന ഈ സുദിനത്തിൽ ഇവിടെ കൂടിയിരിക്കുന്ന ഈ സമ്മേളനത്തിൽ രണ്ടുവാക്കു സംസാരിക്കുവാൻ അവസരം ലഭിച്ചതു് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പാരമ്പര്യശാസ്ത്രത്തിൽ ഒരു ഗവേഷണവും നടത്തിയിട്ടില്ലാത്ത ഞാൻ, സമുദ്രത്തെ പൂജിക്കുവാൻ സമുദ്രത്തിൽനിന്നുതന്നെ കൈക്കുമ്പിളിൽ വെള്ളമെടുത്തു് അർച്ചിക്കുന്നതുപോലെയുള്ള ഒരു പ്രസംഗമാണു് ചെയ്തതു്. അതു ക്ഷമയോടുകൂടി കേട്ടുകൊണ്ടിരുന്ന നിങ്ങളോടു് ഞാൻ നന്ദി പറയുന്നു. നമസ്കാരം.

—ഡോ: കെ. ഭാസ്കരൻനായർ

— x —

മൂന്ന്

# മാരാരുടെ കത്ത്

'ഋഷിപ്രസാദം'
1—10—'64

സുഹൃത്തേ,

'ജീവനസംഗീതം' രണ്ടുമൂന്നു ദിവസംകൊണ്ടു സശ്രദ്ധം വായിച്ചെത്തിച്ചു. ചിലതൊക്കെ മുമ്പു വായിച്ചവതന്നെ. ചിലതു് അനാഘ്രാതങ്ങളും. ഈ പുസ്തകത്തെപ്പററി കൂടുതൽ എഴുതുംമുമ്പു കുറച്ചു പഴംകഥകൾ പറയാൻ ഈ സന്ദർഭം ഉപയോഗിയ്ക്കട്ടെ!

നാം തമ്മിലുള്ള പരിചയത്തെപ്പററി ഓർക്കുമ്പോഴെല്ലാം, ഞാൻ രാമായണത്തിൽ ആസന്നമൃത്യുവായ ബാലി സുഗ്രീവനോടു പറഞ്ഞ ഒരു പദ്യം ഓർക്കാറുണ്ടു്:

'യുഗപദ്വിഹിതം താത
ന മന്യേ സുഖമാവയോഃ
സൌഹാർദ്ദം ഭ്രാതൃയുക്തം ഹി
തദിദം ജാതമന്യഥാ.'

(ഈ നിമിഷംവരെ ഇതിന്നുള്ള വള്ളത്തോാം തർജ്ജമ ശരിയെന്നായിരുന്ന എൻെറ ധാരണ. ഇപ്പോാം അല്പം ശങ്ക).

നമ്മുടെ പരിചയത്തിനുള്ളേടത്തോളം പഴക്കവും തുടർച്ചയും മററധികം പരിചയങ്ങാംക്കുമുള്ളതായി. ഞാനോക്കുന്നില്ല തൃശ്ശൂരിൽ കെ. വി. രാഘവൻ നായരുടെ പാർപ്പിടത്തിൽ വച്ചല്ലേ ആദ്യത്തെ മുഖപരിചയം; സാഹിത്യമഞ്ജരി 4-ാം ഭാഗം അടിക്കുന്ന കാലത്തു ?

അക്കാലത്തു താങ്കാംക്കു് എൻെറ പേരിൽ ഒരു തെററിദ്ധാരണയുണ്ടായതായി ഞാൻ കുറെ ആണ്ടുകാംക്കശേഷം 'മാതൃഭൂമി'യിൽ വെച്ചു കേട്ടു. തെററിദ്ധാരണ തെററിദ്ധരിച്ചവൻെറ കുററമെന്ന നിലയ്ക്കാണു് ആളുകാം പറയാറു്; ഞാനതിനെതിരാണു്. നേരെ ധരിയ്ക്കാനിടനൽകാത്ത പരിതസ്ഥിതിയെ മാത്രമേ ഞാൻ കുററപ്പെടുത്തു. ആ തെററിദ്ധാരണയാണു് ഇയ്യിടത്തെ ആ 'വിഷ' പ്രസ്താവത്തിൽ ഏറെയുള്ളതെന്നതിൽ എനിക്കു് താങ്കളോടു് തരിമ്പും പരിഭവം തോന്നിയില്ല, മറിച്ചു് ആ തെററിദ്ധാരണ പറഞ്ഞു തീർക്കുവാൻ എനിക്കിതുവരെ അവസരം വന്നില്ലല്ലോ എന്ന വ്യസനം മാത്രമേ തോന്നിയുള്ള.

ഈ തെററിദ്ധാരണയെക്കൂടി ഓർത്തിട്ടാണു് ഞാൻ ആ ബാലിവാക്യം അനുസ്മരിക്കാറ്. ബാലിയുടെയോ സുഗ്രീവൻെറയോ കുററമല്ലല്ലോ അവർ തമ്മിലുണ്ടായ ആ ആജീവനവിരോധം. ഒരിക്കലുണ്ടായ തെററിദ്ധാരണ തീർത്താലും തീരുമോ എന്നുകൂടി ആ കഥയിലുണ്ടു്.

അതിനിടയിൽ നമുക്കു നമ്മുടെ പ്രവൃത്തിരംഗത്തിൽ — സാഹിത്യത്തിൽ—ചില രുചിഭേദങ്ങളും വന്നുപെട്ടു. ജന്മസിദ്ധമായ വാസനയുടെ ഭേദംകൊണ്ടോ നാം വളർന്ന പരിസ്ഥിതിയുടെ ഭേദംകൊണ്ടോ രണ്ടുകൊണ്ടുമോ വളർന്നു വന്നതാണതു്; ആ രുചിഭേദങ്ങളുടെ വായ്ത്തലകാം തമ്മിലുരസി മിനുസപ്പെടത്തക്കവണ്ണം ആത്ര ദീർഘമായ സഹവാസവും നമുക്കുണ്ടായില്ല. വല്ലപ്പോഴുമൊക്കെ തമ്മിൽ കാണുമ്പോാം ആ വായ്ത്തലകളെ തമ്മിൽ

മുട്ടാതെ സൂക്ഷിക്കുകയേ ഉണ്ടായിട്ടുള്ളൂ, അല്ലേ ? അതിലുമധികം ചില കത്തുകളിലാണു് നാം തമ്മിൽ ഉരസി നോക്കിയിട്ടുള്ളതു്, അല്ലേ ?

ഒടുക്കം, കൂട്ടത്തിൽ തുച്ഛമെങ്കിലും മറെറാന്നുകൂടിയുണ്ടായി; സാഹിത്യത്തിൽ ഞാൻ കഠിനമായെതിർക്കുന്ന ഒരു പക്ഷത്തിലേക്കാണു് താങ്കളുടെ ചായ്‌വെന്നും എനിക്കു തോന്നി. ഇങ്ങനെയുള്ള പല പക്ഷപാതഭേദങ്ങൾകൊണ്ടാവാം, താങ്കളുടെ ഏതെങ്കിലും കവിതകളോടു തട്ടത്തുകൂടാത്ത ഒരുള്ളിണക്കം തോന്നുക എന്നതു് എനിക്കുണ്ടായിട്ടുണ്ടോ എന്നു സംശയം. (അന്നു് വീട്ടിൽവെച്ചു താങ്കൾ വായിച്ചു കേൾപ്പിച്ച ആ 'ചാടിപ്പോയവൻെറ കത്തു്' ഒഴിച്ചുനിത്തണം). ആദ്യകാലം മുതല്ക്കേ താങ്കളുടെ കൃതികൾ കണ്ണിൽപെടുന്നതൊക്കെ ഞാൻ വായിച്ചിട്ടുണ്ടു്; ഇയ്യിടെയായി ചിലതു സ്വാദു നോക്കാറേയുള്ളുവെന്നു് പറയാം. വായിച്ചവയിൽ പലഭാഗവും 'കൊള്ളാം, ബലേ' എന്നൊക്കെ തോന്നിയിട്ടുമുണ്ടു്. അതല്ല മേല്പറഞ്ഞ ഉള്ളിണക്കം. 'സദ്യഃ പരനിർവൃതയേ' എന്നൊരവസ്ഥയുണ്ടല്ലോ, ഇടഞ്ഞു നിന്നാൽക്കൂടി നമ്മെ പിടിച്ചു മറിച്ചിടുന്ന ഒരു ശക്തി; അതു് എത്ര ദുർല്ലഭമായിരുന്നു എന്നാണു് ഞാൻ പറയുന്നതു്.

എന്നിട്ടും താങ്കളുടെ മിക്ക കവിതകളെയും മിക്കവരും കൊണ്ടാടുന്നതു് എന്തുകൊണ്ടു് എന്ന ചോദ്യം എന്നെ കുറച്ചൊന്നുമല്ല വിഷമിപ്പിച്ചിട്ടുള്ളു ! അവരൊക്കെ അസഹൃദയരോ സേവ പറയുന്നവരോ ആണെന്നു വിധിക്കത്തക്ക മൂഢത എനിക്കില്ല. അവരുടേതിൽ നിന്നു വ്യത്യസ്തവും സുചിരലാളിതവുമായ ഒരു രുചിഭേദം ഞാൻ വെച്ചുപുലർത്തുന്നതുകൊണ്ടാവണം ഇതു്. താങ്കളുടെ പ്രതിപാദനരീതി—പദവിന്യാസക്രമവും മററും—എനിയ്ക്കത്ര രുചിച്ചതല്ല, പദ്യത്തിൽ മാത്രമല്ല, ഏറെക്കുറെ ഗദ്യത്തിൽപ്പോലും. ഇതും കടന്നു് ആശയനിന്യാസക്രമം ഭാവരസങ്ങളുടെ അംഗാംഗീഭാവസംവിധാനം മുതലായവയിലും എന്തൊക്കെയോ ചില അവ്യക്താസന്തുഷ്ടികളുണ്ടു്, അതാണു് ആ 'സദ്യഃപരനിർവൃതി' അടയുന്നതിൽ കരടായി കിടക്കു

ന്നതു്. അതെന്തൊക്കെയെന്നു കണ്ടുപിടിച്ചു വിവരിച്ചുവെയ്ക്കണമെന്നു് ഒരിയ്ക്കൽ ഞാൻ വെമ്പുകയുണ്ടായി. താങ്കളുടെ 'ഓടക്കുഴൽ' മാതൃഭൂമിയിൽ ആദ്യമടിച്ച കാലത്താണതു്—എല്ലാം ഉററു വായിക്കേണ്ട ആവശ്യമുണ്ടായിരുന്നുവല്ലോ. പക്ഷേ ഞാനാ ഉദ്യമത്തിൽ പരാജയപ്പെടുകയാണുണ്ടായതു്. നാലാളുകൾ കേട്ടാൽ നിരക്കുന്ന രീതിയിൽ അതു പറഞ്ഞു ഫലിപ്പിക്കേണ്ടേ ? അതിനുതക്ക ഉപപത്തിമാർഗ്ഗമൊന്നും കണ്ടുകിട്ടാതെ പിൻമടങ്ങേണ്ടിവന്നു.

'നിമിഷം' നിരൂപണം ചെയ്തപ്പോൾ ഈ അസംതൃപ്തിയിൽ കുറച്ചുമാത്രമേ ഉപപത്തിമാർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ സാധിച്ചുള്ളു. (മറേറാരോ ഖണ്ഡന നിരൂപണങ്ങളിലും ഏതാണ്ടിതാണനുഭവം.)

ഒരുദാഹരണംകൂടി പറയാം; 'മൂന്നരുവിയും ഒരു പുഴയും' എന്ന താങ്കളുടെ ആ ഖണ്ഡകാവ്യം അന്നു നാം കൂടിയിരുന്നു വായിക്കുകയുണ്ടായല്ലോ. പല ഭാഗവും നന്നെ ഇഷ്ടമായെങ്കിലും, ആ പരനിർവൃതി തോന്നാഞ്ഞതെന്തേ എന്നു പിന്നീടാലോചിച്ചു. അതിനിടയിൽ ടെനിസൻെറ 'ഈനക് ആർഡൻ' ഓർമ്മവന്നു ; രണ്ടിനും തമ്മിൽ പാത്രഘടനയിൽ ഏതാണ്ടൊരടുപ്പമുണ്ടല്ലോ. ('മോഷണ'മാണെന്നൊന്നും ഞാൻ പറയില്ല, 'മോഷണ'മാണെങ്കിൽത്തന്നെ എനിയ്ക്കു തിർപ്പുമില്ല) ആ ഇംഗ്ലീഷുകവിതയുടെ ഒരു ഗദ്യതർജ്ജമ വായിച്ചിട്ടുകൂടി എനിയ്ക്കു ലഹരി പിടിച്ചു; ആ കവിത മുഴുവൻ അത്ഥം മനസ്സിലാവാതെ, ഞാൻ ഇംഗ്ലീഷിൽ വായിയ്ക്കുകയുമുണ്ടായി! ഈ സ്വഭാഷാകൃതിയിൽ എന്തേ അതു വരാതിരിപ്പാൻ ? ടെനിസൻകൃതിയിൽ സ്നേഹത്തിനുമുമ്പിൽ ചെയ്ത ആ ആത്മത്യാഗം ഇതിലില്ലായ്കയാകുമോ ? (അതോ, അതുമുണ്ടോ? ഉണ്ടെങ്കിൽ അതെൻെറ ശ്രദ്ധയിൽ പെട്ടില്ല, പിന്നീടു് വായിച്ചതുമില്ല) അതോ, അതിൽ ആ മൂന്നുപേർക്കുമുള്ള ഗുണത്തികവു് ഇതിലത്ര കാണായ്കയാകുമോ ? പക്ഷേ ത്യാഗവും ഗുണത്തികവുമൊക്കെ കവിതയുടെ പരമമൂല്യം മാത്രമാണു്, ഭാവാവിഷ്കരണമാണു് കവിതയുടെ ജീവൻ. ഭാവാവിഷ്കരണംകൊണ്ടു മാത്രം വിജയം നേടിയ എത്ര കവിതകൾ കിട

ക്കുന്നു ! അപ്പോഠം ആ ഖണ്ഡകൃതിയിലെ ഭാവാവിഷ്ക്കരണത്തിന്ന് എന്തു കുററം ? അന്നാ കവിതയിൽ 'ഘോലാ'നെപ്പററി ചില അശ്രുഭസൂചനകളുണ്ടായിരുന്നുവല്ലോ — അതിന്റെ ആവശ്യകതയാണോ ഇടയിൽക്കടന്നു കരടായതു്? അതിന്നു് അത്രത്തോളം ശക്തിയുണ്ടോ? എന്താണെന്നു് വ്യക്തമാകുന്നില്ല. ഒരു ഇളകാത്തീരുമാനത്തിലെത്താതെ അഭിപ്രായം പറയാൻ എനിക്കു ധൈര്യമില്ല.

താങ്കളുടെ കവിതയെസ്സംബന്ധിച്ചു മാത്രമല്ല എനിക്കീ വിഷമങ്ങഠം അനുഭവപ്പെട്ടിട്ടുള്ളു. വളരെ കേമമെന്നുവെച്ചു് ഇംഗ്ലീഷിൽനിന്നും മററും തജ്ജമചെയ്തു കണ്ടിട്ടുള്ള പലതും വായിച്ചിട്ടു് എനിക്കൊരു രസവും തോന്നിയിട്ടില്ല. എന്റെ പരിശീലനപരിമിതിയാണു് ഇതിന്നു കാരണമെന്നു് സുവ്യക്തം. അപ്പോഠം ആ പരിമിതിയുംവെച്ചു് ഞാനെന്തിന്നു പുത്തൻപുത്തൻ രചനകളെ അളക്കാൻ നില്ക്കുന്നു? ഈ വിചാരമാണു് ഞാൻ നിരൂപണത്തിൽനിന്നു് ഒഴിഞ്ഞു നില്ക്കാനുണ്ടായ പല കാരണങ്ങളിൽ ഒന്നു് ; പിന്നെ അത്രയൊക്കെ മിനക്കെട്ടു പണിയെടുക്കാനുള്ള മടിയും; പണിയെടുത്താലുണ്ടാകുന്ന തുച്ഛഫലത്തിലുള്ള മടപ്പും.

ഈ പശ്ചാത്തലത്തിൽവെച്ചാണു് ഞാൻ 'ജീവനസംഗീത'ത്തെപ്പററി എഴുതുന്നതെന്നോർക്കണം. അതിൽ പലേടത്തുനിന്നും ഉൽഗമിയ്ക്കുന്ന ആദ്ധ്യാത്മികപരിമളം എന്നെ ആഹ്ലാദിപ്പിച്ചു : വിശേഷിച്ചും ആ പേരുള്ള കൃതിയിൽനിന്നുള്ളതു്. അതിലെ ആ സന്ധ്യാന്ധകാരപ്രസരത്തിന്റെ ചിത്രീകരണവും, അവിടെനിന്നു് ആ വിദൂര നക്ഷത്രത്തിലേക്കുള്ള ആ പാറിപ്പോകലും ഇയ്യിടെയായി ഞാനും മനോരാജ്യത്തിൽ അനുഭവിക്കാറുള്ളതാണു്. ഇതിലെ 'മഞ്ഞസിംഹം' (?) എന്റെ രാജ്യത്തിന്റെ സോദരനോ ശത്രുവോ എന്ന രാഷ്ട്രീയ പ്രചാരണവേലയില്ലെ, അതു ലോകശാന്തിയിൽ വെടിമരുന്നു കലർത്തുന്നു എന്ന ആക്ഷേപമേ ഉള്ളു.

സമഗ്രമായി പറഞ്ഞാൽ, ഒടുക്കം നാം രണ്ടുപേരും താന്താങ്ങളുടെ വഴിയ്ക്കു് ഒരേ വാതില്ക്കൽ എത്തിയിരിക്കുന്നു എന്നൊരു സംതൃപ്തി

തോന്നി. താങ്കൾ എത്ര നേരമായി ഇവിടെ എത്തിയിട്ടെന്നറിഞ്ഞുകൂടാ ; ഞാൻ ഇങ്ങോട്ടാണ് വരുന്നതെന്നറിയാതെ ഇവിടെ എത്തിപ്പെട്ടിരിക്കയാണ്. ഒരു പക്ഷേ, എൻെറ ആ ലക്ഷ്യബോധമില്ലായ്കയാവാം, താങ്കൾ വേറെ വഴിക്കാണ് പോകുന്നതെന്ന് വല്ലപ്പോഴുമൊക്കെ തോന്നിച്ചത്. (ഇതിലൊരു വിനയം സ്ഫുരിക്കുന്നുണ്ടെങ്കിൽ അതു് ആ ദുഷ്പ്രാപ്യമായ ലക്ഷ്യത്തിൻെറ നേർക്ക തോന്നുന്നതാണ്, താങ്കളുടെ നേക്ക് എടുത്തു കൂട്ടുന്നതല്ല.)

ഈ പരമലക്ഷ്യത്തിൽനിന്നു കൺതിരിച്ചു നമ്മുടെ മാർഗ്ഗഭേദത്തെയും പദവിന്യാസക്രമത്തെയും ദ്രുതമന്ദതകളെയും ഇടത്താവളങ്ങളെയും പററി പറയാൻ തുടങ്ങിയാൽ പണ്ടത്തെ വിപ്രതിപത്തികളൊക്കെ തലപൊക്കും. ചിരപരിശീലനംകൊണ്ടു് ഉറച്ചുപോയ ആ പ്രതിപത്തിഭേദങ്ങളെ നമുക്കിനി മാററിമറിപ്പാൻ സാധിക്കില്ല : കൃതജ്ഞത കരുതിയെങ്കിലും അതിനു ശ്രമിക്കയുമരുതു്. എങ്കിലും എൻെറ വിവക്ഷിതം വിശദീകരിപ്പാൻവേണ്ടി മാത്രം നാലഞ്ചെണ്ണം എടുത്തു കാണിക്കാം.

1. 'പാണനാർ' വായിച്ചപ്പോൾ തോന്നി, ''ഇന്നു് അരൂപനായ അങ്ങ് എൻെറ രൂപത്തിൽ വന്നിരുന്ന നരനിലെ സ്നേഹസ്വരൂപനായ പരം പുരുഷനെ കൊട്ടിപ്പാടി ഉണർത്തുക'' എന്ന പ്രാർത്ഥനയുടെ രൂപത്തിലാണ് ആ കൃതി രചിച്ചിരുന്നതെങ്കിൽ കൂടുതൽ ഭവോജ്ജ്വലമാകുമായിരുന്നില്ലേ എന്നു്. ഇതിന്നർത്ഥം അതിലപ്പോഴുള്ള ഭാവം എന്നെ വേണ്ടുവോളം കീഴടക്കിയില്ല എന്നല്ലേ ? ഈ രുചിഭേദത്തെ എങ്ങിനെ ആ കൃതിക്കുള്ള കുറമായിപ്പറയാം ?

2. 'നിഴലുകൾ നീളുന്നു' എന്ന കൃതിയിലെ അഞ്ചാം പദ്യത്തിൽ പുരമേഞ്ഞ ഓലയെപ്പററിപ്പറയുന്നു. അടുത്ത പദ്യത്തിൽ അതിലെ കിളിവാതിലിന്നുള്ള പളുങ്കുപലകയെപ്പററിയും. ഓലപ്പുരക്കു പളുങ്കുപലക ജനാല 'ന ദൃഷ്ടോ ന ച ശ്രുത', സങ്കല്പിക്കാനും വിഷമം. ഇതിനെപ്പററി വിമർശരീത്യാ എഴുതുമ്പോൾ കവി അധ്യവസായത്തെ ആകാവുന്നതിലധികം സാവയവമാക്കാൻ ശ്രമിച്ചു

എന്നോ വണ്ണ്യവസ്തു കവിഭാവനയിൽ പ്രത്യക്ഷീഭവിച്ചില്ലെന്നോ ഒക്കെ പറയാൻ തോന്നും.

3. 'പാതിനേരു് പാതിനുണ' വായിച്ചിട്ടു് എന്താണു് പറയുന്നതെന്നു് എനിക്കൊട്ടും തിരിഞ്ഞില്ല; അതു മുമ്പു് വായിച്ചപ്പോഴുമില്ല.

4. 'മലകളുടെ നടുവിലൂടെ' എന്ന കൃതിയിലാദ്യം കാൽമടമ്പിന്നാൽ എന്നു തുടങ്ങുന്ന നാലു ശീലിലെ ദീർഘവാക്യം രണ്ടു തവണ കിണഞ്ഞു വായിച്ചിട്ടാണു് അതിലെ കരുത്തൻ ചിത്രം — അസ്സൽ ചിത്രംതന്നെ — എൻെറ മനസ്സിൽ കഷ്ടിച്ചു തെളിഞ്ഞുവന്നതു്. അതുകൊണ്ടു് 'ശൃംഖലാബന്ധനാഗ്നിവൽ' മനസ്സിൽ പതിയേണ്ടതിന്നു് എന്തു മങ്ങൽ പററിപ്പോയി! എൻെറ ദൃഷ്ടിയിൽ ഏററവും മോശമായ വാക്യരചനയാണു് അതിലേതു്. വാക്യത്തിലെ കർമ്മമായ 'ചങ്ങല'യെ കാരകപ്രത്യയമില്ലാതെ കർത്തൃസ്ഥാനത്തു നിർത്തിയപ്പോഠം വായനക്കാരനെ പിടിച്ചു കീഴ്ക്കാംതൂക്കു നിർത്തുകയാണു് ചെയ്തതെന്നു പറയാൻ തോന്നും.

5. 'പാത'യിൽ

''വിണ്ണിനേക്കാഠം മധുരമാം
വേല തീർന്നിട്ടു വിശ്രമം''

എന്ന ആ അതിസരളവാക്യത്തിനുപോലും ഒന്നാംവായനയിൽ എനിക്കത്ഥം മനസ്സിലായില്ല; അതൊരാസ്വാദനവിഘ്നമായി. 'വേലതീർന്നുള്ള വിശ്രമം' എന്നായിരുന്നുവെങ്കിൽ ഈ തടസ്സം നേരിടാഞ്ഞേനെ എന്നു തോന്നുന്നു.

ഇതാ ഈവക ചില്ലറകളാണു് നാം തമ്മിലുള്ള അകലം; അവയൊക്കെ ഉദാസീനഭാവേന പറയുകയും കേഠക്കുകയും ചെയ്യാമെന്ന നിലയിൽ നമ്മളെത്തി എന്നതാണു് നമ്മഠം തമ്മിലുള്ള അടുപ്പം.

— കുട്ടികൃഷ്ണമാരാര്

x x x x x

നാല്

# ജൂബയിലെ ദിവസങ്ങൾ

1949 ഡിസമ്പർ 28

രാവിലെ എൻെറ ആതിഥേയൻ അവാഡ് അബ്ദല്ലയുടെ വീട്ടിൽനിന്നു് ഉണർന്നെഴുന്നേററ്, ഉടുപ്പ് മാററി പുറത്തെ വ്രാന്തയിൽ വന്നുനിന്നു നിരത്തിലേയ്ക്കു നോക്കിയപ്പോഠം കണ്ട കാഴ്ച എന്നെ ആകെ മരവിപ്പിച്ചു എന്നു പറയാം. ആദ്യം എനിക്കെൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാൻ ഉറങ്ങിക്കിടക്കുകയാണെന്നും ഏതോ വേതാളലോകം സ്വപ്നം കാണുകയാണെന്നും തന്നെയായിരുന്നു കുറച്ചുനേരത്തേയ്ക്കു് എൻെറ ബലമായ വിശ്വാസം.

നിരത്തിൻെറ അരികിൽ അഞ്ചാറുപേർ ഓവു കീറിക്കൊണ്ടിരുന്നു. ആറരയടി പൊക്കമുള്ള, കരിപോലെ കറുത്ത മനുഷ്യസത്വങ്ങഠം. പരിപൂർണ്ണ നഗ്നർ!

അരയിൽ ഒരു അരഞ്ഞാച്ചരടുപോലുമില്ലാത്ത ആ മനുഷ്യക്കോലങ്ങളെ അങ്ങനെ അവിടെ കണ്ടപ്പോൾ എനിക്കു് ഉള്ളിൽ അകാരണമായ ഒരു ഭയമാണുണ്ടായതു്. കയ്യിൽ പരുക്കൻ നാടൻ കൈക്കോട്ടു പൊക്കി നിലത്തു് ആഞ്ഞു കൊത്തിയും ഇടയ്ക്കു നിവർന്നു നിന്നു് ഉച്ചത്തിൽ അന്യോന്യം ഓരോന്നു സംസാരിച്ചുകൊണ്ടും അവർ വേല ചെയ്യുകയാണു്, ഞാൻ കണ്ണുമിഴിച്ചു നോക്കിനിന്നുപോയി.

കുറച്ചു കഴിഞ്ഞപ്പോൾ അവാദും വ്രാന്തയിലേക്കു വന്നു. ഞാൻ ആ വേലക്കാരെ ചൂണ്ടിക്കാട്ടി അവാദിനോടു ചോദിച്ചു: ''സ്നേഹിതാ, അവർ പിശാചുക്കളോ മനുഷ്യരോ?''

''ഓ, അവരോ?'' എനിക്കൊരു സിഗരററു തന്നു്, അവാദ് ശ്രദ്ധയോടെ പറഞ്ഞു: ''അവർ 'ഡിംക'കളാണു്.''

സുഡാൻ കാടുകളിലൂടെ ജൂബയിലേക്കുള്ള ഇന്നത്തെ യാത്രയിൽ, ചില കാട്ടുമൂലകളിൽവെച്ചു്, അമ്പും വില്ലും ധരിച്ചു നീങ്ങുന്ന തനി നഗ്നരായ ചില കാട്ടാളന്മാരെ ഞാൻ കണ്ടിരുന്നു, കാട്ടിൻ നടുവിൽ വെച്ചു് അങ്ങനെ ചില കൂട്ടരെ കണ്ടപ്പോൾ എനിക്കത്ഭുതം തോന്നിയിരുന്നില്ല. എന്നാൽ സാമാന്യം ജനപ്പെരുപ്പവും പരിഷ്കാരവുമുള്ള ജൂബപോലത്തെ ഒരു പട്ടണത്തിൻെറ നടുവിൽവെച്ചു്, നീലയങ്കിക്കുപ്പായവും സൂട്ടും തൊപ്പിയും ഒക്കെ ധരിച്ചു നടക്കുന്ന മാന്യന്മാരുടെ ഇടയിൽ ഇങ്ങനെ വിറകുകൊള്ളിപോലെ നഗ്നരായി നീങ്ങുന്ന നരജാതികളെ കാണുമ്പോഴാണു് നടുങ്ങിപ്പോകുന്നതു്.

അവാദ് ചായ കഴിച്ചു നേർത്തേ ആപ്പീസിലേക്കു പുറപ്പെട്ടുപോയി, കുളിയും പ്രാതലും കഴിഞ്ഞു്, പട്ടണമൊന്നു ചുററിക്കാണാൻ ഒരു പത്തുമണിയോടുകൂടി ഞാനും പുറപ്പെട്ടു.

ഞാൻ ആ നഗ്ന സത്വങ്ങളുടെ അരികിലൂടെ കടന്നുപോയപ്പോൾ, അവർ വേല നിർത്തി എന്നെ സൂക്ഷിച്ചുനോക്കി. നേരിയ കുറുപ്പുനിറമുള്ള പരന്ന മുഖവും നേർത്തു മിനുത്ത തലമുടിയും ഉള്ള സായിപ്പു വേഷക്കാരനായ ഈ കുറിയ മനുഷ്യനെ അവർ അത്ഭുത

ത്തോടെ നോക്കി ഇളിച്ചുനിന്നു. അവരിലൊരുത്തൻ കൈക്കോട്ടു താഴെവെച്ച് ഏറ്റവും വണക്കത്തോടുകൂടി എനിക്കു വലിച്ചുനീട്ടി ഒരു സലാം തന്നു. ഞാൻ ചിരിച്ചുപോയി.

ആ പാവങ്ങളോട് എനിക്കു സംസാരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ എന്തു ചെയ്യും? അവരുടെ ഭാഷ അറിഞ്ഞുകൂടല്ലോ.

തെരുവുകളിലെത്തിയപ്പോൾ ഡിംകാവർഗ്ഗക്കാരെ ധാരാളമായി കണ്ടുതുടങ്ങി. അവരുടെ സ്ത്രീകൾ തെരുവുകളിൽ നടക്കുമ്പോൾ ഒരു ചെറിയ തുണികൊണ്ടു നഗ്നത മറച്ചിരുന്നു. പക്ഷേ പുരുഷന്മാർ എവിടേയും പൂർണ്ണനഗ്നരായിത്തന്നെയാണ് നടന്നിരുന്നത്. ചില ഡിംകാപുരുഷന്മാർ അരയിൽ കവിടികൊണ്ടുണ്ടാക്കിയ അരപ്പട്ട ധരിച്ചിരുന്നു — വെറും അലങ്കാരത്തിനുവേണ്ടി. പുരുഷത്വത്തിന്റെ പ്രധാനചിഹ്നം പ്രദർശിപ്പിച്ചു നടക്കുന്നതിൽ അവൎക്കൊരു നിർബന്ധമുള്ളതുപോലെ തോന്നുന്നു.

പതിനൊന്നു മണിയായപ്പോൾ വെയിലിന്റെ ചൂട് അസഹ്യമായിത്തുടങ്ങി. സദാ പൊടിപാറുന്ന വൃത്തികെട്ട കാറ്റും.

ജൂബയിലെ പീടികകളിൽ കച്ചവടം നടത്തുന്നതു സുഡാൻ അറബികളാണ്. രണ്ടുമൂന്നു വലിയ കടകൾ ഗ്രീക്കുകാരുടെ വകയായിട്ടും ഉണ്ട്. ഇന്ത്യക്കാർ തീരെ ഇല്ല. ഒരു ഗ്രീക്കുകടയിലെ അസിസ്റ്റന്റ് ആയി ഒരിന്ത്യൻ ഗുജറാത്തി ഉണ്ടായിരുന്നുവെന്നും അയാൾ ഇന്ത്യയിലേക്ക് അവധിയിൽ പോയപ്പോൾ തിരികെ വരുന്നതിന്ന് അധികൃതന്മാർ അനുവാദം നിഷേധിച്ചുവെന്നും അവരാട് പറഞ്ഞു.

ഡിസമ്പർ 29

ഇന്നു രാവിലെ ഞാൻ ആദ്യമായി ജൂബയിലെ നാടൻ ചന്ത സന്ദർശിച്ചു. പട്ടണത്തിന്റെ ഒരരികിൽ വിശാലമായ ഒരു മൈതാനത്തിലാണ് ഈ ചന്ത. അടുത്തുതന്നെ, ഇറച്ചിയും മത്സ്യവും മററും വില്ക്കുന്ന മാർക്കറ്റുശാലകളും കാണാം.

ജൂബയ്ക്കു സമീപമുള്ള കാടുകളിൽനിന്നു വരുന്ന വർഗ്ഗക്കാരെ ചന്തയിൽ ധാരാളം കാണാം. അമ്പും വില്ലും ധരിച്ച്— ചിലരുടെ ആയുധം നീണ്ട കുന്തങ്ങളാണ്—നഗ്നരായി കൂട്ടത്തോടെ വന്നു ചേരുന്ന ഈ ദീർഘകായരായ കാട്ടാളരെ കാണുമ്പോൾ പേടിച്ചു പോകും. ചിലർ ദേഹം മുഴുവനും മുഖത്തും വെണ്ണീർ പൂശിയിട്ടുണ്ടാവും. ചിലർ വയറിനു താഴെ അരപ്പട്ട ധരിച്ചവരാണ്. സ്ത്രീകളും കൂടെയുണ്ടായിരിക്കും. പക്ഷേ ഇവരുടെ പെണ്ണുങ്ങൾ അര മറച്ചുകൊണ്ടാണ് പട്ടണങ്ങളിൽ നീങ്ങുന്നത് എന്നത് ആശ്വാസകരമാണ്.

കാട്ടിൽനിന്നു തേനും മെഴുകും ഉണക്കിയ കായ്കനികളും പച്ചക്കറികളും പച്ചമരുന്നുകളും മററുമാണ് ഇവർ വില്പനയ്ക്കു കൊണ്ടു വരുന്ന വസ്തുക്കൾ. ഒരു മരത്തിൻെറ തണലിൽ അവയെല്ലാം നിരത്തിവെച്ച്, നമ്മുടെ നാട്ടിലെ ചില സന്യാസി വൈദ്യന്മാരുടെ മട്ടിൽ, ഇവർ ചമ്രം പടിഞ്ഞിരിക്കുന്നുണ്ടാകും.

ഇവർ വില്പനയ്ക്ക് ആടുമാടുകളെയും കൊണ്ടുവരാറുണ്ട്. അടുത്തുതന്നെയുള്ള മൈതാനപ്പറമ്പിലാണ് നാല്ക്കാലിച്ചന്ത.

കാടന്മാർക്കു പട്ടണങ്ങളിൽനിന്നു ലഭിക്കേണ്ടുന്ന പ്രധാനവസ്തുക്കളുടെ ലിസ്റ്റ് ലോകത്തിൻെറ ഏതു കോണിലും ഒന്നുതന്നെയാണ്– ഉപ്പ്, പുകയില, ഉണക്കമത്സ്യം, ഉടുതുണിയും കല്ലും മാലയും. തങ്ങൾ കൊണ്ടുവന്ന വനവിഭവങ്ങൾ വിററുകിട്ടിയ പൈസകൊണ്ടു ഇവർ ആവശ്യമുള്ളതെല്ലാം വാങ്ങി, ബാക്കി വല്ലതുമുണ്ടെങ്കിൽ അതിന്നു പലഹാരവും വാങ്ങിക്കഴിച്ച്, പട്ടണത്തിൽ കുറേനേരം ഒരാവശ്യവുമില്ലാതെ അലഞ്ഞു നടന്ന് സന്ധ്യയോടുകൂടി കാടുകളിലെ കുടിലുകളിലേയ്ക്കു മടങ്ങുകയും ചെയ്യും.

സുഡാനിലെ നഗ്നരായ കാട്ടുവർഗ്ഗക്കാർ മൂന്നു തരക്കാരാണ്: 'ഡിങ്കകൾ', 'ഷെല്ലൂക്കുകൾ', 'നൂവർ'. ഇവരിൽ ജൂബയിൽ കാണുന്നതു ഡിങ്കകളെയാണ്.

* * *

രാത്രി ഷെയീക്ക് എന്നെ അദ്ദേഹത്തിൻെറ വീട്ടിലേക്ക് 'ആശ്ആ' (അത്താഴം) കഴിക്കാൻ ക്ഷണിച്ചു.

മുററത്തെ ചുററിക്കൊണ്ടു് ഉയർന്ന മതിലുകളുള്ള ഒരു ചെറിയ മൺകോട്ട പോലെയുണ്ടായിരുന്നു ആ ഇടത്തരം അറബിഗൃഹം. വാതിലിന്നു നേരെ കനത്ത, ചെടിച്ച തിരശ്ശീല തൂങ്ങിക്കിടന്നിരുന്നു. ചുവരുകളിൽ ഖുർആൻ വാക്യങ്ങൾ എഴുതിയ കാർഡുബോർഡുകളും പതിച്ചുവെച്ചിരുന്നു. സ്ത്രീജനങ്ങളാരെയും പുറത്തു കണ്ടിരുന്നില്ല.

ഞങ്ങൾ കോലായിലാണ് ഭക്ഷണം കഴിക്കാനിരുന്നതു്. തനി സുഡാനി മട്ടിൽ ഒരുക്കിയ അത്താഴമായിരുന്നു അതു്. അതിഥികളായി അയൽപക്കക്കാരായ മൂന്നു് അറബിപ്രമാണികളും വേറെ ഉണ്ടായിരുന്നു. ഒരാൾ വലിയ വെള്ളത്തലക്കെട്ടുക്കാരനായ ഒരു മുല്ലയാണ്.

ഒരു വാല്യക്കാരൻ ഒരു കയ്യിൽ ഒരലൂമിനിയക്കിണ്ടിയും മറെറ കയ്യിൽ ഒരു വലിയ കുണ്ടൻ പാത്രവുമായി വന്നു് അതിഥികളായ ഞങ്ങൾക്കു കൈകഴുകുവാൻ ചൂടുവെള്ളം പകർന്നുതന്നു.

ഈന്തപ്പനയോല മെടഞ്ഞുണ്ടാക്കിയ വൃത്താകൃതിയിലുള്ള വലിയൊരു പായയിൽ ഞങ്ങൾ വട്ടമിട്ടിരുന്നു. ആട്ടിറച്ചി മധുരക്കിഴങ്ങു ചേർത്തു വെച്ച മസാലക്കറിയും, ഇറച്ചി അരിഞ്ഞുകലക്കി വേവിച്ച 'കീമ'യും ഉരുളക്കിഴങ്ങുകറിയും വലിയ പിഞ്ഞാണങ്ങളിൽ വിളമ്പിവെച്ചിരുന്നു. തിന്നാൻ സുഡാൻറൊട്ടിയും ഓരോ മൂലയിൽ സ്ഥാപിച്ചിരുന്നു.

ഈ സുഡാൻറൊട്ടിയെന്നു പറയുന്നതു്, ഏതാണ്ടു നമ്മുടെ ദോശയുടെ കനത്തിൽ, പനയോലത്തടുക്കിൻെറ വലുപ്പത്തിൽ, തവിട്ടുനിറത്തിൽ ഉള്ളതാണ്. അതു് അനേകം മടക്കുകളായി പായ ചുരുട്ടിവെച്ചപോലെ പദാർത്ഥങ്ങളുടെ മുമ്പിൽ കുത്തിനിർത്തിയിട്ടുണ്ടാകും. അതിൽനിന്നു് ആവശ്യംപോലെ പിച്ചിച്ചീന്തിയെടുത്തു മസാലക്കറിയിൽ മുക്കിത്തിന്നുകൊള്ളണം. അതു് ഉത്തരേന്ത്യൻ ചപ്പാത്തിയേക്കാൾ സ്വാദും പതവും ഉള്ളതായി എനിക്കു തോന്നി.

ആ പദാൎത്ഥങ്ങളുടെ കൂടെ, പലജാതി പച്ചിലകളും തക്കാളിയും ഉള്ളിയും സക്യ്യും മററും കലൎത്തിയ 'സലാട്ടും' ഉണ്ടായിരുന്നു. ഭക്ഷണത്തിന്റെ കൂടെ ധാരാളം പച്ചിലകൾ കടിച്ചുതിന്നുന്നവരാണ് അറബികൾ.

അത്താഴം കഴിഞ്ഞു. ചെക്കൻ വീണ്ടും കിണ്ടിയും കുണ്ടൻ പാത്രവുമായി വന്നു ഞങ്ങളുടെ കൈ കഴുകിച്ചു. ഉടൻ 'ജബ്ന' (ചൂടുകാപ്പിക്കഷായം നിറച്ച്, ഉള്ളിൽ അരിപ്പ തിരുകിയ നീണ്ട മണ്ടൻകിണ്ടി) യും 'ഫിഞ്ചാണ' (പിഞ്ഞാണ) വും മുമ്പിലെത്തി. ആതിഥേയൻ ഞങ്ങൾക്കു ചെറിയ കോപ്പകളിൽ അരയൗൺസു കാപ്പിക്കഷായം പകൎന്നുതന്നു.

അറബികൾ കൂടെക്കൂടെ കരിക്കാപ്പി കുടിച്ചുകൊണ്ടിരിക്കും. രാവിലത്തെ ചായ കഴിഞ്ഞതിനു മീതെത്തന്നെ അവർ ഇത്തിരി കരിക്കാപ്പിയും കുടിക്കുന്നതു കാണാം.

ഭക്ഷണം കഴിഞ്ഞു കുറച്ചുനേരം സൊള്ളി. പിന്നെ ഞങ്ങൾ ചീട്ടു കളിക്കാനിരുന്നു.

നമ്മൾ 'സെററ് മേക്കിങ്ങ്' എന്നു പറയുന്ന രീതിയിലുള്ള ചീട്ടുകളിയാണ് അവർ സാധാരണയായി കളിച്ചുവരുന്നത്. (അറബികൾ ഒഴിവുസമയങ്ങളിൽ ചീട്ടു കളിച്ചുകൊണ്ടിരിക്കും. 'ജബ്ന'യും അരികിൽത്തന്നെ ഉണ്ടായിരിക്കും.) ഈ രീതിയിലുള്ള ചീട്ടുകളിക്ക് അവർ പറഞ്ഞുവരുന്ന പേര് 'കൊങ്കൺ' എന്നാണ്. അവർ ഇതു് ഇന്ത്യയിലെ പശ്ചിമതീരത്തിലെ — കൊങ്കൺ തീരത്തിലെ—ജനങ്ങളിൽനിന്നു പഠിച്ചുപകൎത്തിയതായിരിക്കണം.

ഷെയ്ക്ക് വലിയ ചീട്ടുകളിഭ്രമക്കാരനാണ്. കൂട്ടുകാരെ കിട്ടിയില്ലെങ്കിൽ അയാൾ ഒററയ്ക്കിരുന്നു 'പേഷ്യൻസ്' കളിക്കും.

ഇസ്ലാമിന്റെ ശക്തിയുടെ രഹസ്യം, ആ മതത്തിലന്തൎഭവിച്ച സാഹോദര്യതത്ത്വമാണ്—ഒരുമിച്ചിരുന്ന്, ഒരേ പാത്രത്തിൽ നിന്നു തീൻ കഴിക്കുന്ന സമ്പ്രദായം. അതു് ആരോഗ്യകാൎയ്യത്തിൽ

അനാശാസ്യമാണെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നുവെങ്കിലും മനുഷ്യനിൽ പരസ്പരവിശ്വാസവും മമതയും വളർത്താൻ സഹായിക്കുന്നു. ഒരു നല്ല തീൻ അനുഭവിച്ച അവസരം നമ്മൾ അത്ര വേഗം മറക്കുകയില്ല—അപ്പോഴുണ്ടായിരുന്ന കൂട്ടുകാരെയും.

ഡിസമ്പർ 30

ഇന്നു ചന്തയിൽനിന്നു മടങ്ങുന്ന വഴിക്ക് അബ്ദുല്ലാ ഇബ്രാഹിം എന്ന സുഡാനി സുഹൃത്തിനെ കണ്ടുകിട്ടി.

അബ്ദല്ലാ തൊഴിൽകൊണ്ട് ഒരാശാരിയാണ്. മോട്ടോർ വണ്ടികളുടെ ബോഡി ഉണ്ടാക്കിക്കൊടുക്കുന്ന ജോലിക്കാരനാണ്. നല്ല സ്നേഹവും ചുണയുമുള്ള ഒരു ചെറുപ്പക്കാരനാണ് അബ്ദല്ലാ. അയാൾ രണ്ടാം ലോകമഹായുദ്ധത്തിൽ, പട്ടാളക്കാരനായി മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിൽ സഞ്ചരിച്ചു കുറച്ചെല്ലാം ലോകപരിചയം നേടിയിട്ടുണ്ട്. ഇംഗ്ലീഷു കഷ്ടിപിഷ്ടി സംസാരിക്കാനും അറിയാം. ആകപ്പാടെ എനിക്കു പററിയൊരു ചങ്ങാതിയായിരുന്നു അയാൾ. അവാദാണ് ആദ്യമായി അബ്ദല്ലയെ എനിക്കു പരിചയപ്പെടുത്തിത്തന്നതു്. അറബിഭാഷ അല്പമെങ്കിലും സംസാരിക്കാൻ എന്നെ പഠിപ്പിച്ചതും അബ്ദല്ലതന്നെയാണ്.

അബ്ദല്ല എൻെറകൂടെ പാസ്പോർട്ട് ആഫീസിലേയ്ക്കു് വരാമെന്നു പറഞ്ഞു. ഞങ്ങൾ രണ്ടുപേരും ഗവർമ്മേണ്ടാഫീസ്സിൽ തർഫി എഫണ്ടിയുടെ മുറിയിൽ ചെന്നു.

തർഫി എഫണ്ടി (പാസ്സ്പോർട്ട് ആഫീസർ) ഇന്നലത്തെപ്പോലെത്തന്നെ വളരെ മര്യാദയോടും സ്നേഹത്തോടുംകൂടി എന്നെ അരികെ ഇരുത്തി കുശലം ചോദിച്ചു. എന്നാൽ, ''എൻെറ ഈജിപ്തിലേയ്ക്കുള്ള വിസാക്കാര്യം എന്തായി'' എന്നു ഞാൻ അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി എന്നെ അസ്വസ്ഥനാക്കിത്തീർത്തു എന്നു പറഞ്ഞാൽ മതിയല്ലോ. ''മിസ്റ്റർ, എനിക്കൊന്നും ചെയ്യാൻ അധികാരമില്ല. ഖർത്തൂമിലേക്ക് കമ്പിയടിച്ചു ചോദിക്കുകയേ നിവൃത്തിയുള്ളു.''

തർഫി എഫണ്ടി എനിക്കു വേണ്ടി ഒരു കമ്പി തയ്യാറാക്കി ത്തന്നു. എന്റെ നാട്ടും വീട്ടും തൊഴിലും കുടുംബസ്ഥിതിയും യാത്രാ കഥകളും തത്കാലവിഷമങ്ങളും ഭാവി പ്രശ്നങ്ങളും ഭാവി പ്രവ ത്തനങ്ങളും മററും മററും അടങ്ങിയ വിസ്തരിച്ചൊരു റിപ്പോർട്ടായി രുന്നു ആ കമ്പി.

ആ കമ്പി ഉടൻ എന്റെ ചെലവിന്മേൽ ഖാർത്തൂമിലേയ്ക്ക യയ്ക്കാൻ തർഫി എഫണ്ടി ഉപദേശിച്ചു.

കമ്പിപ്പകർപ്പും കയ്യിൽ വാങ്ങി പുറത്തിറങ്ങിയപ്പോൾ അബ്ദല്ല പറഞ്ഞു: ''ഈ മനുഷ്യൻ പുറമെ കാണിക്കുന്ന ലോഹ്യവും മര്യാദയും നിങ്ങൾ വിശ്വസിച്ചു പോകരുത്. ആൾ മഹാകുതന്ത്ര ക്കാരനാണ്. ഇതത്ര വിഷമം പിടിച്ച കാര്യമൊന്നുമില്ല. ഈയാൾ വിചാരിച്ചാൽ എളുപ്പം സാധിക്കാവുന്നതാണ് നിങ്ങളുടെ കയ്യിൽ നിന്ന് എന്തെങ്കിലും കിട്ടുമെന്നുദ്ദേശിച്ചാണ് ഈയാൾ ഈ വിദ്യ യെല്ലാം കാണിക്കുന്നത് ''.

വാസ്തവം പറഞ്ഞാൽ തർഫി എഫണ്ടിയെപ്പററി ഒരഭി പ്രായം രൂപീകരിക്കാൻ എനിക്കു സാധിച്ചില്ല. എന്തെങ്കിലുമാകട്ടെ എന്നുവെച്ചു ഞാൻ കമ്പിയാപ്പീസിൽപ്പോയി ആ കമ്പി ഖാർത്തൂമി ലേയ്ക്കയച്ചു. പത്തുറപ്പികയോളം ചെലവു വന്നു ആ കമ്പിയടി ക്കാൻ.

സുഡാനിലൂടെയുള്ള യാത്രാനുമതിരേഖയുടെ കാര്യം ഉടൻ ശരിപ്പെട്ടു കിട്ടാത്തതുകൊണ്ട് എനിക്കു വേറെ പല കുഴപ്പങ്ങളും നേരിടേണ്ടതായി വന്നു. ജൂബയിൽനിന്നു മാസത്തിൽ രണ്ടു കപ്പലു കളാണ് ഖാർത്തൂമിലേക്കു പോകുന്നത്, ജനുവരി 3-ാം യാണ് ഒന്നാമത്തെ കപ്പൽ പുറപ്പെടുന്നതു. അതിൽ പോകണമെന്നായി രുന്നു എന്റെ ഉദ്ദേശം. അതു സാദ്ധ്യമല്ലാതെ വന്നു. അടുത്ത കപ്പലിലേയ്ക്കു സ്ഥലം ബുക്കു ചെയ്തു ടിക്കററു വാങ്ങിയെന്നിരി ക്കട്ടെ! സംഗതി വശാൽ അപ്പോഴേയ്ക്കും എന്റെ കാര്യം ശരിപ്പെട്ടു കിട്ടീയില്ലെങ്കിൽ, എനിക്കു ജൂബ വിടാൻ സാധിക്കാതെ വരികയും ടിക്കററിന്റെ പണം 9 പവൻ (ഏതാണ്ട് 125ക) നഷ്ടപ്പെടുകയും

ചെയ്യും, കൂടാതെ, അവാദിൻെറ ആതിഥ്യം അനിശ്ചിതകാലത്തേയ്ക്കു കയ്യേറുന്നതിലും എനിക്കൊരു വല്ലായ്മ തോന്നിയിരുന്നു.

ഇങ്ങനെയുള്ള ചിന്താശല്യങ്ങളിൽനിന്നെല്ലാം എനിക്കു രക്ഷ നല്കിയതു് അവാദിൻെറ ഉള്ളഴിഞ്ഞ സ്നേഹവും ഉപചാരങ്ങളുമാണു്. എൻെറ തുച്ഛമായ സൗകര്യങ്ങൾപോലും കണ്ടറിഞ്ഞു നിർവ്വഹിച്ചു തരുന്നതിൽ അദ്ദേഹം ശ്രദ്ധപതിപ്പിച്ചു പോന്നിരുന്നു. അദ്ദേഹത്തിൻെറ വീടു് സ്വന്തം വീടെന്നപോലെയാണു് ഞാൻ ഉപയോഗിച്ചിരുന്നതു്. മുറിയുടെ താക്കോൽ എന്നെ ഏല്പിച്ചിട്ടാണു് അദ്ദേഹം ആപ്പീസിലേയ്ക്കു് പോകാറു്. എനിക്കു വായിക്കാൻ പുതിയ ഇംഗ്ലീഷ് പുസ്തകങ്ങളും വലിക്കാൻ ടിൻ സിഗരററും കൊണ്ടാണു് അദ്ദേഹം ആപ്പീസ്സിൽനിന്നു മടങ്ങിവരാറു്. രാത്രിയിൽ അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി ജൂബയിലെ പല പ്രമാണിമാരുമായി പരിചയപ്പെടുത്തിത്തരും. അല്ലെങ്കിൽ ഞങ്ങൾ ചീട്ടുകളിച്ചുകൊണ്ടിരിക്കും. ഒരു ജ്യേഷ്ഠസഹോദരനോടെന്നപോലെ, അത്ര ഒതുക്കത്തോടും സ്നേഹത്തോടും കൂടിയാണു് അവാദ് എന്നോടു് പെരുമാറിയിരുന്നതു്. രാജ്യം കൊണ്ടോ മതം കൊണ്ടോ ഭാഷ കൊണ്ടോ വിദൂരബന്ധം പോലുമില്ലാത്ത ഞങ്ങൾ. രണ്ടു വ്യക്തികൾ. ഇങ്ങനെ കേവലം ഹൃദയബന്ധംകൊണ്ടു്. ചെറുപ്പന്നേ ഒരുമിച്ചു വളന്നവരെപ്പോലെ മധുരമായൊരു സൗഹാർദ്ദത്തിൽ പററിക്കൂടിയതിനെപ്പററി ചിന്തിക്കുമ്പോഴാണു് മനുഷ്യത്വത്തിൻെറ അജ്ഞാതവശങ്ങളെപ്പററി നമുക്കു മതിപ്പു തോന്നുന്നതു്......

എനിക്കു വേറൊരു വിഷമം കൂടി നേരിട്ടിരിക്കുന്നു. കഴിഞ്ഞ മാസത്തിൽ, പകാച്ചു തുറമുഖത്തു കപ്പലിറങ്ങിയപ്പോൾ, സുഡാനിലെത്തുന്നതുവരെയുള്ള എൻെറ യാത്രയിലെ ഭാരം കുറയ്ക്കുന്നതിന്നു ഞാൻ എൻെറ ഉടുപ്പുകളും വിലപിടിച്ച യാത്രാഗ്രന്ഥങ്ങളും ആഫ്രിക്കൻ യാത്രാസ്മാരകങ്ങളും മററുമടക്കം ചെയ്ത എൻെറ ക്യാറൻ പെട്ടി സുഡാനിലെ നിമൂലെയിലേയ്ക്കു യാത്രപോകാറുള്ള 'ലുഗാർഡ് II' എന്ന കപ്പലിലെ ഹെഡ്ക്ലാക്കായ എൻെറ ഇന്ത്യൻ സുഹൃത്തു്

മി. ശർമ്മയെ ഏല്പിച്ചിരുന്നു. ലുഗാർഡ് II, ഡിസംബർ 31-നു- നിമുലെയിൽ എത്തുമെന്നും നിമുലെയിൽനിന്നു യാത്ര പുറപ്പെടാൻ തക്കവണ്ണം ഞാൻ ഉഗണ്ടയിൽനിന്നു് അവിടെ എത്തിച്ചേർന്നു പെട്ടി ഏററുവാങ്ങിക്കൊള്ളാമെന്നുമായിരുന്നു ശർമ്മയോടു ശട്ടം ചെയ്തിരുന്നതു്. അവിചാരിതമായി ഗുളുവിൽ നിന്നു ജൂബയിലേയ്ക്കു സുഡാൻകാരുടെ ലോറി കിട്ടിയതുകൊണ്ടു് ഉദ്ദേശിച്ചതിന്റെ 5 ദിവസം മുമ്പേ എനിയ്ക്കു സുഡാനിൽ എത്താൻ കഴിഞ്ഞു. ഇതൊരു ഭാഗ്യമായിട്ടാണു് ഞാൻ സങ്കല്പിച്ചിരുന്നതു്, 31 നു- ലുഗാർഡ് കപ്പലും എന്റെ പെട്ടിയും നിമുലെയിൽ എത്തിച്ചേരുമ്പോൾ ആ പെട്ടി ഏററുവാങ്ങാൻ വഴിയെന്തെന്നുള്ള ആലോചനയായി പിന്നെ.

അന്വേഷിച്ചപ്പോഴാണു് തടസ്സങ്ങൾ മനസ്സിലായതു്. നിമുലെയിലേയ്ക്കു പോകുന്ന വാഹനങ്ങൾ ഒന്നുമില്ല. മനുഷ്യവാസമില്ലാത്ത കാടുകളാണു് അവിടമെല്ലാം. ഉഗണ്ടയിൽ നിന്നു വരുന്ന കപ്പലിന്നു്, നൈൽ നദിയിലൂടെ നിമുലവരെ മാത്രമേ സഞ്ചരിക്കാൻ കഴിയുള്ളൂ...'കപ്പൽ വരുന്ന ദിവസത്തെ തുറമുഖം' മാത്രമാണു് നിമുലെ. കപ്പൽ വരുന്ന ദിവസം കപ്പലിലെ യാത്രക്കാരേയും അവരുടെ സാമാനങ്ങളെയും ജൂബയിലേയ്ക്കു കൊണ്ടുവരുന്നതിന്നു്, ജൂബയിൽനിന്നു റെയിൽവേക്കമ്പനി ഒന്നുരണ്ടു മോട്ടോർ വാഹനങ്ങൾ അയയ്ക്കുകയാണു് പതിവ്. എന്റെ പെട്ടി കപ്പലിൽ ബുക്കു ചെയ്യാത്തതായതുകൊണ്ടു് റെയിൽവേക്കമ്പനി അതു് ഏറെറടുക്കുകയുമില്ല പെട്ടി കിട്ടണമെങ്കിൽ ഞാൻ നേരിട്ടു നിമുലെയിൽ 31-നു- രാവിലെത്തന്നെ എത്തിച്ചേരാതെ നിവൃത്തിയില്ലെന്നു വന്നു. കാരണം, 6 മണിക്കൂറിനുള്ളിൽ കപ്പൽ നിമുലെയിൽ നിന്നു യാത്രതിരിക്കും.

അവാദിനോടു് ഞാൻ സംഗതികളെല്ലാം തുറന്നു പറഞ്ഞു

''എന്റെ യൂറോപ്യൻ യാത്രക്കുള്ള ഉടുപ്പുകളും ഒഴിച്ചുകൂടാത്ത മററു യാത്രസാമാനങ്ങളും എല്ലാററിലും പ്രധാനമായി ഞാൻ ആഫ്രിക്കൻ യാത്രയിൽ എടുത്ത ഫോട്ടങ്ങളും യാത്രാഗ്രന്ഥങ്ങളും അതിലാണു് കിടക്കുന്നതു്. ആ പെട്ടി കിട്ടാതെ പോവുകയാണെങ്കിൽ എന്റെ യാത്രയുടെ ജീവൻ പോയെന്നാണു് അർത്ഥം''.

അവാദ് പറഞ്ഞു: ''റെയിൽവേകമ്പനിയിലെ ഒരു ഉദ്യോഗസ്ഥൻ ഏന്റെ ഒരു സുഹൃത്താണ്. നാളെ രാവിലെ നമുക്കു് അദ്ദേഹത്തെച്ചെന്നു കാണാം. നിമുലെക്കു പോകുന്ന റേയിൽവേലോറിയിൽ ഒരു സ്ഥലം കിട്ടാൻ മാർഗ്ഗമുണ്ടോ എന്നു് അന്വേഷിക്കാം''.

അതിനെപ്പററി ആലോചിച്ച് വിഷമിച്ച്, രാത്രിയിൽ എനിക്കു നല്ല ഉറക്കം കിട്ടിയില്ല. ആഫ്രിക്കയിലെ ഉൾനാടുകളിലൂടെയുള്ള യാത്രകളുടെ അനിശ്ചിതാവസ്ഥയും മാർഗ്ഗങ്ങളെപ്പററിയുള്ള വിവരണങ്ങളും മററും ഗൗരവത്തോടെ ചിന്തിക്കാതിരുന്നതുകൊണ്ടാണ് എനിക്കു ഇങ്ങനെയൊരബദ്ധം പിണഞ്ഞതു്.

രാവിലെ അവാദിന്റെ കൂടെ റെയിൽവേ ആപ്പീസിൽ പോയി മാനേജരെ കണ്ടു. നിമുലെക്കു പോകാൻ റെയിൽവേ മെയിൽ ബസ്സിൽ മുൻസീററു തരാമെന്നു മാനേജർ പറഞ്ഞു. യാത്രയുടെ കൂലിയായി ഞാൻ 3 പവൻ (40 ക) കൊടുക്കണമെന്നും അദ്ദേഹം അറിയിച്ചു.

റെയിൽവേ മെയിൽ ബസ്സ് ഉച്ചക്ക് ഒന്നരമണിക്കു ജൂബയിൽനിന്നു പുറപ്പെട്ടു.

ജൂബ—നിമുലെ ദൂരം 122 മൈലാണ്. ഉച്ചക്കു കാടുകളിലൂടെയുള്ള ആ യാത്ര ഒട്ടും സുഖകരമായിരുന്നില്ല. ആ സ്ഥലങ്ങളെല്ലാം ഞാൻ ഉഗണ്ടയിൽ നിന്നു ജൂബയ്ക്കു വരുന്ന അവസരത്തിൽ കണ്ടവതന്നെയായിരുന്നതുകൊണ്ടു് ഒരു പുതുമയും തോന്നിയില്ല. നിരത്തിന്റെ സ്ഥിതി ആപത്കരമായിരുന്നു എന്നുതന്നെ പറയാം. അതൊന്നും വകവെയ്ക്കാതെ ഡ്രൈവർ ഫുൾ സ്പീഡിൽത്തന്നെ ബസ്സ് ഓടിച്ചു. അതിന്റെയെല്ലാം ഫലമായി ജൂബയിൽ നിന്നു് 25 മൈൽ ദൂരത്തെത്തിയപ്പോൾ ബസ്സു കേടുവന്നു് ഓടാതെയായി.

റോഡരികിലെ ഒരു മൈതാനത്തിലേയ്ക്കു ബസ്സു തള്ളിനിർത്തി, ഡ്രൈവറും കണ്ടക്ടറുംകൂടി റിപ്പേർ തുടങ്ങി.

സഹയാത്രക്കാരനായി, എന്റെ സീററിൽ മാഹ്ഗുലി എലാമിൻ എന്നു പേരായ ഒരു സൂഡാൻ റെയിൽവേ ഉദ്യോഗസ്ഥനുണ്ടാ

യിരുന്നു. എലാമിനും ഞാനും കൂടി, ഒന്നര മൈൽ ദൂരെയുള്ള അടുത്ത ഗ്രാമത്തിലേയ്ക്കു നടന്നു. അവിടെനിന്നു ചുട്ട കിഴങ്ങും പഴങ്ങളും വാങ്ങിത്തിന്നു്, പച്ചവെള്ളം കുടിച്ചു ക്ഷീണം തീർത്തു്, ബസ്സു വരുന്നതും കാത്തിരിപ്പായി, വൈകുന്നേരം 6 മണിക്കു ഞങ്ങളുടെ ബസ്സു റിപ്പേറും കഴിഞ്ഞ് ആസ്പത്രിയിൽ നിന്നിറക്കിവിട്ട ഒരു രോഗിയെപ്പോലെ, ഇഴഞ്ഞു വരുന്നതു കാണാറായി.

അവിടുന്നങ്ങോട്ടുള്ള യാത്ര ഒരു ഭയങ്കരസ്വപ്നം പോലെയാണു് ഇപ്പോഴും തോന്നുന്നതു്. പരുക്കൻ കാടുകളും പാറക്കൂട്ടങ്ങളും ഹിംസ്രമൃഗങ്ങളും നിറഞ്ഞ പാതയിലൂടെ ഏതാണ്ടു രാത്രി മുഴവനും സഞ്ചരിച്ചു്, പുലർച്ചെ രണ്ടര മണിക്കു ഞങ്ങൾ നിമുലെയിൽ എത്തിച്ചേർന്നു.

കണ്ടക്ടറുടെ കുടിലിൽ കിടന്നുറങ്ങാൻ സ്ഥലം കിട്ടി. മുറിയിലെ വൃത്തികേടും നാററവും കൊതുകുകളുടെ ശല്യവും കൊണ്ടു് ഉറക്കം വന്നതേയില്ല.

ഡിസംബർ 31

പുലർച്ചെ ആറുമണിക്കു കപ്പലിൻെറ ചൂളംവിളി കേട്ടു. ലൂഗാർഡ് നിമുലെ ജട്ടിയിൽ വന്നണഞ്ഞ വിളിയായിരുന്നു അതു്.

ഞാൻ എഴുന്നേററിരുന്നു. കണ്ടക്ടർ കാപ്പിരിപ്പയ്യൻ ചായ തയ്യാറാക്കിത്തന്നു. അതും കുടിച്ചു ഞങ്ങൾ പുറപ്പെട്ടു. ഗ്രാമത്തിൽ നിന്നു് ഒന്നരമൈൽ അകലെയാണു് കപ്പൽജെട്ടി. ഞങ്ങൾ തലേന്നാൾ വന്ന ബസ്സ് തപാൽ കൊണ്ടുചെന്നു കൊടുക്കാൻ ജട്ടിയിലേക്കു പുറപ്പെട്ടു നില്ക്കുന്നുണ്ടായിരുന്നു. അതിൽ കയറി ഞങ്ങൾ ജട്ടിയിലെത്തി.

ക്ലാർക്കു ശർമ്മ എന്നെ ആഹ്ളാദത്തോടെ സ്വീകരിച്ചു കപ്പലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. കപ്പലിൽ നിന്നു സുഖമായി ഒന്നു കുളിച്ചു. ശർമ്മ അദ്ദേഹത്തിൻെറകൂടെ ബ്രേക്ക്ഫാസ്റ്റ് കഴിക്കാതെ എന്നെ വിട്ടില്ല.

എൻെറ പെട്ടി എടുപ്പിച്ചു ഞാൻ ബസ്സിൽ കയറി 9–30ന്നു പുറപ്പെട്ട ബസ്സു വഴിക്കു തകരാറൊന്നും പററാതെ വൈകുന്നേരം അഞ്ചുമണിക്കു ജൂബയിൽ മടങ്ങിയെത്തി.

ഖാർത്തൂമിലേക്കു പുറപ്പെടാനുള്ള കപ്പൽ ജൂബ തുറമുഖത്തു തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു. യാത്രക്കാരുടെ പാസ്സ്പോർട്ട് പരിശോധനയ്ക്കു് ആഫീസർ തർഫി എഫണ്ടി കപ്പലിൽ വന്നിട്ടുണ്ടെന്നു് അറിഞ്ഞു ഞാൻ അതിൽ കയറി നോക്കി. തർഫി എഫണ്ടി ഡൈനിങ്ങ് സലൂണിലിരുന്നു കൊണ്ട്, വളരെ ഗൗരവത്തിൽ, യാത്രക്കാരുടെ പാസ്സ്പോർട്ടുകളും മററും പരിശോധിക്കുന്നുണ്ടായിരുന്നു. അയാൾ എന്നെ കണ്ട ഭാവമേ നടിച്ചില്ല. ഞാൻ ജട്ടിയിൽ ഇറങ്ങിനിന്നു അയാൾ മടങ്ങുന്നതും കാത്തിരിപ്പായി. തർഫി വന്നപ്പോൾ ഞാൻ പിന്നാലെ കൂടി: ''എൻെറ കാര്യം?''

''ഓ നിങ്ങളോ?—ഖാർത്തൂമിൽ നിന്നു് ഇതേവരെ മറുപടിയൊന്നും കിട്ടിയില്ല''.

''അതു ശരിപ്പെട്ടുന്നുവെങ്കിൽ എനിക്കു് ഈ കപ്പലിൽത്തന്നെ പോകാമായിരുന്നു. ഇനി ഞാൻ 15 ദിവസം തങ്ങിക്കിടക്കണ്ടേ?'' ഞാൻ അല്പം പരിഭവസ്വരത്തിൽ പറഞ്ഞു.

''നിങ്ങൾക്കു വിമാനത്തിൽ പോകാം. അതാണ് നല്ലതു്'', തർഫി ഉപദേശിച്ചു.

''ഞാൻ വന്നിരിക്കുന്നതു സുഡാനിലെ ഭൂമി കാണാനാണു്. ആകാശം കാണാനല്ല''.

''നിങ്ങൾ രണ്ടുദിവസം കഴിഞ്ഞ് ആഫീസിലേയ്ക്കു വരൂ''. അതും പറഞ്ഞു തർഫി കാറിൽ കയറി മറഞ്ഞു.

1950 ജനുവരി 1, പുതുവത്സരം!

പുലർച്ചെ ആറുമണിക്കുണർന്നു, നാട്ടിലേയ്ക്കു് ഒരെഴുത്തെഴുതാൻ വേണ്ടി ആപ്പീസുമുറിയിലേയ്ക്കു് ചെന്നു. എൻെറ ഫൗണ്ടൻ പേന കാണുന്നില്ല.

ഇന്നലെ രാത്രി ഞാൻ കുറെ താമസിച്ചാണ് ഉറങ്ങാൻ കിടന്നത്. കുറേ നേരം വായിച്ചുകൊണ്ടിരുന്നു. പിന്നെ ഡയറിക്കുറിപ്പുകൾ എഴുതി. മണി പന്ത്രണ്ടടിച്ചു. ''ഇനിയും വായിച്ചുകൊണ്ടിരിക്കുകയാണോ ? ഉറങ്ങുന്നില്ലേ ?'' എന്ന് അവാദ് ഉറക്കമുറിയിൽനിന്നു വിളിച്ചു ചോദിച്ചപ്പോൾ ''ശരി, ഉറങ്ങിക്കളയാം'' എന്നു പറഞ്ഞു ഞാൻ എൻെറ ഡയറിക്കുള്ളിൽ പേനയും വെച്ച്, അങ്ങനെത്തന്നെ പോയിക്കിടന്നതാണ്. ഇപ്പോൾ നോക്കിയപ്പോൾ ഡയറിയും പുസ്തകങ്ങളുമെല്ലാം അവിടെ അങ്ങിനെത്തന്നെയുണ്ട്. പക്ഷേ ഡയറിക്കുള്ളുവെച്ച പേന മാത്രം അവിടെയില്ല. സ്വർണ്ണമൂടിയുള്ള പുതിയ പാർക്കർ പേനയാണ്. എൻെറ പ്രിയപ്പെട്ട സാധനങ്ങളിലൊന്നാണത്. ഞാൻ കുറേ നേരം മേശപ്പുറത്തും താഴെയുമെല്ലാം പരതിനോക്കി. കണ്ടില്ല.

ഞാൻ മെല്ലെ അവാദിൻെറ അടുക്കലേയ്ക്കു ചെന്നു. അദ്ദേഹം മെത്തയിൽ ഉണർന്നുകിടന്നു സിഗററു വലിക്കുകയാണ്. ഞങ്ങൾ അന്യോന്യം പുതുവത്സരാശംസകൾ അറിയിച്ചു. പിന്നെ നേരിയൊരു പരുങ്ങലോടെ ഞാൻ എൻെറ പേന പഴയ വത്സരത്തിൻെറ കൂടെ ചാടിപ്പോയിക്കളഞ്ഞ വർത്തമാനം അവാദിനെ അറിയിച്ചു.

''എന്ത് ? പേന കാണുന്നില്ലേ ? അതു വേലക്കാരൻ കട്ടതുതന്നെ, സംശയമില്ല.''

അവാദ് ആ കാപ്പിരിവാലിയക്കാരനെ വിളിച്ചു്, അതിഥിയായ മാന്യൻെറ ഫൗണ്ടൻപേന ആപ്പീസ്സു മുറിയിലെവിടെയോ വെച്ചു മറന്നതു് ഉടൻ തിരഞ്ഞുനോക്കിയെടുത്തു കൊടുക്കാൻ ആജ്ഞാപിച്ചു. ആ പന്നിയുടെ തിരച്ചിലിൻെറ മട്ടു കണ്ടപ്പോൾത്തന്നെ ഞാൻ തീർച്ചപ്പെടുത്തി, അവിടെ ഇല്ലാത്ത ഒരു വസ്തുവിന്നു വേണ്ടിയുള്ള തിരച്ചിലാണതെന്നു്.

കാപ്പിരികളുടെ സ്വഭാവം നല്ലപോലെ പഠിച്ചു മനസ്സിലാക്കിയ എനിക്കു് എൻെറ പാർക്കർ പേന ഇങ്ങിനി വരാത്തവണ്ണം പോയ്ക്കളഞ്ഞു എന്നു തീർച്ചപ്പെടുത്താൻ അധികസമയം വേണ്ടി

വന്നില്ല. ചുമരിൽ തൂക്കിയ കലണ്ടറിന്നടിയിലും കസേരയുടെ ചാരുപലകയിലും ചവററു കൊട്ടയിലും ഒക്കെയാണ് ആ അസുരൻെറ തിരച്ചിൽ !

അരമണിക്കൂറ് അവനെ അങ്ങനെ തിരയാൻ അനുവദിച്ച ശേഷം, അവാദ് അവനെ അടുക്കളയിലേക്കു വിളിച്ചുകൊണ്ടുപോയി, കുറെ നേരം എന്തൊക്കെയോ ഉപദേശിച്ചു. താൻ ഒന്നും അറിയുകയില്ല എന്ന ഭാവത്തിലാണ് വേലക്കാരൻെറ നില്പ്.

അവനല്ലാതെ ആ മുറിയിൽ മററാരും കടന്നിട്ടില്ലെന്നും, അതുകൊണ്ട് പേന അവനെടുത്ത് എവിടെയോ ഒളിച്ചുവെച്ചിരിക്കയാണെന്നും അവാദ് എന്നോടുറപ്പിച്ചു പറഞ്ഞു.

അവാദ് ,പിന്നെയും അവനെ വിളിച്ചു കൊണ്ടുപോയി, ഞാൻ അവരുടെ അതിഥിയാണെന്നും, എൻെറ സാധനം ആ വീട്ടിൽ വെച്ചു കട്ടുപോവുകയാണെങ്കിൽ അത് സുഡാനികൾക്കു മുഴുവനും അപമാനമായിരിക്കുമെന്നും മററും അവനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. ആ തത്വചിന്തകളൊന്നും വേലക്കാരൻെറ തലയിൽ പോയില്ല. അവന്നു് ഒരു മറുപടിയേ പറയാനുണ്ടായിരുന്നുള്ളൂ: ''ഞാൻ കണ്ടിട്ടില്ല''.

പേന തിരികെത്തന്നാൽ എൻെറ കയ്യിൽനിന്നു നല്ലൊരു സമ്മാനം വാങ്ങിത്തരാമെന്നും അവാദ് പറഞ്ഞുനോക്കി. അതും ഫലിച്ചില്ല. പേന തന്നില്ലെങ്കിൽ അവനെ വേലയിൽനിന്നു പിരിച്ചയക്കുമെന്നു ഭീഷണിപ്പെടുത്തി. അതുകൊണ്ടും അവൻ ഇളകിയില്ല.

ഒടുവിൽ അവാദ് ആ വേലക്കാരനെ പോലീസ് സ്റ്റേഷനിലേക്ക് പിടിച്ചുകൊണ്ടുപോയി.

സുഡാനിലെ നാടൻ പോലീസുകാർ കളവ് ശിക്ഷാർഹമായ ഒരു കുററമായി അംഗീകരിക്കാത്ത രസികന്മാരാണെന്നുതോന്നുന്നു.

''ഇവൻ പേന മോഷ്ടിക്കുന്നതു നിങ്ങൾ കണ്ടുവോ'' ? പോലീസ് അവാദിനോടു ചോദിച്ചു.

''കണ്ടിട്ടില്ല–എന്നാൽ അവൻ മാത്രമേ മുറിയിൽ കടന്നിട്ടുള്ളു''.

''എടോ, നീ പേന മോഷ്ടിച്ചിട്ടുണ്ടോ ?''

''ഇല്ലെജമാന്നേ, ഞാൻ കണ്ടിട്ടേ ഇല്ല''. വേലക്കാരൻെറ മറുപടി.

''എന്നാൽ പേന ഇവൻ കട്ടിരിക്കയില്ല. നിങ്ങൾക്ക പോകാം''.

കഴിഞ്ഞു, അവരുടെ വിചാരണയും വിധിയും !

തൻെറ വീട്ടിൽവെച്ച് അങ്ങനെയൊരു മോഷണം നടന്നതിൽ അവാദിൻെറ അന്തസ്താപം ഒന്നും പറയണ്ടാ. അന്ന് ആപ്പീസിലേക്ക് പോകുന്നില്ലെന്നും പറഞ്ഞ് അവിടെ ഇരുന്നു. അതിനെപ്പററി വ്യസനിച്ച വ്യാകുലപ്പെടേണ്ടതില്ലെന്നും, യാത്രയിൽ എനിക്ക പററിയ അനേകം നഷ്ടങ്ങളുടെ കൂട്ടത്തിൽ അതും കണക്കാക്കാനേ ഉള്ളുവെന്നും മററും പറഞ്ഞ് ഞാൻ അവാദിനെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു.

ആ വേലക്കാരനെ ഉടൻ പിരിച്ചുവിടുക എന്നതിൽ കവിഞ്ഞു തനിക്കൊന്നും ചെയ്യാൻ കഴിയുകയില്ലല്ലോ എന്നു പറഞ്ഞ് അവാദ് കരയാൻ ഭാവിച്ചു.

''എൻെറ പേന പോയിട്ട താങ്കളെന്തിനാണ കരയുന്നതു്?'' എന്നു ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

അവാദ് അപ്പോൾത്തന്നെ ആ വേലക്കാരനെ ശമ്പളം ബാക്കിത്തീർത്തു പിരിച്ചയച്ചു.

അങ്ങനെ നവവത്സരദിനം, എനിക്കു വിലപിടിച്ചൊരു പാർക്കർ പേനയും അവാദിനു മിടുക്കനായൊരു അരിവയ്പുകാരനും നഷ്ടപ്പെട്ടു.

ജനുവരി 8

ഞാൻ ജൂബയിൽ വന്നു ചേർന്നിട്ട 13 ദിവസം കഴിഞ്ഞു. എൻെറ 'വിസ'യുടെ കാര്യം ഇനിയും ശരിപ്പെട്ടുകിട്ടിയില്ല. തർഫി

എഫണ്ടി (പാസ്പോർട്ട് ആഫീസർ) എന്നെക്കൊണ്ടു ഖാർത്തൂമി ലേയ്ക്കു രണ്ടു് അടിയന്തിരക്കമ്പികഠം കൂടി അടിപ്പിച്ചു. പക്ഷേ ഖാർത്തൂമിൽനിന്നു ശബ്ദമൊന്നുമില്ല.

15-നുത്തെ കപ്പലിലും ഇവിടം വിടാൻ സാധിക്കാതെ വരികയാണെങ്കിൽ! അതോക്കുമ്പോഠം ഭ്രാന്തു പിടിക്കുന്നുവോ എന്നുകൂടി തോന്നിപ്പോകുന്നു. ഒരു സമാധാനമുണ്ടു്: എനിക്കുവേണ്ടി, ജൂബയിലെ പല പ്രമാണികളായ ഉദ്യോഗസ്ഥന്മാരും, തർഫി എഫണ്ടിയോടു ശുപാർശ പറഞ്ഞിട്ടുണ്ടു്. ഇക്കഴിഞ്ഞ ദിവസങ്ങഠംകൊണ്ടു്, ജൂബയിലെ പ്രധാനോദ്യോഗസ്ഥന്മാരുമായി പരിചയപ്പെടാനും അവരുടെ സ്നേഹം സമ്പാദിക്കാനും എനിക്കു സാധിച്ചിട്ടുണ്ടു്. വിമാനത്താവള ആഫീസർ മി. അഹമ്മദ് സഫ്‌വാത്ത്, റെയിൽവേ എഞ്ചിനീയർ മി. മുഹമ്മദ് ആലിന്തർ, ജൂബയിലെ വർത്തകപ്രമാണിയായ മി. ഉമർ മുഹമ്മദ്, കസ്റ്റം ആഫീസർ മി. മുഹമ്മദു് അബ്ദുഠം അസീസ് മുതലായവരായിരുന്നു എൻെറ മിത്രങ്ങഠം. ഇവരിൽ മി. സഫ്‌വാത്ത്, കഴിഞ്ഞ യുദ്ധത്തിൽ വ്യോമസേനയിൽ ഒരുയന്ന ഉദ്യോഗസ്ഥനായിരുന്നു. അക്കാലത്തു് അദ്ദേഹം അനേകം ഇന്ത്യൻ പട്ടാളസുഹൃത്തുക്കളെ സമ്പാദിച്ചിട്ടുണ്ടു്. ഇന്ത്യയെപ്പററിയും ജവഹർലാൽ നെഹ്റുവെപ്പററിയും—'പണ്ഡ്ററ് നേഹ്രു' എന്നാണു് ഇവർ ഉച്ചരിക്കുക—വലിയ മതിപ്പുള്ള ആളാണു് സഫ്‌വാത്ത് എഫണ്ടി. ഇന്ത്യൻ രാഷ്ട്രീയനിലയെപ്പററി 1942-ൽ അദ്ദേഹം ഇംഗ്ലീഷിലെഴുതിയ ഒരു ലേഖനം എന്നെ വായിച്ചു കേഠംപ്പിച്ചു. ഇന്ത്യൻ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചു് സംസാരിക്കാനും വിസ്കി കുടിക്കാനും സഫ്‌വാത്ത് എഫണ്ടി എന്നെ ഇടയ്ക്കിടെ അദ്ദേഹത്തിൻെറ വീട്ടിലേയ്ക്കു ക്ഷണിച്ചുകൊണ്ടിരുന്നു.

ജൂബയിൽ ഇംഗ്ലീഷുമട്ടിലുള്ള ഒരു ഹോട്ടൽ മാത്രമേയുള്ളു. 'ജൂബാ ഹോട്ടൽ'. ഇതു റെയിൽവേവക (ഗവമ്മേണ്ടു്) ഹോട്ടലാണു്. വിമാനയാത്രക്കാരുടെയും ജൂബയിലെ വെള്ളക്കാരുടെയും സൗകര്യ

ത്തിന്നുവേണ്ടി ഏർപ്പെടുത്തിയ ഒരു മികച്ച ഹോട്ടലാണിതു്. ജൂബയിലെ മിക്കവാറും എല്ലാ ഉദ്യോഗസ്ഥന്മാരേയും ധനാഢ്യരേയും സന്ധ്യ മയങ്ങിയാൽ ഈ ഹോട്ടലിൽ കാണാം.

മെ. അലിന്യർ, സഫ്‌വാത്ത് എന്നീ മാന്യമിത്രങ്ങളുടെ കൂടെ—ചിലപ്പോൾ അവാദും ഉണ്ടായിരിക്കും—ജൂബാ ഹോട്ടലിന്റെ വർണ്ണോജ്ജ്വലമായ പൂങ്കാവനത്തിലിരുന്നു ബീരു കുടിച്ചു സൊള്ളിക്കൊണ്ടിരുന്ന സായാഹ്നങ്ങൾ അവിസ്മരണീയങ്ങളാണു്.

ജൂബയിലെ രണ്ടാംതരം ഉദ്യോഗസ്ഥന്മാരുടെയും പെൻഷൻഡ് സത്വങ്ങളുടെയും സമ്മേളനസ്ഥലമാണ് 'ജൂബാ ക്ലബ്ബ്'. അവിടെയും ഞാൻ ഇടക്കിടെ പോകാറുണ്ടായിരുന്നു. അവിടെ ഇംഗ്ലീഷുപത്രങ്ങൾ ഉള്ള ഒരു ചെറിയ വായനശാലയുമുണ്ടു്. പത്രങ്ങൾ വായിക്കുകയോ പുതിയ സഖാക്കളുടെ കൂടെ ചീട്ടു കളിച്ചിരിക്കുകയോ ചെയ്തു് ഞാൻ സമയം കഴിക്കും.

എന്റെ പുതിയ സ്നേഹിതന്മാർക്കെല്ലാം, ഞാൻ ജൂബയിൽ തങ്ങിക്കിടക്കാനുള്ള കാരണം തർഫി എഫണ്ടിയുടെ ഗൂഢമായ നിസ്സഹകരണമാണെന്നു മനസ്സിലായിട്ടുണ്ടായിരുന്നു. അവർ തർഫി എഫണ്ടിയെ കാണുമ്പോഴെല്ലാം ''നിങ്ങൾ നമ്മുടെ ഇന്ത്യൻ സഹോദരന്റെ കാര്യം ശരിപ്പെടുത്താത്തതു് എന്താണു് ?'' എന്നു ചോദിച്ചു ശല്യപ്പെടുത്തിത്തുടങ്ങി......

പകൽസമയത്തു ജൂബയിലെ ഉഷ്ണം പൊറുപ്പിക്കാൻ സാദ്ധ്യമല്ല. രാവിലെ 9 മണി മുതല്ക്കുതന്നെ വെയിലിന്നു ചൂടു തുടങ്ങുകയായി. ഉച്ചയ്ക്കു വീട്ടിനകത്തു വൈദ്യുതപങ്കയും ചലിപ്പിച്ചുകൊണ്ടു ചടഞ്ഞിരിക്കുകയേ നിർവ്വാഹമുള്ളൂ. പുറത്തേയ്ക്കു നോക്കുമ്പോൾ വായുവിന്നു തീപിടിച്ചപോലെ തോന്നും. അന്തരീക്ഷം മുഴുവനും ചലനാത്മകമായ ഒരു നരച്ച യവനികജ്ജ്വാലതന്നെ. ആ പൊരിവെയിലിന്റെ ഊർദ്ധ്വപ്രവാഹപ്പരപ്പിൽ അകലെ നൈൽക്കരയിലെ വൃത്താകൃതിയിലുള്ള പുല്ക്കുടിലുകൾ മെല്ലെ മെല്ലെ അന്തരീക്ഷത്തിലേക്കു പൊന്തിപ്പോകുന്ന ഒരത്ഭുതപ്രതീതിയാണുണ്ടാവുക.

''കത്തുന്നൊരാതപജ്വാലയാലക്കനെ സ്പർദ്ധിക്കും മട്ടിൽ'' ജ്വലിക്കുന്ന ഭൂമിയിൽ, അപ്പോഴും കിളച്ചുകൊണ്ടിരിക്കുന്ന ഡിംകകളുടെ കരിക്കൊള്ളിരൂപങ്ങൾ താളത്തിൽ ചലിക്കുന്നതു മറെറാരു ഭയങ്കര കാഴ്ചയാണു്. ആ പാവങ്ങൾക്കു പൊരിവെയിൽ പൂനിലാവാണെന്നു തോന്നുന്നു.

എൻെറ പേന മോഷ്ടിച്ച 'ടേനി'നെ പിരിച്ചയച്ചതിനുശേഷം അവാദ് പുതിയൊരു വേലക്കാരനെ കൊണ്ടുവന്നിട്ടുണ്ടു്. കാഴ്ചയിൽ ഒരു കണ്ടാമൃഗംതന്നെ. സുലൈമാൻ എന്നാണു് വിദ്വാൻെറ പേരു്. ഞാൻ ഒരിക്കൽ ഇവൻെറ ഫോട്ടം എടുത്തുകൊടുത്തകാരണം, എന്നോടു വലിയ ബഹുമാനമാണു്. പകൽ സമയത്തു് ഇവനെ അന്വേഷിച്ചു ദുർവൃത്തകളായ അറബിക്കാപ്പിരിച്ചികൾ വീട്ടിൽ വന്നുകൊണ്ടിരുന്നു. അപ്പോൾ ഞാൻ നോക്കുന്നുണ്ടെന്നു് ഇവന്നു മനസ്സിലായാൽ ഇവൻ എൻെറയടുക്കൽ വന്നു പറയും: ''പഴയ ടേനിനെ അന്വേഷിച്ചു വരുന്ന ജന്തുക്കളാണു്. ഞാൻ അവരെ തല്ലിയോടിക്കട്ടെ''.

ഞാൻ ചിരിക്കും. അവൻ അവരെ തല്ലിയോടിക്കുന്നതിന്നു പകരം അവരുടെയടുക്കൽ ചെന്നു ശൃംഗരിക്കുന്നതു കാണാം.

സുലൈമാൻ മറെറല്ലാ കാര്യത്തിലും മാടനാണെങ്കിലും പാചകവിദ്യയിൽ ബഹു മിടുക്കനായിരുന്നു. പല പുതിയ പദാൎത്ഥങ്ങളും ഉണ്ടാക്കാൻ അവനറിയാം. അവയിലൊന്നു്, പാൽപ്പായസമാണു്. ഒരു സായിപ്പിൻെറ അടുക്കൽ നിന്നാണത്രെ സുലൈമാൻ ഈ പാൽപ്പായസരഹസ്യം പഠിച്ചതു്.

വൃത്തിയും വെടിപ്പും എന്താണെന്നു് ഈ കാപ്പിരിവർഗ്ഗങ്ങൾക്കറിഞ്ഞുകൂടാ—പറഞ്ഞു കൊടുത്താലും പഠിക്കാനോ പരിശീലിക്കാനോ അവർ ശ്രദ്ധിക്കുകയുമില്ല. ആഫ്രിക്കയിലെ പല കാപ്പിരിവൎഗ്ഗങ്ങളും പഴകിച്ചീഞ്ഞ മാംസം ഭക്ഷിക്കാൻ ഇഷ്ടപ്പെടുന്നവരാണു്. പുതിയ മാംസം കിട്ടിയാൽക്കൂടി അവരതു ചീഞ്ഞു നാറാൻ കുറച്ചു

ദിവസം കാത്തിരുന്നതിനു ശേഷമേ ഭക്ഷിക്കുകയുള്ളൂ. അങ്ങനെ ഇഴകി പതംവന്ന ഇറച്ചിയുടെ സ്വാദ് ഒന്നു പ്രത്യേകമാണത്രേ. നമുക്കു് അതിൻെറ നാററം ഏററാൽ മതി, ഛർദ്ദിക്കാൻ.

അടുക്കളയുടെ വൃത്തിയുടെ കാര്യം എന്തായാലും അവർ ഒരുക്കി ത്തരുന്ന പദാർത്ഥങ്ങഠം സ്വാദുള്ളതായിരിക്കും. ഇവരുടെ പാചക സാമർത്ഥ്യത്തിൻെറ കാര്യം പറയുമ്പോഠം ഒരു കഥ ഓർമ്മ വരുന്നു. സുഡാനിലെ ഒരു ബ്രിട്ടീഷുദ്യോഗസ്ഥന്നു മിടുക്കനായ ഒരു കാപ്പിരി കുക്കു് ഉണ്ടായിരുന്നു. ഒരു ദിവസം രാവിലെ കുറച്ചു മാന്യാതിഥി കഠം ആ ബംഗ്ലാവിൽ വന്നു. അവക്കു് ഉടൻ കാപ്പി പലഹാരങ്ങഠം തയ്യാറാക്കാൻ ഉദ്യോഗസ്ഥൻെറ ഭാര്യ കുക്കിനു കല്പന കൊടുത്തു. കുറച്ചുനേരം കഴിഞ്ഞു് ആ വെള്ളക്കാരി, പ്രാതലിൻെറ പരി ശ്രമം എവിടെയെത്തി എന്നന്വേഷിക്കാൻ അടുക്കളയിലേയ്ക്കു ചെന്നപ്പോഠം കുക്കു് സായിപ്പിൻെറ ഒരു സോക്കിൽ (മേൽജോടി) കാപ്പിക്കഷായം അരിച്ചു പിഴിയുന്ന കാഴ്ചയാണു് കണ്ടതു്. മദാ മയ്ക്കു കലികയറി അവനെ പുലഭ്യം പറഞ്ഞു. അപ്പോഠം അവൻ ശാന്തനായി മറുപടി പറഞ്ഞുവത്രേ: ''മേം സാഹേബ് കോപി ക്കണ്ട. ഞാൻ സാഹേബിൻെറ അലക്കിയ മേൽജോടിയൊന്നും തൊട്ടിട്ടില്ല. ഇതു് അലക്കാനിട്ട വിഴുപ്പിൽ നിന്നെടുത്ത ഒരു മേൽജോടിയാണു്''.

സുഡാനികളുടെ മുഖത്തു വികൃതരൂപത്തിലുള്ള കലകഠം കാണാം. സാധാരണക്കാരിൽ മാത്രമല്ല, ചില ഉയന്ന ഉദ്യോഗസ്ഥ ന്മാരുടെ മുഖങ്ങളിൽപോലും ഇത്തരം കലകഠം സ്ഥലം പിടിച്ചതാ യികാണാം. കുട്ടിക്കാലത്തുതന്നെ കത്തികൊണ്ടു മുറിപ്പെടുത്തി ചാരം പുരട്ടി ഉണക്കിയെടുത്ത പാടുകളാണു് ഇവരുടെ കവിളിലും നെററി യിലും മുഴച്ചു നില്ക്കുന്നതു്. H, III, CCC ഇങ്ങനെ പല വിചിത്ര ലിപികഠം കവിളിൻെറ ഓരോ വശത്തും ഉണ്ടാക്കി വെച്ചിരിക്കുന്നു. ഇവ വർഗ്ഗീയ ചിഹ്നങ്ങളാണു്. സുഡാൻ പണ്ടു്, അടിമ വ്യാപാര ത്തിന്നും കുടിപ്പകകഠംക്കും സാമൂഹ്യകൊള്ളകഠംക്കും കുപ്രസിദ്ധി

നേടിയ രാജ്യമായിരുന്നു. ശത്രുക്കളുടെ ആക്രമണത്തിൽനിന്നു് ഓടി രക്ഷപ്പെടുമ്പോഴും ആക്രമണത്തിനുശേഷം തിരികെ വന്നു കുടി പാർക്കുമ്പോഴും സ്വവർഗ്ഗങ്ങളിലെ അംഗങ്ങളെ വേർതിരിച്ചറിയാൻ വേണ്ടിയാണു് ഇങ്ങനെയുള്ള പ്രത്യേക ചിഹ്നങ്ങൾ കുട്ടികളുടെ മുഖത്തു കത്തിവെച്ചിരുന്നതു്. ഈ പതിവ് ഇവർ ഇന്നും തുടർന്നു പോരുന്നു. സ്ത്രീകളുടെ മുഖത്തെ കലകൾ ഭയങ്കരമായിരിക്കും.

പക്ഷേ ഡിംകാ വർഗ്ഗങ്ങളുടെ മുഖത്തു യാതൊരു കലയും കാണുകയില്ല.

കൂലിവേല ചെയ്യുന്ന ഡിംകകൾക്കു ഗവമ്മേണ്ടു നിശ്ചയിച്ച കൂലിനിരക്കു ദിവസത്തിൽ ഒന്നര പിയാസ്റ്ററാണു് (3ണ). രാവിലെ ആറുമണി മുതൽ വൈകുന്നേരം ആറുമണിവരെ തികച്ചും പന്ത്രണ്ടു മണിക്കൂർ വേല ചെയ്യുകയും വേണം. യുദ്ധത്തിനുമുമ്പ് ഇവരുടെ കൂലി ദിവസത്തിൽ അര പിയാസ്റ്റർ (1ണ) മാത്രമായിരുന്നുവത്രേ— കൂലിയുടെ കൂടെ ഒരു പിടി ധാന്യവും കൊടുത്തു വന്നിരുന്നു. ഇപ്പോൾ ധാന്യം കൊടുക്കാറില്ല. ധാന്യത്തിന്റെ ഒരു പിടിക്കുപകരം ഒരു 'പി. ടി.' (പിയാസ്റ്ററർ) കൂട്ടിക്കൊടുക്കുന്നുവെന്നുമാത്രം.

x x x x x

എന്താണു് ചെയ്യേണ്ടതെന്നറിയാത്ത അലസങ്ങളായ ദിവസങ്ങൾ. അസഹ്യമായ ഉഷ്ണം

കാലത്തു് ഉണരുന്നതു് ഓംഡർമാൻ റേഡിയോ കേട്ടുകൊണ്ടാണു്. മധുരമായ ഖുർ ആൻ പാരായണത്തോടുകൂടിയാണു് അതാരംഭിക്കുക. ഇസ്ലാംമത സമുദ്രത്തിന്റെ മഹാവീചികളുടെ മുഴക്കംപോലെ അതു ഹൃദയത്തെ തലോടിയുണർത്തുന്നു.

വേലക്കാരൻ കാലത്തെ ചൂടുചായ കൊണ്ടുവന്നുതരും. അതും കഴിച്ച് ഡ്രായിങ്ങ് റൂമിൽ ഇരുന്നു പഴയ മാസികകൾ വായിക്കും. ദിനപത്രങ്ങൾ ഒന്നും കിട്ടുകയില്ല, ലോകവർത്തമാനങ്ങൾ അറിഞ്ഞിട്ടു

നാളുകൾ ഏറെയായി. നാട്ടിൽനിന്നു സ്നേഹിതന്മാർ അയച്ച കുറെ കത്തുകളും മലയാള മാസികകളിൽനിന്നുള്ള മുറിപ്പേപ്പറുകളും കമ്പാല യിൽ എന്റെ മേൽവിലാസത്തിൽ വന്നിരുന്നതു്, സുഡാനിലേയ്ക്കു് ഡൈറക്ടു് ചെയ്തുകിട്ടി, അതു ഒരനുഗ്രഹമായിത്തോന്നി. മലയാള ഭാഷയുമായുള്ള ബന്ധം പുലർത്താൻ കഴിഞ്ഞുവല്ലോ.

ഒമ്പതു മണിക്കു കുളി കഴിക്കും. നൈൽ നദിയിൽനിന്നു വരുന്ന കുഴൽവെള്ളം തുറന്നുവെച്ച് ആ ജലധാരയേററു കുറേനേരം കുത്തിയിരിക്കുന്നതു് ഒരാനന്ദമാണു്. പത്തുമണിക്കു പ്രാതലും കഴിച്ചു് ഒന്നു പുറത്തിറങ്ങും. ചന്തയിൽ അലഞ്ഞുനടന്നു കാട്ടാളന്മാരുടെ കോലങ്ങൾ കണ്ടു രസിച്ചു കുറേ നേരം കഴിക്കും. പൊടിപടലം പരത്തുന്ന ചുടുകാററു റോന്തു ചുററുന്ന അങ്ങാടിയിൽ അധികനേരവും തങ്ങിനില്ക്കാൻ സാധിക്കയില്ല. ജൂബയിലെ ഒരു ഗ്രീക്കു സ്റ്റോററിൽനിന്നു കൂൾഡ്രിങ്കു് വാങ്ങിക്കഴിച്ച്, വെയിൽ തീ സൂചികൾ വർഷിക്കുന്നതിനു മുമ്പു വീട്ടിൽ അഭയം പ്രാപിക്കും. പിന്നെ ഉച്ചഭക്ഷണവും കഴിച്ചു ഫാനും തിരിച്ചുവെച്ച് അഞ്ചു മണിവരെ കിടന്നുറങ്ങും. വൈകുന്നേരം വീണ്ടും ഒരു ജലധാരാസ്നാനം കഴിച്ചു പുറത്തിറങ്ങും. ചിലപ്പോൾ കൂട്ടിനു് അവാദും ഉണ്ടായിരിക്കും. ഞങ്ങൾ ക്ലബ്ബിൽ ചെന്നിരുന്നു കാപ്പിക്കഷായവും മോന്തിക്കൊണ്ടു് ചീട്ടു കളിക്കുകയോ ഷട്ടിൽ കോക്കു് കളിക്കുകയോ ചെയ്യും. അല്ലെങ്കിൽ ജൂബാ ഹോട്ടലിൽപ്പോയി അവിടത്തെ പൂങ്കാവനത്തിലെ പുൽത്തകിടിയിൽ ബീറു കുടിച്ചു സൊള്ളിക്കൊണ്ടിരിക്കും. പത്തു മണിക്കു വീട്ടിൽ മടങ്ങിയെത്തി അത്താഴം കഴിച്ചു കിടന്നുറങ്ങുകയും ചെയ്യും.

ജനുവരി 10

ഇന്നു വൈകുന്നേരം ഞാൻ നൈൽക്കരയിലെ ഗ്രാമങ്ങൾ കാണാൻ പുറപ്പെട്ടു. അരമൈൽ നടന്നപ്പോഴേയ്ക്കും പട്ടണത്തിന്റെ സ്വഭാവും മണവും മാഞ്ഞു പ്രാകൃതമായ കുററിക്കാടുകളും ഒററലിന്റെ കോലത്തിലുള്ള ഇരുണ്ട കുടിലുകളും കണ്ടു തുടങ്ങി. നൈൽ നദിയോടു തൊട്ട ഇരുകരയും കൂററൻ മരങ്ങളും വള്ളികളും തമ്മിൽ കെട്ടിപ്പി

ണഞ്ഞു കിടക്കുന്ന കാടുകളാണ്. അവയ്ക്കപ്പുറം പരന്ന ഫലവത്തായ കൃഷിനിലങ്ങൾ ചിതറിക്കിടക്കുന്നു. കൃഷിനിലങ്ങളുടെ കോണുകളിൽ അവിടവിടെയായി അഞ്ചും ആറും കുടിലുകൾ കൂടിനില്ക്കുന്ന കൊച്ചു ഗ്രാമങ്ങളും കാണാം.

കൃഷിനിലങ്ങൾക്കരികിലൂടെ ചില കാൽനടപ്പാതകൾ ചുററിവളഞ്ഞു പോകുന്നതു തെല്ലകലെയുള്ള കുന്നുകളിലേയ്ക്കാണ്. അവിടെയാണ് ഡിംകകളുടെ കുടിയിടങ്ങൾ. ആകപ്പാടെ ഭയാശങ്കകൾ ജനിപ്പിക്കുന്ന ഒരന്തരീക്ഷം. മൃഗീയതയിൽത്തന്നെ മയങ്ങിക്കിടക്കുന്ന മനുഷ്യത്വത്തിന്റെ കാഴ്ചബംഗ്ലാവുകൾ കണ്ടു്, ഇരുട്ടുന്നതിനു മുമ്പ ഞാൻ വീട്ടിലേയ്ക്കുതന്നെ മടങ്ങി.

രാത്രി അത്താഴം കഴിഞ്ഞു് അവാദിന്റെ കൂടെയിരുന്നു് ലെബ്നോൻ റേഡിയോ കേട്ടു. അറബി സംഗീതത്തിന്റെ മാധുര്യം ഒന്നു വേറെത്തന്നെ. മരുഭൂമിയിൽ വളരുന്ന കല സംഗീതം മാത്രമാണ്. അറബിനഗരങ്ങളിലെ റേഡിയോ നിലയങ്ങളിൽനിന്നു് കറുത്ത മൂടുപടമിട്ട കണ്ഠങ്ങൾ അന്തരീക്ഷത്തിലേയ്ക്കൊഴുകുന്ന നേർത്ത നാദവീചികൾ നമ്മെ നിർവൃതി കൊള്ളിക്കുന്നു. പല പതനത്തിലുള്ള തരംഗങ്ങളായി തന്നിൽതന്നെ പ്രതിധ്വനിയ്ക്കുന്നപോലെ തോന്നുന്ന ആ മാദകഗാനങ്ങളുടെ അർത്ഥം അജ്ഞാതമാണെങ്കിലും, അവയുൾക്കൊള്ളുന്ന ഉദ്ദീപക സന്ദേശങ്ങൾ ഏതു മനുഷ്യഹൃദയത്തിന്നും മനസ്സിലാകും. 'അല്ലാഹ്'' എന്ന പാവനപദത്തിന്റെ നാദമാധുരി എന്നെ ആദ്യമായി ആകർഷിച്ചതു്, അജ്ഞാതമായ ഏതോ അറബിത്തരുണി ആ റേഡിയോവിൽ മുഴക്കിയ ഒരു കീർത്തനമാണ്.

ഇന്നലെ രാത്രി രസകരമായ ഒരു സംഭവമുണ്ടായി. രാത്രി 11 മണിയ്ക്കു ഞാൻ മൂത്ര വിസർജ്ജനത്തിന്നു കുളിമുറിയിലേയ്ക്കു പോകാൻ വേണ്ടി വ്രാന്തയുടെ വാതിൽ തുറന്നു. മുററത്തിന്റെ ഒരററത്താണ് കുളിമുറി. നല്ല നിലാവുണ്ടായിരുന്നു.

വാതിൽ തുറന്നു മുററത്തേയ്ക്കിറങ്ങിയപ്പോൾ, എന്റെ മുമ്പിൽ വെളുത്ത മൂടുപടം ധരിച്ച ഒരു കൂററൻ സത്വം അനങ്ങാതെ

നില്ക്കുന്നതു കണ്ടു ഞാൻ ഒന്നു ഞെട്ടിപ്പോയി. പ്രേതമോ പിശാചോ കള്ളനോ ആരാണെന്നറിയാതെ ഞാൻ തരിച്ചുനിന്നു. ആരാണതെന്നു ഞാൻ അറബിൽ ചോദിച്ചു. ഉത്തരമില്ല. പൂനിലാവിൽ ആ സത്വം ഒരു വെളുത്ത കൂടാരം പോലെ കുത്തനെ നില്ക്കുകയാണ്.

ഞാൻ അവാദിനെ വിളിച്ചു. അവാദ് വാതില്ക്കലേയ്ക്കോടി വന്നു്, പുറത്തേയ്ക്കു നോക്കി, കാര്യം മനസ്സിലാക്കി ഒന്നു ചിരിച്ച്, അറബിൽ എന്തോ ഒരു മന്ത്രം ഉച്ചരിച്ചു. ആ സത്വം മെല്ലെ മതിലിന്നരികിലൂടെ അടുത്ത ഇടവഴിയിലേയ്ക്കു മറഞ്ഞു.

ഒരു ശരിയായ ആഫ്രിക്കൻ പ്രേതത്തെയാണ് കണ്ടതെന്ന ബോധത്തോടെ മൂകനായി നില്ക്കുന്ന എന്റെ ചുമലിൽ തൊട്ടുകൊണ്ടു് അവാദ് ചോദിച്ചു ; ''നിങ്ങൾ പേടിച്ചുവോ?''

''പ്രേതത്തെ പെട്ടെന്ന് എതിരുമുട്ടിയാൽ പിന്നെ പേടിക്കാതിരിക്കുമോ?'' ഞാൻ ആ സത്വം പോയി മറഞ്ഞ ഇടവഴിയിലേയ്ക്കു ഭയപ്പെട്ടു നോക്കിക്കൊണ്ടു മറുപടി പറഞ്ഞു.

''അതു പ്രേതവും പിശാചും ഒന്നുമല്ല; അയൽപക്കത്തെ പതിവുകാരിയാണ്.''

''എന്നുവെച്ചാൽ'' ഞാൻ അത്ഭുതത്തോടെ ചോദിച്ചു.

''അവൾ ശമ്പളത്തിൽ വേലചെയ്യുന്ന ഒരു ഗ്രാമീണ വേശ്യയായ ഒരു അറബിച്ചിയാണ്. സ്ത്രീകളില്ലാത്ത വീടുകളിൽ അവൾ പതിവായി ഊഴമിട്ട്, ആഴ്ചയിൽ ഒന്നും രണ്ടും തവണ കൂട്ടിന്നു കിടന്നുറങ്ങാൻ ചെല്ലും. അങ്ങനെ മാസത്തിൽ 30 ദിവസവും അവൾക്കു രാത്രി ജോലിയുണ്ടായിരിക്കും,''

''അതു നല്ലോരേർപ്പാടുതന്നെ''. ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു ; ''ശമ്പളക്കാരികളായ വാസക സജ്ജികകൾ''!

—എസ്. കെ. പൊറ്റെക്കാട്ട്

— x —

അഞ്ചു്

# പ്രാസവാദം

ദ്വിതീയാക്ഷരപ്രാസവാദം കേരളഭാഷാസാഹിത്യ ചരിത്രത്തിലെ ഒരു സുപ്രധാനസംഭവമാണു്. ഒരു ശ്ലോകത്തിലെ നാലു പാദങ്ങളിലും രണ്ടാമത്തെ അക്ഷരത്തിനു ഐകരൂപ്യമോ സജാതീയത്വമോ വേണമെന്നതാണു് ദ്വിതീയാക്ഷരപ്രാസം. പ്രാസം ഭാഷയ്ക്കു ഭൂഷണമാണെന്നു് ഒരു കൂട്ടർ വാദിച്ചപ്പോൾ അർത്ഥം ബലി കഴിച്ചുള്ള പ്രാസദീക്ഷ അഭികാമ്യമല്ലെന്നു് എതിർപക്ഷം തർക്കിച്ചു. അതേച്ചൊല്ലി ഒരു വിവാദപരമ്പര ഉടലെടുത്തു. ആ വാദത്തിലേക്കു് ചുഴിഞ്ഞിറങ്ങി നാം നോക്കുമ്പോൾ കാണുക രൂപഭാവങ്ങളുടെ വിലയിരുത്തലാണു്; കവിതയുടെ ബാഹ്യഭംഗി വിട്ടു് ആന്തരിക ചൈതന്യത്തിലേക്കു് കടക്കുവാനുള്ള മഹത്തായ ഒരു പ്രേരണ, നവോത്ഥാനത്തിൻെറ നാന്ദിയെ പ്രാസവാദം കുറിക്കുന്നു.

കാവ്യസങ്കല്പത്തിനും രചനാരീതിക്കും ഈ സമീപകാലത്താണു് മലയാളത്തിൽ മാററമുണ്ടായതു്, അടിച്ച വഴിയേ പോകുക എന്ന പ്രത്യയശാസ്ത്രം മുറുകെ പിടിക്കുക കാരണം ശബ്ദസൗഭാഗ്യവും

പ്രകരണശുദ്ധിയും കാവ്യാദർശങ്ങളുടെ നിദർശനമായി പരിണമിച്ചു. ഫ്യൂഡലിസം സമൂഹത്തിൽ വേരുറച്ചു നിന്നതുകൊണ്ടു ജീവിതസ്പർശിയായ കാവ്യതല്ലജങ്ങൾ കവിഹൃദയങ്ങളിൽ മൊട്ടിട്ടില്ല. അരമനയ്ക്കുള്ളിൽ സുഖപ്രൗഢിയുടെ ശീതളച്ഛായയിൽ സാഹിത്യവ്യാപാരം നടത്തിയ രാജാക്കന്മാരും നമ്പൂരിമാരും താഴ്ന്ന നിലവാരത്തിലുള്ളവരുടെ പാട്ടും ചൂട്ടും അറിഞ്ഞിരുന്നില്ല. തന്നിമിത്തം അവരുടെ പ്രതിപാദ്യമണ്ഡലം ജീവിതയാഥാർത്ഥ്യങ്ങളേയും മനുഷ്യമഹത്ത്വത്തേയും പാടേ വിസ്മരിച്ചുകളഞ്ഞു. ജീവിതത്തിലെ പ്രകാശമേറിയ വശങ്ങളെ വെടിപ്പാക്കുവാനല്ലാതെ ഇരുണ്ട മൂലകളിലെ കറുത്ത പാടുകളെ കഴുകിക്കളയുവാൻ ആ സാരസ്വതധാര അസമർത്ഥമായി ഭവിച്ചു.

പ്രാസവാദത്തിന്റെ പ്രാരംഭം, വെൺമണി കവിതാലഹരി മലയാളികളെ കമ്പം പിടിപ്പിച്ച കാലത്താണ്. ആ കാവ്യമേഖലയിലൂടെ വേണം നമുക്കു പ്രാസവാദസമരത്തിലേക്കിറങ്ങാൻ. 'ആകാശത്തു പിറന്നമേയ കുതുകം കൈക്കൊണ്ടു വാഴും മഹാരാകാശാരദശർവ്വരീശവദനേ !' എന്നു വെണ്മണി സംബോധന ചെയ്യുമ്പോൾ ഒരു കുളിരിളം കാററിന്റെ സ്പർശസുഖം കിട്ടുമെന്നല്ലാതെ വിചാരനിപുണമാണ് കവിത എന്നു പറക വയ്യ. കാലത്തെ അതിജീവിച്ചു നിൽക്കാൻ പര്യാപ്തമായ സർഗ്ഗചോദന അന്നത്തെ കവിതകൾക്കില്ലാതെ പോയതു് ഒരു പക്ഷേ പുരോഗമനോന്മുഖമായ ഭാവങ്ങൾ ഉൾക്കൊള്ളുവാൻ അവരുടെ ഉള്ളറ സജ്ജമാകാതിരുന്നതിനാലായിരിക്കണം ; ഒരു വശം മാത്രം കാണുന്ന ഒരു വിചിത്ര ദർശന സമ്പ്രദായം അവർ പാലിച്ചതുകൊണ്ടുമാകാം.

''ജീവിതത്തിലെ സ്ഥായികളും സഞ്ചാരികളുമായ, ഗൂഢങ്ങളും അഗൂഢങ്ങളുമായ ഭാവങ്ങളെ-വിചാരങ്ങളേയും വികാരങ്ങളേയും-യഥോചിതമായി ആവിഷ്കരിക്കലാണ് സാഹിത്യത്തിന്റെ സർവ്വപ്രധാനമായ ധർമ്മം''* എന്നു പ്രസിദ്ധ നിരൂപകനായ കുട്ടികൃഷ്ണ

*'കല ജീവിതം തന്നെ'. പുറം. 129.

മാരാർ അഭിപ്രായപ്പെടുന്നു. പ്രസ്തുത വാക്യം കവികർമ്മത്തിന്റെ മർമ്മമായി ഗണിക്കാമെങ്കിൽ വെണ്മണിക്കവികളുടെ കാലഘട്ടം ഉത്തമകവിതയ്ക്കുറവിടം നൽകിയില്ലാ എന്നു നിസ്സംശയം പറയാം.

ഭാവം, രൂപം എന്നീ ശബ്ദങ്ങളുടെ അർത്ഥവ്യാപ്തിയെപ്പററി ഒരു ലഘു വിചാരം ഈ ഘട്ടത്തിൽ ആവശ്യമാണ്. പ്രസ്തുത പദങ്ങളെ സാഹിത്യ നിരൂപകന്മാർ പന്താടി തുടങ്ങിയിട്ട് കുറച്ചു കാലമായി. ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ തുടങ്ങിയ നമ്മുടെ തലമുന്തിയ നിരൂപകന്മാർ ഈ പദങ്ങളുടെ അകപ്പൊരുളും തുറന്നു കാട്ടുവാൻ ശ്രമിച്ചിട്ടുണ്ട്.

ഭാവവും രൂപവും കലയുടെ അകവും പുറവുമാണ്. മിന്നൽ പിണർപോലെ പൊട്ടി വിടരുന്ന ഒരാന്തരികപ്രചോദനത്തിന്റെ വെളിച്ചത്തിൽ കലാകാരൻ കലാസൃഷ്ടിക്കൊരുമ്പെടുമ്പോൾ അവനിലുയിർക്കൊള്ളുന്ന ഒരന്തർഭാവമുണ്ട്; അവന്റെ അനുഭവങ്ങൾ, വികാരങ്ങൾ, ചിന്തകൾ എന്നിവയിൽ നിന്നുയർന്നുവരുന്ന ഒരു മാനസീക പ്രതിഭാസം. ആ ചിത്തവൃത്തി ബാഹ്യരൂപം പ്രാപിക്കുന്ന സമയം രസങ്ങളെ ഭാവനം ചെയ്യുവാൻ സമർത്ഥമായി തീരും. ഭാവമെന്നു പറയുന്നതു് ആ ചേതോവികാരംതന്നെ. ഭാവവും രസവും ഒന്നിനൊന്നു ബന്ധപ്പെട്ടിരിക്കുന്നു.

രസം വ്യംഗ്യവും ആ വ്യംഗ്യത്തെ ധ്വനിപ്പിക്കുന്നതു് ധ്വനിയുമാകുന്നു. വാച്യാർത്ഥ്യത്തിനു പുറമെ ചമൽക്കാരവിശേഷമായ മറെറാന്നുകൂടി അഭിവ്യഞ്ജിപ്പിക്കുന്നതുതന്നെ ധ്വനി. അനവധി സൂക്ഷ്മ ശബ്ദങ്ങളാകുന്ന സ്ഫോടങ്ങൾ ചേർന്നുണ്ടാകുന്നതാണ് ശ്രോത്രവേദ്യമായ ധ്വനി; അർത്ഥത്തെ സ്ഫുടീപ്പിക്കുന്നതു് സ്ഫോടവും. "ഭാവങ്ങളെ സവിശേഷാർത്ഥത്തിലുംകൊണ്ടു ആകൃതിപ്പെടുത്തലല്ലല്ലോ, അവനവന്റെ മനസ്സിൽതന്നെ ആകൃതിപ്പെടുത്തൽ, അപ്പോൾ ഭാവങ്ങൾക്കു താനേ കൈക്കൊള്ളേണ്ടി വരുന്ന രൂപമാണ്" മുണ്ടശ്ശേരിയുടെ ഭാഷയിൽ* രൂപത്തിന്റെ നിർവചനം. ആ രൂപം

* 'രൂപഭദ്രത' പുറം 7.

സഹൃദയഹൃദയങ്ങളിൽ ആഹ്ലാദം ജനിപ്പിക്കത്തക്കവണ്ണം അർത്ഥബോധമുദിപ്പിക്കുന്ന ഭാഷാസ്വരൂപം സ്വീകരിക്കുന്നു. രൂപസങ്കല്പവും പദവാക്യഛന്ദോരൂപേണയുള്ള സ്വരൂപം പ്രാപിക്കലും ഒരു പ്രക്രിയയുടെ രണ്ടു ഭാഗങ്ങളാണ്; ആഭ്യന്തരവും ബാഹ്യവും.

ഭാവസൗഭാഗ്യം കവിതയുടെ ചൈതന്യവും അതിന്റെ സമഞ്ജസമായ ആവിഷ്ക്കരണം സ്വരൂപവുമാകുന്നു. രൂപത്തിന്റെ മുന്നോടിയായ അമൂർത്താവസ്ഥയെ ഭാവമെന്നു പറയുക ശരിയല്ല. ഭാവമുദിക്കുമ്പോൾ അതെങ്ങനെ ആവിഷ്ക്കരിക്കണമെന്നു സ്വരൂപസങ്കല്പവും ഒപ്പം ഉള്ളിലുണ്ടാകുന്നു. സഹൃദയൻമാർക്ക് കാവ്യമാധുരി നുകർന്നാസ്വദിക്കണമെങ്കിൽ കാവ്യം ഭാവാത്മകമാകണം; ശബ്ദസുന്ദരമായാൽ പോരാ, ധ്വനി വ്യഞ്ജകമാകണമെന്നർത്ഥം. കാളിദാസകവിതയുടെ പ്രത്യേകത അതാണ്. പ്രസ്തുതമായ അർത്ഥം വിട്ട് വിശേഷാർത്ഥം ധ്വനിപ്പിക്കുന്ന രസനിഷ്യന്ദമായ ആ വാങ്മയം ദിക്കാലഭേദമില്ലാതെ ഭാവുകഹൃദയത്തിനു ആഹ്ളാദം ദാനം ചെയ്യുന്നു.

ശിഥിലങ്ങളായ ഭാവങ്ങളെ കവിതയിലേക്ക് പകർത്തുവാനേ വെണ്മണികവികൾക്കു കഴിഞ്ഞിട്ടുള്ളു. ശാശ്വതമായ ഭാവസങ്കല്പങ്ങൾക്കുപകരം അംശാവതരണത്തിനു് അവർ പ്രാധാന്യം കല്പിച്ചു. കാവ്യകലയുടെ കൈകാര്യകർത്തൃത്വവും പരിമിതമായ പരിധിയെ ആശ്രയിച്ചു മാത്രമായിരുന്നു. ഉള്ളിലൂറിയ വൈകാരികവാസനകളെ 'സരസകോമളകാന്തപദാവലി'യിലൂടെ അന്യശ്രവണത്തിലെത്തിക്കുക; വെണ്മണിക്കവികളുടെ സാഹിതീസപര്യ പരിശോധിക്കുമ്പോൾ നാം കാണുക അതാണ്. യഥാർത്ഥത്തിൽ അവർക്കോ തുടർന്നു വന്ന കവികൾക്കോ കൈരളിയെ അണിയിക്കുവാൻ പുതിയ വേഷഭൂഷകൾ ഉണ്ടായിരുന്നില്ല. ലളിതസുന്ദരമായ ഒരു കാവ്യശൈലി അവർ ഭാഷാക്ഷേത്രത്തിൽ വെച്ചുപിടിപ്പിച്ചു എന്നു വേണമെങ്കിൽ പറയാം.

വെണ്മണികവിതയുടെ മാദകലഹരിയിൽ ആന്ദോളനം ചെയ്ത കൈരളിയെ മറെറാരു സരണിയിലേക്കു തിരിച്ചുവിടുവാൻ

കേരളവർമ്മ വലിയകോയിൽ തമ്പുരാൻ യത്നിച്ചു. അമരുകശതകം, അന്യാപദേശശതകം, അഭിജ്ഞാന ശാകുന്തളം തുടങ്ങിയ എണ്ണപ്പെട്ട ചില ഗ്രന്ഥങ്ങളെ മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പോൾ ശബ്ദാലങ്കാരങ്ങൾക്കു മുൻതൂക്കം കൊടുക്കുവാൻ ക്ലാസിസത്തിലേക്കുള്ള ചായ്‌വു നിമിത്തം അവിടന്നു നിർബന്ധിതനായി. വെൺമണികവിതകളിൽ പാകപ്പെട്ടു കണ്ട തനി കേരളീയശയ്യാരീതിക്കു പകരം ദീർഘസമാസങ്ങളോടു കൂടിയ സംസ്കൃതശബ്ദങ്ങളെ കോർത്തിണക്കിയ മണിപ്രവാളത്തെ പുനഃപ്രതിഷ്ഠ ചെയ്യുവാനായിരുന്നു കേരളകാളിദാസൻെറ ശ്രമം. അർത്ഥത്തെ വിസ്മരിച്ച് ശബ്ദത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ വ്യതിക്രമത്തെ എ. ആർ. രാജരാജവർമ്മ എതിർത്തു. വാക്കിനും അർത്ഥത്തിനും പുറമെ മറെറാന്നിൻെറ പ്രേരണകൊണ്ടു വാങ്മധു തൂകുന്ന വൈദർഭീരീതിയിലേക്കു അദ്ദേഹം കൈ ചൂണ്ടിക്കാട്ടി. ആ രീതി മലയാളത്തിൽ വളന്നു കാൺമാൻ ആ ഭാഷാശാസ്ത്രജ്ഞൻ ആഗ്രഹിച്ചു. പുരോഗമനത്തിലേക്കുള്ള ഒരു കാൽവെയ്പായിരുന്നു അതു്.

പ്രാസവാദം 1066-ൽ ഉടലെടുത്തു. 'മലയാള മനോരമ'യിലെ 'മലയാളഭാഷ' എന്ന ലേഖനമാണ് വാദത്തിനടിസ്ഥാനശിലയിട്ടതു്. തുടന്നു പ്രത്യക്ഷപ്പെട്ട 'പ്രാസം' എന്ന ലേഖനത്തിൽ ഇങ്ങനെ ഉപന്യസിച്ചിരുന്നു:—*

''......യാതൊരു ഗുണമില്ലാത്തതും ശബ്ദത്തിലും അർത്ഥത്തിലും ദോഷകരവുമായ ഈ കവിതാ ശൃംഖലയെ പൊട്ടിച്ച് സ്വാതന്ത്ര്യത്തെ പ്രാപിക്കാൻ ഇതുവരെയും നമ്മുടെ കവികൾക്കു ആഗ്രഹം തോന്നാത്തതു് ആശ്ചര്യം തന്നെ.''

മേൽപറഞ്ഞ ലേഖനത്തോടെ സാഹിത്യനായകന്മാർ രംഗത്തിറങ്ങി. ''കവിതാ വാസനയില്ലാത്തവർ കവിതയ്ക്കു ആരംഭിക്കരുതാത്തതുപോല പ്രാസം പ്രയാസം കൂടാതെ പ്രയോഗിക്കുന്നതിനു

* രണ്ടു സാഹിത്യ നായകന്മാർ പുറം 406

സാമത്ഥ്യമില്ലാത്തവർ അതിനു പുറപ്പെടരുതാത്തതാകുന്നു'' എന്നു കേരളവമ്മ വലിയകോയിൽ തമ്പുരാൻ താക്കീതു ചെയ്യപ്പോ൦, ''ദ്വിതീയാക്ഷരപ്രാസം മാത്രമേ ഭാഷാകവിതയ്ക്കു ഭൂഷണമാകയുള്ളു എന്നു ഭ്രമിക്കാതെ ശബ്ദത്തിനും അർത്ഥത്തിനും നാനാപ്രകാരങ്ങളായ വൈചിത്ര്യങ്ങളെ ഉല്ലേഖിച്ച് ഭാഷാകവിതയെ പരിപോഷിപ്പിക്കുന്നതിനു ഭാഷാഭിമാനികളെല്ലാവരും ഉദ്യോഗിക്കേണ്ടതാണ്'' എന്നു പുരോഗമനോന്മുഖമായ ഉപദേശമാണ് എ. ആർ രാജരാജവമ്മ നൽകിയതു്, ഒരിടനില പാലിച്ച ചാത്തുക്കുട്ടി മന്നാടിയാർ ''അത്ഥത്തിനു ഹാനി വരാത്ത വിധത്തിൻ പ്രാസത്തേയും കൂടി ഉപയോഗിക്കുന്നതായാൽ അധികം നന്നായിരിക്കുമെന്നും'' അഭിപ്രായപ്പെട്ടു. പ്രാസപ്രയോഗത്തെ മാനിച്ച് വലിയകോയിൽ തമ്പുരാൻ 'മയൂര സന്ദേശം' എഴുതി. സ്വമതസ്ഥാപനാർത്ഥം പ്രസംഗത്തെ പ്രവൃത്തിയിലേക്കു പകത്തുവാൻ എ, ആറും തല്പരനായി; മേഘസന്ദേശം, കുമാരസംഭവം എന്നീ കാവ്യങ്ങ൦ പ്രാസം കൂടാതെ അദ്ദേഹം തജ്ജമ ചെയ്തു.

പ്രാസനിരാസം അശക്തിയുടെ ലക്ഷണമാണെന്നു് ഒരഭിപ്രായം ഇതിനിടെ കിളിത്തു പൊങ്ങി. ആ അഭിസന്ധിയെ കേരളപാണിനി 'ഭാഷാഭൂഷണ'ത്തിൻെറ അവതാരികയിൽ ഇപ്രകാരം ആക്ഷേപിച്ചു.

''ഈ പ്രാസത്തെ ഉപേക്ഷിച്ചല്ലാതെ നിരത്ഥകശബ്ദപ്രയോഗം ഭാഷാകവിതയിൽനിന്നു് ഒരിക്കലും ഒഴിഞ്ഞുനീങ്ങുന്നതല്ല... അഴകുള്ള ആകൃതിയെ അലങ്കാരം അലങ്കരിക്കും: അതില്ലാത്തിടത്തു് അലങ്കാരം ഒരു വ്യഥാഭാരമാകുകയേയുള്ളൂ''

അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തിയ 'അന്യാപദേശ ശതകം' തജ്ജമയുടെ മുഖവുരയിൽ കേരളവമ്മ, എ, ആറിൻെറ അഭിപ്രായത്തെ ശക്തിയുക്തം എതിത്തതോടെ ആ സാഹിത്യനായകന്മാരിൽ സമരകുതുകികളായ രണ്ടു മഹാരഥന്മാരെ അനുവാചകലോകം ദർശിച്ചു. ബന്ധുത്വവും ഗുരുശിഷ്യബന്ധവും അവർ പരസ്യമായി രംഗത്തിറങ്ങുന്നതിനെ വിലക്കി നിത്തി, കേരളവമ്മയുടെ പുറകിൽ

ഉള്ളൂർ പരമേശ്വരയ്യരും എ. ആറിൻെറ അനുഗാമിയായി കെ. സി. കേശവപ്പിള്ളയും അണിനിരന്നു പ്രാസവാദത്തിനു ഊക്കും ആക്കവും വർദ്ധിച്ചു, അമ്മാമൻേറയും അനന്തരവൻേറയും പേരിൽ കേരള വർമ്മ പ്രസ്ഥാനമെന്നും രാജരാജവർമ്മ പ്രസ്ഥാനമെന്നും രണ്ടു സാഹിത്യ പദ്ധതികൾ ഉരുത്തിരിഞ്ഞു.

1083-ൽ നടന്ന തിരുവനന്തപുരം രാജകീയ കാളേജിലെ മലയാളസമാജത്തിൻെറ വാർഷികയോഗം പ്രാസസമരാഗ്നിക്കു തൈലവർഷമായി. കേരളവർമ്മ അദ്ധ്യക്ഷനും കെ. സി. കേശവപിള്ളപ്രഭാഷകനുമായിരുന്നു. കെ. സി. പ്രസംഗം ഇങ്ങനെ സമാപിച്ചു.*

''ദ്വിതീയാക്ഷരപ്രാസവും അതിൻെറ ഐകരൂപ്യവുമാണ് ശ്ലോകങ്ങളുടെ ജീവിതസർവ്വസ്വമെന്നുള്ള വിചാരത്തെ ഉപേക്ഷിച്ച് സന്ദർഭോചിതമായും രസാനുഗുണമായും മാത്രം പ്രാസാദി ശബ്ദാലങ്കാരങ്ങളെ പ്രയോഗിക്കുന്നതിനും സർവ്വപ്രധാനമായി അർത്ഥചമല്ക്കാരത്തെ ദീക്ഷിക്കുന്നതിനും നമ്മുടെ കവികൾ ഇനിയെങ്കിലും തുനിയുന്ന പക്ഷം മലയാള ഭാഷയുടെ ശുക്രദശ ദൂരത്തല്ലെന്നു് പ്രതിജ്ഞ ചെയ്യാവുന്നതാണു്''.

പ്രസംഗത്തിൽ ഉന്നയിച്ച പ്രമേയത്തെ വലിയകോയിൽ തമ്പുരാൻ ഖണ്ഡിക്കുകയുണ്ടായി. അവിടുന്നു തൻെറ അഭിപ്രായത്തിൽ ഉറച്ചുനിന്നു.

കാളേജിലെ ഈ യോഗത്തെ തുടൎന്നു പ്രാസസമരം ഉഗ്രതരമായി. ഉള്ളൂർ പരമേശ്വരയ്യർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ തുടങ്ങിയവർ വലിയകോയിൽ തമ്പുരാനു് സഹായം നൽകി. കെ. സി. കേശവപ്പിള്ള, വി. സി. ബാലകൃഷ്ണപ്പണിക്കർ, പുന്നശ്ശേരി നമ്പി, സി. അന്തപ്പായി മുതലായവർ എ ആറിനു പിൻബലമേകി.

---

*'രണ്ടു സാഹിത്യ നായകന്മാർ' പുറം 220.

0820



''വാസന്തീമധുവാർന്ന വാക്കിനു സജാ—
തീയദ്വിതീയാക്ഷര—
പ്രാസം തീർപ്പതു കൈരളീമഹിളതൻ
മംഗല്യമാണോർക്കണം,......''

എന്നു് പ്രാസവാദികൾ ഉദ്ഘോഷിച്ചു. കെ. സി. അതിനു സമാധാനമായി ഉൽകൃഷ്ട കവിതാധർമ്മത്തെ ഇങ്ങനെ നിർവ്വചിച്ചു ;

''അന്യൂനാനതിരിക്തമായ് വിലസണം
ശബ്ദങ്ങളർത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ—
യർത്ഥം കളഞ്ഞീടൊലാ
ദോഷം നീക്കി വളച്ചു കെട്ടുകളൊഴി—
ച്ചൗചിത്യമോർത്തോതണം
സൽക്കാവ്യോചിതമായ വസ്തു വിവിധം
വ്യംഗ്യം വിളങ്ങും വിധം''.

ശ്രീമാൻ കുട്ടികൃഷ്ണമാരാരുടെ അഭിപ്രായം ഈ ഘട്ടത്തിൽ സംഗതമാണു്. മാരാർ പറയുന്നു*.

''കേരളവർമ്മയുടെ ഏകാധിപത്യം സ്വാധികാരം പ്രയോഗിച്ചു നടപ്പാക്കിയ ഒരപൂർവ്വനിയമത്തോടു് പ്രജകളിൽ ചിലക്കു് അതൃപ്തി തോന്നുകയും അവരതു പ്രകാശിപ്പിക്കുകയും ചെയ്തു. താമസമുണ്ടായില്ല, അധികാരസ്ഥാനം അതിനെ സർവ്വശക്തിയുമെടുത്തു് അടിച്ചമർത്താൻ ശ്രമിച്ചു. അത്രത്തോളം എതിർപക്ഷത്തിനു കുറുമ്പും കരുത്തും വർദ്ധിച്ചു.''

വിദ്വേഷകലുഷമായ ഈ നില തുടർന്നു പോകുക അനഭിലഷണീയമായി ഇരുകക്ഷികൾക്കും തോന്നി. ഒടുവിൽ കാര്യം ഒതുക്കിത്തീക്കാൻ അനന്തരവനെ കേരളവമ്മ ഭാരമേല്പിച്ചു. തുടർന്നു, എ. ആർ. ഉണ്ടാക്കിയ സന്ധിവ്യവസ്ഥകൾ തക്കക്ഷികൾ അംഗീ

* 'ഇങ്ങുനിന്നങ്ങോളം' പുറം 55,

കരിച്ചു. വാദസമരത്തിനു അതോടെ യവനിക വീണു. ഖണ്ഡിതമായ ഒരു തീരുമാനമല്ല എ. ആർ. എടുത്തതു്. അങ്ങുമിങ്ങും തൊടാത്ത ഒരൊത്തുതീർപ്പായിരുന്നു അതു്. എ. ആർ. വ്യവസ്ഥാപിച്ചു :—*

"വേഷഭൂഷാദികളെല്ലാം നിത്യമെന്നപോലെ പരിഷ്ക്കരിച്ചുവരുന്ന ഇക്കാലത്തു് മലയാളത്തിൽ ചിലർ സ്വന്തം സമ്പ്രദായമുപേക്ഷിച്ചു യൂറോപ്യന്മാരുടെ വേഷം സ്വീകരിപ്പാൻ തുടങ്ങിയിട്ടുള്ളതിനാൽ അവരുടെ കവിതാരീതിയിലും പുതിയ രീതികൾ ആരംഭിക്കുന്നതു് കാലഗതിക്കു ഉചിതംതന്നെ എന്നു് സമ്മതിക്കുന്നതിനു വിരോധമില്ല.........കേശവപ്പിള്ള പ്രഭൃതികൾക്കു പരിഷ്ക്കാരികളാകാൻ പരിഭ്രമമാണെങ്കിൽ പ്രകൃതപ്രാസത്തെ അവർ നിശ്ശേഷം ഉപേക്ഷിച്ചുകൊള്ളട്ടെ. പരമേശ്വരയ്യർ മുതൽപേർക്കു് ഈ പ്രാസം രസിക്കുന്ന പക്ഷം അവർ അതിനെ പരിഷ്ക്കരിച്ച മട്ടിൽതന്നെ ഉപയോഗിച്ചുകൊള്ളുകയും ചെയ്യട്ടെ".

മേൽപറഞ്ഞ വിട്ടുവീഴ്ചയുടെ വെളിച്ചത്തിൽ ഒരു രഞ്ജകമനോഭാവം സംജാതമാകുവാൻ കേരളവർമ്മ പ്രാസമില്ലാതെ 'ദൈവയോഗം' എഴുതി.

'പ്രാസപ്രയോഗനിയമത്തെയൊഴിച്ചു നവ്യം
കാവ്യം ചമച്ചുവതിനെൻ പ്രിയ ഭാഗിനേയൻ
ശിഷ്യാഗ്രഗണ്യനുര ചെയ്തതുപോലെ ഞാനി-
ന്നിദ്ദൈവയോഗ കഥയൊന്നു കഥിച്ചിടുന്നേൻ'.

എന്നു് പ്രസ്തുത പുസ്തകത്തിന്റെ ആമുഖമായി കേരള കാളിദാസൻതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. മയൂരസന്ദേശവും ഉമാകേരളവും പ്രാസപ്രധാനമായ കാവ്യങ്ങളാണു്.

തട്ടപഞ്ചം മതം നവ്യം
സാമഞ്ജസ്യ മനോഹരം

* 'രണ്ടു സാഹിത്യനായകന്മാർ' പുറം 224.

ഒരുക്കിയെന്നെയിക്കാവ്യ

രചനാസാഹസത്തിനായ്''

എന്ന മുഖവുരയോടെ തുടങ്ങുന്ന 'കേശവീയം' രാജരാജവൎമ്മ പ്രസ്ഥാനത്തിനു മകുടം ചാൎത്തുന്ന ഒരു മഹാകാവ്യവും. അനന്തര കാലത്തു് ആശാനും ഉള്ളൂരും പി. കെയും വ്യക്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടു്. ചിത്രയോഗനിരൂപണത്തെ തുടൎന്നുള്ള പ്രത്യാഖ്യാനത്തിൽ ''പ്രാസത്തിനായി കവി പദ്യത്തെ ബലി കൊടുക്കുന്നതു് ക്ഷുദ്രദേവതപ്രീതിക്കായി പുത്രനെ ബലി കൊടുക്കുംപോലെ നിന്ദ്യമാകുന്നു''.* എന്നു് ആശാൻ പ്രസ്താവിച്ചപ്പോൾ മഹാകവി ഉള്ളൂർ കേരളസാഹിത്യ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തി.**

''ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചതുകൊണ്ടു ഉത്തമകവികൾക്കു യാതൊരു ക്ഷതിയും വരുവാനില്ല; അതു പരിവൎജ്ജിച്ചതുകൊണ്ടു മാത്രം മററുള്ളവൎക്കു ഒരു മെച്ചവും സിദ്ധിക്കാനുമില്ല.''.

സാഹിത്യപഞ്ചാനനൻ ഒരു ഇടനില പാലിച്ചു. അദ്ദേഹം പറയുന്നു.***

''പ്രാസംകൊണ്ടു ക്ലേശം നേരിടുന്നുവെന്നു് ശഠിക്കുന്ന കക്ഷികൾ ഛന്ദസ്സുകൊണ്ടുള്ള ബുദ്ധിമുട്ടും ആവശ്യമില്ലെന്നും കവിതയെല്ലാം മേലാൽ ഗദ്യത്തിൽ മതിയെന്നും പറയുമോ എന്നറിയുന്നില്ല. കാവ്യങ്ങൾക്കു ഛന്ദസ്സ് ആവശ്യംതന്നെയെന്നു് പ്രാസവ്യവഹാരത്തിലെ കക്ഷി പ്രതികക്ഷികൾ സമ്മതിക്കുന്ന സംഗതിയാകുന്നു. ഗദ്യരൂപത്തിൽ പറയുന്ന സംഗതിതന്നെ പദ്യമായി പറയുമ്പോൾ ആ സംഗതിക്കു കൂടുതൽ പ്രാബല്യം സിദ്ധിക്കും എന്നു കാണിപ്പാൻ നമ്മുടെ ശബ്ദം ഒരു കുഴലിൽ കൂടി പുറപ്പെടുമ്പോഴും കുഴലിന്റെ സഹായമില്ലാതെ നിൎഗ്ഗമിക്കുമ്പോഴും ഉള്ള വ്യത്യാസത്തെ

* 'വിവേകോദയം 1091 കന്നിലക്കം.

** 'കേരളസാഹിത്യചരിത്രം' പു. iv പുറം 812.

*** 'കൃഷ്ണഗാഥ' അവതാരിക പുറം 37.

ലേ ഹണ്ട് (Leigh Hunt) എന്ന മഹാൻ ചൂണ്ടിക്കാണിക്കുന്നു. ഇപ്രകാരം ഛന്ദോരൂപമായ നിയന്ത്രണത്തെ സ്വയം സ്വീകരിക്കുന്ന കവിയ്ക്കു പ്രാസം പ്രയാസമില്ലാതെ സിദ്ധിക്കുന്നതാണ്. എന്നിരുന്നാലും പ്രാസത്തിനുവേണ്ടി അതുവഴിയെ ആശയം തിരിച്ചുകൊണ്ടു പോകുന്ന കവി പരിഹാസ്യനായി ഭവിക്കുന്നതുമാകുന്നു. പ്രാസം, അതു സുലഭമായി സിദ്ധിക്കുന്ന കവിക്കു ഭാഷ അടിമയാണെന്നുള്ളതിനേയും പ്രാസത്തിനുവേണ്ടി ആശയം വളച്ചുകെട്ടുന്നവർ പദങ്ങളുടെ അടിമയാണെന്നുള്ളതിനേയും ലക്ഷ്യപ്പെടുത്തുന്നതിനു പര്യാപ്തമാകുന്നു. കുതിരപ്പുറത്തു കയറി സവാരി ചെയ്യുന്ന ആരം കുതിരയെ സ്വാധീനമാക്കി സവാരി ചെയ്യുന്നിടത്തോളം കാലം ശ്ലാഘ്യനും കുതിര അയാളെയുംകൊണ്ടു ഓടുവാൻ തുടങ്ങുമ്പോഠം പരിഹാസപാത്രവും ആയിത്തീരുന്നതിനെ ഇവിടെ ദൃഷ്ടാന്തമായി പറയാം. അങ്ങനെയുള്ള ആരം സ്വവാഹനത്തോടുകൂടി വല്ല കാട്ടിലും മുള്ളിലും വലിഞ്ഞു കയറുകയും പക്ഷേ ഉരുണ്ടു വീഴുകയും തന്നിമിത്തമുള്ള ദുഃഖം അനുഭവിക്കുകയും ചെയ്യുന്നതു് സാധാരണമാണല്ലോ'.

സംസ്കൃതത്തിൽ ദ്വിതീയാക്ഷരപ്രാസമില്ല; അതിന്റെ സ്ഥാനം വഹിക്കുന്നതു് വൃത്യനുപ്രാസമാണ്. ''ഭാഷാകവിതയിൽ ദ്വിതീയാക്ഷരപ്രാസം വിട്ടു് വൃത്യനുപ്രാസം സ്വീകരിച്ചാൽ ഒരു കേരളസ്ത്രീയെ പരദേശസ്ത്രീയുടെ വേഷം കെട്ടിച്ചാൽ തോന്നുന്നതു പോലെയുള്ള അസ്വരസത്തിന്നിടയാകും'' എന്നു് എ. ആർ. രാജരാജവർമ്മതന്നെ അഭിപ്രായപ്പെടുന്നുണ്ടു്.

ഭാഷയിൽ ദ്വിതീയാക്ഷരപ്രാസം എവിടെനിന്നു വന്നു എന്നു നോക്കേണ്ട കാര്യമില്ല. മലയാളത്തിനു മററു ദ്രാവിഡഭാഷകളെ അപേക്ഷിച്ചു് തമിഴിനോടുള്ള കടപ്പാടു് വിദിതമാണല്ലോ. ശബ്ദസൗഭാഗ്യം തമിഴ് സാഹിത്യത്തിലും കാവ്യരചനയിൽ ദീക്ഷിച്ച ഒരു ഗുണമാണ്. സംഘകാലകവികഠം മാത്രമല്ല ചെന്തമിഴ് സാഹിത്യത്തിലെ മികച്ച ഗ്രന്ഥങ്ങളെല്ലാം ശബ്ദഭംഗിക്കു പ്രത്യേകം സ്ഥാനം നൽകിയിരുന്നു. എഴുത്താണിയും പനയോലയും വിദ്യാപ്ര

ചാരണത്തിനു ഉപകരണങ്ങളായിരുന്ന കാലത്തു് ധാരണയിൽനിന്നു ചോർന്നു പോകാതെ പദ്യങ്ങൾ ഉരുവിട്ടു് പഠിക്കുകയായിരുന്നു പതിവ്. അതിനു തുണയായിട്ടാകണം പ്രാസത്തിൻെറ പ്രവേശം തമിഴിലുണ്ടായതു്. ശ്ലോകാന്ത്യത്തിലെ പദം അടുത്ത ശ്ലോകത്തിൻെറ തുടക്കത്തിൽ ആവർത്തിക്കുന്ന നിരണം കവികളുടെ രചനാരഹസ്യവും മനഃപാഠത്തിനുള്ള സൗകര്യത്തെ പുരസ്ക്കരിച്ചാണല്ലോ. അക്ഷരത്തിൻെറ ആവർത്തനംകൊണ്ടു ശ്രവണസുഖം സമ്പാദിക്കുന്ന രീതി തമിഴിൽനിന്നുതന്നെയാണു് മലയാളത്തിലേക്കു പകർന്നതു്.

എതുക, മോന, എന്നു രണ്ടുതരം വൃത്തവിശേഷം തമിഴ്കവിതയിലുണ്ടു്. എല്ലാ പാദങ്ങളിലും രണ്ടാമത്തെ അക്ഷരം തുല്യമായിരിക്കുന്നതിനാണു് എതുക എന്നു പേർ. അതുതന്നെ നമ്മുടെ ദ്വിതീയാക്ഷരപ്രാസം. ഒരു പാദത്തിൻെറ പ്രഥമാക്ഷരവും ആ പാദത്തിലെ ദ്വിതീയഭാഗത്തിൻെറ പ്രഥമാക്ഷരവും ഏകരൂപമായിരിക്കുന്നതിനാണു് 'മോന' എന്നു പറയുന്നതു്. ലീലാതിലകക്കാരൻ പാട്ടിൻെറ ലക്ഷണ നിർവ്വചനം ചെയ്യുമ്പോൾ,

'ദ്രമിഡസംഘാതാക്ഷരനിബദ്ധ—
മെതുകാമോന വൃത്തവിശേഷയുക്തം പാട്ടു്'

എന്നു് വ്യവസ്ഥാപിക്കാൻ കാരണം തമിഴിൽനിന്നു അന്നു് ഉരുതിരിഞ്ഞ മലയാം പാട്ടിൻെറ വൃത്തരീതിയെ ആശ്രയിച്ചായിരിക്കണം. തിരുക്കുറൾ, കമ്പരാമായണം, ചിലപ്പതികാരം, മണിമേകലൈ, പത്തുപ്പാട്ടു് തുടങ്ങി സുബ്രഹ്മണ്യഭാരതിയുടെ കവിതകൾ വരെ ഈ ശബ്ദവൈചിത്ര്യം സ്വീകരിച്ചിട്ടുണ്ടു്.

മലയാളത്തിൽ ആദ്യകാലം മുതൽ 'എതുക' എന്ന ദ്വിതീയാക്ഷരപ്രാസത്തിനു അനസ്യൂതമായ പ്രോത്സാഹനം ലഭിച്ചു. എഴുത്തച്ഛനും നമ്പ്യാരും ആ ശബ്ദഭംഗിയെ താലോലിച്ചവരാണു്. പൂർവ്വസൂരികൾ തെളിച്ച വഴിയെതന്നെ പിന്നെ വന്നവരും യാത്ര തുടർന്നു. ആത്യന്തികമായ ആ സഞ്ചാരക്രമത്തിനു വ്യതിയാനം വന്നതു് പ്രാസവാദത്തിനു ശേഷമാണു്.

പ്രാസവാദം എങ്ങനെ ഭാഷാചരിത്രത്തിലെ മഹത്തായ ഒരു സംഭവമായി ? ശ്ലോകപദങ്ങളിലെ രണ്ടാമത്തെ അക്ഷരം തുല്യമാക്കുക എന്ന പരിഷ്കാരമായിരുന്നുവോ ആ സമരത്തിന്റെ ഉദ്ദേശ്യം ? അതാവാൻ തരമില്ല. ആ വാക്സമരത്തിന്റെ ചോട് മാന്തി നോക്കിയാൽ കാവ്യധർമ്മത്തിന്റെ മർമ്മത്തിൽ അതിന്റെ വേരു ചെന്നെത്തിയിരിക്കുന്നതായി കാണാം. സംപൃക്തങ്ങളായ വാഗർത്ഥങ്ങളിൽ അർത്ഥത്തിനെ വാക്കു അനുഗമിക്കാതെ വാക്കിനെ അർത്ഥം പിന്തുടരുക അന്തസ്സാരശൂന്യമായ മേഖലകളിൽ കവിഭാവന ചെന്നു പററുവാൻ കാരണമാകുമെന്ന് പ്രാസവഴക്കു വിരൽ ചൂണ്ടിക്കാട്ടുന്നു. നശ്വരമായ പ്രാപഞ്ചിക പ്രൗഢിയിൽ നീന്തിക്കളിക്കുന്ന ഭാവുകനെ ഭോഗഭോഗ്യപ്രപഞ്ചത്തിനതീതവും പരമോന്നതവുമായ ആത്മീയ ഭാവത്തിലേക്ക് പിടിച്ചു കയററുക, അതും ; ഒരു ലക്ഷ്യമാണ്.

സാഹിത്യത്തിലെന്നല്ല, എല്ലാ ജീവിതവൃത്തികളിലും രണ്ടു മാർഗ്ഗങ്ങളുണ്ട്. ഉള്ളതിനെ അതേപടി സ്വീകരിച്ച് മുന്നേറുകയാണ് ഒന്ന്; പഴയതിനെ കാലോചിതം പരിഷ്ക്കരിച്ച് ഒരു പ്രത്യേക ഭാവവും രൂപവും വാർത്തെടുക്കുക മറെറാന്നും. ക്ലാസിസത്തിൽ പദമൂന്നിയ പ്രഥമമാർഗ്ഗം കേരളവർമ്മ അവലംബിച്ചപ്പോൾ റൊമാൻറിസിസം കതിർവീശിയ രണ്ടാമത്തെ വഴി രാജരാജവർമ്മ നിർദ്ദേശിച്ചു. പ്രാസവാദത്തിന്റെ ഉള്ളറ തുറന്നാൽ അതാണ് നാം കാണുക ; രണ്ടു പ്രസ്ഥാനങ്ങളുടെ ഉരുതിരിയൽ പ്രത്യക്ഷത്തിൽ അവിടെ ഇല്ല. ശാന്തവും ശക്തവുമായ ഒരു സാഹിത്യപരിവർത്തനത്തിന്റെ ഉപോദ്ഘാതമായിരുന്നു അതു്.

മനുഷ്യന്റെ പ്രതീക്ഷകൾ, അസ്ഥിരമായ പ്രകൃതി, ജീവിത സങ്കല്പങ്ങൾ എന്നിവയിൽനിന്നും ഒരു നവീനസംസ്കാരത്തിന്റെ സ്വരൂപം സ്വീകരിച്ചുകൊണ്ടാണ് ക്ലാസിസത്തിൽനിന്നു് റൊമാൻറിസിസത്തിലേക്കു എല്ലാ ഭാഷയിലുമുള്ള സാഹിത്യത്തിന്റെ പ്രവേശം. ജീവിതാനുഭവങ്ങളിൽനിന്നു് സഞ്ചയിക്കുന്ന അറിവുകളുടെ വെളിച്ചത്തിൽ സ്വീകാര്യമായ ചില പ്രത്യേക ഭാവങ്ങളെ

ആവിഷ്ക്കരിച്ച് അനശ്വരമായ കാവ്യസങ്കല്പങ്ങളെപരിലാളിക്കുക യാണ് റൊമാൻറിക് കവിയുടെ ഉന്നം. ക്ലാസിസത്തിൽ ആ ഭംഗി കൈവരുത്തുന്നതു് സൌന്ദര്യസദാചാരബോധം അതിർത്തി വരമ്പിട്ട വിജ്ഞാനാധിഷ്ഠിതമായ ചിട്ടകളിലൂടെയാണ്. "ഒടുങ്ങാത്ത ജിജ്ഞാസ, അത്ഭുതം, സൗന്ദര്യതൃഷ്ണ, സ്വാതന്ത്ര്യവാഞ്ഛ ഇവയൊക്കെയാണ് റൊമാൻറിക് കവികളുടെ ഹൃദയഭാവങ്ങൾ, അദമ്യവും ഉച്ഛൃംഖലവുമാണവരുടെ വികാരങ്ങൾ. ചുരുക്കത്തിൽ ഹൃദയത്തിൻെറ ആദിമങ്ങളും സ്വാഭാവികങ്ങളുമായ വികാരങ്ങളുടെ കലാപരമായ ആവിഷ്ക്കാരമാണ് റൊമാൻറിസിസം",* കീഴ്വഴക്കങ്ങളെ ക്ലാസിസം മാനിക്കുമ്പോൾ അവയെ ഉല്ലംഘിക്കുകയാണ് റൊമാൻറിസിസം ചെയ്യുക. പ്രജ്ഞയുടേയും വികാരത്തിൻേറയും സാധർമ്മ്യവും വൈജാത്യവും അവ തമ്മിലുണ്ട്. ആ നിലയിൽ പുതിയ ഒരു സമീപനവും വീക്ഷണവും പ്രാസവാദത്തിൽ തെളിഞ്ഞു കണ്ടപ്പോൾ നമ്മുടെ സാഹിത്യം ജീവിതഗന്ധിയായ സാംസ്കാരിക മൂല്യങ്ങളെ കണ്ടെത്തുകയായി. കാവ്യത്തെ വാചകരചനാചാരുതയിൽനിന്നുയർത്തി അന്തസ്സത്തയെ അനാവരണം ചെയ്യുകയാണ് ആ സമരം ചെയ്തതു്. ഈ നൂതനവ്യവസ്ഥിതിക്കു വിത്തുപാകിയ എ. ആർ. രാജരാജവർമ്മയ്ക്കു സ്തുതി.

— കെ. ഭാസ്കരപിള്ള

---

* 'ഇസങ്ങൾക്കപ്പുറം' പുറം 28.

ആറ്

# ഞങ്ങളുടെതന്നെ ഒരു ഭാഗം

1927-ൽ മദിരാശിയിൽവെച്ചു കൂടിയ കോൺഗ്രസ്സ് സമ്മേളനത്തിലാണ് പണ്ഡിത് ജവാഹർലാൽ നെഹ്റുവിനെ ഞാൻ ആദ്യമായി കണ്ടതു്.

രാഷ്ട്രീയകാര്യങ്ങളിൽ ധാരാളം താൽപ്പര്യം പ്രകടിപ്പിക്കുകയും ഖദർ വസ്ത്രം ധരിക്കൽ, ഹിന്ദി പഠിക്കൽ, ഗാന്ധിജിയുടേയും മററും പുസ്തകങ്ങളും ലേഖനങ്ങളും വായിക്കൽ മുതലായവയെല്ലാം നടത്തുകയും ചെയ്യുന്ന ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ അന്നു്.

ഗാന്ധിജി മുതലായ അഖിലേന്ത്യാ നേതാക്കന്മാരുടെ കൂട്ടത്തിൽ മോത്തിലാൽ നെഹ്റുവിൻെറ പ്രവത്തനത്തെക്കുറിച്ച് പലതും അന്നെനിക്കറിയാം. കേന്ദ്രനിയമസഭയിലെ കോൺഗ്രസ്സ് പാർട്ടി നേതാവെന്ന നിലയ്ക്കു അദ്ദേഹം ചെയ്തുപോന്ന പ്രസംഗങ്ങളും പ്രവത്തനവും എന്നെപ്പോലുള്ളവരുടെ ബഹുമാനത്തിനിടയാക്കി

യിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ മകനായ ജവഹർലാൽ നെഹ്റു അന്നു ഞങ്ങൾക്കു പരിചിതനായിരുന്നില്ല.

മദിരാശി കോൺഗ്രസ്സ് സമ്മേളനത്തിലെ ഏററവും പ്രധാനമായ ചർച്ചാവിഷയം ഇന്ത്യയുടെ രാഷ്ട്രീയലക്ഷ്യമായിരുന്നു. ബ്രിട്ടനുമായി യാതൊരു ബന്ധവുമില്ലാതെ, തികച്ചും സ്വതന്ത്രമായ ഒരു സ്ഥാനം ഇന്ത്യക്കു കിട്ടുകയെന്നതായിരിക്കണം ലക്ഷ്യമെന്നു് ഒരു വിഭാഗക്കാർ വാദിച്ചു. മറേറ വിഭാഗക്കാരാകട്ടെ, ഇതംഗീകരിക്കാൻ തയ്യാറായില്ല. അവരുടെ അഭിപ്രായത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ചട്ടക്കൂട്ടിനകത്തു്നിന്നുകൊണ്ടു് നേടാൻ കഴിയുന്നത്ര വിപുലമായ സ്വാതന്ത്ര്യമായിരിക്കണം ഇന്ത്യയുടെ ലക്ഷ്യം.

ഇതിലാദ്യത്തെ വിഭാഗത്തിൻെറ നേതാവായിരുന്നു ജവഹർലാൽ നെഹ്റു. പൂർണ്ണസ്വാതന്ത്ര്യമായിരിക്കണം ഇന്ത്യയുടെ ലക്ഷ്യമെന്നു് പ്രഖ്യാപിക്കുന്ന പ്രമേയം സമ്മേളനത്തിൽ അവതരിപ്പിച്ചതു തന്നെ അദ്ദേഹമായിരുന്നു. അതിനെതിരായി പ്രസംഗിച്ചവരുടെ കൂട്ടത്തിലാകട്ടെ, മുതിർന്ന കോൺഗ്രസ്സ് നേതാക്കന്മാരെല്ലാമുണ്ടായിരുന്നു. ആ സ്ഥിതിക്കു ധീരതയുടേയും സാഹസികതത്തിൻെറയും യുവചൈതന്യത്തിൻെറയും പ്രതീകമായാണു് എന്നെപ്പോലുള്ളവർ അദ്ദേഹത്തെ കണ്ടതു്.

വിഷയനിർണ്ണയകമ്മിററി യോഗത്തിലും സമ്പൂർണ്ണ സമ്മേളനത്തിലും നടന്ന പ്രസംഗങ്ങൾ മുഴുവൻ ശ്രദ്ധിക്കാനോ കേട്ടതു മുഴുവൻ മനസ്സിലാക്കാനോ വേണ്ട കഴിവു് അന്നെനിക്കില്ലായിരുന്നു. പ്രസംഗിച്ചവരുടെ മുഖത്തുനിന്നു മനസ്സിലാക്കിയതിനേക്കാളധികം അതു മനസ്സിലാക്കിയിരുന്ന മററു പ്രതിനിധികളിൽനിന്നാണു് ഇരുവശത്തുമുള്ള വാദങ്ങളിൽ മുഖ്യമായവയെന്താണെന്നു ഞാൻ മനസ്സിലാക്കിയതു്. എങ്കിലും വാദപ്രതിവാദത്തിൻെറ മുഖ്യമായ ഉള്ളടക്കം എന്താണെന്നു മനസ്സിലാക്കാനെനിക്കു കഴിഞ്ഞു. അതിൻെറ ഫലമായി പണ്ഡിത് ജവഹർലാൽ നെഹ്റുവിനോടു എനിക്കു ബഹുമാനമുളവാകുകയും ചെയ്തു.

ഇതിന്റെ കൂട്ടത്തിൽ ജവഹർലാൽ നെഹ്റുവിന്റെ ജീവിതത്തെക്കുറിച്ചു ചിലതെല്ലാം സ്വഭാവികമായി കേൾക്കാനും എനിയ്ക്കു കഴിഞ്ഞു. രാജകീയാഡംബരങ്ങളോടെ വളൎന്നുവന്ന ഒരു ധനികബാലൻ, ഇംഗ്ലണ്ടിലെ വെയിത്സ് രാജകുമാരന്റെ സഹപാഠിയായിരുന്നിട്ടുള്ളയാൾ, അതിബുദ്ധിമാനും സമൎത്ഥനുമായ ഒരു യുവരാഷ്ട്രീയ പ്രവൎത്തകൻ, ആഡംബരമെല്ലാം ഉപേക്ഷിച്ചു സ്വയം ലളിതജീവിതം നയിക്കുക മാത്രമല്ല അച്ഛനെക്കൊണ്ട് അതു ചെയ്യിക്കുക കൂടിയുണ്ടായ ഒരു ത്യാഗി—ഇതെല്ലമാണ് അദ്ദേഹത്തെപ്പററി കേട്ടതു്, സ്വാഭാവികമായും എനിക്കദ്ദേഹത്തോടുള്ള ബഹുമാനം വൎദ്ധിച്ചു.

മദിരാശി കോൺഗ്രസ്സ് സമ്മേളനം കഴിഞ്ഞു നാലഞ്ച് മാസത്തിന്നുള്ളിലാണ് പയ്യന്നൂർവെച്ച് കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നതു്. അതിൽ അദ്ധ്യക്ഷം വഹിച്ചിരുന്നതു് ജവഹർലാൽ നെഹ്റുവായിരുന്നു.

മദിരാശിയിലെന്നപോലെ പയ്യന്നൂരിലും പ്രധാനചൎച്ചാവിഷയം പൂൎണ്ണസ്വാതന്ത്ര്യംതന്നെയായിരുന്നു. പൂൎണ്ണസ്വാതന്ത്ര്യമാണ് ലക്ഷ്യമെന്ന പ്രമേയം മദിരാശിയിൽവെച്ചു കോൺഗ്രസ്സ് അംഗീകരിച്ചിരുന്നുവെങ്കിലും ഒരവസാന ലക്ഷ്യമെന്നല്ലാതെ അടിയന്തരപ്രാധാന്യമുള്ള ഒരു കാൎയ്യമായി ആ പ്രമേയത്തിൽ പൂൎണ്ണസ്വാതന്ത്ര്യത്തിന്നു സ്ഥാനമില്ലായിരുന്നു. ഇതു മാററി ഉടനടി നേടിക്കിട്ടേണ്ട അടിയന്തരാവശ്യങ്ങളുടെ കേന്ദ്രമെന്ന നിലയ്ക്കു് പൂൎണ്ണസ്വാതന്ത്ര്യം അംഗീകരിക്കണമെന്നായിരുന്നു ഒരു വാദഗതി. അതു വേണ്ട. അവസാന ലക്ഷ്യമായ പൂൎണ്ണസ്വാതന്ത്ര്യം നേടുന്നതിന്നുള്ള ആദ്യപടിയായി ഡൊമിനിയൻ പദവിയെങ്കിലും കിട്ടിയാൽ മതി എന്നതായിരുന്നു മറുഭാഗത്തെ വാദം.

ഈ വാദപ്രതിവാദത്തിനിടയ്ക്കു ഇരുവിഭാഗങ്ങളിലുംപെട്ട പ്രതിനിധികൾ പല വാദഗതികളും ഉന്നയിക്കുകയുണ്ടായി. അതെല്ലാം

കേൾക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട ഒരു രാഷ്ട്രീയവിദ്യാഭ്യാസമായിരുന്നു. എന്നാൽ ഏററവും പ്രധാനമായി എനിക്കന്നു തോന്നിയതു് ജവഹർലാൽ നെഹ്റുവിൻെറ പ്രസംഗങ്ങളാണ്—സമ്പൂർണ്ണ സമ്മേളനത്തിൽ മാത്രമല്ല വിഷയനിർണ്ണയകമ്മിററി യോഗങ്ങളിലും മദിരാശിയിലേക്കററം കൂടുതൽ അടുത്തിരുന്നു കേൾക്കാനുള്ള സൗകര്യമുണ്ടായിരുന്നതിനാൽ നെഹ്റുവിൻെറ മുഖത്തുനിന്നു പുറപ്പെടുന്നതുതന്നെ നേരിട്ടു മനസ്സിലാക്കാൻ കൂടുതൽ കഴിഞ്ഞിരുന്നു. പോരെങ്കിൽ, അദ്ദേഹത്തിൻെറ പ്രസംഗം ഒഴിച്ചു മറെറല്ലാം മലയാളത്തിലായിരുന്നതിനാലും അവയിൽ പലതു നെഹ്റുവിൻെറ വാദഗതികളെ ആവർത്തിച്ചിരുന്നതിനാലും അതെല്ലാം കുറേക്കൂടി ഉള്ളിൽ പതിഞ്ഞു.

ഇതിൻെറയെല്ലാം ഫലമായി എനിയ്ക്കു ഒരു കാര്യം വ്യക്തമായി മനസ്സിലായി. ഡൊമിനിയൻ പദവിയ്ക്കു പകരം പൂർണ്ണസ്വാതന്ത്ര്യത്തിന്നുവേണ്ടി വാദിക്കുന്നവരുടെ നേതാവ് മാത്രമല്ല നെഹ്റു. പിന്നെയോ? സാമൂഹികവും സാംസ്കാരികവുമായ രംഗങ്ങളിലെല്ലാം സമൂലപരിവർത്തനങ്ങൾ വരുത്തി ഒരു വമ്പിച്ച വിപ്ലവം നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന ഒരു നേതാവു് കൂടിയാണദ്ദേഹം.

ഇതു സ്വാഭാവികമായും എന്നെ വളരെ ആകർഷിച്ചു. എന്തുകൊണ്ടെന്നാൽ, എൻെറ ബുദ്ധിപരവും വികാരപരവുമായ പരിവർത്തനത്തിൻെറ ഒരു പ്രധാനഘട്ടമായിരുന്നു അതു്. ഏഴെട്ടു കൊല്ലക്കാലമായി ഗാന്ധിയൻ ചിന്താഗതി ഉൾക്കൊള്ളാൻ തുടങ്ങിയിരുന്ന എനിയ്ക്കു് ആ ചിന്താഗതിയിൽ ചില അപൂർണ്ണതകളുണ്ടെന്നു തോന്നിക്കൊണ്ടിരുന്നു. രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ആവേശകരമായ നേതൃത്വം നൽകുന്നതാണെങ്കിലും സാമൂഹ്യ—സാംസ്കാരിക പ്രശ്നങ്ങളുടെ കാര്യത്തിൽ ആ പങ്കു നിറവേററാൻ ഗാന്ധിസത്തിന്നു കഴിയുന്നില്ലെന്നു എനിക്കു തോന്നിയിരുന്നു. ജാതി, കുടുംബം, വിവാഹബന്ധങ്ങൾ, ആചാരനടപടികൾ മുതലായ കാര്യങ്ങളിൽ മിതമായ ചില പരിഷ്കാരങ്ങൾ മാത്രമല്ല

സമൂലവും വിപ്ലവകരവുമായ മാററങ്ങൾതന്നെ വരണമെന്നു വിശ്വസിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ പരിമിതമായ ഒരു രംഗത്തു്—ഞാൻ ജനിച്ച ജാതിയിലെ ആചാരനടപടികൾ മാററിത്തീക്കുക എന്ന രംഗത്തു്—ചുരുങ്ങിയ തോതിലെങ്കിലും പ്രവത്തിക്കുകയും ചെയ്തിരുന്ന ഒരാളാണു് ഞാൻ. ഇക്കായ്യത്തിൽ കായ്യക്ഷമമായ യാതൊരു നേതൃത്വവും നൽകാൻ ഗാന്ധിയൻ ചിന്താഗതിയ്ക്കു കഴിയുകയില്ലെന്നാണെനിയ്ക്കു തോന്നിയതു്. ഇക്കായ്യങ്ങളിലെല്ലാം എനിക്കു കൂടുതൽ ആകർഷകമായി തോന്നിയിരുന്ന ചിന്താഗതിയ്ക്കു രൂപം നൽകിയിരുന്നവരാകട്ടെ, ഗാന്ധിയൻ നേതൃത്വത്തിലുള്ള ദേശീയപ്രസ്ഥാനത്തിന്നെതിരുമായിരുന്നു.

സാംസ്കാരികരംഗത്തും എൻെറ സമീപനം മൗലികമായി മാറിക്കൊണ്ടിരുന്ന ഒരു സന്ദർഭമാണതു്. മതവിശ്വാസപരമായ സമീപനത്തിൽനിന്നു നിരീശ്വരത്വത്തിലേക്കും ഭൗതികവാദത്തിലേക്കും മാറിക്കൊണ്ടിരിക്കുകയായിരുന്നു ഞാൻ അന്നു്. ഇവിടെയും ഗാന്ധിയൻ ചിന്താഗതി എന്നെ ഒരു വിധത്തിലും സഹായിച്ചില്ല.

ഈ രണ്ടു കായ്യങ്ങളിലും എനിയ്ക്കു സഹായകരമായി തോന്നിയ ആശയപരമായ നേതൃത്വം എനിയ്ക്കു കിട്ടിയിരുന്നതു് കേരളത്തിൽതന്നെയുള്ള സാമൂഹ്യപരിഷ്ക്കത്താക്കളും യുക്തിവാദികളുമായ ഒരു വിഭാഗത്തിൽനിന്നായിരുന്നു. ഇതിലേററവും പ്രധാനമായ സ്ഥാനം വഹിച്ചിരുന്നതു് സഹോദരൻ അയ്യപ്പനും അദ്ദേഹത്തെപ്പോലെ ചിന്തിക്കുന്നവരുമായിരുന്നു. അതുകൊണ്ടു് സാമൂഹ്യ—സാംസ്കാരിക രംഗങ്ങളിൽ ഇവരുടേയും, രാഷ്ട്രീയരംഗത്തു ഗാന്ധിജിയുടേയും നേതൃത്വമംഗീകരിയ്ക്കുകയെന്ന നിലപാടിലാണു് ഞാൻ അന്നു നിന്നിരുന്നതു്.

ഇതിന്നു മാററം വരുത്തിയ പല ഘടകങ്ങളിലൊന്നു് ജവഹർലാൽ നെഹ്റുവാണെന്നു ഉറപ്പിച്ചു പറയാം. രാഷ്ട്രീയ രംഗത്തെന്നപോലെതന്നെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലും വിപ്ലവപരമായ നിലപാടെടുക്കാമെന്നുമാത്രമല്ല, ഓരോ രംഗത്തുമുള്ള വിപ്ലവ

പ്രവർത്തനം മററെല്ലാ രംഗങ്ങളിലുമുള്ള പ്രവർത്തനത്തെ സഹായിക്കുകകൂടി ചെയ്യുമെന്നു എനിക്കു കാണാൻ കഴിഞ്ഞു. ഇതിൻെറ ഒരു തുടക്കമായിരുന്നു പയ്യന്നൂർ സമ്മേളനം. അതിനെ തുടന്നു നെഹ്റുവിൻെറ പ്രസംഗങ്ങളും ലേഖനങ്ങളും മററും വായിച്ചു പഠിച്ചു മനസ്സിലാക്കുന്നതിൽ സവിശേഷശ്രദ്ധ ഞാൻ പതിപ്പിക്കാൻ തുടങ്ങി. ഇതെൻെറ മാനസികപരിവർത്തനത്തെ ത്വരിതപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്തു.

നെഹ്റുവിൻെറ പ്രസംഗങ്ങളിൽനിന്നും ലേഖനങ്ങളിൽനിന്നും എനിയ്ക്കു് ഒരു പുതിയ ആശയം കിട്ടി. മററു രംഗങ്ങളിലെന്നപോലെ സമ്പദ്ഘടനയുടെ രംഗത്തും സമൂലമായ ഒരു പരിവത്തനം ഒഴിവാക്കാൻ വയ്യാത്തതാണു്. ഈ പരിവത്തനത്തിൻെറ പൊതുരൂപമാണു് സോഷ്യലിസം.

സോഷ്യലിസം എന്ന വാക്കു കേൾക്കുക, ആ വാക്കുകൊണ്ടു് സൂചിപ്പിക്കുന്ന സാമ്പത്തികപരിവത്തനങ്ങൾ വന്നുകഴിഞ്ഞ ഒരു രാജ്യമാണു സോവിയററ് റഷ്യയെന്നു് മനസ്സിലാക്കുക—ഇതിൽക്കവിഞ്ഞ മറെറാന്നും അന്നെനിക്കു നെഹ്റുവിൽനിന്നു കിട്ടിയില്ല, എങ്കിലും എനിയ്ക്കുതേവരേ കാണാൻ കഴിയാതിരുന്ന പുതിയൊരു ഘടകം—അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സാമ്പത്തികസ്വാതന്ത്ര്യം—കൂടി ഉൾപ്പെടുന്ന ഒന്നാണു ഇന്ത്യയുടെ പൂൎണ്ണസ്വാതന്ത്ര്യമെന്നു എനിയ്ക്കു മനസ്സിലായി. അതായതു് സാമൂഹ്യവും രാഷ്ട്രീയവും, സാംസ്കാരികവുമായ രംഗങ്ങളിലെന്നപോലെതന്നെ സാമ്പത്തികരംഗത്തും സമൂലവും വിപ്ലവകരവുമായ മാററങ്ങൾ വരുത്തുകയെന്നതു് ഇന്ത്യൻ വിപ്ലവകാരികളുടെ കടമയാണു്.

ഇതിനെ തുടർന്നു സോഷ്യലിസത്തെക്കുറിച്ചും സോവിയററ് റഷ്യയെക്കുറിച്ചും കമ്മ്യൂണിസത്തെക്കുറിച്ചും കൂടുതൽ വായിക്കാനും പഠിക്കാനും ഞാൻ ശ്രദ്ധിച്ചു. ഇതിൻെറയെല്ലാം ഫലമായാണു് പിന്നീടു് ഞാൻ ഒരു സോഷ്യലിസ്റ്റു കമ്മ്യൂണിസ്റ്റുമായിത്തീന്നതെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് പിന്നീടു് സോഷ്യലിസത്തെ

സംബന്ധിച്ച് നെഹ്റുവിന്നുള്ള ആശയങ്ങൾ അപൂർണ്ണവും തെററായതുമാണെന്നെനിക്കു ബോധ്യപ്പെട്ടു. എങ്കിലും അന്നത്തെ ഘട്ടത്തിൽ—ഒരു സാധാരണ ദേശീയവാദിയെന്ന നിലപാടിൽനിന്നു ഒരു സോഷ്യലിസ്റ്റ് എന്നതിലേക്ക് ഞാൻ മാറാൻ തുടങ്ങിയ ഒരു ഘട്ടത്തിൽ—എൻെറ ബുദ്ധിപരവും വികാരപരവുമായ വളർച്ചയെ ഏററവുമധികം സഹായിച്ച വ്യക്തി ജവഹർലാൽ നെഹ്രുവാണ്. ഈയർത്ഥത്തിൽ സോഷ്യലിസത്തിൻെറ ആദ്യപാഠങ്ങൾ അദ്ദേഹത്തിൽനിന്നാണു ഞാൻ പഠിച്ചതെന്നു പറയാൻ മടിക്കേണ്ടതില്ല.

അതുകൊണ്ട് സ്വാഭാവികമായും ജവഹർലാൽ നെഹ്രുവിൻെറ അദ്ധ്യക്ഷ്യത്തിൽ കൂടുന്ന ലാഹോർകോൺഗ്രസ്സ് എന്നെ ആവേശഭരിതനാക്കി. ഞാൻ വിലമതിക്കുന്ന ആദശ്ങ്ങളുടേയും ചിന്താഗതികളുടേയും പ്രതിനിധിയായി നില്ക്കുന്ന ഏകവ്യക്തിയായ എൻെറ ആരാധ്യപുരുഷൻ പൂർണ്ണസ്വാതന്ത്ര്യത്തിന്നു വേണ്ടിയുള്ള ദേശീയസമരത്തെ നയിക്കാൻ പോവുകയാണ്. അദ്ദേഹത്തിൻെറ ഓരോ പ്രസംഗവും ഞാൻ ആർത്തിയോടെ വായിച്ചു. അദ്ദേഹത്തിൻെറ നീക്കങ്ങളിലോരോന്നും ഞാൻ ശ്രദ്ധിച്ചു. അദ്ദേഹത്തെപ്പററി പറഞ്ഞു കേട്ടിരുന്ന അത്ഭുതകഥകൾ—ശരിയായതെന്നപോലെ തെററായതും—മുഴുവൻ ഞാൻ വിശ്വസിച്ചു.

ഈ സമീപനത്തോടെയാണ് 1931-ൽ നെഹ്രുവിൻെറ ഒരു ലഘുജീവചരിത്രഗ്രന്ഥം ഞാൻ എഴുതിയതു്. എൻെറ ജീവിതത്തിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട ലഘുഗ്രന്ഥമാണിതു്, അതിനാൽ ഞാൻ പ്രകടിപ്പിച്ച ഭക്തിബഹുമാനാദരങ്ങൾ അതേ രൂപത്തിലും ഭാവത്തിലും ഞാനിന്നു പ്രകടിപ്പിക്കുകയില്ലെന്നു വ്യക്തമാണ്. ദേശീയപ്രസ്ഥാനത്തിന്നു നെഹ്രു നൽകിയ സംഭാവനയെ വിലയിരുത്തുന്ന കാര്യത്തിൽ എനിക്കന്നുണ്ടായിരുന്ന സമീപനമല്ല ഇന്നുള്ളതെന്നു പറയേണ്ടതില്ല. എന്നാൽ എൻെറ ബുദ്ധിപരമായ വളർച്ചയുടെ നിർണ്ണായകഘട്ടത്തിൽ അതിന്നു രൂപം നല്കിയ നേതാവെന്ന നിലക്കു തികഞ്ഞ ബഹുമാനാദരങ്ങളോടുകൂടിത്തന്നെയാണ് ഇന്നും ഞാൻ അദ്ദേഹത്തെ വീക്ഷിക്കുന്നതു്. അതുകൊണ്ടാണ്

പ്രധാനമന്ത്രിനിര്യാതനായെന്ന വിവരം അറിയിച്ചുകൊണ്ട് എൻെറ പ്രതികരണം ആരാഞ്ഞ പി. ടി. ഐ. പ്രതിനിധിയോടു മദിരാശി വിമാനത്താവളത്തിൽവെച്ചു ഞാനിങ്ങനെ പറഞ്ഞു:

''ഈ നഷ്ടം നമ്മുടെ നാട്ടിലെ ജനങ്ങൾക്കു മാത്രമല്ല, ലോകത്തിലെങ്ങും അനുഭവപ്പെടുന്നതായിരിക്കും. എന്നാൽ ഞങ്ങളിൽ ചിലരെ സംബന്ധിച്ചിടത്തോളം ഈ നഷ്ടം അതിലുമെത്രയോ കൂടുതൽ യഥാർത്ഥമാണ്. കാരണം, അദ്ദേഹത്തിൻെറ നേതൃത്വത്തിൻ കീഴിലാണ് ഞങ്ങൾ ഞങ്ങളുടെ രാഷ്ട്രീയജീവിതം തുടങ്ങിയതു്. ഈ അർത്ഥത്തിൽ ഞങ്ങളുടെതന്നെ ഒരു ഭാഗം നഷ്ടപ്പെട്ടതായി ഞങ്ങൾക്കു തോന്നുന്നു''.

ഏതാനും വർഷങ്ങൾക്കകത്തു് നെഹ്റുവിൻെറ സോഷ്യലിസ്ററ് ചിന്താഗതിയിലും അപൂർണ്ണതകളുള്ളതായി, മററു പല നെഹ്റു ഭക്തന്മാരെയും പോലെ, എനിക്കും തോന്നി. യാഥാർത്ഥ്യം പറകയാണെങ്കിൽ തികഞ്ഞ ഒരു ''നെഹ്റു ഭക്ത''നായി ഞാൻ കഴിഞ്ഞുകൂടിയതു് ഏഴെട്ടു കൊല്ലക്കാലത്തുമാത്രമാണ്_1928 മുതൽ 1935—36 വരെ.

സോഷ്യലിസമെന്ന ഒരു ലക്ഷ്യമംഗീകരിച്ചാൽ മാത്രം പോരാ, അതിനൊത്ത സാമ്പത്തികപരിവർത്തനങ്ങളുടെ വ്യക്തമായ ഒരു ചിത്രം വരച്ചാൽ മാത്രം പോരാ, അതു നടപ്പിൽ വരുത്താൻ പററുന്ന ഒരു പ്രവർത്തനപദ്ധതിയും സംഘടനാരീതിയും ആവിഷ്ക്കരിക്കുകകൂടി ചെയ്യേണ്ടിയിരിക്കുന്നു എന്നു ഞങ്ങൾക്കു തോന്നി. ഇതിനുള്ള ഒരു തുടക്കമെന്ന നിലക്കാണ് 1934-ൽ ഞങ്ങളെല്ലാം ചേന്നു കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചതു്.

അന്നു ഞങ്ങൾക്കുണ്ടായിരുന്ന ധാരണയുടെ കേന്ദ്രമായി നിന്നിരുന്നതു് ഇതാണ്—സോഷ്യലിസമെന്ന ലക്ഷ്യത്തെയും അതു പ്രയോഗത്തിൽ വരുത്താനാവശ്യമായ പ്രായോഗികപ്രവർത്തനത്തെയും സംഘടനയേയുമെല്ലാം എതിക്കുന്ന ഒരു നേതൃത്വമാണ് കോൺഗ്രസ്സിൻെറ തലപ്പത്തിരിക്കുന്നതു്. എന്നാൽ കോൺഗ്രസ്സിലെ സാധാരണ

മെമ്പർമാരിൽ ബഹുഭൂരിപക്ഷവും സോഷ്യലിസത്തിന്നനുകൂലികളാണ്. ഈ സ്ഥിതിയ്ക്ക സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ്സിനകത്തു വാശിയേറിയ ഒരു സമരം നടക്കം. അതിൽ സോഷ്യലിസ്റ്റ് ശക്തികഠം വിജയം നേടണമെങ്കിൽ അവ പ്രത്യേകമായി സംഘടിച്ചു നിന്നു എതിർശക്തികളെ തോല്പിക്കണം.

ജവഹർലാൽ നെഹ്റു ഇതിനോടു യോജിച്ചില്ല. സോഷ്യലിസ്റ്റ് ലക്ഷ്യം, അതിനെ ആസ്പദിച്ചു ആവിഷ്കരിക്കേണ്ട സാമ്പത്തികവും രാഷ്ട്രീയവുമായ നയങ്ങഠം മുതലായ പല കാര്യങ്ങളിലും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽപ്പെട്ട ഞങ്ങഠംക്കണ്ടായിരുന്ന അതേ അഭിപ്രായങ്ങളും സമീപനവുമാണ് അദ്ദേഹത്തിനുമുണ്ടായിരുന്നതു്. ആ സ്ഥിതിയ്ക്ക് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയോടു അദ്ദേഹത്തിന്നനുഭാവമുണ്ടായിരുന്നു, അദ്ദേഹത്തോടവക്കു ബഹുമാനവും. അതുകൊണ്ട് നെഹ്റു പ്രസിഡണ്ടായപ്പോഠം (ലഖ്നൌ—ഫൈസ്പൂർ സമ്മേളനങ്ങഠംക്കശേഷം) ജയപ്രകാശ് നാരായണൻ മുതലായ സോഷ്യലിസ്റ്റ്കാരെ കോൺഗ്രസ്സ് പ്രവത്തകകമ്മിററിയിലേക്കെടുക്കുകയും ചെയ്തു. എന്നാൽ കോൺഗ്രസ്സിന്നകത്തുപോലും സോഷ്യലിസ്ററുകാർ പ്രത്യേകമായി സംഘടിക്കുന്നതിന്നു പകരം മററു സാധാരണ കോൺഗ്രസ്സ്കാരെപ്പോലെ കോൺഗ്രസ്സ് സാംഘടനസ്സുകത്തു നന്നായി പ്രവത്തിച്ചു കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുകയാണ് വേണ്ടതെന്ന നിലപാടാണദ്ദേഹമെടുത്തതു്.

1934-35 മുതൽ 1954 വരെ ഇതേ നിലപാടിൽ തന്നെയാണ് നെഹറു നിന്നതു്. കോൺഗ്രസ്സ് അല്ലാതെ മറെറാരു രാഷ്ട്രീയ സംഘടനയെക്കുറിച്ചു ചിന്തിക്കാൻപോലും അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നില്ല. എന്തെന്തു വിപ്ലവപരമായ ആശയങ്ങളുണ്ടായിരുന്നാലും അതെല്ലാം കോൺഗ്രസ്സിൽ കൂടെയേ പ്രചരിപ്പിക്കാനും നടപ്പിൽ വരുത്താനും കഴിയുകയുള്ളുവെന്നു അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

എന്നെപ്പോലുള്ളവരാകട്ടെ, കോൺഗ്രസ്സ് — സോഷ്യലിസ്റ്റ് പാർട്ടി രൂപവൽക്കരിച്ച കാലത്തെ ഞങ്ങളുടെ ചിന്താഗതി പോലും അപൂർണ്ണമായിരുന്നു എന്ന നിലപാടിലേയ്ക്കാണ് നീങ്ങിയത്. കോൺഗ്രസ്സിന്നകത്തുള്ള സോഷ്യലിസ്റ്റുകാർ ഒരു പ്രത്യേക സംഘടന രൂപീകരിക്കണോ, വേണ്ടയോ എന്നതിനേക്കാൾ പ്രധാനമായ പ്രശ്നം യഥാർത്ഥ സോഷ്യലിസ്ററു ശക്തികളുടെ നേതൃത്വം വഹിക്കുന്നൊരു മാർഗ്ഗമുണ്ടോ എന്നതാണ്. അതിന്ന് അതിൻെറ സ്വന്തമായ ഒരു രാഷ്ട്രീയപാർട്ടി ഉണ്ടാവണോ വേണ്ടയോ എന്നതാണ്. ഈ അടിസ്ഥാനത്തിൽ വിവിധ വർഗ്ഗങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതും അതേ അവസരത്തിൽ മുതലാളി വർഗ്ഗത്തിൻെറ നേതൃത്വത്തിലിരിക്കുന്നതുമായ കോൺഗ്രസ്സിന്നകത്തുള്ള സോഷ്യലിസ്ററു ചിന്താഗതിക്കാർ അവരുടെ സംഘടന പ്രത്യേകമായി രൂപീകരിക്കുന്നതിന്നു പകരം—അല്ലെങ്കിൽ അതോടൊപ്പമെങ്കിലും—തൊഴിലാളി വർഗ്ഗത്തിൻെറ സ്വന്തമായ ഒരു രാഷ്ട്രീയപാർട്ടി (കമ്യൂണിസ്ററ് പാർട്ടി) രൂപീകരിച്ച് ശക്തിയായി പ്രവർത്തിക്കണമെന്ന തീരുമാനത്തിൽ ഞങ്ങളെത്തിച്ചേർന്നു.

ഇതോടെ എന്നേപ്പോലുള്ളവർക്ക് ജവഹർലാൽ നെഹ്രുവിനോടുള്ള സമീപനത്തിൽ മൗലികമായ മാററം വന്നു. 1927–28 മുതൽ 1934–35 വരെ എന്ന പോലെ എനിയ്ക്കദ്ദേഹം ഒരാരാധ്യ പുരുഷനല്ലാതായിത്തീർന്നു. പല കാര്യത്തിലും പരസ്പരം എതിർക്കുന്ന രണ്ടു രാഷ്ട്രീയ ചേരികളിൽ നിലയുറപ്പിച്ചവർ എന്ന തരത്തിലുള്ള ബന്ധമാണ് കമ്യൂണിസ്ററ്കാരും അദ്ദേഹവും തമ്മിലുണ്ടായത്.

വ്യക്തിപരമായി എന്നെപ്പററി പറയുകയാണെങ്കിൽ അദ്ദേഹവുമായി നേരിട്ടിടപഴകാൻ എനിയ്ക്കു ഭാഗ്യം സിദ്ധിച്ചതു് 1957–59 കാലഘട്ടത്തിലാണ്. അതിന്നു മുമ്പും ചില സന്ദർഭങ്ങളിൽ ഞാൻ അദ്ദേഹവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കത്തയച്ചു കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കകത്തുതന്നെ അദ്ദേഹത്തിൻെറ മറുപടി കിട്ടുകയെന്ന അനുഭവം മററു പലരേയും പോലെ എനിയ്ക്കു

മുണ്ടായിട്ടുണ്ട്. ഇതിലൊരു കത്തു് പ്രധാനമായി എടുത്തുപറയാൻ തോന്നുന്നു. 1937-ലാണ്, കെ. പി. സി. സിയുടെ സംഘടനാ സിക്രട്ടറിയായി വർത്തിക്കുന്നതിനിടക്കു നാട്ടുരാജ്യങ്ങളിൽ കോൺഗ്രസ്സ് സംഘടന രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ചു് അന്നു് കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന നെഹ്റുവിന്നു ഞാനൊരു കത്തെഴുതി. അതിന്നു ഉടനെ മറുപടി കിട്ടിയെന്നു മാത്രമല്ല, അക്കാര്യത്തിൽ എന്റെ നിലപാട് ശരിയാണെന്നു പറയുന്ന ഒരു മറുപടിയായിരുന്നുതാനും അതു്.

ഇതുകഴിഞ്ഞു ഏതാനും ദിവസങ്ങൾക്കകത്തു് തൃശ്ശൂർവെച്ചു് ഡോ. പട്ടാഭിയുടെ അദ്ധ്യക്ഷതയിൽ ഒരു സമ്മേളനം നടന്നപ്പോൾ ഞാൻ നെഹ്റുവിന്റെ കത്തു് അദ്ധ്യക്ഷനെ കാണിക്കുകയും അദ്ദേഹമതു് സമ്മേളനത്തിൽ വായിക്കുകയും ചെയ്തു. വലതുപക്ഷ കോൺഗ്രസ്സ് നേതാക്കന്മാരിൽ പലർക്കും നെഹ്റുവിന്റെ ഈ കത്തു് ഇഷ്ടപ്പെട്ടില്ല.

എന്നാൽ ഈ കാലത്തൊന്നുംതന്നെ എന്നെ വ്യക്തിപരമായി അദ്ദേഹത്തിന്നറിയാമായിരുന്നില്ല. അതുകൊണ്ടു് 1957-ൽ മുഖ്യമന്ത്രി എന്ന നിലക്കു് ദെൽഹിയിൽപോയി ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ കുശലപ്രശ്നങ്ങൾക്കു ശേഷം ആദ്യം പറഞ്ഞതു് ''നിങ്ങളെപ്പററി ചിലതു് എനിക്കു പറഞ്ഞു തരൂ'' എന്നാണ്.

1957-59 കാലഘട്ടത്തിൽ അദ്ദേഹവുമായി വളരെ അടുത്തിടപഴകാൻ എനിക്കു കഴിഞ്ഞുവെന്നതു് നേരാണ്. എന്നാൽ പരസ്പരം മത്സരിക്കുന്ന രണ്ടു പാർട്ടികളുടെ പ്രതിനിധികളായിരുന്നു ഞങ്ങൾ. ആ നിലക്കു് എത്ര അടുത്തു് ഇടപഴകുമ്പോഴും സ്വാഭാവികമായുണ്ടാകാനിടയുള്ള ഒരകൽച്ചയോടുകൂടിയ ബന്ധമാണ് ഞങ്ങൾ തമ്മിൽ ഉണ്ടാവുക എന്നു പറയേണ്ടതില്ലല്ലോ. ഇതും കമ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചു് അദ്ദേഹം പരസ്യമായി പ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങളുമെല്ലാം അദ്ദേഹത്തെക്കുറിച്ചു് 1927-35 കാലഘട്ടത്തിൽ എനിയ്ക്കുണ്ടായിരുന്നതിൽനിന്നു ഭിന്നമായ ഒരു വികാരം സൃഷ്ടിച്ചു.

എന്നാൽ, 1935_36 മുതൽ 1964 വരെയുള്ള കാലഘട്ടത്തിൽ പ്പോലും ഇന്ത്യയുടെ ബഹുമാന്യനേതാക്കന്മാരിൽവെച്ച് ഏററവും ഉയന്ന ഒരു വ്യക്തി എന്ന നിലയ്ക്ക് അദ്ദേഹം ചെയ്ത സേവനം വില മതിയ്ക്കാതിരിയ്ക്കുവാനെനിയ്ക്കുവയ്യ. സോഷ്യലിസത്തിന്നുവേണ്ടിയുള്ള സമരവും അതിൽ വർഗ്ഗങ്ങറാംക്കുള്ള പങ്കും സംബന്ധിച്ച അദ്ദേഹത്തിൻെറ തെററായ ധാരണയ്ക്കു വിധേയമായി ചെയ്യാൻ കഴിയുന്നതിൻെറ പരമാവധി പുരോഗമനപരവും നവീനവും ജനാധിപത്യപരവുമായ ഒരു നിലപാടംഗീകരിക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞിട്ടുണ്ട്. ഇതിൻെറ ഫലമായാണ് പാകിസ്ഥാൻ മുതലായ മററു രാജ്യങ്ങളിൽനിന്നു ഭിന്നമായി ഇന്ത്യ ചേരിചേരാനയവും വ്യവസായവല്ക്കരണവും മററും അംഗീകരിച്ചിട്ടുള്ളതു്. ഈ നിലയ്ക്കും ഇന്നുമെന്നും അദ്ദേഹം ബഹുമാനിക്കപ്പെടും. അതുകൊണ്ടാണ് ''നെഹറുവിന്നു ശേഷം എന്തു് ?'' എന്ന ഉൽക്കണ്ഠാപൂർവ്വമായ ചോദ്യം ചോദിക്കുന്നതിൽ ഞാനും പങ്കു കൊള്ളുന്നതു്.

—ഇം. എം. എസ്. നമ്പൂതിരിപ്പാട്

❋ ❋ ❋

ഏഴ്

# ക്രൈസ്തവാദർശം മലയാളസാഹിത്യത്തിൽ

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവമതം കാലൂന്നിയ കാലത്തെപ്പററി പഴയ ചരിത്രകാരന്മാർക്ക് എന്താണോ പറയാനുണ്ടായിരുന്നത്, ഏറെക്കുറെ അതുതന്നെയേ പുതിയ ചരിത്രകാരന്മാർക്കും ആ വിഷയത്തെപ്പററി പ്രസ്താവിക്കാനുള്ളു. ചരിത്രകാരന്മാരുടെ പഴയ കുലപതികളിൽ ഒരാളായ എഡ്വാർഡ് ഗിബ്ബൺ തന്റെ റോമാസാമ്രാജ്യചരിത്രത്തിൽ, ക്രിസ്തുമതത്തിന്റെ ആദിമകഥകൾ വർണ്ണിക്കുന്ന ആ പ്രസിദ്ധമായ അദ്ധ്യായത്തിൽ, ഇന്ത്യയിൽ ക്രിസ്തുമതം ഒന്നാമതായി പ്രചരിപ്പിച്ച തോമസ് പുണ്യവാളന്റെ 'പൗരാണികാപദാനം' (Legend of antiqiuity) വിവരിക്കുന്നുണ്ട്.[1] ഭാരതീയ ചരിത്രത്തിന്റെ ഏററവും പുതിയ ഉപജ്ഞാതാക്കളിൽ ഒരാളായ എ. എൽ. ബഷാം, 'ഭാരതം എന്ന ആ വിസ്മയം' എന്ന പ്രശസ്ത ഗ്രന്ഥത്തിൽ ഇതിൽ കൂടുതലൊന്നും പറഞ്ഞു കാണുന്നില്ല. ''വളരെ

പഴയ ഒരു ഐതിഹ്യം നമുക്ക് വിശ്വസിക്കാമെങ്കിൽ'' ക്രിസ്തുവിന്റെ ശിഷ്യനായ തോമസ്തന്നെയാണ്, കുരിശാരോഹണം കഴിഞ്ഞയുടനെ ഇന്ത്യയിൽ മതപരിവർത്തനം നടത്തി ആദ്യത്തെ ക്രിസ്ത്യാനികളെ ഉണ്ടാക്കിയതു്'''2 എന്നേ അദ്ദേഹം പറയുന്നുള്ളു. ആ പുസ്തകത്തിൽ പലേടത്തും കാണുന്ന മററു പരാമർശങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നതു്, ''വളരെ പഴയ ഒരു ഐതിഹ്യം നമുക്ക് വിശ്വസിക്കാമെങ്കിൽ'' എന്ന വാക്യാംശത്തിലെ അൽശങ്കയെ ബഹുമാനം കാര്യമായിട്ടെടുത്തിട്ടില്ലെന്നും അതൊരു ചരിത്രകാരന്റെ അലങ്കാരപ്രയോഗം മാത്രമാണെന്നുമാണ്. ഇന്ത്യയിലെ ക്രിസ്തുമതത്തിന്റെ ആധികാരികമായ ചരിത്രഗ്രന്ഥം രചിച്ച ജോർജ്ജ് മാക്ക് മൊറെയിസ്സ് ആ പുസ്തകം തുടങ്ങുന്നതുതന്നെ ഈ ഐതിഹ്യത്തിന്റെ തുമ്പത്തു് ചവിട്ടി നിന്നുകൊണ്ടാണ് — സെയിൻറ് തോമസ്സിന്റെ നാമത്തോടൊപ്പം സെയിൻറ് ബാർതലോമ്യൂറിന്റെ നാമവും ഭാരതത്തിലെ ക്രൈസ്തവോദയത്തോടു് ചേർത്തുകൊണ്ടു് അദ്ദേഹം ഉച്ചരിക്കുന്നുണ്ടെങ്കിലും.3 രണ്ടാമതു് പറയപ്പെട്ട പുണ്യവാളന്റെ മതപ്രചാരണപ്രസ്ഥാനം കുറേക്കഴിഞ്ഞപ്പോൾ നാമാവശേഷമായിത്തീർന്നതിനാൽ, ഇന്ത്യയുടെ ചരിത്രചക്രവാളത്തിൽ ക്രൈസ്തവപ്രകാശത്തിന്റെ ഉദയാചലമായി ഇന്നു തെളിഞ്ഞുനില്ക്കുന്നതു് തോമസ് ഡൈഡിമസ് എന്ന ഒരേയൊരു പുണ്യവാളന്റെ പേരാണ്. സംശയാലുക്കൾ ചരിത്രകാരന്മാർക്കിടയിൽ അങ്ങിങ്ങുണ്ടാവാം.4 പക്ഷേ, ചരിത്രത്തേക്കാൾ ദൃഢവും പ്രാമാണികവുമെന്നു് വിശേഷിപ്പിക്കപ്പെടുന്ന ഈ പുണ്യവാളന്റെ ഐതിഹ്യത്തെ സ്ഥാനഭ്രഷ്ടമാക്കാൻപോരുന്ന ഒരു വാദവും ഇന്നു് നിലവിലില്ലെന്നുതന്നെ സമ്മതിക്കണം.

ഈ അപദാനമുൾക്കൊള്ളുന്ന സുദീർഘപാരമ്പര്യത്തിന്റെ അവകാശികളായ കേരളീയക്രിസ്ത്യാനികൾക്ക്, അതിൽനിന്നു് പല സവിശേഷതകളും സിദ്ധിക്കുന്നുണ്ട്. ഒന്നാമതു്, മതചരിത്രത്തിന്റെ പൗരാണികത്വം മുൻനിർത്തിയുള്ള സ്വാഭാവികമായ വംശാഭിമാനം. ഇന്ത്യയിലെന്നല്ല ലോകത്തിൽത്തന്നെ ക്രൈസ്തവർക്കിടയിൽ മുന്തിയ സ്ഥാനം പാരമ്പര്യത്തിന്റെ പേരിൽ കേരളീയ ക്രിസ്ത്യാനികൾക്കുണ്ട്,

റോമാസാമ്രാജ്യത്തിൽപ്പോലും ക്രൈസ്തവമതം പ്രതിഷ്ഠിതമായതു് മഹാനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലത്താണ്— ക്രി. പി. 4–ാം നൂററാണ്ടിൽ. കേരളത്തിൽ അതിനു മുമ്പുതന്നെ സഭ ഉറച്ചിരുന്നു. പിന്നീടും ഇന്ത്യയെ കീഴടക്കിഭരിച്ച ഇംഗ്ലീഷുകാർ പ്രാകൃതാരാധകരായി നടക്കുന്ന കാലത്തു തങ്ങൾക്കു് ശ്രേഷ്ഠമായ സഭാപാരമ്പര്യം അവകാശപ്പെടാൻ കഴിഞ്ഞിരുന്നുവെന്ന അഭിമാനം കേരളത്തിലെ ക്രിസ്ത്യാനിയെ എന്നും ആത്മീയമായി പ്രചോദിപ്പിക്കാതിരിക്കില്ല; പ്രചോദിപ്പിച്ചിട്ടുമുണ്ടു്. മലങ്കരസഭയുടെ പൗരാണിക പദവി ലഭിക്കാൻ കൊതിക്കാത്ത ഒരു ക്രൈസ്തവസഭയുമില്ലെന്നുവരെ ഡോ. പൊടിപാറ എഴുതിയിരിക്കുന്നു: ''ക്രിസ്തുമതത്തോളം തന്നെ പ്രായം ഭാരതീയക്രിസ്തുമതത്തിന്നും ഉണ്ടു്''.[5] ലോകചരിത്രം അവലോകനം ചെയ്യവെ, ജവഹർലാൽ നെഹ്റുപോലും ഈ പുരാതനതത്വത്തെ പേർത്തു് ആശ്ചര്യപ്പെടുന്നുണ്ടു്.''[6] മുൻ രാഷ്ട്രപതിമാരും ചിന്തകരുമായ രാജേന്ദ്രപ്രസാദും രാധാകൃഷ്ണനും ഇതേ വികാരം പ്രകടിപ്പിക്കുകയുണ്ടായി.

ചരിത്രപരമായ പൂർവ്വികത ഉദ്ദീപിപ്പിക്കുന്ന വികാരപരതയെക്കാൾ ശ്രദ്ധാർഹങ്ങളായ വേറെ സവിശേഷതകളും ക്രൈസ്തവകേരളത്തിന്നു് അവകാശപ്പെട്ടിരിക്കുന്നു. ക്രിസ്തുമതം, ദേശീയമായ ഉല്പത്തിയിൽ, മറേറതു് പ്രധാന മതവുംപോലെ ഏഷ്യയുടേതാണു്. പക്ഷേ, പതിനഞ്ചാം നൂററാണ്ടിനുശേഷം പോർത്തുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നീ പാശ്ചാത്യദേശക്കാരിലൂടെ ഇന്ത്യയിലേയ്ക്കു കടന്നുവന്ന ക്രിസ്തുമതം ഇവിടത്തെ ജനങ്ങളുടെ മനസ്സിൽ ഒരു പടിഞ്ഞാറൻ പ്രസ്ഥാനമായിട്ടാണു് ഉറച്ചുകൂടിയിരിക്കുന്നതു്. അതുകൊണ്ടു് പതിനഞ്ചാം നൂററാണ്ടിന്നു ശേഷം ഇന്ത്യയിൽ പ്രസരിച്ച ക്രൈസ്തവസഭകളേക്കാൾ ഭാരതത്തോടു് അലിഞ്ഞുചേരാൻ സെയിൻററ് തോമസ്സിൻെറ പുണ്യപാരമ്പര്യമുള്ള കേരളീയ ക്രൈസ്തവ സംഘടനയ്ക്കു് സാധിച്ചു. ഈ അവിസ്മരണീയമായ പൂർവ്വചരിത്രം കണ്ടുകൊണ്ടാണു് ഡോക്ടർ രാധാകൃഷ്ണൻ പ്രഖ്യാപിച്ചതു്: ഇന്ത്യയിൽ ക്രിസ്തുമതം അതിഥിയല്ല, നാട്ടുകാരനാണെന്നു്.

കേരളത്തിലെ ആദ്യകാല കൃസ്ത്യാനി തികഞ്ഞ ദേശീയോദ്ഗ്രഥനം നേടിയെടുത്തിരുന്നു എന്നാലോചിക്കുമ്പോരം വിസ്മയം തോന്നാതിരിക്കില്ല. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെപ്പററി പഠിച്ച ഒരു ലേഖകൻ പറഞ്ഞതു്, അവർ വിശ്വാസത്തിലൊഴികെ മറെറല്ലാററിലും കേരളീയരും ഭാരതീയരുമായിരുന്നുവെന്നാണു്.[7] ഡോ. പി.ജെ. തോമസ് തുറന്നു് ചുരുക്കിയെഴുതി: ''അന്നത്തെ നസ്രാണി സാമൂഹ്യമായി തനി ഹിന്ദുവായിരുന്നു''.[8] ഇവിടത്തെ അന്ധവിശ്വാസങ്ങളും ജാതിസമ്പ്രദായം പോലും അവൻ ജീവിതത്തിൻെറ കൂട്ടരസത്തിൽ, അറിഞ്ഞോ അറിയാതെയോ ഉരംക്കൊണ്ടുപോയി. തങ്ങളുടെ പള്ളിക്കൂടങ്ങളിലും കളരികളിലും അവർ പരദേവതകളെ സ്ഥാപിച്ച് പൂജിച്ച് പോന്നു. ഉദയംപേരൂർ സൂനഹദോസുകൊണ്ടു് നേടിയെടുക്കാൻ ആർച്ച് ബിഷപ്പ് മെനെസിസ് ഉദ്ദേശിച്ച ഒരു കാര്യം ഇത്തരം ആചാരധാരണകളുടെ ഒരു ശുദ്ധീകരണമായിരുന്നല്ലോ. വിശ്വാസശുദ്ധീകരണത്തിന്നു് ഈ സൂനഹദോസ് സഹായിച്ചുവെങ്കിലും മലബാർ സഭയുടെ വ്യക്തിത്വം കളയുന്നതിനുള്ള ഒരു പോർത്തുഗീസ് സമ്മർദ്ദനയമായിരുന്നു അതെന്നു് പ്ലേസിഡ് പൊടിപാറ വാദിക്കുന്നു. പോർത്തുഗീസ് സമ്മർദ്ദത്തിനു് വഴങ്ങാതെ സ്വന്തം വ്യക്തിത്വം സഭ നിലനിർത്തിയിരുന്നില്ലെങ്കിൽ ഇന്ത്യയ്ക്കു ഒരു നിധിതന്നെ നഷ്ടപ്പെട്ടുപോയേനെ എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഇങ്ങനെ വാദിക്കുന്നവർ പലരുണ്ടു്. കേരളത്തിലെ ക്രൈസ്തവരുടെ കവിഞ്ഞ പൗരസ്ത്യസ്വഭാവം ഗിബ്ബൻെറ ശ്രദ്ധയെപ്പോലും ആകർഷിക്കുകയുണ്ടായെന്നു് റോമാചരിത്രത്തിൽ നിന്നു് മുമ്പുദ്ധരിച്ച ആ ഖണ്ഡിക ആകെ വായിച്ചാൽ ആർക്കും വെളിപ്പെടും.

ഈ ആദിഭാരതീയ ക്രൈസ്തവസമൂഹത്തിന്നു് മറെറാരു മേന്മ കൂടി ലഭിച്ചു. ക്രി പി മൂന്നാം ശതകത്തിൽ എഡെസ്സയിൽവെച്ച് ബാർദെസാന എന്ന ഒരു പണ്ഡിതൻ സുറിയാനി ഭാഷയിൽ രചിച്ച 'തോമസ് പുണ്യവാളൻെറ കർമങ്ങരം' എന്ന പുസ്തകത്തിൽ നിന്നാണല്ലോ ആ ക്രിസ്തുശിഷ്യൻെറ പൂർവദേശസഞ്ചാരത്തേയും തുടർന്നു

ണ്ടായ മതപ്രചാരണയത്നങ്ങളേയും പററി നമുക്ക് എന്തെങ്കിലും അറിവു് കിട്ടുന്നതു്. ഇന്ത്യയിൽ ചെന്നു് മതപരിവർത്തനം സംഘടിപ്പിക്കുന്നതിന്നു് സെയിൻറ് തോമസ്സ് നിയുക്തനായപ്പോൾ തൻെറ അശക്തിയെച്ചൊല്ലി അയാൾ വിഷണ്ണനായിത്തീർന്നെന്നും ഇന്ത്യയിലേയ്ക്കൊഴികെ മററവിടേയും താൻ പോയ്ക്കൊള്ളാമെന്നു് അയാൾ ക്രിസ്തുവിനോടു് സ്വപ്നത്തിൽ നിലവിളിച്ചു പറഞ്ഞുവെന്നുമാണു് ബാർദെസാനയുടെ കഥ. ഒടുവിൽ അയാൾക്കു് ഇന്ത്യയിലേയ്ക്കു വരേണ്ട സാഹചര്യങ്ങൾ ഉണ്ടായിത്തീർന്നു. അതെന്തായാലും, സെയിൻറ് തോമസ്സ് ഇന്ത്യയിലേയ്ക്കു് പ്രേഷിതനായി വന്നില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്നും ഇന്ത്യയ്ക്കും വളരെ നഷ്ടമായേനെ. മററു രാജ്യത്തിൽ പോയിരുന്നാലും ഇത്ര ഹൃദ്യമായ സ്വാഗതം രാജാക്കന്മാരിൽനിന്നും ജനങ്ങളിൽനിന്നും ഒരുപോലെ അദ്ദേഹത്തിന്നും അനുയായികൾക്കും ലഭിക്കുമായിരുന്നില്ലെന്നു തീർച്ചയാണു്. റോമിൽ സ്വവിശ്വാസാന്ധരായ നീറോ, ഡയോക്ലിഷ്യൻ തുടങ്ങിയ ഉഗ്രനൃപന്മാർ ഒഴുക്കിയ ആദിക്രൈസ്തവരക്തത്തിന്നു് മൂന്നു ശതാബ്ദത്തിൻെറ നീളംതന്നെ ഉണ്ടായിരുന്നു. മഹാനായ മാർക്സ് ഔറീലിയസ് പോലും ശാന്തബുദ്ധിയോടെ ക്രിസ്ത്യാനികളെ ദ്രോഹിച്ചു. പുണ്യവാളന്മാരായ പീററർ തലകീഴെയായി ക്രൂശിൽ തറച്ചും പോൾ തലയറുക്കപ്പെട്ടും രക്തസാക്ഷിത്വം നേടി. ഇവിടെ തോമസ്സ് പുണ്യവാളനെ മൈലാപ്പൂരിൽ വെച്ചു് വധിച്ചുവെന്ന ഒരു അമംഗളമല്ലാതെ മററധികം മതപാതകങ്ങൾ നടന്നില്ല. പോർത്തുഗീസുകാരിൽനിന്നു് പ്രചരിച്ച ഒരു വധകഥയാകയാൽ ഇതു് അത്ര വിശ്വസിക്കാവുന്നതല്ലെന്നു വാദിക്കുന്നുണ്ടു് എൽ. ഡബ്ളിയു. ബ്രൗണിനെപ്പോലുള്ള ചരിത്രകാരന്മാർ എന്നു് നാമിവിടെ ഓർക്കുന്നതും കൊള്ളാം. പിന്നെ ഉണ്ടായ ഒരു മതപീഡനത്തിൻെറ ചരിത്രം വേലുത്തമ്പിദളവയുടെ കാലത്തു് നടന്നതാണു്. ഇതിനെക്കുറിച്ചു് കെ. പി. പത്മനാഭമേനോൻ കൊച്ചിരാജ്യചരിത്രത്തിൽ (വോല്യം 2, അദ്ധ്യായം 20) പറയുന്നുണ്ടു്. ഇതൊക്കെ ഇന്ത്യയിലും കേരളത്തിലും പ്രാചീനക്രൈസ്തവസമൂഹങ്ങൾക്കു് ലഭിച്ചുപോന്ന സ്നേഹൗദാര്യ

ങ്ങളുടെ സാമാന്യനയത്തിന്നുള്ള അപവാദങ്ങൾ മാത്രമാണ്. സാമാന്യനിയമം മറിച്ചായിരുന്നു തികച്ചും. വീരരാഘവ ചക്രവർത്തിയുടെ പട്ടയവും ക്നായിത്തൊമ്മൻ ചെപ്പേടും തരീസാപ്പള്ളി ശാസനങ്ങളും അന്നത്തെ മതൈക്യത്തെ വിളംബരപ്പെടുത്തുന്നു. അന്ന് അമ്പലങ്ങളും പള്ളികളും മതസൗഹാർദ്ദത്തിൻെറ പാലങ്ങളായി വർത്തിച്ചു. ഉദാഹരണമായി, കുറവിലങ്ങാട്ടു പള്ളിയും ഏറ്റുമാനൂർ ക്ഷേത്രവും തമ്മിൽ വളരെക്കാലം തുടർന്നുവന്നിരുന്ന ഉത്സവസഹകരണം പി.ജെ. തോമസ് എടുത്തുകാണിക്കുന്നുണ്ടു് (പുറം 24). ചരിത്രകാരന്മാർ ഐക്യത്തെ സംബന്ധിച്ച് ഈ നിഗമനത്തിലാണു ഇന്നു് എത്തിച്ചേർന്നിരിക്കുന്നതു്. ബാഷമിൻെറ സുചിന്തിതമായ ഈ വാക്കുകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണു്: ''സെയിൻറ് തോമസ്സിൻെറ രക്തസാക്ഷിത്വം എന്ന ശങ്കാസ്പദമായ ഐതിഹ്യം ഒഴിച്ചു നിർത്തിയാൽ, ഭാരതീയമല്ലാത്ത മതസംഘങ്ങൾ പീഡിപ്പിക്കപ്പെട്ടുവെന്നതിനു് നല്ല തെളിവ് പോരാ. അവയുടെ അനുയായികൾ തങ്ങളുടെ വിശ്വാസങ്ങളെ ശാന്തമായി തുടർന്നുപോന്നു. തീരനഗരങ്ങളിലെ മതജീവിതത്തിലെ പ്രമുഖഘടകങ്ങളായിരുന്നു അവ. അതേ സമയം, ഇവ അന്യവിശ്വാസങ്ങളാണെന്ന ധാരണപോലും കൂടാതെ, ഒട്ടും വിദ്വേഷം കലരാതെ, മഹത്തായ ഹിന്ദുമതവിഭാഗം കഴിഞ്ഞുപോരുകയും ചെയ്തു'' (പുറം 345). ഫാർക്വഹാറിനെപ്പോലെ ഇന്ത്യയിൽ പ്രവർത്തിച്ചുപോന്ന ക്രൈസ്തവപണ്ഡിതന്മാർ നേരത്തെ പ്രകടിപ്പിച്ച അഭിപ്രായംതന്നെയാണു് ഇതു എന്നു പറഞ്ഞുവെയ്ക്കട്ടെ.

സെയിൻറ് തോമസ്സിനാൽ അനുഗ്രഹിക്കപ്പെട്ട ഈ പ്രാചീനസഭയ്ക്കു് കൈവന്ന ഭാരതീയമായ സ്വീകരണം പോർത്തുഗീസ്സുകാർ 16-ാം നൂററാണ്ടിൽ ഗോവയിൽ സ്ഥാപിച്ച ക്രൈസ്തവസഭയ്ക്കു് ലഭിച്ചില്ലെന്നു് ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു. ഇന്ത്യയും പാശ്ചാത്യസംസ്കാരവും തമ്മിലുണ്ടായ സംസർഗ്ഗസംഘർഷങ്ങളെപ്പററി വിശദമായ ഒരു ചരിത്രപഠനം നടത്തിയ ഓ മാല്ലി ഇതു സംബന്ധിച്ച പല വസ്തുതകളും ചൂണ്ടിക്കാട്ടുന്നുണ്ട്.10 പോർത്തുഗീസുകാർ

കുരിശിനെ വാളിന്നു പകരമായാണ് കണ്ടതു് എന്ന് അദ്ദേഹം സോദാഹരണം വാദിക്കുന്നു. 16-ാം നൂററാണ്ടിൽ അവർ ഗോവയിൽ 'ഇൻക്വിസിഷൻ' പോലും കൊണ്ടുവന്നു. അന്നത്തെ പോർത്തുഗീസതിക്രമങ്ങളുടെ കഥകൾ ടാവർണിയരുടെ സഞ്ചാരകൃതിയിലും വിസ്തരിച്ചുകാണാം. ഗോവയിൽനിന്ന് ആളുകൾ ഓടി രക്ഷപ്പെട്ടതു് സഹിഷ്ണുതയാൽ ആർദ്രമായ മലബാറിലായിരുന്നുവത്രെ. ഒന്നു തീർച്ച: ക്രൂസേഡുകളുടെ ചരിത്രകാരനായ സ്ററീവൻ റൺസിമാനും മററും കുരിശുയുദ്ധങ്ങളെ എങ്ങനെ കുററപ്പെടുത്തുകയുണ്ടായോ അതേപോലെ ഈ പോർത്തുഗീസു മതപീഠനങ്ങളെ കുററപ്പെടുത്താത്ത ചരിത്രകാരന്മാരില്ല.

കേരളത്തിലെ പഴയ ക്രൈസ്തവസമൂഹം ഇവിടത്തെ ഹൈന്ദവജനതയുമായി അങ്ങേയററം ഇണങ്ങിപ്പോയതിന്റെ ചരിത്രപരങ്ങളായ കാരണങ്ങൾ ഇവയൊക്കെയാകാം. സെയിൻറ് തോമസ് ഇവിടെ വന്നപ്പോൾ സ്വർണ്ണത്തിനോടു് സുഗന്ധം ചേർന്നതുപോലുള്ള ഒരു അപൂർവ്വസമാഗമമാണ് നടന്നതു് എന്ന് ചുരുക്കിപ്പറയട്ടെ തുടന്ന് ഇവിടെയുണ്ടായ മത സംസർഗ്ഗത്തിന്റെ ചരിത്രം പഠനീയമായ ഒരേടായിക്കിടക്കുന്നു. ഒരു സംസ്കാരം മറെറാരു സംസ്കാരവുമായി സമ്മേളിക്കുമ്പോൾ ഒന്നാമതു് നടക്കേണ്ട ബന്ധം ഭാഷാപരമായിരിക്കും. ഭാഷ മാറി സംസാരിച്ചാൽ അന്യത്വമായി, ഒരേ ഭാഷ സംസാരിച്ചാൽ സ്നേഹവുമായി, 'ബാർബേറിയൻ' എന്ന വാക്ക് ഭാഷാപരമായ അന്യവിരോധത്തിൽനിന്നാണ് ജന്മമെടുത്തതു്. ഇന്ത്യയിലുമുണ്ടായിരുന്നു മ്ളേച്ഛൻ എന്ന സങ്കല്പം. പക്ഷേ. ഇവിടെ എല്ലാ ഭാഷകളേയും സരസ്വതിയുടെ വ്യത്യസ്തമുഖങ്ങളായാണ് കണ്ടതു്. ക്രിസ്തുദേവൻ തന്റെ ശിഷ്യപ്രമുഖരോടു് അന്യദേശങ്ങളിൽ ചെന്ന് അന്യഭാഷ സംസാരിച്ച് തന്റെ സന്ദേശം പ്രചരിപ്പിക്കുവാനാണല്ലോ ആജ്ഞാപിച്ചതു്. ദേശാന്തരങ്ങളിൽ തന്റെ മംഗളവൃത്താന്തം എത്തിക്കുന്നതിന്ന് ക്രിസ്തുഭഗവാനാൽ നിയുക്തരായ ശിഷ്യന്മാർ, പെന്തക്കോസ്തിന്റെ തിരുനാളിൽ ജറൂസലിൽവെച്ച് ഫ്രിജിയരും മിസ്രകളും അറബികളും ഒക്കെ അടങ്ങുന്നതും പല ഭാഷകൾ സംസാ

രിച്ചിരുന്നതുമായ ഒരു പുരുഷാരത്തോട് അതാതു ഭാഷകളിൽ വെടി പ്പോടെ സംസാരിക്കുകയുണ്ടായി എന്നാണല്ലോ 'അപ്പോസ്തലന്മാരു ടെ കർമ്മങ്ങളിൽ (The Acts of the Appostles) നാം വായിക്കുന്നതു്. സെയിൻറ് മാർക്കിൻെറ സുവിശേഷത്തിൽ ക്രിസ്തുദേവൻെറ വാക്കാ യിട്ടു് ഇങ്ങനെ കാണുന്നു: "നിങ്ങളേവരും ലോകത്തിലേയ്ക്കു ചെന്നു് എല്ലാ മനുഷ്യരോടും സുവിശേഷം പ്രവചിക്കുക"!! ദേശഭാഷകളുടെ ഉപയോഗത്തിൽ ഊന്നിനില്ക്കാതെ ഈ ഉദ്ബോധനത്തിന്നു് ശരി യായ അർത്ഥം സിദ്ധിക്കുകയില്ലെന്നു് വ്യക്തമാണല്ലോ.

വൈദിക കർമ്മങ്ങൾക്കു് ലാററിൻ ഒഴിവാക്കി പൗരസ്ത്യഭാഷ യായ സുറിയാനി കൈക്കൊള്ളുന്നതിന്നുള്ള സ്വാതന്ത്ര്യം സെയിൻറ് തോമസ്സ് കേരളീയൎക്കു് നല്കിയപ്പോൾ തൻെറ ഗുരുവിൻെറ ഭാഷാ നിയോഗം ആ മഹാൻ അനുസരിക്കുക മാത്രമായിരുന്നു ചെയ്തതു്. ഈ പ്രക്രിയ കേരളത്തിൽ മുറയ്ക്കു് തുടർന്നു. കേരളീയൻെറ ഭാഷയു ടെ ഒഴുക്കിനനുസരിച്ചാണു് ഇവിടത്തെ സഭാപ്രവർത്തനത്തിൻെറ വഞ്ചി തുഴഞ്ഞു പോയതു്. ക്രിസ്തുമതം എന്നതു് നാം ഇപ്പോൾ പറയുന്ന വാക്കാണല്ലോ. അന്നു് അതു് 'വേദം' എന്നായിരുന്നു. വേദം ഹിന്ദു ക്രിസ്ത്യാനിക്കു് സമ്മാനിക്കുന്നു. ക്രിസ്ത്യാനി അതു് സസ ന്തോഷം കൈക്കൊള്ളുന്നു. ഭാരതീയന്നു് ഹിന്ദുമതത്തിൻെറ ആധാരം വേദമാണെങ്കിൽ ക്രിസ്തുമതവും അതേപ്രകാരം സ്വന്തമായ ഒരു വേദ ത്തിൽ അധിഷ്ഠിതമാണെന്നും അതിനാൽ ഈ മതത്തെ അവൈദിക മായി കാണരുതെന്നും ഉള്ള അർത്ഥസൂചനകൾ ഈ നിപുണമായ പ്ര യോഗത്തിൽ കിടപ്പുണ്ടു്. മററു പ്രദേശങ്ങളിൽ ഇതേ അർത്ഥത്തിൽ 'കിത്താബ്' എന്ന പ്രയോഗമുണ്ടത്രേ. എന്നാൽ നമ്മുടെ ഈ വേദ കല്പനയിൽ കുറേക്കൂടി ആഴമേറിയ ചിന്ത ചെന്നിട്ടുണ്ടു്. ഗുണ്ടർട്ട് നിഘണ്ടുവിൽ മൂന്നാം വേദം എന്ന വാക്കിനു് ക്രിസ്തുമതം എന്ന അർത്ഥം കൊടുത്തിരിക്കുന്നു; നാലാം വേദം മുഹമ്മദുമതം, ഒന്നാം വേദം ഹിന്ദുമതവും രണ്ടാം വേദം യഹൂദമതവുമാണു്. ഈ നൂതന മായ മതസംജ്ഞക്രമത്തിൻെറ സൃഷ്ടി നടന്നതു് കേരളത്തിലെ ഹൈ ന്ദവരും ക്രൈസ്തവരും തമ്മിൽ ആരുമാരുമറിയാത്തവണ്ണം നടന്ന

സമ്മേളനത്തിന്റെ ഏതോ മനോഹരമായ മുഹൂർത്തത്തിലാകണം. ഉത്തരകേരളത്തിൽ അടുത്ത കാലം വരെ 'വേദക്കാരൻ' എന്നു മാത്രം പറഞ്ഞാൽ ആരാണെന്നോ, ക്രിസ്ത്യാനിതന്നെ. ഇങ്ങനെ പുതിയ ചതുർവേദങ്ങൾവരെ നമുക്കുണ്ടായിത്തീർന്നു.

ഇതുപോലെ മലയാളത്തിൽ ഇന്നു് ഉപയോഗിച്ചു പോരുന്ന പല കൊച്ചു പദങ്ങളിലും ഈ മതസൗഭ്രാത്രത്തിന്റെ കഥ, മഞ്ഞുതുള്ളിയിൽ കാടെന്നതുപോലെ പ്രതിബിംബിച്ചു കാണാം. ക്രിസ്ത്യാനി എന്ന വാക്കു നോക്കുക. ഇന്നു ഈ വാക്കു് സർവ്വസാധാരണമായി ഉപയോഗിച്ചു വരുന്നു. എന്നാൽ പഴയ കാലത്തെ പ്രയോഗം ക്രിസ്ത്യവൻ എന്നായിരുന്നു. ഗുണ്ടർട്ട് ആ വാക്കു കൊടുത്തിട്ടു് 'A Christian' എന്നു് അർത്ഥം കൊടുത്തിട്ടുണ്ടു്. 'ക്രിസ്ത്യാൻ' എന്ന വാക്കും കൂടെ കൊടുത്തുകാണാം. മലയാളത്തിലെ പുരുഷപ്രത്യയമായ അൻ ചേർത്തു് ഓഷ്ഠ്യാദേശവും വരുത്തി ഉണ്ടാക്കിയ തറവാടിത്തമുള്ള വാക്കാണു് പഴയ 'ക്രിസ്ത്യവൻ' എന്നു് വ്യക്തമാണല്ലോ. സാധാരണ മലയാളപദങ്ങളിൽനിന്നു് വിലക്ഷണമാകാത്ത രീതിയിലാണു് ഇവിടെ പുതിയ ക്രൈസ്തവസംജ്ഞകൾ ഉണ്ടാക്കിയിരിക്കുന്നതു് എന്നു് ശ്രദ്ധിക്കുക. വേഷത്തിലും നടപ്പിലും ഇവിടത്തെ ഹിന്ദുവിൽനിന്നു് വ്യത്യാസമില്ലാതെ കഴിഞ്ഞുകൂടിയ പഴയ കേരളീയ ക്രിസ്ത്യാനിയുടെ ശാന്തമായ പാരമ്പര്യം ക്രൈസ്തവപദനിർമ്മിതിയിൽപോലും ആകാവുന്നത്ര പ്രതിഫലിച്ചിട്ടുണ്ടെന്നു് നാം ഇന്നു് മറന്നുകളയരുതു്. ആളുകളുടെ പേരും ഇതുപോലെ സമൂഹപ്പൊരുത്തത്തിനു് ഇണങ്ങുമാറുള്ള തത്സമമായിട്ടു പ്രയോഗിക്കുന്നതിൽ ക്രിസ്ത്യാനികൾ മറ്റേതു മതാനുയായികളേക്കാളും വിദഗ്ദ്ധരാണു്. തോമസ്സ് എന്ന പേരു് കേരളീയസംജ്ഞകളിലെ ശബ്ദതാളത്തിനൊത്തു് രൂപാന്തരപ്പെട്ടു പോകുന്നതു് ഒരു ദൃഷ്ടാന്തമായി ഇവിടെ ചൂണ്ടിക്കാണിക്കാം.—തൊമ്മൻ, തോമൻ, മാമ്മൻ, ഉമ്മൻ എന്നിങ്ങനെ ആ തത്സമശ്രേണി നീണ്ടുപോകുന്നു. ഇങ്ങനെ ജോൺ യോഹന്നാനായി, ലോനൻ വഴി നൈനാൻ ആകുന്നതും ഫിലിപ്പ് വളഞ്ഞുതിരിഞ്ഞു് പോത്തനും പുന്നനും ആകുന്നതും എലിസബത്തു് ഏലിയാമ്മയാകുന്നതും എത്ര

കൗതുകകരമല്ല! ഭാഷാശാസ്ത്രപരമായി മാത്രമല്ല സംസ്കാരപരമായും ഈ പേരുമാററങ്ങൾക്ക് നല്ല പ്രാധാന്യമുണ്ട്.

ക്രിസ്തുവിനെ ദേവൻ, ഭഗവാൻ എന്നൊക്കെ ചേർത്ത് വിളിക്കുന്നത് കേരളീയക്ക് പൊതുവെ, ഹൈന്ദവക്രൈസ്തവഭേദമെന്യെ ഇഷ്ടമാണ്. ഈ ഉപസംജ്ഞകൾ ചേർക്കാതെ വെറുതെയങ്ങ് പേരുപറയുമ്പോളാണ് നമുക്കെല്ലാം വിമ്മിട്ടം ഉണ്ടാകാറ്. എന്നാൽ, ദേവശബ്ദത്തിന്നും മററും വളരെ പ്രത്യക്ഷമായ ഹൈന്ദവ പരിവേഷമുണ്ട്. പക്ഷേ, അന്ന് ക്രിസ്ത്യാനി അതിനെ വിലവെച്ചില്ല. 'Immaculate Conception' മനസ്സിലാക്കാൻ പ്രയാസമുണ്ട്. പക്ഷേ, 'അമലോദ്ഭവം' ആകുമ്പോഴോ? മതസഹിഷ്ണതയുടെ അത്യുദാരമായ പാരമ്പര്യസ്വഭാവം ഉറച്ചിട്ടുള്ള ഒരു ജനതയ്ക്കല്ലാതെ അന്യവിശ്വാസശങ്കപോലുമില്ലാതെ അത്തരം പരകീയസംജ്ഞകളെ സ്വായത്തമാക്കാൻ ധൈര്യം വരില്ല എന്നാണെന്റെ അഭിപ്രായം. വെളിയിൽനിന്ന് ഇന്ത്യയിലേയ്ക്ക് വന്ന മററു വൻ മതങ്ങൾക്ക് ഇത്രമാത്രം ഈ സ്വഭാവമില്ലെന്ന്, താരതമ്യപരമായി പഠിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. അങ്ങനെ സെയിൻറ് തോമസ്സിന്റെ ക്രൈസ്തവനേതൃത്വം ആശാസ്യവും അനുകരണീയവും ആയ ഒരു മതസഹവർത്തിത്വത്തിന്ന് മാതൃകയായി ഇന്നും ഇന്ത്യയിൽ നിസ്തുലതയോടെ നിലകൊള്ളുന്നു.

ഈ മനോഭാവത്തിന്റെ തുടർച്ചയായിട്ടാണ് കേരളത്തിൽ ഗദ്യത്തിന്റെ ആദ്യവികാസത്തിന്ന് ക്രൈസ്തവപുരോഹിതന്മാർ പതിനെട്ടാം നൂററാണ്ടുതൊട്ട് അതിവിപുലമായ അടിത്തറയിട്ടത്. മതപുരോഹിതന്ന് മതപ്രചാരണമാണു പ്രധാനലക്ഷ്യം. അതിനാൽ അവരുടെ സാഹിത്യപ്രവർത്തനം ആനുഷംഗികമാണെന്ന് ഒരാരോപണം പറയാവുന്നതാണ്. ഡോക്ടർ പി. ജെ. തോമസ് അത് അലങ്കാരഭംഗിയോടെ പറഞ്ഞിരിക്കുന്നു: 'തേനീച്ച ഒന്നുമറിയാതെ ശേഖരിക്കുന്ന മധുകണങ്ങൾ നമുക്ക് വിലയേറിയ ഭക്ഷ്യവിഭവമായിത്തീരുന്നില്ലേ? ഏതാണ്ടീപ്രകാരമാണ് പാരത്രികകാര്യങ്ങളിൽ ബദ്ധശ്രദ്ധരായ ക്രിസ്തീയവൈദികർ സാഹിത്യപരി

പോഷണം നടത്തുവാൻ ഇടയായതു്'' (പുറം 14). ഡോക്ടറുടെ അലങ്കാരപ്രയോഗം അത്ര നന്നായോ? തേനീച്ച തേനുണ്ടാക്കുന്നതു് സ്വാഭാവികമായാണു്. പുരോഹിതൻ സ്വാഭാവികമായുണ്ടാക്കുന്നതു് ആത്മീയസാഹിത്യമാകയാൽ തേൻ അതാണെന്നാണു് സൂചിപ്പിക്കേണ്ടിയിരുന്നതു്. പക്ഷേ, അദ്ദേഹത്തിന്റെ വിവക്ഷ, സാഹിത്യഗ്രന്ഥങ്ങൾ പുരോഹിതർ ആനുഷംഗികമായുണ്ടാക്കി എന്നാണു്. അതെന്തായാലും ഡോ. തോമസ് വിവരിക്കുംമട്ടിൽ അനുദ്ദിഷ്ടമായാണു് ക്രൈസ്തവവിദ്വാന്മാരുടെ സാഹിത്യം ഇവിടെ ഉണ്ടായതെന്നു്, അതിന്റെ ചരിത്രത്തിന്റെ വൈപുല്യവും അനുസ്യൂതിയും ആ എഴുത്തുകാരുടെ വിദ്വത്വവും പ്രതിഭയും എല്ലാം കണക്കിലെടുക്കുമ്പോൾ സമ്മതിക്കുവാൻ പ്രയാസം തോന്നുന്നു. കഴിഞ്ഞ മൂന്നു നൂററാണ്ടിലേറെക്കാലം, വിശേഷിച്ച് അതിന്റെ ആദ്യഭാഗങ്ങളിൽ, മലയാളഗദ്യത്തിന്റെ അടിത്തറ പണിയാനും വളർച്ചയ്ക്കും സഹായിച്ച മൗലികപ്രാധാന്യമുള്ള വ്യാകരണകൃതികളും നിഘണ്ടുകളും മററും അർണ്ണോസുപാതിരി മുതൽ ഗുണ്ടർട്ടുവരെയുള്ള മതിശാലികൾ ഉണ്ടാക്കിയതു് അനുദ്ദിഷ്ടമോ യാദൃച്ഛികമോ ആവുന്നതെങ്ങനെ? മതപ്രചാരണം അവർക്കു് പ്രമുഖതമമായ ലക്ഷ്യംതന്നെയായിരുന്നു. പക്ഷേ, ഭാഷാപഠനവും സാഹിത്യപോഷണവും അവക്ക് ലക്ഷ്യമായിരുന്നു. തനിക്കു് സ്വർഗ്ഗത്തിൽവെച്ചുപോലും പുതിയൊരു ഭാഷ പഠിക്കാൻ സാധിക്കണമെന്നായിരുന്നുവത്രേ ഗുണ്ടർട്ടിന്റെ അഭിലാഷം. ഓരോ ക്രൈസ്തവപണ്ഡിതനും ഇത്തരത്തിൽ സ്വന്തവും വ്യക്തിഗതവുമായ അഭിരുചി ഉണ്ടായിരുന്നു. അവരുടെ ജീവചരിത്രകാരന്മാർ അതു് ചൂണ്ടിക്കാണിക്കാത്തതുകൊണ്ടു് നമ്മളതു് മനസ്സിലാക്കാൻ ശക്തരാകുന്നില്ല എന്നേയുള്ളു. ഇന്നാണെങ്കിൽ, ആ ആനുഷംഗിക കൃതികളുടെ പേരിലാണു് ഈ ക്രൈസ്തവവൈദികന്മാരുടെ യശസ്സ് നിലകൊള്ളുന്നതു്. ഗുണ്ടർട്ട്തന്നെ നല്ലൊരു ദൃഷ്ടാന്തം. അദ്ദേഹത്തിന്റെ നിഘണ്ടുവും വ്യാകരണവും മലയാളഭാഷയുള്ള കാലത്തോളം നിലനില്ക്കും. അദ്ദേഹത്തിന്റെ സങ്കീർത്തനങ്ങൾക്കാകട്ടെ അന്നത്തെ കാലത്തിലൊതുങ്ങുന്ന പ്രാധാന്യമേ ഉള്ളൂ. എന്നാൽ

ഒന്നുണ്ട്—ഈ സാഹിത്യരചനകളിലൂടെ അനുദ്ദിഷ്ടമായും ആനുഷംഗികമായും അവരുടെ ക്രൈസ്തവാദർശത്തിന്റെ പ്രകാശം മററുള്ളവരുടെ കണ്ണിൽ പ്രതിബിംബിച്ചു കയറുകതന്നെ ചെയ്യും. കാലം നീങ്ങവെ അപ്രധാനം പ്രധാനവും മറിച്ചും ആയിത്തീരുന്നു. ഗുണ്ടർട്ട് 'ക്രൈസ്തവൻ' എന്ന പദത്തിന്നു് അത്ഥം കൊടുക്കുമ്പോൾ ഇംഗ്ലീഷിലെ ഒരു വാക്കല്ലാതെ മറെറാന്നും ചേക്കുന്നില്ല. മതപ്രചാരണം മാത്രമാണ് അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ലെങ്കിൽ, ആ ഒരവസരം ഒരു ചെറിയ മതപ്രസംഗത്തിന്റെ വേദിയാക്കാൻ അദ്ദേഹത്തിന്നു് ആരോടും ചോദിക്കണമായിരുന്നോ ? പ്രസിദ്ധ പണ്ഡിതനായ ഡോ. ജോൺസൻപോലും താനെഴുതിയ ആംഗലനിഘണ്ടുവിൽ തന്റെ ചില ക്ഷുദ്രപക്ഷപാതങ്ങൾ തുറന്നുവിടുകയുണ്ടായെന്നു കേൾവിയുണ്ടായല്ലോ ഇവിടെ ഇതാ ഒരു മതപ്രവാചകൻ മതപ്രചാരണത്തിന്നു പററിയ ഒരു സന്ദർഭത്തിനു മതപ്രചാരം നടത്താതെ കാര്യം മാത്രം പറഞ്ഞിരിക്കുന്നു. ഇതല്ലേ യഥാർത്ഥമായ ക്രൈസ്തവസ്വഭാവം? നമ്മുടെ സാഹിത്യസേവനങ്ങളിലൂടെ ഈ മനോഭാവം പ്രകാശിപ്പിച്ചുവെന്നതാണു് ആ വൈദികശ്രേഷ്ഠരുടെ ഉൽകൃഷ്ടവും ശാശ്വതവുമായ ക്രൈസ്തവസംഭാവന എന്നു ഞാൻ വിനീതമായി കരുതുന്നു.

വ്യാകരണം, നിഘണ്ടു മുതലായ ശാസ്ത്രീയഗ്രന്ഥങ്ങൾക്കു പുറമെ, ആദ്യകാലങ്ങളിൽ കൂടുതൽ ജനകീയങ്ങളായ പല പാട്ടുകളും ക്രിസ്ത്യാനികൾക്കിടയിൽ ഉണ്ടായിക്കൊണ്ടിരുന്നു—കല്യാണപ്പാട്ട്, മാർഗ്ഗം കളിപ്പാട്ട്, റമ്പാൻപാട്ട് മുതലായവ. ഭാരതീയമനസ്സിനോടു് അടുക്കുവാനുള്ള ക്രൈസ്തവോത്സാഹത്തിന്റെ പ്രാരംഭസ്ഫുരണങ്ങൾ അവയിൽ അവിടവിടെ തിളങ്ങിക്കാണാം. മത്തോമ്മ ''എട്ടു ദിശയിലും വിളങ്ങിന'' ആണെന്നു് ഒരു വട്ടക്കളിപ്പാട്ടിൽ കാണുന്നു. മണവാളൻ '',ആദിത്യനെപ്പോൽ വിളങ്ങു''ന്നവൻ ആണു്. പഴയ വൈദികർഷി മുതൽ ''ഉത്ഫുല്ല ബാലരവപോലെ കാന്തിമാൻ'' എന്നു പാടിയ കുമാരനാശാൻവരെ ഭാവനാപ്രചോദകമായി ഭാരതീയ കാവ്യപാരമ്പര്യത്തിൽ വിരാജിക്കുന്ന ഒരു ഉപമ

യാണ് ഇവിടെ പാട്ടുകാരൻ ഉപയോഗിച്ചിരിക്കുന്നത്. ഇങ്ങനെ പാട്ടിന്റെ അന്തരീക്ഷം ഇവിടത്തെ ഹിന്ദുവിനും സുഖനിശ്വാസനീയമായിത്തീരുന്നു. ''ആദിപെരിയോൻ തന്റെ ഏകയരുളാലേ'' എന്ന് ഒരു എണ്ണപ്പാട്ടിൽ കാണുന്ന ശൈലി ഹിന്ദുക്കളുടെ വേദാന്തത്തിന്റേതാണ്. ക്രിസ്ത്യാനിയുടെ അടച്ചുതുറപ്പാട്ടിൽ തുയിലുണർത്തു പാട്ടിന്റെ സ്വാധീനത കുറച്ചൊന്നുമല്ല കാണാനുള്ളത്. പാണൻ വരവുപാട്ടിൽ ചേരമാൻപെരുമാളും ഈഴത്തുനാടും എല്ലാം പ്രത്യക്ഷപ്പെടുന്നു — വടക്കൻപാട്ടിന്റെ പ്രേരണ പ്രകടം. ''മർത്ത്യാവതാരം ചെയ്തൊരു ഞങ്ങടെ രക്ഷകനാമേകൻ മിശിഹാ'' എന്ന റമ്പാൻ പാട്ടും നോക്കുക—ഭാവനാ ശൈലിയിൽ പൗരസ്ത്യച്ഛവ നല്ലപോലെയുണ്ട്.

അർണോസു പാതിരിയുടെ 'മരണ പർവ്വ'ത്തിലെ സൂര്യപരമായ സംബോധനകൾ അമരകോശത്തിൽനിന്ന് അപ്പടി എടുത്തതാണ്.

> ''ഭാസ്കരാ, ഹസ്കര, സൂര്യാ, പ്രഭാകരാ,
> ഭാസ്വാ, അഹർപ്പതേ ശ്രീദീപമേ'' —

എന്ന ഈരടി നോക്കുക. അതുപോലെ 'മോക്ഷപർവ്വ'ത്തിലെ ചില ഈരടികൾ തുഞ്ചത്തെഴുത്തച്ഛന്റെ ഭാഷാശൈലി മാത്രമല്ല, വിചാരശൈലിയും, പ്രതിഫലിക്കുന്നുണ്ട്,

> അഖിലലോകേശ്വരാ ഭാഗ്യകാരണം ദൈവം
> നിഖിലശുഭാലയം, മോക്ഷദം നിരന്തരം
> അദ്വയം, നിരുപമം, ഏകമവ്യയം, വര—
> പ്രഭ, മലയം, സ്തുത്യം, സകല ഗുണാധാരം''

പതിനെട്ടാം നൂററാണ്ടിലെ ക്രൈസ്തവ കവികളിൽ പ്രമുഖനായ ചാക്കോമാപ്പിളയുടെ 'മാർ അല്ലേശുപാന'യും കേരളീയമായ കാവ്യാരംഭരീതിയിൽത്തന്നെ തുടങ്ങുന്നു.

> ''ആദിപുരാണനഖിലേശ്വരനൊരുവ—
> ന്നത്യന്തം ക്ലുറാകുന്നൊരു

മാറല്ലേശിൻ വൃത്താന്തങ്ങളെ
ആദരവാലേ ചൊൽവതിനെല്ലാം'',

എന്നു പറഞ്ഞ് മിശിഹാമാതാവിനെ വാഴ്ത്തിയതിനുശേഷം കുഞ്ചൻനമ്പ്യാർ പ്രചരിപ്പിച്ച കേരളീയരീതിയിലേയ്ക്കുതന്നെ പ്രത്യാഗമിക്കുന്നതു് കാണുക :

''ഗുരുഭൃതന്മാരായവരെല്ലാം
ഉററുതുണനല്കുണമൊക്കെയെനിയ്ക്കു്''

ഇരുപതാം നൂററാണ്ടിൽ കടന്നതോടുകൂടി സാഹിത്യകാരന്മാരുടെ വിഷയമണ്ഡലം വിശ്വത്തോളം വിപുലമായിത്തീർന്നു. ഏകമതാദർശത്തിന്നു് ചിന്തകന്മാർക്കിടയിൽ സ്ഥാനം കൂടി വന്നപ്പോൾ ഏതു മതത്തിലെ ഇതിവൃത്തവും ഏതു് അന്യമതസ്ഥനും പ്രതിപാദ്യവിഷയമാക്കാം എന്ന നില വന്നു. അങ്ങനെയാണു് കുമാരനാശാൻ ബുദ്ധനേയും വള്ളത്തോൾ യേശുദേവനേയും വിഷയീകരിച്ചുകൊണ്ടു് ആധുനികമലയാളത്തിലെ രണ്ടു പ്രഖ്യാതങ്ങളായ ഖണ്ഡകാവ്യങ്ങൾ രചിച്ചതു്. വള്ളത്തോൾ ക്രിസ്തുവിനെപ്പററി കാവ്യം രചിച്ചതു് സുപ്രസിദ്ധമാണു്. എന്നാൽ ആശാനോ ഉള്ളൂരോ കവിതയിൽ യേശുകടാക്ഷം ചെയ്തതു് പലക്കും പരിചിതമല്ല എന്നു തോന്നുന്നു. ആശാൻെറ 'വനമാല'യിൽ 'എഡ്വർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാത്ഥന' എന്നൊരു ലഘുകവിതയുണ്ടു്. ആശാൻ രസികർപോലും അവഗണിച്ച ആ കവിത ഇവിടെ പരിഗണനാർഹമാണു്. അതിലുള്ള 'ദേവാധീശ്വര' 'ദീനബാന്ധവമണേ' തുടങ്ങിയ സംബോധനകളും 'വന്നു സ്വർഗ്ഗമതിന്നുഷസ്സ്' മുതലായ പ്രയോഗങ്ങളും സ്വർഗരാജ്യത്തിൻെറ അധിപനും പരതിപ്രണയിയുമായ ക്രിസ്തുദേവനാണു് പ്രാത്ഥനാവിഷയമെന്നു് തെളിയിക്കുന്നുണ്ടു്. 'സുവിശേഷാ'ന്തർഗതനും ദയാവാരിധിയുമായ ക്രിസ്തുഭഗവാൻെറ തെളിവാർന്നൊരു ചിത്രം ഈ വരികളിൽ കാണാം:

1. ''എന്നല്പശ്രുവൊടും വിപത്തി, ലലി
വത്ഥിപ്പാലെഴം ഹൃത്തൊടും
വന്നാമട്ടയി : ദീനബാന്ധവമണേ !
യെൻ മുമ്പിലമ്പീട്ട നീ.''

2. ''വന്നു സ്വർഗ്ഗമതീന്നുഷസ്സുവനി
മായാചരായ മായുന്നിതേ-
യൊന്നായ് വാഴ്കിലും മരിക്കിലുമട—
ത്തൻപീട്ടകെൻ പോററി നീ.''

മഹാകവിയുടെ ഈ വരികളിൽ ക്രിസ്തുചൈതന്യം തുളുമ്പിനില്ക്കുന്നു. ആധുനിക ഭാരതത്തിൻെറ ഹൃദയത്തെ കവന്നതു് ക്രിസ്തുമതമല്ല, സാക്ഷാൽ ക്രിസ്തുവാണു്. ഇതൊരു ചരിത്രസത്യമാണു്. മുമ്പുദ്ധരിച്ച ഓ മാല്ലിയുടെ ഗ്രന്ഥത്തിലെ ഒരു ലേഖകനായ മെഹ്യ ഈ ചരിത്രവാസ്തവം എടുത്തു പറയുന്നുണ്ട്: ''ക്രിസ്തുവിൻെറ ധമ്മസന്ദേശം ഇന്ത്യയിൽ എല്ലാവക്കും അറിവുള്ളതും വളരെയേറെ ആദരിക്കപ്പെടുന്നതുമാണു്. ഇതിന്നു് ക്രൈസ്തവസഭകളാണു് കാരണക്കാർ, മുഴുവനല്ലെങ്കിലും കുറെയൊക്കെ.........

ക്രിസ്തുമതത്തിൻെറ ധമ്മാദശ്ശങ്ങാംക്കും അവയുടെ പ്രായോഗികഫലങ്ങാംക്കും മാത്രമേ അക്രൈസ്തവലോകം വിലകല്പിക്കുന്നുള്ളു.........

അഭ്യസ്തവിദ്യനായ അക്രൈസ്തവൻ ക്രിസ്തുവിൻെറ വ്യക്തിത്വത്തെ ആരാധിക്കുന്നു. പക്ഷേ, അതു് അനന്യദൃഷ്ടമാണെന്നു് അയാറം കരുതുന്നില്ല'' (പുറം 307). ഈ നിലയ്ക്കാണു് വിവേകാനന്ദനും ഗാന്ധിജിയും രാധാകൃഷ്ണനും ക്രിസ്തുവിൻെറ ആരാധകരായിത്തീരുന്നതു്, വിവേകാനന്ദൻ ക്രിസ്തുവിനെ ദൈവാവതാരങ്ങളിൽ ഒന്നായി വാഴ്ത്തി.[12] ഏതു് ഹിന്ദുവിന്നും അതിൽ വിപ്രതിപത്തിയില്ല, ആശാൻ ഈ രൂപമാണു് നമുക്കു് നല്കിയതു്. വള്ളത്തോാം മഹാകവി 'മഗ്ദലനമറിയ'ത്തിൽ യേശുദേവനെ ഒരു പുണ്യാവതാരമായിട്ടാണു് ദശിക്കുന്നതു്-കൃഷ്ണനെയും ശിവനെയുംപോലെ ''ക്രിസ്തുവാം

കൃഷ്ണന്റെ ധർമ്മോപദേശമാം നിസ്തുലകോമള വേണുഗാനം'' എന്നും ''വൻതപം ചെയ്ത ഹിമാലയസാനുവിലന്തകസൂദനസ്വാമിപോലെ'' എന്നുമുള്ള പ്രയോഗങ്ങൾ ശ്രദ്ധിക്കുക. 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ ക്രിസ്തുദേവന്റെ 'പരിത്യാഗശീല'ത്തെ വള്ളത്തോൾ വാച്യമായി പറയുന്നുണ്ട്. എന്നാൽ 'മഗ്ദലനമറിയ'ത്തിലെ വ്യംഗ്യം ആ അർത്ഥത്തിൽ പര്യവസാനിക്കുന്നുണ്ടോ? സംശയമുണ്ട്.

ഉള്ളൂർ 'ഉമാകേരള'ത്തിൽ ഒരു വിശുദ്ധനായ പാതിരിയുടെ ചിത്രം വരച്ചുവെച്ചതു് പലരും ശ്രദ്ധിച്ചിട്ടില്ലെന്നു തോന്നുന്നു. ആശാൻ, വള്ളത്തോൾ എന്നിവരുടെ ക്രിസ്തുചൈതന്യപരതവിട്ട് ക്രിസ്തുമതത്തിന്റെ മേന്മ ''സേവിയറെന്ന കേമന്റെ ശിഷ്യാഗ്രിമ ശിഷ്യശിഷ്യനായ'' ഒരു പുരോഹിതനിലൂടെ തെളിയിക്കുന്ന ഒരു കാവ്യഭാഗമാണു് ഇതു്. അയാളെ 'ഹൂണമഹർഷി' എന്നാണു് മഹാകവി വിളിക്കുന്നതു്. 'ഉമാകേരള'ത്തിൽ 3-ാം സർഗ്ഗത്തിൽ 114 മുതൽ 125 വരെ ആ സന്യാസിയെ വർണ്ണിച്ചിരിക്കുന്നു. അദ്ദേഹം കവിഭാഷയിൽ സാത്വികഗുണത്തിന്റെയും പാശ്ചാത്യകീർത്തിസമ്പത്തിന്റേയും ഉടലാർന്ന ഒരു 'ജെസ്യൂവിററ് സിദ്ധൻ' ആണ്.

ഇതിനേക്കാൾ തീഷ്ണതയോടെ ക്രിസ്തുവിന്റെ ചൈതന്യചിത്രം പിന്നീടു് വന്ന കവികൾ കൊച്ചു കവിതകളിൽ വരച്ചുകാട്ടി. 'ഇന്നു ഞാൻ നാളെ നീ' യാന്ത്രികമായ ആലങ്കാരവിന്യാസത്താൽ വികലമാണെങ്കിലും അതിൽ പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവിന്റെ ശബ്ദത്തിനു് മുഴക്കമുണ്ട്. കുരിശിൽ തറച്ച ക്രിസ്തുവിന്റെ ചിത്രം തന്റെ മനുഷ്യചിത്രത്തിനു് പശ്ചാത്തലമാണെന്നു് വൈലോപ്പിള്ളി പാടുന്നു. ''സ്വർഗ്ഗരാജ്യത്തെപ്പോലെ ഭൂമിയിലാകും കാലം സ്വപ്നമേഖലയിങ്കൽക്കാണുമെൻ ഭ്രാതാക്കളേ'' എന്നാണു് കവി തന്റെ കൂട്ടുകാരായ കവികളെ സംബോധന ചെയ്യുന്നതു്. കവിതയുടെ ലക്ഷ്യം എത്ര പാവനമാണെന്നു് ക്രിസ്തുവിന്റെ സ്വർഗ്ഗരാജ്യസന്ദേശത്തിന്റെ സ്മൃതികൊണ്ടു് സാധിച്ചിരിക്കുന്നു. ഇന്നത്തെ യുഗത്തിലെ കഷ്ടപ്പെടുന്ന മനുഷ്യനിൽ ക്രിസ്തുവിന്റെ കുരിശുചിത്രം കവി

കാണുന്നു. 'പഴയപള്ളി' എന്ന കവിതയിൽ ('ഓണപ്പാട്ടുകാർ' എന്ന സമാഹാരത്തിൽ) ക്രിസ്തുവിന്റെ ചിരന്തനത്യാഗത്തിന്റെ വിശുദ്ധവിഹായസ്സിൽ ഉയർന്നുനില്ക്കുന്നതു് മാത്രമാണ് യഥാർത്ഥമായ പള്ളി എന്നും പുതിയ സ്ഥാനങ്ങളോ സ്ഥാപനങ്ങളോ അല്ലെന്നും കവി ശാന്തമായ സ്വരത്തിൽ പാടുന്നു.

''വായ്ച്ചോരിരുട്ടിനെ മുത്തും നിലാവത്തു
മേൽപ്പോട്ടു മേൽപ്പോട്ടു തുണ്ടം മുഖപ്പുമായ്
ഏറ്റമുയർന്നുപോയ് ദ്യോവിങ്കൽ മായുന്നു
നാട്ടിൻപുറത്തെ പഴയ പള്ളി.''

ഇന്നു് ആ പഴയ പള്ളി ആ മഹാദർശത്തിന്റെ 'മഹാശവക്കല്ലറക്കല്ല്' ആകാം, പക്ഷേ അതിനെ ഇന്നും 'വിണ്ണിലെ പ്രാവിൻ ചിറകുകൾ' ചുംബിക്കുന്നുണ്ട്. ക്രിസ്തുവിന്റെ ആദർശപ്രഭ ഇത്രമാത്രം ജ്വലിക്കുന്ന മറെറാരു കൃതി മലയാളത്തിൽ കണ്ടതായോർക്കുന്നില്ല. പുതിയ കവികൾ യേശുവിനേയും കുരിശിനേയും തങ്ങളുടെ ഭാവനാചുംബനത്തിനു് പലപ്പോഴും ഉപയോഗപ്പെടുത്താറുണ്ട്. എങ്കിലും ക്രിസ്തുമതത്തിന്റെ അനശ്വരമഹിമാതിരേകത്തെ വികസ്വരമാക്കുന്ന ഒരു കൃതിയായിട്ടു് അവരുടെ അത്തരം ശ്രമങ്ങൾ ഒന്നും രൂപപ്പെട്ടു കഴിഞ്ഞിട്ടില്ല. ഏററവും ഒടുവിൽ കെ. പി. കേശവമേനോൻ 'യേശുദേവ'നെ അവതരിപ്പിച്ചതും മതാചാര്യൻ എന്ന നിലയ്ക്കല്ല; വിശ്വരക്ഷകൻ എന്ന നിലക്കാണ്. ക്രിസ്തുദേവന്റെ സ്ഥാപിത ധർമ്മമല്ല, ക്രിസ്തുവിന്റെ വ്യക്തിത്വമാണ് ഇതിലും ആകർഷണകേന്ദ്രം. ഗ്രന്ഥത്തിന്റെ തുടക്കം തന്നെ ഇതു തെളിയിക്കും. ''യേശുക്രിസ്തു സ്നേഹത്തിന്റെ പൂർണ്ണസ്വരൂപമാണ്. അപാരമായ കാരുണ്യത്തിന്റെയും അനന്തമായ ക്ഷമയുടേയും സ്വർഗീയമായ ശാന്തിയുടേയും പ്രതീകമാണ് ആ നാമം. മനുഷ്യവർഗ്ഗത്തിന്റെ ഒരനശ്വരഗുരുവായി യേശുദേവൻ എന്നും ജനഹൃദയങ്ങളിൽ കുടികൊള്ളുന്നു.''

''ക്രിസ്തുമതത്തിന്റെ ഹൃദയം ക്രിസ്തുവാണ്'' എന്നു പ്രസ്താവിക്കുന്ന പ്രസിദ്ധ വൈദികചിന്തകനായ എസ്. സി. കാർപന്റർ.[16] ഇതു ശരിയാണെങ്കിൽ ക്രിസ്തുവിന്റെ ജീവിതമഹിമയാലും ആദർശപ്രഭയാലും ആകൃഷ്ടമായ ഭാരതചിത്തത്തിന്നു പിഴവു പററിയെന്നു പറയാൻ നിവൃത്തിയില്ല. ഈ അനശ്വരമായ അന്തർദർശനത്തെ ആവിഷ്കരിക്കാനാണു ക്രൈസ്തവസാഹിത്യകാരന്മാർ ശ്രമിക്കേണ്ടതു് എന്നെനിക്കു തോന്നുന്നു. എന്നാൽ ഈ നൂററാണ്ടിൽ അവർ കൂടുതലും ശ്രദ്ധിച്ചതു് ക്രിസ്തുവിനെ മതസീമയിൽ സഭാപരിവേഷം ചാർത്തി അവതരിപ്പിക്കുവാനായിരുന്നു. ആ മട്ടിലുള്ള കാവ്യയത്നം വിജയിക്കുമോ എന്നെനിക്കു നിശ്ചയമില്ല. ആ മട്ടിൽ ഹൈന്ദവചിന്തയെന്നല്ല ഏതു ചിന്തയെ കാവ്യസാത്ക്കരിച്ചാലും വിജയിക്കാൻ പ്രയാസമുണ്ടു്, പോരെങ്കിൽ വർണ്ണനാബഹുലവും അലങ്കാരനിബിഡവുമായ മഹാകാവ്യരൂപത്തിലാണു് ഇവിടെ ക്രിസ്തുചിത്രം പ്രതിഷ്ഠിക്കാനുള്ള മുഖ്യയത്നങ്ങൾ എല്ലാം നടന്നതു്. ഈ സാഹിത്യരൂപംതന്നെ ആ ഉദ്ദേശത്തിനു് അത്ര പററിയില്ല, കട്ടക്കയത്തിന്റെ 'ശ്രീയേശുവിജയ'വും പ്രവിത്താനം ദേവസ്യയുടെ 'ഇസ്രായേൽ വംശ'വും കെ. വി. സൈമന്റെ 'വേദവിഹാര വും തൊട്ടു് മാത്തൻതരകന്റെ 'വിശ്വദീപ'വും സിസ്ററർ മേരി ബെന്നിഞ്ജയുടെ 'മാർത്തോമാ വിജയ'വും വരെ പല നല്ല കൃതികളും നമുക്കു് കിട്ടിയിട്ടുണ്ടു്. ഇവയിൽ ഒടുവിൽപറഞ്ഞ ഒന്നു രണ്ടെണ്ണം മഹാകാവ്യങ്ങളുടെ പതിവുവിട്ടു് വായിക്കാൻ സുഖമുള്ളവയുമാണു്. എങ്കിലും മൊത്തത്തിൽ വിലയിരുത്തുമ്പോൾ ഇവയൊക്കെ മഹാകാവ്യം എന്ന ധൃതരാഷ്ട്രന്റെ ആലിംഗനത്തിൽപ്പെട്ടു് കുറെയൊക്കെ പരിക്കേററ പരിശ്രമങ്ങളായിപ്പോയി എന്നേ ആരും പറയുകയുള്ളു. ഇക്കൂട്ടത്തിൽനിന്നു് ഭിന്നമായി, മേരി ബെന്നിഞ്ജയുടെ ലഘുകാവ്യങ്ങൾ ക്രൈസ്തവസ്പന്ദത്തിന്റെ മികച്ച സൃഷ്ടികളാണെന്നു് പറയട്ടെ. അവരുടെ 'കവിതാവലി'യിലും 'ഗീതാരാമ'ത്തിലും ഇവയ്ക്കു നല്ല ചില ദൃഷ്ടാന്തങ്ങൾ കാണാം. യേശുദേവന്റെ ആന്തരചൈതന്യ

ത്തെ സുന്ദരമായി സ്ഫുരിപ്പിക്കുന്ന ഒരു ആകാരചിത്രം ഒരു കൃതി യിൽ വരച്ചു കാണുന്നു;

''ദിവ്യാനന്ദം തുളുമ്പും മധുമൊഴിയകമേ
മന്ദമന്ദം ചൊരിഞ്ഞും
നിർവ്യാജം തൃക്കടാക്ഷക്കതിരൊളിയിവളിൽ
പ്രേമപൂർവ്വം പൊഴിച്ചും
ദുർവ്യാമോഹാന്ധകാരം തിരുമുഖമതിലെ-
ശ്ശോഭയാൽ സംഹരിച്ചും
ദിവ്യൻ ശ്രീയേശുനാഥൻ ബത! വിലസുവതായ്
കണ്ടു ഞാനെന്റെ മുമ്പിൽ''

ആ 'ബത'യൊഴിച്ചാൽ ഈ പദ്യം ശബളരേഖകൾ കൂടിച്ചേർക്കുന്ന ഭാവാവിഷ്കരണ ശക്തിയുടെ മികച്ചൊരുദാഹരണമാണ് വള്ളത്തോൾ 'മഗ്ദലനമറിയ'ത്തിൽ 'പാപ്പാസ്സാം പല്ലവത്തോടുതോടു വേർപെട്ടു പാടെ ചുവന്ന തൻ കാൽപൊൻപൂവി'നേയും മററും വരച്ചിട്ടും വെളിപ്പെടാൻ കൂട്ടാക്കാത്ത ക്രിസ്തുവിന്റെ ആത്മീയ സൗഭാഗ്യത്തിന്റെ ഒരു തെളിക്കണ്ണാടിയായിട്ടുണ്ട് ഈ പദ്യം.

ധ്വനിശക്തികൊണ്ട് ഹൃദയസ്പർശികളായ യേശുവിന്റെ കൊച്ചു ചിത്രങ്ങൾ സമർപ്പിക്കുന്ന ഭാവകാവ്യങ്ങളാണ് ഇന്നത്തെ ചുററുപാടിൽ സഹൃദയർ ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും. പുതിയ യുഗത്തിന്റെ ഹൃദയവേദനകൾ ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ കാരുണ്യകണികയുടെ പ്രണാളികളായി അവയപ്പോൾ വർത്തിച്ചുകൊള്ളും. ഈ രീതിയിൽ രൂപപ്പെട്ടുവന്ന കഥകളും നാടകങ്ങളും നമുക്ക് ഏററവും കുറവാണ്. 'പുല്ലേലിക്കുഞ്ചു'വിലെ മതസംബന്ധിയായ ഉദ്ബോധനപരത പിന്നീടു വന്ന കഥാകൃത്തുക്കളെ അത്ര ആകർഷിച്ചില്ല. ഈ വീക്ഷണവ്യത്യാസം ശ്രദ്ധിക്കേണ്ടതാണ്. ഇന്നത്തെ തലമുറക്കാരായ കഥാകാരന്മാരിൽ ക്രൈസ്തവജീവിതത്തിൽ ഊന്നിക്കൊണ്ട് എഴുതിയവരിൽ പ്രമുഖൻ പൊൻകുന്നം വർക്കിയാണല്ലോ.

സമൂഹാദിഹിതമായ വീക്ഷണം പുലർത്തുന്ന വക്കി ക്രിസ്തുവിൻെറ ഗുണചിത്രങ്ങളായിട്ടാണ് പല പുരോഹിതന്മാരേയും അവതരിപ്പിച്ചിട്ടുള്ളത്. ക്രിസ്തു എന്ന ആദർശത്തിൻെറ അന്വേഷണമായിട്ട് അദ്ദേഹം തൻെറ രചനയെ കണ്ടിട്ടില്ല. കോവൂരിൻെറ നോവലുകളിൽ ക്രൈസ്തവൻെറ അക്രൈസ്തവ സ്വഭാവങ്ങളെ തുറന്നു കാട്ടിയിരിക്കുന്നു. പാറപ്പുറത്തിൻെറ ''അരനാഴികനേര''ത്തിൽ ബൈബിളിൻെറ അന്തരീക്ഷം സാന്ദ്രഘനമായുണ്ട്. ക്രിസ്തുവിൻെറ അന്വേഷണം ഇല്ല. പുത്തൻ കഥാകാരന്മാർ ക്രൈസ്തവേതിവൃത്തങ്ങൾ ധാരാളം ഉപയോഗിക്കുന്നുണ്ടെങ്കിലും മേല്പറഞ്ഞ വീക്ഷണം അവർക്കു് കൈവന്നിട്ടില്ല. സമൂഹചിത്രങ്ങളുടെ സമർപ്പണത്തിൽ കവിഞ്ഞു് അവർ ക്രൈസ്തവേതിവൃത്തങ്ങളെ പ്രയോജനപ്പെടുത്തിയിട്ടില്ല. കസാൻസ്യാക്കിനെപ്പോലെ നമ്മുടെ നോവലെഴുത്തുകാർ ക്രിസ്തുവിനെ ആവിഷ്ക്കരിക്കണമെന്നു് ഞാൻ പറയുകയില്ലെങ്കിലും ഒരു നവപ്രതിഭയ്ക്കു് ഒരു ചിരന്തനമഹിമയെ എങ്ങനെ വീണ്ടും സമീപിക്കാമെന്നു് അദ്ദേഹത്തിൻെറ കൃതികൾ തെളിയിക്കുന്നുണ്ടല്ലോ, അതു് പ്രതിഭയുടെ വിഷയമാണ്.

കേരളസഭയുടെ പ്രാധാന്യം ലോകമെങ്ങും പുകൾപെററതാണ്. പണ്ഡിതനായ ഒരു വിദേശ വൈദികൻ അതിനെ ഒരു 'പ്രമുഖസമൂഹം' എന്നു് വിശേഷിപ്പിച്ചുകണ്ടു.[14] അതിൻെറ പാരമ്പര്യസമ്പത്തു് ഒരു വശത്തുടെ പ്രചോദിപ്പിക്കുന്ന ആധുനിക ക്രൈസ്തവരുടെ സ്വപ്നഭാവനകൾ ഇന്ത്യയുടെ ധന്യപാരമ്പര്യത്തിൽ ആണ്ടുമുങ്ങേണ്ടതാണെന്നാണല്ലോ ഇന്നത്തെ പ്രബലമായ ക്രൈസ്തവ വിചാരഗതി.[15] ക്രൈസ്തവദർശനംകൊണ്ടു് വികസ്വരമാകുന്ന ശ്രേഷ്ഠകൃതികൾ അപ്പോഴും ഉണ്ടാകണമെന്നില്ല. അതു് നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ, എഴുത്തുകാരൻെറ അജ്ഞേയമായ പ്രതിഭയുടെ കാര്യമാണ്. പള്ളിയധികാരികൾ അതു് അനുവദിക്കുന്നുണ്ടെന്നു് 1969-ൽ ബാംഗ്ലൂരിൽവെച്ചു നടന്നതും മേലെ ഉദ്ധരിച്ചതുമായ ചർച്ച്സെമിനാർ തെളിയിക്കുന്നു. പ്രതിഭ പ്രത്യക്ഷപ്പെടുന്ന നേരം ഏതുമാകാം. പക്ഷേ, അപ്പോഴത്തേയ്ക്കു് അനുകൂലമായ അന്തരീക്ഷവും

സാഹചര്യവും ഒരുക്കിയില്ലെന്ന് നമ്മെപ്പററി പരാതിയുണ്ടാകരുത്. മതനേതാക്കളുടേയും സമുദായചിന്തകരുടേയും എല്ലാ കേരളീയരുടേയും ശ്രമം ഇതിന്നായിരിക്കണം എന്നെനിയ്ക്ക് തോന്നുന്നു. ഏതു ദർശനവും യുഗാന്തരങ്ങളോളം നിലനിർത്താൻ അധികം കൃതികൾ ആവശ്യമില്ല. ഒരെണ്ണം മതി. ക്രൈസ്തവദർശനം പ്രതിഫലിപ്പിക്കുന്ന അത്തരമൊരു കൃതിയ്ക്കു വേണ്ടി ഇവിടത്തെ ക്രൈസ്തവർ മാത്രമല്ല, കൈരളിപോലും കാത്തിരിക്കുകയാണ്. ക്രിസ്തുവിന്നുവേണ്ടി എത്ര യുഗങ്ങൾ കാത്തിരുന്നില്ല !

പ്രൊഫ. സുകുമാർ അഴീക്കോട്

---

1, — Edward Gibbon : The History of the Decline and Fall of the Roman Empire (Vol. IV, 1907), ch. XLVII, pp. 178 - 180).

2. — A. L. Basham : The wonder that was India (New York 1959), p. 342.

3. — G. M. Moraes : A History, of Christianity in India, Vol. I (Manaktalas, Bombay, 1964), p. 13.

4. — തോമസ് പുണ്യവാളൻ പഞ്ചാബിൽ ഗോണ്ടോഫറസ്സിൻെറ കാലത്ത് അപ്പോസ്തലപ്രവർത്തനം ചെയ്തുവെന്നല്ലാതെ, ദക്ഷിണേന്ത്യയിലോ കേരളത്തിലോ പോയിരുന്നില്ലെന്നാണ് പരേതനായ ടി. കെ. ജോസഫിൻെറ വാദം. (ഇന്ത്യൻ ആൻറിക്വറി ജർണൽ ഓഫ് ഇന്ത്യൻ ഹിസ്റ്ററി മുതലായ പത്രങ്ങളിൽ അദ്ദേഹത്തിൻെറ പ്രബന്ധങ്ങൾ കാണുക).

5. — Dr. Placid Podipara: The Malabar Christians ( Prakasam Publications, Alleppey 1972) p. 14.

6. — J. Nehru : Glimpses of World History. (2nd ed., 1949) p. 87.

7. — S, J. Pothan : The Syrian Christians of Kerala (Asia. Pbg., House. Bombay : 1963). p. 54.

8. — പി. ജെ. തോമസ്സ് : ' മലയാളസാഹിത്യവും ക്രിസ്ത്യാനികളും ' ( എസ്. പി. സി. എസ്സ്. : കോട്ടയം, 1961 ) പുറം 14.

9. — L. W. Brown : The Indian Christians of St, Thomas (Cambridge, 1956) pp. 3557.

10. — L. S. S. O'Malley (Ed.) : Modern India and the West (OUP, 1968) pp. 44 - 47.

11. — St. Mark, 16, 15.

12. — സ്വാമി വിവേകാനന്ദന്റെ ' Christ, the Messenger ' എന്ന ഗ്രന്ഥം കാണുക — Complete works of Swami Vevekanada; Vol. IV (Calcutta, 1963.)

13. — S. C. Carpenter ; Christianity (Pelican, 1953) p. 170.

14. — Pere Jamin : ' The Separated Eastern Churches (Herder Book Co,, 1933). p. 206

15, — Church in India Today (All India Seminar Bangalore, 1969) p. 349.

എട്ട്

# കേരളവും മരക്കാർ വംശവും

ആദ്യമായി ഇന്ത്യക്ക് സ്വന്തമായൊരു നാവികസേനയെ സൃഷ്ടിക്കുകയും രാഷ്ട്രത്തിന്റെ ഭദ്രതയെ കാത്തുരക്ഷിക്കുകയും ചെയ്ത വിജിഗീഷുക്കളുടെ ചരിത്രമാണ് സാമൂതിരിഭരണകാലത്തെ മരക്കാർ വംശജന്മാർക്കുള്ളത്. ഒരു കാലത്ത കേരളമൊട്ടുക്കും തങ്ങളുടെ അധികാരസീമയിൽ ഉൾപ്പെടുത്തിയ, സാമൂതിരി വംശജന്മാരുടെ വിജയരഹസ്യം നിലകൊള്ളുന്നത് മരക്കാർ പ്രഭൃതികളുടെ ത്യാഗപൂർണ്ണമായ രാജ്യസേവനത്തിലാണെന്നു പറഞ്ഞാൽ അധികമാകയില്ല. സാമൂതിരിഭരണവും മരക്കാർ വംശവും അജയ്യമായ ഒരു ശക്തിയെ സൃഷ്ടിച്ചു. പോർത്തുഗീസുകാരുടെ അന്യായമായ എല്ലാ ആക്രമണങ്ങൾക്കും നെഞ്ച് കാട്ടുവാൻ സാമൂതിരിയുടെ വിശ്വസ്തരായ മുസ്ലീം സുഹൃത്തുക്കൾ തയ്യാറായിരുന്നു. ഒരിക്കലും ഒരു വിദേശശക്തിക്ക് കീഴടങ്ങുകയില്ലെന്ന് വീരശപഥം ചെയ്ത മരക്കാർമാരെ സാമൂതിരി ബഹുമാനിക്കുകയും യുദ്ധനൈപുണ്യത്തെ വളർത്തുകയും ചെയ്തു. മതവിദ്വേഷത്തിന്റെ കളങ്കമേശാത്ത ഒരു സുന്ദരജീവിതഘടന മരക്കാർ

വംശം കേരളക്കരയിൽ കെട്ടിയുയർത്തി. കടൽപ്പടയാളികളായ അവർ സംഘടിപ്പിച്ച നാവികവ്യൂഹം കേരളത്തെ വിദേശീയാക്രമണങ്ങളിൽ നിന്നു രക്ഷിച്ചു. അവരുടെ നാവികപാരമ്പര്യം മഹത്തായ ഒരധ്യായം ഇന്ത്യാചരിത്രത്തിൽ എഴുതിച്ചേർത്തിയിട്ടുണ്ട്.

അറേബ്യയിൽനിന്നും, ഫോർമോസയിൽനിന്നും, ട്യൂണീസ്സിൽനിന്നും കേരളക്കരയിൽ എത്തിയ മുസ്ലിമീങ്ങളെ അന്നത്തെ ഭരണകർത്താക്കൾ സസ്നേഹം സ്വീകരിച്ചു. അവരുടെ അഭിലാഷങ്ങൾ മനസ്സിലാക്കുകയും താമസസൌകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. ഈ നവാതിഥികൾ ക്രമേണ വിദൂരരാജ്യങ്ങളുമായി കേരളത്തെ വ്യാപാരബന്ധത്തിലേർപ്പെടുത്തി. ഒരുന്നതവ്യാപാരകേന്ദ്രമായിരുന്ന ബഗ്ദാദുമായി കേരളത്തെ കൂടുതൽ അടുപ്പിച്ചു. അങ്ങിനെ സാമൂതിരി ഭരണകാലത്തെ കേരളത്തിൻെറ മുതലെടുപ്പ് വർദ്ധിപ്പിക്കുവാനും പ്രശസ്തി സമാർജ്ജിച്ചു കൊടുക്കുവാനും അവർക്ക് സാധിച്ചു. അന്നത്തെ പ്രധാന വ്യപാര കേന്ദ്രങ്ങൾ കോഴിക്കോട്, പറവണ്ണ. താനൂർ, ചാലിയം, പരപ്പനങ്ങാടി, ചെമ്മലോട്. വളപട്ടണം. മാടായി, തിരുവങ്കാട്, നാദാപുരം, കൊയിലാണ്ടി, തിക്കോടി, കാരക്കാട്, കൊല്ലി, കൊടുങ്ങല്ലൂർ മുതലായവയായിരുന്നു. എട്ടു ചതുരശ്ര നാഴിക വിസ്തീർണ്ണമുണ്ടായിരുന്ന അന്നത്തെ കോഴിക്കോട് ജനങ്ങൾ തിങ്ങിത്താമസിച്ചിരുന്ന ഒരു വ്യവസായകേന്ദ്രമായിരുന്നു. മുസ്ലീം വ്യവസായപ്രമുഖന്മാരുടെ വിപുലമായ പരിപാടികൾ വിദേശീയരെ കേരളത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു.

ക്രിസ്താബ്ദം ഏഴാം നൂററാണ്ടിൽ അറേബ്യയിൽനിന്നു വന്ന വ്യപാരികളിൽപെട്ടവരാണ് മരക്കാർമാർ എന്നു ചില ചരിത്രകാരന്മാർ പറയുന്നു. ഈ വ്യാപാരികൾ കോഴിക്കോട്ടു കരക്കിറങ്ങിയപ്പോൾ നാട്ടുകാർ ചോദിച്ചു എവിടെനിന്നു എങ്ങിനെ വന്നുവെന്ന്. വ്യപാരികൾ 'മർക്കബ്'' (അറബിയിൽ തോണിയെന്നർത്ഥം) ചൂണ്ടിക്കാട്ടി. അങ്ങിനെ തോണിയിൽ വന്നതുകൊണ്ടാണ് ''മർക്കബുകാർ'' കാലക്രമേണ ''മരക്കാർമാർ'' ആയിത്തീർന്നതെന്നു് ചിലർ ബലമായി വിശ്വസിക്കുന്നു. സാമൂതിരി രാജാവ് നൽകിയ ബഹു

മാനപ്പേരാണു് ''മരക്കാർ'' എന്നു് മററു ചിലരും, അതുമല്ല ടുണീഷ്യരായ കടൽ പടയാളികാംക്കു് ''മത്താമ്പ്'' എന്ന പേരുണ്ടെന്നും അവർ ക്രിസ്ത്വാബ്ദം പന്ത്രണ്ടാം നൂററാണ്ടിൽ കേരളത്തിൽ വന്നു താമസം തുടങ്ങിയിട്ടുണ്ടായിരുന്നുവെന്നും റീഗ്നെല്ലിയുടെ ''വെസ്റ്റേൺ എൻക്വയറി''യിൽ കാണുന്നു. ഒരുപക്ഷേ അവരാകാനും വഴിയുണ്ടു്. കേരളക്കരയിൽനിന്നുതന്നെ ഇസ്ലാംമതം സ്വീകരിച്ച ''മാക്കൊർ'' തന്നെയാണു് മരക്കാർമാരെന്നു് പോർത്തുഗീസ് ചരിത്രാന്വേഷകനായ അൽബന്നിയാമി തുടന്നു പറഞ്ഞു. ''സാഹസികരായ കടൽ പടയാളികളാണു് മരക്കാർമാർ. സമരതന്ത്രം പരിശീലിച്ചിട്ടുള്ള മരക്കാർ വംശക്കാർ രാഷ്ട്രത്തിന്റെ ഭദ്രത സൃഷ്ടിക്കുന്നവരാണു്. മലബാർ തീരത്തു കുടിയേറിപ്പാർത്ത വിദേശിയരായ സമരനായകന്മാരുടെ ശിക്ഷണം ഇവരെ യോദ്ധാക്കളാക്കി മാററി. മലബാർ മുസ്ളിമീങ്ങളുടെ സഹകരണമാണു് ഇവരുടെ ബലം. ഇവരുടെ വംശത്തിനു് കേരളരാജാക്കന്മാർ ചില പ്രത്യേക പാരിതോഷികങ്ങാം നൽകാറുണ്ടു്......'' പ്രശസ്ത ചരിത്രകാരനായ സി. ബ്രോക്കൽമേൻ തന്റെ ഗ്രന്ഥത്തിൽ മരക്കാർ വംശക്കാരെ മലബാർ മുസ്ളിമീങ്ങാം (Malabar Moors) എന്നു സംബോധന ചെയ്യുകയും മരക്കാർ വംശക്കാക്കു് കേരളത്തിന്റെതല്ലാത്ത വൈശിഷ്ട്യമുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. അറബികളുമായി വിവാഹബന്ധവും മററുവിധ വേഴ്ചകളും അവക്കുള്ളതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. മരക്കാർമാരുടെ പ്രവത്തനവും ജീവിതവും പരിശോധിക്കുമ്പോാം അവക്കു് അറബികളോടാണു് സാമ്യമുള്ളതെന്നു് കാണാം. ഏഴാം നൂററാണ്ടിന്റെ ആരംഭത്തിൽതന്നെ കേരളത്തിലെത്തിയ അറബികളുടെ പിൻതലമുറക്കാരാണു് മരക്കാർമാരെന്നു വിശ്വസിക്കുന്നതിൽ തെററില്ല. കേരളക്കരയിൽ ഇസ്ളാംമതത്തിനു പ്രാബല്യം ലഭിച്ചിരുന്ന ഘട്ടത്തിൽ ചാവാട്ടെ ഖാസി ഒരു പൌരപ്രധാനിയും മരക്കാർ വംശത്തിലെ പ്രമുഖനായ ജുബയിറുവിനു ഹാരീസ് ആയിരുന്നുവെന്നും ഡബ്ളിയുവേർലി, ''മലബാർ: ഡച്ചുകാരുടെ വരവിനുമുമ്പ്'' എന്ന ഹസ്തരേഖയിൽ ഉണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. എങ്ങിനെയായാലും

വളരെ പഴക്കമുള്ള ഒരു വംശമാണിവരെന്നും കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ അലിഞ്ഞുചേരുവാനും സൗഹാർദ്ദപരമായ ജീവിത ബന്ധം കെട്ടിയുയർത്തുവാനും ഇവർക്കു കഴിഞ്ഞിട്ടുണ്ടെന്നും നിഷ്പ്ര യാസം ഗ്രഹിക്കാം.

പോർത്തുഗീസുകാരുടെ രണ്ടാമത്തെ ആഗമനം കേരളക്കരയിൽ മുസ്ലീം വ്യാപാരികളുടെ അഭിവൃദ്ധിക്കു വിഘ്നംവരുത്തി. സാമൂതിരിയുടെ അനുമതിപ്രകാരം പോർത്തുഗീസ്സുകാരും ഇവിടെ വ്യാപാരകേന്ദ്രങ്ങൾ സൃഷ്ടിച്ചു. അങ്ങിനെ പോർത്തുഗീസ്സുകാർ മുസ്ലീം കച്ചവടക്കാരുടെ നേരെ ആക്രമണത്തിന്നു തയ്യാറായി. കോഴിക്കോട്ടുണ്ടായിരുന്ന പ്രസിദ്ധ വർത്തകപ്രമാണിയായ ഖ്വാജാ കാസിമിൻെറ കപ്പലിന്നു പോർത്തുഗീസുകാർ തീകൊടുത്തു. അതോടു കൂടി സാമൂതിരിയും പോർത്തുഗീസുകാർക്കെതിരായി യുദ്ധത്തിനൊരുങ്ങി. ഒരു വലിയ വ്യാപാരമത്സരം മറെറാരു ദീർഘകാലയുദ്ധത്തിൻെറ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. വാസ്കോഡിഗാമ ആദ്യമായി ഒരാക്രമണം നടത്തി കുറെ ധനവും മററു വിഭവങ്ങളും കൈയിലാക്കി മടങ്ങിപ്പോയി. പോർത്തുഗീസ്സുകാരുടെ ഏതാക്രമണത്തേയും സധൈര്യം നേരിടുവാൻ സാമൂതിരിയുടെ പടനായകനായ മമ്മാലി കൊടുങ്ങല്ലൂർ തുറമുഖത്തു താവളമടിച്ചു. അവിചാരിതമായ ഒരാക്രമണത്തിൽ മമ്മാലിയും അനുചരന്മാരും ഏററുമുട്ടി മരണമടഞ്ഞു. വീണ്ടും ഒരു യുദ്ധത്തിന്നു മമ്മാലിയുടെ വംശജന്മാർ തയ്യാറായി. 1510 ജനുവരിയിൽ പോർത്തുഗീസ്സുകാർ കോഴിക്കോട് പട്ടണം കൊള്ളയടിച്ചു. കോഴിക്കോട്ടെ ജനങ്ങൾ പോർത്തുഗീസ്സുകാരെ ആക്രമിച്ചു. 1507ൽ പോർത്തുഗീസ്സുകാർ പൊന്നാനിയെ ആക്രമിച്ചപ്പോൾ സാമൂതിരിയുടെ പൂർവ്വിക നാവികസേനാനായകനായ കുഞ്ഞാലിമരക്കാർ തൻെറ സൈനികകേന്ദ്രം കോട്ടക്കലേക്കു മാററി. ഒരു നീണ്ട യുദ്ധത്തിലിടപ്പെട്ട പോർത്തുഗീസ്സുകാർ സാമൂതിരിയുമായി ഒരു സന്ധിയിലെത്തി. ഈ സന്ധി നിലവിലുള്ളപ്പോൾ പോർത്തുഗീസ്സുകാർ സാമൂതിരിയെ അനുമോദിക്കാനെന്നുള്ള വ്യാജേന ചതിക്കാൻ പ്ലാനിട്ടു ബുദ്ധിമാനായ സാമൂതിരി അതിന്നു

വഴിപ്പെട്ടില്ല. ഈ ഘട്ടത്തിൽ പോർത്തുഗീസുകാരുമായി ഒരു സന്ധിയില്ലാസമരം ആവശ്യമാണെന്നു സാമൂതിരിക്ക് ബോദ്ധ്യം വന്നു. സാമൂതിരി തൻെറ വിശ്വസ്തരായ മുസ്ലിം പടനായകന്മാരുമായി ആലോചിച്ചു. പോർത്തുഗീസുകാരെ ആക്രമിക്കുവാനുള്ള സന്ദർഭം പാർത്തുകൊണ്ടിരിക്കുന്ന മുസ്ലിം പടനായകന്മാർ സാമൂതിരിക്ക് തങ്ങളുടെ സഹായം വാഗ്ദാനം ചെയ്തു. ഒരിക്കലും ഒരു വിദേശശക്തിക്ക് കീഴടങ്ങാൻ പാടില്ലയെന്ന വിശ്വാസം അന്നത്തെ സാമൂതിരിയുടെ മുസ്ലിം പ്രജകളിൽ വേരൂന്നിയിരുന്നു. പോർത്തുഗീസുകാർക്കെതിരായി ഒരൈക്യമുന്നണി പടുത്തുയർത്തുവാൻ സാമൂതിരിയും മുസ്ലിമീങ്ങളും അക്ഷീണം പരിശ്രമിച്ചു. 1524-ൽ കുട്ടി ആലിമരക്കാരുടെ കീഴിലുള്ള ഒരു സൈന്യം പോർത്തുഗീസുകാരുടെ കപ്പൽപടയെ കീഴടക്കി. പോർത്തുഗീസുകാർ മുസ്ലിം കേന്ദ്രങ്ങളിൽ ഇറങ്ങി നിർലോഭം കൊള്ളയടിച്ചു. ഇതിനെ തടയാൻ അന്നത്തെ കൊച്ചിയിലെ സമുദായ നേതാക്കന്മാരായ അഹമ്മദ്മരക്കാരും കുഞ്ഞാലിമരക്കാരും മുഹമ്മദലി മരക്കാരും സാമൂതിരിയുടെ സഹായത്തോടെ ഒരു സൈന്യത്തെ സജ്ജമാക്കി, ഏറ്റുമുട്ടലിനു തയ്യാറായി. ഈ സൈന്യത്തിൻെറ പിന്നാലെ കൊച്ചിയിലെ പോർത്തുഗീസുകാരും പോയി. നായർ പട്ടാളവും മുസ്ലിം പട്ടാളവും ഒരൈക്യബന്ധത്തോടുകൂടി പോർത്തുഗീസു കോട്ട പിടിച്ചടക്കി. തദനന്തരം കണ്ണൂരിൽ വെച്ച് കുട്ടി ആലിമരക്കാരെ പോർത്തുഗീസുകാർ എതിർത്തു. അദ്ദേഹത്തെ തടവിലാക്കി. പക്ഷേ ഇതുകൊണ്ടൊന്നും സാമൂതിരി പിന്തിരിഞ്ഞില്ല. കുട്ടി ആലിയുടെ മകൻ കുഞ്ഞാലി രണ്ടാമൻ പൂർവ്വാധികം വാശിയോടുകൂടി യുദ്ധംചെയ്തു പോർത്തുഗീസുകാരെ തോല്പിച്ചു. സാമൂതിരിയുടെ നാവികയുദ്ധത്തിൽ രോമാഞ്ചമുണ്ടാക്കുന്ന ധീരകൃത്യങ്ങൾ ചെയ്ത ഇദ്ദേഹമാണ് കുഞ്ഞാലി രണ്ടാമൻ. മറെറാരു സേനയെ പാച്ചാച്ചി മരക്കാരുടെ കീഴിലും തയ്യാറാക്കി. വേറൊരു സേനാവിഭാഗത്തെ അലി ഇബ്രാഹിമിൻെറ കീഴിലും സന്നദ്ധരാക്കി. കോഴിക്കോട്ടെ സൈനികകേന്ദ്രത്തിൻെറ മേൽനോട്ടം വഹിച്ചിരുന്ന കുട്ടി അഹമ്മദ് മരക്കാർ 1531-ൽ കൊല്ലപ്പെട്ടു. തുടർന്നു നാടെങ്ങും

വിജയത്തിന്റെ കൊടിക്കൂറ ഉയർത്തിയതു കുഞ്ഞാലി രണ്ടാമനായിരുന്നു. കുഞ്ഞാലി രണ്ടാമന്റെ നാവികയുദ്ധനൈപുണ്യത്തേയും നയതന്ത്രജ്ഞതയേയും പോർത്തുഗീസ് ചരിത്രകാരൻപോലും പുകഴ്ത്തിയിട്ടുണ്ട്. പോർത്തുഗീസുസേന കൂടുതൽ ഭയപ്പെട്ടിരുന്നതു് ഈ യോദ്ധാവിനെയായിരുന്നു. ഒരു വർഷത്തിൽ ചുരുങ്ങിയതു് അമ്പതു കപ്പലുകളെങ്കിലും അദ്ദേഹം പിടിച്ചടക്കിയിരുന്നു. സാമൂതിരി രാജ്യഭരണസംബന്ധമായ കാര്യങ്ങളിൽ കുഞ്ഞാലി രണ്ടാമന്റെ ഉപദേശം സ്വീകരിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തു് ആക്രമണങ്ങൾ കുറഞ്ഞു, അറബിക്കടലിൽ ഒരു വിദേശശക്തിക്കും കുഞ്ഞാലിമരക്കാരുടെ അനുമതി കൂടാതെ കപ്പലോടിക്കാൻ ധൈര്യമുണ്ടായിരുന്നില്ല. കേരളത്തിന്റെ മഹത്തായ നാവികപാരമ്പര്യം കുഞ്ഞാലി രണ്ടാമന്റെ കാലത്താണ് വ്യക്തമായ രൂപം പ്രാപിച്ചതു്.

ഒരു നീണ്ട യുദ്ധത്തിന്നു ശേഷം സാമൂതിരി വീണ്ടും ഒരു സന്ധിക്കു തയ്യാറായി. ഗോവയിൽവെച്ച 1540-ൽ ഉണ്ടായ ആ സന്ധ്യുടമ്പടിയിൽ പങ്കെടുക്കാൻ പോയ സാമൂതിരിയുടെ പ്രതിനിധി കുട്ടിആലി മരക്കാരായിരുന്നു. പോർത്തുഗീസുകാർ സന്ധിയുടമ്പടികൾ ലംഘിച്ചുകൊണ്ടു 1545-ൽ കണ്ണൂരിൽ ലഹള നടത്തി. ഈ ലഹളയിൽ പ്രശസ്തനാവിക യോദ്ധാവായ മമ്മാലിയുടെ മരുമകൻ അബൂബക്കർ ആലിയേയും കണ്ണൂർ ആലി ആദിരാജാവിന്റെ പിതാവായ കുഞ്ഞി സൂപ്പിയേയും പോർത്തുഗീസുകാർ വധിച്ചു. 1558 വരെയുള്ള യുദ്ധങ്ങളിൽ പോർത്തുഗീസുകാർക്കു് വളരെ കഷ്ടനഷ്ടങ്ങൾ സംഭവിച്ചു. അതിന്നു കാരണം കുഞ്ഞാലി മരക്കാരുടെ ഒളിയുദ്ധങ്ങളാണ്. കുഞ്ഞാലിയുടെ ഒളിപ്പോരിനോടെതിരിടാൻ പോർത്തുഗീസുകാർക്കു സാധിച്ചിരുന്നില്ല. 1559-ൽ കുഞ്ഞാലി ഒരു വലിയ കപ്പൽ സൈന്യത്തോടുകൂടി പോർത്തുഗീസുകാരെ വളഞ്ഞു. കുഞ്ഞാലി പോർത്തുഗീസു കേന്ദ്രങ്ങളിൽ തന്റെ പതാക ഉയർത്തി. എന്നാൽ പോർത്തുഗീസുകാർ ഇടക്കിടക്കു ഓരോ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടു കൊള്ള നടത്തിക്കൊണ്ടിരുന്നു. ഇതിന്നെതിരായി വീണ്ടും സാമൂതിരി യുദ്ധത്തിന്നൊരുങ്ങി. ചാലിയം കോട്ട പിടിച്ച

ടക്കി- മരക്കാരുടെ നേതൃത്ത്വത്തിലുള്ള ഒരു വലിയ സൈന്യം മംഗലാപുരത്തെ ആക്രമിച്ചു. പോർത്തുഗീസുകാർ കണ്ണൂർ വരെ ഈ സൈന്യത്തെ പന്തുടൻ്ന. ഈ യുദ്ധത്തിൽ സൈന്യാധിപനായിരുന്ന കുട്ടി അബൂബക്കർ അന്തരിച്ചു. സാമുതിരി ചാലിയം കോട്ടക്കെതിരായി തൻെറ കരസൈന്യത്തെ അയച്ചു. ചാലിയം കോട്ടയുടെ പതനത്തോടുകൂടി കേരളത്തിൽനിന്നു പോർത്തുഗീസു പ്രാബല്യം അസ്തമിച്ചുതുടങ്ങി. കുഞ്ഞാലി രണ്ടാമൻ വിജയശ്രീലാളിതനായി തൻെറ സൈനികശക്തിയെ വദ്ധിപ്പിച്ചു. രണ്ടാമനു ശേഷം കുഞ്ഞാലി മൂന്നാമൻ പ്രത്യക്ഷപ്പെട്ടു. സാമൂതിരിയുടെ അനുമതിയോടുകൂടി അദ്ദേഹം പുതുപട്ടണത്തു ഒരു കോട്ട പണിതു. ഇതാണു് ചരിത്രത്തിൽ പറയുന്ന 'മരക്കാർ കോട്ട. കരയിലും കടലിലും കുഞ്ഞാലിയുടെ ശക്തി വദ്ധിപ്പിച്ചതോടുകൂടി സാമൂതിരിക്കു രാജ്യത്തിൻെറ ഭദ്രതയിൽ വിശ്വാസം ജനിച്ചു.

കുറേക്കാലത്തേക്കു നിശബ്ദരായിരുന്ന പോർത്തുഗീസുകാർ 1572-ൽ പ്രത്യക്ഷപ്പെട്ടു. പരപ്പനങ്ങാടിയിൽ ഇറങ്ങി ദേവാലയങ്ങാംകു തീവെച്ചു. വിദേശത്തു നിന്നു വരുന്ന അരി തടഞ്ഞു. അതോടുകൂടി നാട്ടിൽ ക്ഷാമം തലപൊക്കി. 1577-ൽ അരിയുമായി വന്ന 50 അറബിക്കപ്പലുകളെ അവർ പിടിച്ചടക്കി. സാമൂതിരി യുദ്ധത്തിനു തയ്യാറായി. 1586-ൽ പോർത്തുഗീസുകാരെ ഒരു വലിയ യുദ്ധത്തിൽ കുഞ്ഞാലി പരാജയപ്പെടുത്തി. 1587-ലും കുഞ്ഞാലിയുടെ മരുമകനായ ഖ്വാജാമൂസായുടെ നേതൃത്വത്തിൽ ഒരു കപ്പൽപ്പട പോർത്തുഗീസുകാരുമായി യുദ്ധത്തിലേർപ്പെട്ടു. വളരെ അധികം പടയാളികാം വധിക്കപ്പെട്ട ശേഷം പോർത്തുഗീസുകാരുടെ മേൽ വിജയം കൈവരിക്കാൻ ഈ സൈന്യത്തിന്നു സാധിച്ചു. പരാക്രമശാലിയായ മൂസാ തുടൻ്ന നടത്തിയ എല്ലാ യുദ്ധങ്ങളിലും വിജയിയായി. രോഷാകുലരായ പോർത്തുഗീസുകാർ ഒരു വലിയ സൈന്യവുമായി മൂസയെ എതിരിട്ടു. ഈ യുദ്ധത്തിൽ മൂസയുടെ മിക്ക കപ്പലുകളും നഷ്"ടപ്പെട്ടു. ഭഗ്നാശനായ മൂസാ സ്വരക്ഷാത്ഥം കടലിൽ ചാടി രക്ഷപ്പെട്ടു. ദൃഢചിത്തനായ കുഞ്ഞാലി മൂസയുടെ പരാജയ

ത്തിൻെറ കളങ്കം മാച്ചു കളയുവാൻതന്നെ പുറപ്പെട്ടു. മലയാളക്കര യുടെ എല്ലാം ഭാഗങ്ങളിൽനിന്നും പോർത്തുഗീസു സൈന്യത്തെ കുഞ്ഞാലി തുരത്തി. യാതൊരു ഗത്യന്തരവുമില്ലാതെ പോർത്തുഗീസുകാർ സാമൂതിരിയുമായി സന്ധിക്കൊരുങ്ങി. 1591-ൽ ഒരു സന്ധിക്കരാറിൽ അവർ ഒപ്പിട്ടു.

കുഞ്ഞാലി നാലാമൻെറ കാലത്താണ് മരക്കാർ വംശം മലബാറിൽ പരാജയപ്പെട്ടതു്. തൻെറ പൂർവികന്മാരായ സൈന്യനായകന്മാർ നിലനിത്തിപോന്ന സാമൂതിരിയുമായുള്ള മൈത്രീബന്ധം ഇദ്ദേഹത്തിൻെറ കാലത്തു് പരാജയപ്പെട്ടു. സാമൂതിരിയുമായുള്ള കോയ്മാവകാശത്തെ ധിക്കരിച്ചുകൊണ്ടു പുതുപട്ടണം കോട്ട പുതുക്കി പണിയുകയും സൈന്യത്തെ വിപുലീകരിക്കുകയും ചെയ്തപ്പോൾ സാമൂതിരി കുപിതനായി. ഈ സന്ദർഭം മരക്കാർ വംശത്തിൻെറ ജന്മശത്രുക്കളായ പോർത്തുഗീസുകാർ നല്ലവണ്ണം ഉപയോഗിച്ചു. 1591-ൽ കുഞ്ഞാലി നാലാമൻെറ സാന്നിദ്ധ്യത്തിൽ നടന്ന സന്ധിക്കരാറിൽ പോർത്തുഗീസുകാക്കു് തങ്ങളുടെ പരാജയം സാമൂതിരിയുടെ മുമ്പിൽ സമ്മതിക്കേണ്ടതായി വന്നു. ആ അപമാനം അവരുടെ പ്രതികാരവാഞ്ഛയെ ആളിക്കത്തിച്ചു. പുതുപട്ടണം കോട്ട ഉടൻ പിടിച്ചില്ലെങ്കിൽ സാമൂതിരിഭരണം കുഞ്ഞാലി നാലാമൻ അറബിക്കടലിലാക്കുമെന്നും മററും സാമൂതിരിയെ പറഞ്ഞു ഭയപ്പെടുത്തി. പോർത്തുഗീസുകാരുടെ നിരന്തരമുള്ള യുദ്ധപ്രേരണ നിമിത്തം സാമൂതിരി കുഞ്ഞാലിയോടു് യുദ്ധത്തിനൊരുങ്ങി. യുദ്ധത്തിൽ നായർ പട്ടാളത്തലവന്മാരും കോഴിക്കോട്ടെ പൌരപ്രമുഖന്മാരും എതിരഭിപ്രായം പ്രകടിപ്പിച്ചു. ചാലിയത്തുനിന്നും ധമ്മടത്തുനിന്നും പട്ടാളക്കാരെ കോഴിക്കോട്ടേക്കു് മടക്കി വിളിച്ചു. പട്ടാളക്കാരിൽപോലും പോർത്തുഗീസുകാക്കു് വിശ്വാസമുണ്ടായില്ല. സാമൂതിരിയുടെ പേരിൽ പോത്തുഗീസു് സന്നാഹം പുതുപട്ടണത്തെത്തി. സാമൂതിരിയുടെ പ്രതിനിധികളായി മൂന്നുപേർ മാത്രമേ ആ സൈന്യത്തിലുണ്ടായിരുന്നുള്ളു. വളരെ വാശിയോടുകൂടി കുഞ്ഞാലി യുദ്ധം ചെയ്തു. പുറത്തുനിന്നുള്ള പട്ടാള സഹായം ലഭിക്കാതായപ്പോൾ കുഞ്ഞാലി സന്ധിക്കപേ

ക്ഷിച്ചു. സാമൂതിരിക്കായി തൻെറ വാരം സമപ്പിച്ചു. കുഞ്ഞാലിയെ സ്വതന്ത്രനായി വിടണമെന്നും നിരുപാധികമായി എല്ലാതടവുകാരേയും മോചിപ്പിക്കണമെന്നും സാമൂതിരി പറഞ്ഞു. പോത്തുഗീസുകാർ മൃഗീയമായ ദണ്ഡനങ്ങരം ഏല്പിച്ചശേഷം കുഞ്ഞാലിയെ വധിച്ചു. കുഞ്ഞാലിയുടെ അനുയായികളായ മരക്കാർ പ്രഭൃതികളെ ചെമ്മലോട്ട്, വളപട്ടണം, മാടായി, കാസർഗോഡ്, പരപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽനിന്നു് പോത്തുഗീസുകാർ സാമൂതിരിയുടെ അനുമതി കൂടാതെ തടവിലാക്കി. പോത്തുഗീസുകാരുടെ ഭീഷണിക്കും മർദ്ദനത്തിന്നും പട്ടാളവാഴ്ചക്കും സാമൂതിരിയുടെ ''നിസ്സഹായത'' വളർച്ച നല്കി. പോത്തുഗീസു് നാവികർ കുറെ തടവുകാരെ ഗോവയിൽ കൊണ്ടുപോയി വധിച്ചുവെന്നും ഈ ദാരുണവാത്തയറിഞ്ഞപ്പോരം സാമൂതിരി പൊട്ടിക്കരഞ്ഞുപോയെന്നും പോത്തുഗീസ് ചരിത്രകാരനായ എഫ്. എസ്. ഡേവീസ് പോലും പറയുന്നു. പോത്തുഗീസുകാരുടെ നിരന്തരമായ മദ്ദനംകൊണ്ടുമാത്രമാണു് മരക്കാർമാർ തങ്ങളുടെ കേന്ദ്രങ്ങരം കയ്യൊഴിച്ചതു്. പോത്തുഗീസ് ചരിത്രകാരന്മാരിൽ ചിലർ മരക്കാർ വംശക്കാരുടെ പേരിൽ പല കള്ളക്കഥകളും സൃഷ്ടിച്ചിട്ടുണ്ടു്. പോത്തുഗീസ് സേനയുടെ കീഴിൽ പട്ടാളസേവനം ചെയ്തിരുന്നവരെ മരക്കാർമാർ തട്ടിക്കൊണ്ടുപോവുകയും അവരെക്കൊണ്ടു അടിമവേല ചെയ്യിക്കുകയും ചെയ്തുവെന്നാണു് പോർത്തുഗീസുകാരുടെ ആക്ഷേപം.

1623-ൽ കേരളം സന്ദർശിച്ച സിലോണിലെ ബുദ്ധമിഷ്യനറിമാരിൽപെട്ട സാനിമിഹിരൻ എന്ന ബുദ്ധഗുരു ''ബുദ്ധ സിംഹള സംഘലഷ്''യിൽ ആ കാലത്തെ കേരളത്തെപ്പററി പറയുന്നു: ''പോർച്ചുഗലിൽനിന്നു കേരളത്തിൽ കുടിയേറിപ്പാർത്ത കടൽസഞ്ചാരികളും പുരോഹിതന്മാരും മലബാറിൻെറ തീരങ്ങളിൽ ജനങ്ങരംക്കഹിതമല്ലാത്ത പ്രവർത്തനങ്ങരം ചെയ്യുകയും ജനങ്ങരം രോഷാകുലരാവുകയും ചെയ്തു. പോർത്തുഗീസ് പാതിരിമാരുടെ മതപ്രചരണത്തിന്നു മലബാറിലെ ജനങ്ങളെ അവരുമായി അടുപ്പിക്കാൻ സാധിച്ചില്ല. സാമൂതിരിയുടെ കീഴിൽ വിശ്വസ്തരായി കഴിയുന്ന മലബാർ മുസ്ലിമി

ങ്ങളെ പോർത്തുഗീസുകാർ ആക്രമിക്കുകയും ചെയ്തു. ഇങ്ങിനെ കൊള്ളചെയ്യപ്പെട്ട വസ്തുക്കളെല്ലാം പോർച്ചുഗലിലേക്കു് കടത്തുകയാണു് ചെയ്തതു്. മുസ്ളിമിങ്ങളിൽ പ്രതാപവാന്മാരായിരുന്ന മരക്കാർമാരെയാണു് പോർത്തുഗീസുകാർ കൂടുതൽ ഭീഷണിപ്പെടുത്തിയതു്. വർദ്ധിച്ചു വരുന്ന പോർത്തുഗീസ് ആക്രമണം കാരണം മരക്കാർമാർ അയൽദേശങ്ങളിലേക്കു് സ്വരക്ഷാർത്ഥം ഓടി, അങ്ങിനെ സിലോണിലേക്കു കൂട്ടം കൂട്ടമായി മരക്കാർമാർ തങ്ങളുടെ കപ്പലുകളിൽ യാത്രപുറപ്പെട്ടു. സിലോണുമായി മരക്കാർമാക്കു് വളരെ കാലത്തെ ബന്ധമുണ്ടു്. സിലോണിലെ ഉല്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്കു് കയററി അയച്ചിരുന്നതു് മരക്കാർമാരായ വ്യാപാരികളുടെ സഹായത്താലാണു്. കച്ച് മുതൽ സിലോൺ വരെയും മരക്കാർമാർ വ്യാപാരസംബന്ധമായ തങ്ങളുടെ സ്വാധീനത ചെലുത്തിയിരുന്നു. സാമൂതിരിയുമായി അവസാനകാലത്തുണ്ടായ ഒരു വലിയ യുദ്ധത്തോടുകൂടി മരക്കാർമാർ നാഗപട്ടണത്തേക്കും സിലോണിലേക്കും 1611–ൽ താമസം മാററി. നാഗപട്ടണം തെക്കെ ഇന്ത്യയിലെ ഒരു വലിയ വ്യാപാരകേന്ദ്രമായിരുന്നു. മലബാറിലെ മുസ്ളിമിങ്ങളുടെ ഇടയിൽ നിരാശയും ഭയവും ജനിപ്പിക്കുവാൻ പോർത്തുഗീസുകാർക്കു കഴിഞ്ഞു. വിദേശങ്ങളുമായി മലബാർ മുസ്ളിമിങ്ങൾ നൂററാണ്ടുകളായി നടത്തിയിരുന്ന വ്യാപാരബന്ധങ്ങളെല്ലാം പോർത്തുഗീസുകാർ തടഞ്ഞു, അങ്ങിനെയാണു് മരക്കാർമാരെ പരാജയപ്പെടുത്താൻ പോർത്തുഗീസുകാക്കു് സാധിച്ചതു്.......''

സിലോണിൽ പുത്തലം (Puttalam), കാത്താർകുടി (Kattar-kudi) എന്നീ താലൂക്കുകളിൽ തിങ്ങിത്താമസിക്കുന്ന ഒരു വിഭാഗമാണു് മരക്കാർമാർ. സിലോണിൽ അധിവസിക്കുന്ന മുസ്ളിമിങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ടു്. മലയാളിമുസ്ളിം, സിലോൺ മുസ്ളിം, ഇന്ത്യൻ മുസ്ളിം എന്നിങ്ങനെ അറിയപ്പെടുന്നവരിൽ മരക്കാമാക്കു് വളരെ പ്രാധാന്യമുണ്ടു്. ലങ്കയിലെ കുബേരന്മാരായ ''മരക്കാർമാർ'' അധിവസിക്കുന്ന പുത്തലം എന്ന സ്ഥലത്തു് അവരുടെ പഴയ പ്രതാപത്തെ പ്രകീർത്തിക്കുന്ന രേഖകളുണ്ടു് ഒന്നാം ലോകമഹായുദ്ധാനന്തര

ത്തിൽ ഇന്ത്യയിലെയും സിലോണിലെയും ജാതികളെയും അവാന്തര വിഭാഗങ്ങളെയും ആചാരങ്ങളെയും പററി പഠിക്കുവാൻ സ്പെയിൻകാരനായ ലോർ മുറേലി എന്ന ഗവേഷകൻ ഒരു പര്യടനം നടത്തി. അങ്ങിനെ അദ്ദേഹം ശേഖരിച്ചിട്ടുള്ള രേഖകളിൽ 'മരക്കാർ'മാരെപ്പററി വിജ്ഞേയമായ ഒരു ഭാഗമുണ്ട്. അതിതാണ്: ''സിലോണിലെ മരയ്ക്കാർ വംശക്കാർ ധനാഢ്യരും ശാന്തശീലരുമാണ്. വളരെ പഴക്കമുള്ള ഒരു വംശമാണിവരുടേതു്. പടിഞ്ഞാറൻ തീരത്തു് ഈ വംശത്തിൽ പെട്ട പലരും കോളനികളായി താമസിച്ചിരുന്നു. വ്യപാര തല്പരരും സഞ്ചാരികളുമായിരുന്ന ഇവരുടെ പൂർവ്വികന്മാർ. ഇവരുടെയിടയിൽ പരിഷ്കാരവും വിദ്യാഭ്യാസവും തുലോം കുറവാണ്. ഇവർ സിലോണിൽ കുടിയേറിപ്പാർത്ത വിദേശിയരാണ്. എന്നാലും ഇരുന്നൂറ് സംവത്സരം പഴക്കമുള്ള ദേവാലയം ഇവർക്കു് സിലോണിലുണ്ട്. പടിഞ്ഞാറൻ തീരത്തു് പോർത്തുഗീസുകാർ പ്രതാപശാലികളായപ്പോൾ ഇവരുടെ വ്യപാരാഭിവൃദ്ധി ക്ഷയിച്ചു. അതോടുകൂടി വിദേശങ്ങളിലേക്കു യാത്ര പുറപ്പെട്ടു. മലബാർ തീരത്തു് ഇവർക്കു് ഭൂസ്വത്തും സ്ഥാനങ്ങളുമുണ്ടായിരുന്നു, മലബാറിലെ നാടുവാഴികളുമായി ഇവർക്കു് ബന്ധമുണ്ട്. മലബാർ നാടുവാഴികളിൽ പലരും ഇവരുടെ അനുയായികളായിരുന്നു. മിശ്രവിവാഹക്രമം ഇവർ ഒരു കാലത്തു് നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു ഊഹിക്കാം. ഇവരുടെ കുടുംബപ്പേരുകളിൽ പലതും പുരാതന മലബാർ ഹിന്ദുക്കളുടെ ''ഇല്ല'' പ്പേരുമായി ബന്ധമുള്ളവയാണ്. മതപരിവർത്തനംകൊണ്ടും മററും മലബാറുകാരുമായി ഇവർക്കു് വലിയ വേഴ്ച സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാലത്തു് കേരളത്തിലും തമിഴ് നാട്ടിലും പ്രശസ്തിയാർജ്ജിച്ചിരുന്ന മരക്കാർമാർ ഇന്നു് ചില സ്ഥലങ്ങളിൽ മാത്രമാണ് തിങ്ങിത്താമസിക്കുന്നതു്. തമിഴ്നാട്ടിലെ സേലം, തഞ്ചാവൂർ എന്നീ ജില്ലകളിലും മരക്കാർമാർ അധിവസിക്കുന്നുണ്ട്. അവരും പോർത്തുഗീസ് ഭരണകാലത്തു് കേരളത്തിൽനിന്നു് ഓടി രക്ഷപ്പെട്ടവരാണ്......'' പോർട്ടുഗീസുകാരുടെ വരവോടു കൂടിയാണ് മരക്കാർമാർക്കു് തങ്ങളുടെ അധഃപതനകാലത്തെ അഭിമുഖീകരിക്കേ

ങ്ങതായി വന്നതെന്നുള്ളതു് ഒരു ചരിത്രയാഥാത്ഥ്യമാണു്. മലബാറിൻെറ പല പ്രധാന ഭാഗങ്ങളിലും മരക്കാർമാരുടെ പ്രതാപത്തെ വിളിച്ചു പറയുന്നകോട്ടകൾ ഇന്നും നാമാവശേഷമായി കിടക്കുന്നുണ്ടു്. കോട്ടക്കൽ ഒരു സ്ഥലം കുഴിച്ചപ്പോൾ മരക്കാർ കോട്ടക്കടുത്തുനിന്നു് യുദ്ധോപകരണങ്ങളായ വാൾ, പരിച മുതലായവ കിട്ടിയെന്നറിയുന്നു. ചാലിയം, വടകര, കണ്ണൂർ മുതലായ സ്ഥലങ്ങളിലായിരുന്നു മരക്കാർമാർ രങ്ങളുടെ സുരക്ഷിത സങ്കേതങ്ങൾ സൃഷ്ടിച്ചിരുന്നതു്. ടിപ്പുവിൻെറയും മരക്കാർമാരുടെയും കോട്ടകൾ തിരിച്ചറിയാൻ കഴിയാതെയാണു് ഇന്നും സ്ഥിതിചെയ്യുന്നതു്. ടിപ്പുസുൽത്താൻ തൻെറ ഭരണകാലത്തു് മരക്കാർ കോട്ടകളിൽ ചിലതു് പുതുക്കിപ്പണിയുകയും യുദ്ധാവശ്യങ്ങൾക്കു് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടു്.

കേരളത്തിലെ ചില ഭാഗങ്ങളിൽ ഇന്നും മരക്കാർ വംശജന്മാരിൽ ചിലർ അധിവസിക്കുന്നുണ്ടു്. തിരുവിതാംകൂറിലും മലബാറിൻെറ പ്രധാന ഭാഗങ്ങളിലും മരക്കാർമാർ വലിയ വ്യാപാരപ്രമുഖന്മാരായും ഭൂവുടമകളായും കഴിയുന്നു. വെട്ടത്തു് പുതിയങ്ങാടി, പെരുമ്പടപ്പു്, മാടായി, കോട്ടക്കൽ മുതലായ സ്ഥലങ്ങളിൽ മരക്കാർമാരുടെ ഭരണം നിലനിന്നിരുന്നുവെന്നും അവർ പരാക്രമികളായിരുന്നുവെന്നും മററുമുള്ള ഐതിഹാസികകഥകൾ ഇന്നും പ്രചാരത്തിലുണ്ടു്. ചാലിയം, വെട്ടത്തു് പുതിയങ്ങാടി എന്നിവിടങ്ങളിൽ മരക്കാർമാരുടേതെന്നു വിശ്വസിക്കപ്പെടുന്ന (ഖബർ) ശ്മശാനചിഹ്നങ്ങളുണ്ടു്, ഇത്തരം ''ഖബറുകൾ'' മലബാറിലെ ചരിത്രപ്രസിദ്ധമായ മിക്ക സ്ഥലങ്ങളിലും കാണുന്നുണ്ടു്.

ദക്ഷിണേന്ത്യയുടെ ചരിത്രപരമായ ഒരു പരിവത്തനകാലഘട്ടമാണു് പതിനേഴാം നൂററാണ്ടു്. ചെറിയ ചെറിയ രാജവംശങ്ങൾ വിദേശികളുടെ ചേരിയിൽ ചേന്നു സ്വയം നശിക്കുകയും തങ്ങളുടെ ബലക്ഷയത്തെ പ്രഖ്യാപിക്കുകയും ചെയ്ത ആ കാലഘട്ടം മലബാറിനെസ്സംബന്ധിച്ചും വിധി നിണ്ണയിക്കുന്ന സന്ദർഭമായിരുന്നു. മലബാറിൽത്തന്നെ രാജവംശങ്ങൾ ഭിന്നിച്ചു നില്ക്കുകയും കൊച്ചിയും

തിരുവിതാംകൂറും തങ്ങളുടെ സ്വരക്ഷക്കായി വിദേശികളെ പ്രീണിപ്പിക്കുകയുംചെയ്തു. കൊച്ചിയിൽ അക്കാലത്തു് സുശക്തമായ നായർ പട്ടാളവും മുസ്ലിം പട്ടാളവും ഉണ്ടായിരുന്നെങ്കിലും പോർത്തുഗീസുകാരുടെ ആക്രമണത്താൽ അവരുടെ മൈത്രിക്കു് ഉടവുതട്ടി. കൊച്ചിയിലുണ്ടായിരുന്ന മരക്കാർമാർ കൊല്ലത്തേക്കും, ഇടപ്പള്ളിയിലേക്കും, നാഗപട്ടണത്തേക്കും യാത്രയായി. കുറെ മരക്കാർമാരെ ഇടപ്പള്ളി രാജാവു് അതിഥികളായി സ്വീകരിച്ചു. പട്ടാളപരിശീലനം ലഭിച്ചിരുന്ന മുസ്ലിംകളെ പോർത്തുഗീസുകാർ തേടിപ്പിടിച്ചു നാമാവശേഷമാക്കി. 1628-ൽ നാഗപട്ടണത്തു് കൂട്ടംകൂട്ടമായി കപ്പലിറങ്ങിയ മരക്കാർമാർ ഗ്രാമപ്രദേശങ്ങളിലേക്കും കടലോരങ്ങളിലേക്കും താമസം മാററി. എട്ടയാപുരത്തും, തഞ്ചാവൂരും, നാഗൂരും കാലക്രമേണ മരക്കാർമാർ വ്യപാരപ്രധാനികളായി. ദക്ഷിണേന്ത്യയിലെ കുടിയേറിപ്പാക്കലിനെ സംബന്ധിച്ചുള്ള ഗ്രന്ഥത്തിൽ ഇങ്ങിനെ കാണുന്നു. ''ദക്ഷിണേന്ത്യയിൽ പുരാതന ബ്രാഹ്മണർ കൂടാതെ മററു പല ജാതിക്കാരും ഇടതിങ്ങിത്താമസിക്കുന്നുണ്ടു്. അവരിൽ പല ഭാഷകൾ സംസാരിക്കുന്നവരും പല ആചാരങ്ങളുള്ളവരുമുണ്ടു്......സിന്ധിൽ നിന്നും കേരളത്തിൽനിന്നും ഇടക്കാലത്തു കുടിയേറിപ്പാർത്ത മുഹമ്മദീയർ വ്യാപാരത്തിലും കൃഷിയിലും ശ്രദ്ധ പതിപ്പിച്ചു. വ്യപാരതല്പരരായ ഈ മുഹമ്മദീയ വർഗ്ഗക്കാരിൽ ഷാഫി, ഹനഫി തുടങ്ങിയ പല ഉപവർഗ്ഗക്കാരുമുണ്ടു്. മലബാറിൽ പോർത്തുഗീസുകാരുടെ ആക്രമണം വദ്ധിച്ചപ്പോൾ നാഗപട്ടണംവഴി തമിഴ്നാട്ടിൽ സ്ഥിരതാമസമാക്കിയ ഒരു വിഭാഗമാണു് ഇവരിൽ ഭൂരിപക്ഷവും..........''

ഏഴാം നൂററാണ്ടിൽ കേരളത്തിൽ വരികയും പതിനേഴാം നൂററാണ്ടിൽ അയൽനാടുകളിൽ പോയി കുടിയേറിപ്പാക്കുകയും ചെയ്തവരാണു് മലബാറിലെ മരക്കാർമാർ. ആയിരം സംവത്സരത്തിനിടയ്ക്കു് നൂറിൽപരം വർഷങ്ങൾ മലബാറിൻെറ കടൽസൈന്യത്തേയും രാജ്യരക്ഷയെയും വിശ്വസ്തതയോടുകൂടി സൂക്ഷിച്ചു പോന്ന ദേശാഭിമാനികളാണവർ. ജാതിസ്പദ്ധക്കും കലഹത്തിനും കൂട്ടുനിൽക്കാത്ത സുശക്തമായ ഹിന്ദുമൈത്രീബന്ധം കെട്ടിയുയത്തിയ മരക്കാർ വംശം

വിയർപ്പുകൊണ്ടും രക്തംകൊണ്ടും കേരളസംസ്കാരത്തിന്ന് മഹത്തായ പല സംഭാവനകളും നൽകി. അവരുടെ സംസ്കാരസമ്പന്നമായ മാതൃക ഇന്നും കേരളീയരുടെയിടയിൽ അവശേഷിച്ചിട്ടുണ്ട്,

ഒരു രാഷ്ട്രത്തിന്റെ നിലനില്പിന്ന് ആ രാഷ്ട്രത്തിലെ സൈനികശക്തിയാണ് നിദാനം, ശിക്ഷണബോധമുള്ള സൈനികരുടെ മേൽനോട്ടം ഒന്നുമാത്രമാണ് രാഷ്ട്രത്തെ അപകടസന്ധിയിൽനിന്ന് രക്ഷിക്കുന്നതും ദേശീയപ്രശസ്തി വളർത്തുന്നതും. മരക്കാർ നാവികപ്പട ലോകത്തിലെ ഏതു സൈനിക ശക്തിയോടും കിടനില്ക്കുന്നതായിരുന്നു. പരാക്രമശാലികളായ അവരുടെ മാർഗ്ഗങ്ങൾ ഇന്ത്യൻ നാവികപ്പടക്ക് ഉത്തേജനം നല്കും. നാട്ടിന്റെ സാംസ്കാരികമായ എല്ലാ ബന്ധങ്ങളും അവരിലൂടെയാണ് വിദേശികളറിഞ്ഞതു്. സംസ്കാരത്തിന്റെയും പ്രശസ്തിയുടെയും സന്ദേശവാഹകരായ ആ നാവികരുടെ മഹത്തായ പാരമ്പര്യം നവീന ഭാരതത്തിന്റെ കടൽപ്പടക്ക് ആത്മധൈര്യവും സേവനസന്നദ്ധതയും സർവ്വോപരി ദേശാഭിമാനവും വളർത്താൻ പര്യാപ്തമാകട്ടെ,

—പി. എ. സെയ്തുമുഹമ്മദ്

— x —

ഒമ്പതു്

# ഭാരതീയസാഹിത്യത്തിന്റെ അന്തർദ്ധാര

അയ്യായിരത്തിലധികം സംവത്സരങ്ങൾ പഴക്കമുള്ള ഒരു സാംസ്കാരികപാരമ്പര്യത്തിന്റെ അനന്തരാവകാശികളാണു് ഭാരതീയർ. ആ സാംസ്കാരികപൈതൃകം സർഗ്ഗചൈതന്യത്തോടെ എല്ലാ കാലത്തേയ്ക്കുമായി സ്വരൂപിക്കപ്പെട്ടിട്ടുള്ളതു് നമ്മുടെ മഹത്തരങ്ങളായ ക്ലാസിക്കുകളിലത്രേ. അവയുടെ അടിസ്ഥാനസവിശേഷതകളാണു് വികസ്വരമായിക്കൊണ്ടിരിക്കുന്ന ഭാരതത്തിലെ വിഭിന്ന കലാധാരകൾക്കെല്ലാം ജീവധാതുവായി നിലകൊള്ളുന്നതും. നിർഭാഗ്യവശാൽ കാലം കഴിയുന്തോറും ഈ അഭൗമമായ സാംസ്കാരികബന്ധത്തിൽനിന്നു നാം അകലുകയാണു്. ഇന്നത്തെ വിദ്യാഭ്യാസരീതി പുതിയ തലമുറകളെ അതിൽനിന്നു ഒററപ്പെടുത്തുന്നു, ശാസ്ത്രത്തെയും പുരോഗതിയെയും പററിയുള്ള തെററായ സങ്കല്പങ്ങൾ, ഇന്ത്യയുടെ ആത്മീയവും ഭൗതികവുമായ മുതൽക്കൂട്ടുകളെ അവഗണിക്കാൻ

നമ്മെ പ്രേരിപ്പിക്കുന്നില്ലേ? പശ്ചാത്യമായ സാമ്പത്തിക സാമൂഹ്യ തത്ത്വസംഹിതകളുടെ പളപളപ്പ് കണ്ട്, നമ്മുടെ അവിച്ഛിന്നമായ പാരമ്പര്യത്തെ വിസ്മരിക്കുന്നതു് ആത്മഹത്യാപരമായിരിക്കും. എന്തെന്നാൽ നമ്മുടേതെന്നു് തികച്ചും അവകാശപ്പെടാവുന്ന ഒരു സാഹിത്യവും സംസ്കാരവും തന്മൂലം ഇല്ലാതായിത്തീരും. ഭാരതീയതയുടെ വ്യക്തിമുദ്ര പതിച്ചിട്ടുള്ള തനതായ ഒരു ജീവിതരീതിയും നമുക്ക് അവകാശപ്പെടാനുണ്ടാവുകയില്ല.

ഭാരതീയ സാഹിത്യത്തിൻെറ ഇന്നത്തെ നിലയെ വിലയിരുത്തുമ്പോൾ ഒരു കാര്യം വ്യക്തമാകും; അവിടെ വളർച്ചയുണ്ട്, വേണ്ടവണ്ണമുള്ള വളർച്ചയാണോ അതെന്നു് ഒരു മുൻവിധിക്കൊരു ങ്ങാതെതന്നെ. ആധുനികകാലഘട്ടത്തിൽ നമ്മുടെ ജീവിതസങ്കീർണ്ണതകൾക്ക് സമാന്തരമായി സാഹിത്യവും, കലയും, സംസ്കാരവും വിപുലമായിക്കൊണ്ടിരിക്കുന്നു എന്നു് അംഗീകരിക്കാൻ പ്രയാസമില്ല. സ്വാതന്ത്ര്യത്തിനു മുമ്പും, തുടന്നും ഒരു തരം നവോത്ഥാനം നമ്മുടെ പ്രാദേശികസാഹിത്യങ്ങൾക്കുമുണ്ടായി എന്നുള്ളതു് നിസ്തക്കമാണല്ലോ. പക്ഷേ ഇതിൽ ഏററക്കുറച്ചിൽ കാണുന്നതു് ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. സ്വാതന്ത്ര്യം എല്ലാ ജനവിഭാഗങ്ങൾക്കും ഒരേ സമയത്ത് ലഭ്യമായി. എന്നാൽ സാഹിത്യത്തിലെ വളർച്ച ഒരു പോലെയായിരുന്നില്ല. ബംഗാളി, മലയാളം തുടങ്ങിയ ചില ഭാഷകൾ വളരെയധികം മുന്നോട്ടുപോയി. ഹിന്ദിയുൾപ്പെടെയുള്ള മററു പ്രധാനപ്പെട്ട മിക്ക ഭാഷകളിലും തദനുസൃതമായ പുരോഗതി കാണാനില്ല. നോവൽ, കവിത എന്നീ സാഹിത്യ ശാഖകളിൽ, ബംഗാളി ഭാഷയ്ക്കു് അസൂയാർഹമായ വളർച്ചയുണ്ടായി. മലയാള കവിത ഭാരതീയസാഹിത്യത്തിൻെറ മുൻപന്തിയിലാണെന്നു് മഹാകവി ജീയ്ക്കു് ജ്ഞാനപീഠം അവാർഡു് നല്കി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. വിശ്വസാഹിത്യത്തിലെ വിഖ്യാതകൃതികൾക്ക് കിടനില്ക്കുന്ന കലാസൃഷ്ടികൾ ഈ രണ്ടു ഭാഷകളിലും കാണാവുന്നതാണ്. നോബൽ സമ്മാനാർഹനായ ടാഗൂറും മഹത്തായ നോവലുകൾ രചിച്ച താരാശങ്കർ ബാനർജിയും ഒരു വിശ്വസാഹിത്യകാരൻെറയും പിന്നിലല്ലെന്നു്

തീർത്തു പറയാൻ കഴിയും. കുമാരനാശാന്റെയും വള്ളത്തോളിന്റെയും കാവ്യതല്ലജങ്ങളിൽ ചിലവയെങ്കിലും, ഷേക്സ്പിയർ ഒഴികെയുള്ള ആംഗ്ലേയകവികളിലാരുടെയും കവനങ്ങളോടു കിടപിടിക്കുന്നവയാണ്. എന്നാൽ ഇരുപതിൽപരം കോടി ജനങ്ങൾ സംസാരിക്കുന്ന, ലോകത്തിലെ ആറാമത്തെ ഭാഷയായി കരുതാവുന്ന, ഹിന്ദിക്കു ഇങ്ങനെയുള്ള കൃതഹസ്തത അവകാശപ്പെടാനുണ്ടാവുമോ? സംസ്കൃതമൊഴിച്ചാൽ ഭാരതത്തിലെ ഏററവും പ്രാചീനഭാഷയായ തമിഴിനും ഇതേ ദുർവിധി തന്നെയല്ലേ സംഭവിച്ചതു്. എന്താണിതിനു കാരണം?

ഒരു ടാഗുറോ, കുമാരനാശാനോ ജനിച്ചതുകൊണ്ടല്ല ബംഗാളി—മലയാള സാഹിത്യങ്ങൾക്കു് അനിതരസാധാരണമായ വളർച്ചയുണ്ടായതു്. പ്രത്യുത ആ രണ്ടു പ്രദേശങ്ങളിലെയും ജനജീവിതത്തിൽ അടിസ്ഥാനപരമായ ഒരു രാസപ്രക്രിയ സംഭവിച്ചുകൊണ്ടിരുന്നു. നവോത്ഥാനത്തിന്റെ വേലിയേററം ഏററവും ക്രിയാത്മകമായിത്തീർന്നതു് ഭാരതത്തിന്റെ കിഴക്കും തെക്കും സ്ഥിതിചെയ്യുന്ന ഈ സംസ്ഥാനങ്ങളിലായിരുന്നു. ആധുനികഭാരതത്തിലെ നവോത്ഥാനത്തിന്റെ സിരാകേന്ദ്രം വംഗദേശമായിരുന്നുവല്ലോ. അവിടെനിന്നും പ്രസരിച്ച ചൂടും വെളിച്ചവും, രൂപഭേദങ്ങളോടെ, ഇൻഡ്യയിലങ്ങോളമിങ്ങോളമുള്ള പുരോഗമന പ്രസ്ഥാനങ്ങൾക്കു് പ്രേരണയും ബീജാവാപവും സംഭാവന ചെയ്യുകയുണ്ടായി, രാഷ്ട്രീയവ്യവഹാരം, സമൂഹപരിഷ്കരണം, സാഹിത്യം, കല എന്നിവയൊക്കെ നവോത്ഥാനം നൽകിയ പുതുവെളിച്ചത്തിന്റെ ആശാകിരണങ്ങളേററു് പുളകംപൂശി നിന്നു. ആധുനീക ബംഗാളിനെപ്പററി സ്മരിക്കുമ്പോൾ അതികായന്മാരുടെ ഒരു പരമ്പരയാണു് ഓർമ്മയിൽ വരിക. രാജാറാം മോഹൻറായി, ഈശ്വരചന്ദ്ര വിദ്യാസാഗർ, രവീന്ദ്രനാഥടാഗൂർ, ജെ. സി. ബോസ്, അരവിന്ദഘോഷ് തുടങ്ങിയ മഹാന്മാരായ ബുദ്ധിജീവികൾ. ഇവർക്കെല്ലാം ഒരു സവിശേഷതയുണ്ടു്: രണ്ടു സംസ്കാരസ്രോതസ്സുകളുടെ സംഗമത്തിലുയിർക്കൊണ്ട മുക്തഫലങ്ങളാണിവർ. ഭാരതത്തിന്റെ പാരമ്പര്യം ആവോളം മുകർന്നു മുഗ്ദ്ധചിത്തരായ

ദേശാഭിമാനികളായിരുന്ന ഇവർ. സംസ്കൃതസാഹിത്യത്തിലും വേദോപനിഷത്തുക്കളിലും അഗാധമായ അവഗാഹം ഇവർ നേടിയിരുന്നു. അതോടൊപ്പം ആധുനിക വിജ്ഞാനത്തിൽ തികഞ്ഞ വ്യുൽപത്തിയും പ്രാവീണ്യവും അവക്ക് അവകാശപ്പെടാനുണ്ട്. പൗരസ്ത്യവും പാശ്ചാത്യവുമായ സംസ്കാരഫലങ്ങൾ സ്വദിച്ച കൃതകൃത്യരായ ഇക്കൂട്ടരാണ് ബംഗാളിലെ നവോത്ഥാനത്തിന് നേതൃത്വം നൽകിയതു്. പൂർണ്ണാർത്ഥത്തിൽ, ഒരു വിശ്വപൗരനായിരുന്നു ടാഗൂർ. അരവിന്ദനാകട്ടെ ലോകമനസ്സാക്ഷിയെന്ന് വിശേഷിപ്പിക്കാവുന്ന അതീതാത്മാവും. വംഗദേശത്തിന്റെ ആധുനികകാലചരിത്രം രചിച്ചതു് സംസ്കാരദ്വയത്തിന്റെ സമഞ്ജസമായ ഈ സമ്മേളനം തന്നെയായിരുന്നു.

കേരളത്തിനും ഈ നവോത്ഥാനത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഭാഗഭാക്കാകാൻ കഴിഞ്ഞു. അതുകൊണ്ടാണ് സമൂഹപരിഷ്കാരത്തിന്റെ ഒരു പ്രചണ്ഡമാരുതൻ കേരളത്തിൽ വളരെ മുമ്പുതന്നെ ആഞ്ഞടിച്ചതു്. സംസ്കൃതസാഹിത്യത്തിന്റെ അതിപ്രസരം കൈരളിക്കു് ഒരു ഭാരമായിരുന്ന കാലംതന്നെ ഉണ്ടായിരുന്നു. മലയാളഭാഷയ്ക്കു് സംസ്കൃതത്തോടുള്ള കടപ്പാടു ആ സ്വാധീനത്തിന് നിദർശനമാണല്ലൊ. അതുപോലെ ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രയോജനം ആദ്യം മുതൽതന്നെ പരമാവധി ലഭിച്ച ഒരു പ്രദേശമാണ് കേരളം : വിശിഷ്യ തിരുവിതാംകൂറും കൊച്ചിയും. ക്രിസ്തീയ മിഷണറിമാരും, തിരു–കൊച്ചി രാജവംശങ്ങളും ആധുനികമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ സൃഷ്ടിപരമായി പ്രവർത്തിച്ച പാരമ്പര്യമുണ്ടു്. ശങ്കരാചാര്യരുടെ ജന്മംകൊണ്ടു് പവിത്രമായ കേരളം അഭിനവബുദ്ധനായ ശ്രീനാരായണന്റെ മതത്തെയും, ജാതിയെയും ദൈവത്തെയും സംബന്ധിച്ചുള്ള അദ്വൈതദർശനംകൊണ്ടു് ധന്യമായിത്തീർന്നു. ആശാൻ, വള്ളത്തോൾ, ഉള്ളൂർ, ചന്തുമേനോൻ, കേസരി ബാലകൃഷ്ണപിള്ള, സി.വി. രാമൻപിള്ള മുതലായ ക്രാന്തദർശികളുടെ പ്രവർത്തനഫലമായി, കവിതയിലും സാഹിത്യത്തിലും, രാഷ്ട്രീയത്തിൽതന്നെയും, ആധുനികതയുടെയും പരി

വർത്തനത്തിന്റെയും ഒരു നവയുഗം സംജാതമായി. ഇവരെല്ലാം തന്നെ പഴയതും പുതിയതും സമന്വയിച്ചുകൊണ്ടുള്ള ഒരു ചലനാത്മക സംസ്കാരപാരമ്പര്യത്തിന്റെ പ്രണേതാക്കളും പ്രയോക്താക്കളുമായിരുന്നു.

ഭാരതത്തിലെ പ്രമുഖഭാഷയായ ഹിന്ദിയിലും പ്രാചീനഭാഷയായ തമിഴിലും ഈ പ്രക്രിയകൾ രൂപം പൂണ്ടില്ല. അതാണ് അവയുടെ അവികസിതത്വത്തിനു നിദാനമെന്നു തോന്നുന്നു. ഒരു സംസ്കാരസംഗമത്തിന്റെ അഭാവമാണ് ആ ഭാഷകളെ ഗതാനുഗതികത്വത്തിന്റെ നിശ്ചലതയിൽ തറച്ചു നിർത്തിയിരുന്നതു്. പ്രേംചന്ദിനെപ്പോലെയുള്ള ഒരു നോവലിസ്റ്റ് സാമൂഹ്യപ്രശ്നങ്ങളെ കൈകാര്യം ചെയ്തുവെന്നുള്ളതു ശരിതന്നെ. പക്ഷേ വിപ്ലവകരമായ ഒരു സമൂഹബന്ധത്തിനുവേണ്ടി അനുവാചകരെ ആവേശം കൊള്ളിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. ഇന്നും തുളസീദാസരാമായണത്തേക്കാൾ അടിസ്ഥാനപരമായ ഒരു കൃതി ഹിന്ദിയിലുണ്ടായിട്ടുണ്ടോ? നോവൽശാഖയിൽ ബംഗാളികളുടെ സമീപത്തെത്തുവാൻ ഹിന്ദിയ്ക്കു് ഇനിയും ദശാബ്ദങ്ങൾ കാത്തിരിക്കേണ്ടി വരും. ഉർദുവിന്റെയും കഴിവുള്ളിടത്തോളം ഇംഗ്ലീഷിന്റെയും സ്വാധീനവലയത്തിൽനിന്നു് ഹിന്ദിയെ മോചിപ്പിച്ചു് ആവുന്നത്ര സംസ്കൃതപ്രചുരമാക്കാനുള്ള സങ്കുചിതമായ ഒരു പ്രവണതയാണ് ഇന്നു കാണുന്നതു്. തന്മൂലം തുളസീദാസന്റെ ലാളിത്യവും കബീറിന്റെ സഹിഷ്ണുതയും ഹിന്ദിയ്ക്കു നഷ്ടപ്പെട്ടുവെന്നു വരാം. തമിഴിലും സമാന്തരമായ പരിണതികളുണ്ടായി.

x x x x x x x x

മുകളിൽ പ്രസ്താവിച്ചതിൽനിന്നു് ഒരു വസ്തുത അനുക്തസിദ്ധമാകുന്നു. ആധുനികഭാരതീയസാഹിത്യത്തിന്റെ വികാസപരിണാമത്തിൽ ഇംഗ്ലീഷുസാഹിത്യവുമായുള്ള സമ്പർക്കം ഉളവാക്കിയ സദ്പ്രക്രിയയാണിതു്. പക്ഷേ, അതു് ഒരടിസ്ഥാനധാരയല്ല; വെറുമൊരു പോഷകഘടകം മാത്രമായിരുന്നു. നൂററാണ്ടുകാലത്തെ നിഷ്ക്രിയത്വംമൂലം ചിറകെട്ടിനിന്ന സംസ്കാരതീർത്ഥത്തിൽ നവ്യതയുടെ കല്ലോലചലനങ്ങൾ ഉളവാക്കിയതു് ഇംഗ്ലീഷ് സാഹിത്യംതന്നെ.

ഇങ്ങനെ ഒരു പുതുജീവിതത്തിൻെറ ഉന്മേഷവും ഊർജ്ജവും ഉതിരാൻ അതുപകരിച്ചു. പക്ഷേ, അടിസ്ഥാനപരമായ പാരമ്പര്യധാര സംസ്കൃതസാഹിത്യത്തിൻേറതായിരുന്നു. ഉറവ വററാത്ത ഒരു മഹാപ്രവാഹംപോലെ അതു് ഇന്നും നമ്മുടെ സംസ്കാരത്തിനും സാഹിത്യത്തിനും വ്യക്തിത്വവും സവിശേഷശക്തിയും പ്രദാനംചെയ്തു പരിലസിക്കുന്നു. അതിനെ വീണ്ടും കണ്ടെത്തുകയും സുഷ്പുന്മുഖമാക്കുകയുമാണു്, സാഫല്യത്തിൻെറ പുതിയ മേഖലകളിലേക്കു് കുതിച്ചുപൊങ്ങാൻ കൊതികൊള്ളുന്ന ഭാരതീയസാഹിത്യങ്ങൾക്കു് കരണീയമായിട്ടുള്ളതു്.

വാല്മീകിരാമായണം തൊട്ടുള്ള മഹൽകൃതികളാണല്ലൊ നമ്മുടെ സാഹിത്യത്തിലെ ക്ലാസിക്കുകളായി കരുതിപ്പോരുന്നതു്. കാളിദാസൻ ആ ഹിമവാൻെറ ഏകാന്തബന്ധുരമായ കൊടുമുടിയിൽ വിരാജിക്കുന്നു; ശ്രീ ഹർഷൻ സസ്യശ്യാമളമായ താഴ്വരയിലും. എന്നാൽ ഈ പാരമ്പര്യത്തിൻെറ ആദിമഹസ്സിനെ കണ്ടെത്തണമെങ്കിൽ ഇൻഡോ-ആര്യൻ കാലഘട്ടത്തിലേയ്ക്കു കണ്ണയയ്ക്കേണ്ടിയിരിക്കുന്നു. അതിനുമപ്പുറം മഹത്തായ ഒരു സംസ്കാരം ഭാരതത്തിൽ ഫലപുഷ്കലമായി പരിലസിച്ചിരുന്നു. സിന്ധുനദീതട പരിഷ്കാരമെന്നാണു് അതു ചരിത്രത്തിൽ വ്യവഹരിക്കപ്പെടുന്നതു്. മോഹൻജദാരോയും ഹരപ്പയും വിളംബരം ചെയ്യുന്നതു്, പ്രാചീനഭാരതത്തെ ബി. സി. രണ്ടായിരത്തിനടുപ്പിച്ചു് ആക്രമിച്ചു് അടിമപ്പെടുത്തിയ പ്രാകൃതരായ ആര്യന്മാർക്കു്, പ്രഫുല്ലവും പൂർണ്ണതയിലെത്തിയതുമായ ഒരു സംസ്കാരത്തെയാണു് നേരിടേണ്ടിയിരുന്നതു് എന്നാണു്. ദ്രാവിഡമെന്നു വിശേഷിപ്പിക്കപ്പെടുന്ന ആ സംസ്കാരത്തിൽനിന്നു് ആര്യന്മാർ വളരെയധികം കടംകൊണ്ടിരിക്കണം. അവരുടെ ആരാധ്യദേവതകളുടെ പട്ടികയിൽ ശിവനും ശക്തിയും കടന്നുകൂടിയതു് ഇൻഡസ് സംസ്കാരത്തിൽനിന്നുതന്നെയാണല്ലൊ. സംഘർഷത്തിലും സമരത്തിലും കൂടി പുരോഗമിച്ച ആര്യസംസ്കാരം കലാശിച്ചതു് അനുരഞ്ജനത്തിലായിരുന്നു. ഭാരതചരിത്രത്തിൻെറ സവിശേഷത അതാണു്. പല കാലഘട്ടങ്ങളിലായി ഈ ഭൂഖണ്ഡം നിരവധി ആക്രമണങ്ങൾക്കും തുടർന്നുള്ള

അധിനിവേശത്തിനും വിധേയമായിട്ടുണ്ട്. പക്ഷേ ഓരോ ചരിത്ര സംഭവത്തിനു ശേഷവും ഒരു പുതിയ സമന്വയവും അനുരഞ്ജനവും സംജാതമായി. ഓരോ സംഘർഷത്തിന്റെയും ഒടുവിൽ ഒരുമയുടെ നൂതനമേഖലകൾ ഉളവാക്കിക്കൊണ്ട് വീണ്ടും സമനില സംജാതമാകുകയായി. എന്തും ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ സഹിഷ്ണുതയാണ് നമ്മുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സവിശേഷത. സിന്ധുനദീതടസംസ്കാരമായിരുന്നു ഈ സഹിഷ്ണുതയുടെ ബാലപാഠങ്ങൾ പഠിപ്പിച്ചുറപ്പിച്ചത്. സമരകുതുകികളും താരതമ്യേന അപരിഷ്കൃതരും തന്മൂലം കൂടുതൽ ശക്തിയുള്ളവരുമായ ആര്യന്മാർ, തങ്ങൾ കീഴടക്കിയ ഈ മേൽത്തരം സംസ്കാരത്തിന്റെ തടവുകാരായിത്തീർന്നു, ഒടുവിൽ. അഥവാ ആ സംസ്കാരത്തിന്റെ ഉത്തമാംശങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ് ആര്യന്മാരുടെ പിന്നീട്ടുള്ള ജൈത്രയാത്ര.

സഹിഷ്ണുതപോലെ നമ്മുടെ സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും മറ്റൊരു അടിസ്ഥാനധാര വികസ്വരമായ ജീവിതാഭിമുഖ്യമായിരുന്നു. ഭാരതീയരെപ്പററി പ്രചരിപ്പിക്കാറുള്ള ഒരു കള്ളനാണയം നമ്മുടെ സാങ്കല്പികമായ ജീവിതപരാങ്മുഖതയാണല്ലൊ. പരലോകത്തിനുവേണ്ടി ഇഹലോകത്തെ പരിത്യജിക്കുന്ന സ്വപ്നജീവികളായി നാം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അതു ശരിയാണെങ്കിൽ ഇത്രയും നൂററാണ്ടുകൾ നമ്മുടെ സംസ്കാരം നിലനില്ക്കുമായിരുന്നില്ല. ചൈനയിലെയും ഭാരതത്തിലെയും സംസ്കാരങ്ങളാണ് ഇത്ര അഭംഗുരതയോടെ സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്നിട്ടുള്ളതു്. ബാബിലോണും ഈജിപ്തും ഗ്രീസും മരിച്ചു മണ്ണടിഞ്ഞു. സംഘർഷത്തിലൂടെ സമന്വയവും സമതുലിതത്വവും നേടാനുള്ള സദ്ഗുണവൈഭവമാണ് ഭാരതത്തിന്റെ അവിച്ഛിന്നമായ സാംസ്ക്കാരികചരിത്രത്തിനുള്ള നിദാനം. ഋഗ്വേദകാലത്തിലെ ആര്യന്മാർ ഇത്തരത്തിലുള്ള പ്രസാദാത്മകമായ ഒരു ജീവിതവീക്ഷണത്തിന്റെ ഉടമകളായിരുന്നു. വേദകാലഘട്ടത്തിലെ പ്രതിഭാശാലികളായ ചിന്തകന്മാർ ഉൾക്കൊണ്ടു് ഉയർത്തിപ്പിടിച്ച ചിന്താരത്നങ്ങളും അതീന്ദ്രിയജ്ഞാന

വുമാണ് പില്ക്കാലത്തെ ഭാരതീയസംസ്കാരസാഹിത്യങ്ങൾക്ക് അടിത്തറ പാകിയതു്. അവർ മനുഷ്യനെ സമൂഹജീവിയായിത്തന്നെ അംഗീകരിച്ചു പ്രതിബന്ധങ്ങൾക്കെതിരായി പൊരുതാനുള്ള സമരവീര്യവും സാഹസവും വേദകാലത്തെ ആര്യന്മാർക്കുണ്ടായിരുന്നു. അതോടൊപ്പം ജീവിതത്തിലും അതിന്റെ സൗന്ദര്യത്തിലുമുള്ള ആസക്തിയും. അവരുടെ ജീവിതത്തിൽ കവിതയും കലയും പൂവിട്ടുനിന്നു. ആത്മീയമായ ചിന്താമേദുരതയും ഈ ഐതിഹാസികതയ്ക്കു മകുടം ചാർത്തി. ഋഗ്വേദത്തിന്റെ ജീവിതവീക്ഷണം ഉദ്ഘോഷിക്കുന്നതു് സമഗ്രപ്രാധാന്യമാണ്. ഇഹത്തിന്നും പരത്തിന്നും ഒരുപോലെ പ്രാധാന്യം നല്കിയ, ഊർജ്ജസ്വലതയും പ്രസന്നതയുമുള്ള, ഒരു ജീവിതാവബോധമാണ് വേദങ്ങളിൽ ഉടനീളം പതഞ്ഞുപൊങ്ങിക്കാണുന്നതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ആര്യന്മാർ ഉത്തരഭാരതം മുഴുവൻ കയ്യടക്കി അധീശത്വം സ്ഥാപിച്ച് നൂററാണ്ടുകൾ കഴിഞ്ഞശേഷമാണ് ഉപനിഷത്തുകളുടെ ഉദയം. അന്നു് ആര്യാവർത്തം സമ്പൽസമൃദ്ധിയുടെയും ഭൗതികൈശ്വര്യത്തിന്റെയും കേളീരംഗമായിരുന്നു. അനന്തമായ രാജ്യവിസ്തൃതിയും അളവില്ലാത്ത വിഭവസമ്പത്തും ഒന്നൊന്നരകോടി ജനങ്ങളും മാത്രമുള്ള ആ കാലഘട്ടം വൈയക്തികമായ ഒരു ജീവിതസമീപനത്തിന്നു് സ്വാഭാവികമായ പ്രചോദനം നൽകുകയുണ്ടായി. വേദചിന്തയുടെ തലനാരിഴകീറുന്ന ബുദ്ധിപരതയായി, അന്നത്തെ സംസ്കാരത്തിന്റെ സവിശേഷത. ഉച്ഛൃംഖലമായ ചിന്തകളുടെ കൊടുമുടികളിൽ നിന്നുകൊണ്ടു്, അതിനുതാഴെയുള്ള അനുഭൂതിവൈവിദ്ധ്യങ്ങളുടെ ബഹുമുഖമണ്ഡലങ്ങളെ നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുന്ന ആ പ്രക്രിയയിൽ, നിരങ്കുശമായ ഭാവനയ്ക്കും ഏകാഗ്രമായ തത്ത്വാന്വേഷണ വ്യഗ്രതയ്ക്കുമാണ് പ്രാധാന്യം സിദ്ധിച്ചതു്. വ്യക്തിയുടെ ആത്മസാക്ഷാല്ക്കാരത്തിന്റെ അലൗകികസാദ്ധ്യതകളെ അടിസ്ഥാനമാക്കിയ ഔപനിഷദീയചിന്തകൾ സമഷ്ടിയ്ക്കുപരി വ്യക്തിയെ ഉയർത്തിപ്പിടിക്കുന്ന ഒരു സമീപനത്തിന്റെ ഉത്തമനിദർശനങ്ങളത്രേ.

വേദോപനിഷത്തുക്കളുടെ ദ്വന്ദ്വഭാവങ്ങളെ സമന്വയിച്ച് സോദാഹരണം ജീവിതത്തെ വിഭാവനചെയ്തു ചിത്രണം ചെയ്യുകയായിരുന്നു ഇതിഹാസകൃതികളായ രാമായണത്തിലും ഭാരതത്തിലും. സമൂഹത്തെയും വ്യക്തിയെയും ഇതിവൃത്തബദ്ധമാക്കി സമർത്ഥിക്കുന്ന മഹാകാവ്യങ്ങളാണിവ. ഭാരതീയസാഹിത്യത്തിന്റെ അന്തർദ്ധാര അതിന്റെ പൂർണ്ണതയിലും പരിപാവനതയിലും വിരാജിക്കുന്നത് വാല്മീകി രാമായണത്തിലാണെന്നു നിസ്സംശയം പറയാം. പഞ്ചമവേദമായ മഹാഭാരതവും അതിനു മകുടം ചാർത്തുന്ന ഭഗവദ്ഗീതയും വേദോപനിഷത്തുകൾ തത്ത്വചിന്താമാർഗ്ഗേണ ആവിഷ്ക്കരിച്ച ജീവിതതത്ത്വങ്ങളുടെ സമൂർത്തവും സ്ഥലകാലസ്പർശിയുമായ പ്രതിപാദനമാകുന്നു. ലൗകികതയും ആദ്ധ്യാത്മികതയും വ്യക്തമായി സമ്മേളിച്ചിട്ടുള്ള, പൂർണ്ണതയുള്ള ഒരു ജീവിതതത്ത്വസംഹിത കരുപിടിപ്പിക്കാനുള്ള മനുഷ്യചരിത്രത്തിലെ ആദ്യത്തേതും അപ്രമേയവുമായ ശ്രമത്തിന്റെ പരിണതഫലമാണ് ഗീതാവാക്യം.

കാലക്രമേണ വേദാന്തം തന്ത്രങ്ങളും മന്ത്രങ്ങളുമായി അധഃപതിക്കാൻ തുടങ്ങി. അവ നീക്കുപോക്കില്ലാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി, പുരോഹിത വർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം ഉറപ്പിക്കാനുള്ള ഒരു ചട്ടക്കൂടായി വേദാന്തം വികൃതരൂപം പൂണ്ടപ്പോഴായിരുന്നു ബുദ്ധമതത്തിന്റെ ആവിർഭാവം. അനാചാരങ്ങൾക്കും ചാതുർവർണ്യത്തിനും ബ്രാഹ്മണമേധാവിത്വത്തിനും എതിരായ ആയുക്ത്യധിഷ്ഠിതവിപ്ലവം സമൂഹത്തിൽ വലിയ ചലനമുണ്ടാക്കി. ശ്രീബുദ്ധദേവൻ നിർദ്ദേശിച്ച അഷ്ടമാർഗ്ഗവും നിർവാണവും വ്യക്തിജീവിതസാഫല്യത്തിനും സമഷ്ടിയുടെ വിജയത്തിനും ഉതകുന്ന സമൂഹജീവിതക്രമമായിരുന്നു. ഒരായിരം വർഷകാലത്തെ ശാന്തിയും ഐശ്വര്യവും ഭാരതത്തിനു കാഴ്ചവെച്ച ഒരു ചലനാത്മകമാർഗ്ഗമാണ് ശാക്യമുനി വെട്ടിത്തുറന്നത്. അശോകനും, വിക്രമാദിത്യനും ശ്രീ ഹർഷനുമൊക്കെ ഈ സുവർണ്ണയുഗചക്രവാളത്തിലെ ഉജ്ജ്വലതാരങ്ങളായിരുന്നു. അലക്സാണ്ടറുടെ പടയോട്ടത്തിനുശേഷം യവനന്മാരുമായി നിലവിൽ വന്ന സമ്പർക്കംവഴി ഭാരതീയജീവിതാന്തരീക്ഷത്തിൽ

ഒരു പുതിയ പൂക്കാലം ആരംഭിക്കുകയായി. വിശ്വോത്തരങ്ങളായ കാവ്യനാടകാദികളും മീമാംസാഗ്രന്ഥങ്ങളും നിർമ്മിക്കപ്പെട്ട ഒരു ഉജ്ജ്വലകാലഘട്ടമായിരുന്നു അതു്. അതുവരെയാർജ്ജിച്ച ജീവിത വിജ്ഞാനവും സമൂഹബോധവും ബന്ധുരചിന്തകളും തത്ത്വരത്നങ്ങളും എല്ലാംതന്നെ ഉരച്ചുമിനുങ്ങി മാററു വർദ്ധിപ്പിച്ചു് തങ്ങളുടെ ഭാവനാ സന്തതികളുടെ കണ്ഠങ്ങളിൽ അണിയിക്കുകയാണു് ഭാസൻ, കാളി ദാസൻ, ഭവഭൂതി, ഭർത്തൃഹരി തുടങ്ങിയുള്ള കവിശ്രേഷ്ഠന്മാർ ചെയ്തതു്.

ഏഴാംനൂററാണ്ടു കഴിഞ്ഞപ്പോഴേക്കും സംസ്കൃതസാഹിത്യത്തി ന്റെ സുവർണ്ണദശ അവസാനിച്ചു. ബുദ്ധമതത്തിന്റെ സൃഷ്ടിപരമാ യ ചൈതന്യവും അസ്തമിച്ചിരുന്നു. വൈദികമതം പുനഃപ്രതിഷ്ഠി ക്കാനുള്ള ആദിശങ്കരന്റെ വിജയകരമായ യത്നം സമൂഹത്തിൽ വലി യ ചലനമൊന്നും സൃഷ്ടിച്ചില്ല. പല മാർഗ്ഗങ്ങളിലൂടെയുള്ള ഇസ്ളാം സംസ്കാരത്തിന്റെ സംക്രമണമാണു് അലസസുഷുപ്തിയിലാണ്ടുകിട ന്നിരുന്ന ഭാരതത്തെ വീണ്ടും കുലുക്കിയുണർത്തിയതു്. ചരിത്രം ആവ ർത്തിച്ചു. കൊള്ളുകയും കൊടുക്കുകയും ചെയ്യുന്ന ആ പഴയ പ്രക്രിയ പുനരാരംഭിക്കുകയായി. പുതുമയുടെ സർഗ്ഗചേതനകളെ സ്വാഗതം ചെയ്തു സ്വാംശീകരിക്കാൻ ഭാരതം സന്നദ്ധമായി. ആ സംരംഭത്തി ന്റെ ഉൽക്കൃഷ്ടഫലങ്ങളാണു് അക്ബറും ജഹാംഗീറും ഷാജഹാനും കാഴ്ചവെച്ചതു്. അക്ബറിന്റെ ഭരണകാലത്തു് ഒരു ദേശീയോദ് ഗ്രഥനംതന്നെ സംജാതമായി. ഷാജഹാനാകട്ടെ കലയുടെ പശ്ചാ ത്തലത്തിലൂടെ ഒരു സങ്കരസംസ്കാരത്തിന്റെ നൂതനസൗന്ദര്യം ആ വിഷ്കരിക്കാൻ ശ്രമിച്ചു. ഏകീകൃതമായിക്കൊണ്ടിരുന്ന ഒരു സംസ്കാ രത്തിലൂടെ ഒരുമയിലേക്കു നീങ്ങിക്കൊണ്ടിരുന്ന ജനജീവിതത്തെയും സാഹിത്യത്തെയും (ഉത്തരേന്ത്യയിൽ വിശേഷിച്ചും) വേർതിരിച്ചു നിറുത്തിയതും ഭിന്നിപ്പിച്ചതും രാഷ്ട്രീയാധികാരത്തിന്റെ പരിഗണ നകളായിരുന്നു. ഒടുവിൽ ഭാരതത്തിന്റെ വിഭജനത്തിനിടയാക്കിയ തും ആ രാഷ്ട്രീയംതന്നെ. ഒന്നരനൂററാണ്ടുകാലം ബ്രിട്ടനും ഭാരതവും തമ്മിലുണ്ടായിരുന്ന വേഴ്ചയുടെ പ്രത്യേകതയും പരാജയഹേതുവും അതു പ്രധാനമായും രാഷ്ട്രീയമായിരുന്നു എന്നുള്ളതാണു്. അതു

കൊണ്ടു് ഇംഗ്ലീഷുജനതയുടെ സംസ്കാരം നമ്മുടേതുമായി സമന്വയിപ്പിച്ച് ഒരു നൂതനപരിണാമം സംജാതമാക്കുവാൻ ഇടവന്നില്ല. എങ്കിലും ലോകഭാഷയായ ഇംഗ്ലീഷും അതിൻെറ സാഹിത്യവും ഭാരതസംസ്കാര സാഹിത്യാദികൾക്കു് വിശാലമായ ബാഹ്യലോകത്തിലേയ്ക്കു കണ്ണോടിക്കാനും ആവേശം കൊള്ളാനുമുള്ള കിളിവാതില്കളായി എന്നും അവശേഷിക്കുകതന്നെ ചെയ്യും.

വിശിഷ്ടമായ ഒരു സാംസ്കാരികപാരമ്പര്യമാണു് ഭാരതീയസാഹിത്യത്തിൻെറ അന്തർധാര. അതിനു ബഹുസഹസ്രം സംവത്സരങ്ങളുടെ പഴക്കവും തദനുസൃതമായ പരിപക്വതയുമുണ്ടു്, സഹിഷ്ണുതയും അനുകരണീയമായതിനെ സ്വാംശീകരിച്ചു സ്വയം പരിപോഷിക്കാനുള്ള കഴിവും ആ സംസ്കാരധാരയ്ക്കുണ്ടു്. പുണ്യനദിയായ ഗംഗയെപ്പോലെ അതു് ജീവിതത്തിൻെറ എല്ലാ അംശങ്ങളേയും സ്നിഗ്ദ്ധമാക്കുന്നു. ജീവിതത്തേയും മനുഷ്യനേയും അവൻെറ അതിസൂക്ഷ്മമായ വികാരവിചാരങ്ങളെയും അനുസ്യൂതം സമ്പന്നമാക്കുകയും സഫലമാക്കുകയും ചെയ്യാൻ അതിനു കഴിയും. മനുഷ്യൻെറ കർത്തവ്യഭാഗമായ കർമ്മത്തിനും ധ്യാനത്തിനും തുല്യപ്രാധാന്യം നൽകുന്ന ആ ജീവിതവീക്ഷണം സന്തുലിതമായ ഇഹലോകവാഴ്ചയ്ക്കു അനുപേക്ഷണീയമായ ഒരു തത്ത്വസംഹിതയാണു്. ഏററവും വാചാലവും അനശ്വരവുമായ രീതിയിൽ ഈ അന്തർധാരയെ ഒരു മഹൽകൃതിയിൽ സമൂർത്തമാക്കിയിട്ടുണ്ടു്. ആദികവിയുടെ രാമായണമാണു് ആ ഇതിഹാസമഹാകാവ്യം. വെറുതെയല്ല അതു് പ്രാദേശികഭാഷകളിലെല്ലാം—എഴുത്തച്ഛൻ, കമ്പർ, തുളസീദാസൻ തുടങ്ങിയവരാൽ—പരാവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതു്. പ്രാദേശിക സാഹിത്യങ്ങളുടെ വികാസചരിത്രത്തിലെ ആദ്യത്തെ നാഴികക്കല്ലു് ഈ പരാവർത്തങ്ങളാണെന്നുള്ളതു് സ്മരണീയമാണു്. വാല്മീകി ഏററവും ഉത്തിഷ്ഠമാനനായ മനുഷ്യകഥാനുഗായിയായിരുന്നു. ഉത്തമനായ മനുഷ്യനെ തേടിപ്പോയാണു് വാല്മീകി രാമകഥാകഥനത്തിന്നൊരുമ്പെട്ടതു്. തപസ്സിലും ധ്യാനത്തിലും നിരതനായിരുന്ന വാല്മീകി നാരദനോടു ചോദിച്ചുവത്രേ :

''ഇന്നു ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ ഏററവും ഗുണപൂർണ്ണനായ മനുഷ്യൻ ആരാണ്? അറിവാൻ എനിക്കു വളരെ ആഗ്രഹമുണ്ട്.''

നാരദൻ പറഞ്ഞു: ''നീ വിവക്ഷിക്കുന്ന മാനുഷിക ഗുണങ്ങൾ എല്ലാം തികഞ്ഞവർ നന്നെ കുറവാണ്. എൻെറ അറിവിൽ ഒരാൾ മാത്രമേയുള്ളു; ഇക്ഷ്വാകുകുലത്തിൽ പിറന്ന രാമൻ''.

രാമചരിതം നാരദൻ ചുരുക്കിപ്പറഞ്ഞു. അതിനുശേഷം തമസാ തീരത്തെത്തിയ വാല്മീകി കണ്ട കാഴ്ച ക്രൗഞ്ചമിഥുനത്തിലൊന്നിനെ വേടൻ അമ്പെയ്തു കൊല്ലുന്നതാണ്, രാഗത്തിനും ശോകത്തിനും ഇരയായി ആനന്ദിക്കുകയും വേദനിക്കുകയും ചെയ്യുന്ന മനുഷ്യോത്തമൻെറ കഥ — മനുഷ്യജീവിതത്തിൻെറ ഇതിഹാസം — ആദികാവ്യവിഷയമാക്കാനുള്ള പ്രചോദനം മഹർഷിക്കുണ്ടായതു് അപ്പോഴാണ്.

മാനവികതയുടെ മധുരോദാരഗായകനാണ് ആദികവി. അതുതന്നെയാണ് ഭാരതീയസാഹിത്യത്തിൻെറ അന്തർധാരയും.

— ശ്രീനി

പത്ത്

# പരദേശിമോക്ഷയാത്ര

ചാക്കുണ്ണിയുടെ ജീവിതത്തിലെ അവിസ്മരണീയമായ ദിനമായിരുന്നു അതു്. ഐ. എ. എസ്സിലേക്കു് സെലക്ഷൻ ലഭിച്ച അയാളുടെ ഏക പുത്രനായ കാർലോസിനു നാട്ടുകാർ ഉജ്ജ്വലമായ സ്വീകരണസല്ക്കാരങ്ങൾ നല്കുകയാണു്. ഒരു സാധുകൃഷീവലനായ ചാക്കുണ്ണി മകനെ ഈ നിലയിലാക്കുവാനായി എന്തെന്തു ത്യാഗങ്ങൾ സഹിച്ചില്ല! ഒരച്ഛനും, മക്കളെ വളർത്തി വലുതാക്കുന്നതു് മുടക്കുമുതൽ തിരിച്ചുകിട്ടാനായല്ല. സത്വഗുണപ്രധാനനായ ചാക്കുണ്ണിയുടെ കാര്യം പറയാനുമില്ല. എന്നാൽ ഒരു ചെറിയ പ്രതീക്ഷ അയാൾക്കുണ്ടായിരുന്നു. മകനെ പഠിപ്പിക്കാനായി അന്യായപ്പലിശക്കു് ഒരു പ്രൊഫസറുടെ പക്കൽനിന്നു വാങ്ങിയതും ഇനിയും കൊടുത്തു തീർക്കേണ്ടതുമായ വായ്പ വീട്ടത്തക്കവണ്ണം സാമ്പത്തികമായി മെച്ചപ്പെട്ട ഒരു വിവാഹം കാർലോസിനെക്കൊണ്ടു ചെയ്യിക്കാം എന്നയാൾ പ്രതീക്ഷിച്ചിരുന്നു. സ്വീകരണ

പ്പന്തലിൽ കസവുകവണിയും രോമാഞ്ചക്കപ്പായവും അണിഞ്ഞു് മുൻനിരയിൽ ഇരുന്നുകൊണ്ടും പ്രമുഖവ്യക്തികൾക്കിടയിൽ ബാലാദിത്യന്റെ തേജസ്സോടെ ശോഭിക്കുന്ന മകനെ കണ്ണിമയ്ക്കാതെ വീക്ഷിച്ചുകൊണ്ടും ചാക്കണ്ണി ആനന്ദബാഷ്പം തൂകി. അയാൾ നെടുവീർപ്പിട്ടു. തന്റെ ഭാവപാരവശ്യം അന്യർ കാണാതെ ഒതുക്കാൻ പ്രയാസപ്പെട്ടു.

അനുമോദനപ്രസംഗങ്ങൾക്കുശേഷം കാർലോസ് നന്ദി പറയാനെഴുന്നേററു.

'സുഹൃത്തുക്കളെ, നാട്ടുകാരെ, ഈ സ്വീകരണത്തിനു നന്ദി. എനിക്കു് ഐ. എ. എസ്. കിട്ടി. പക്ഷേ ഞാൻ ആ ജോലിക്കു പോകാനുദ്ദേശിക്കുന്നില്ല. സിവിൽ സർവ്വീസിൽക്കൂടി ഈ ലോകത്തു് ആർക്കും ഒന്നു ചെയ്യാനൊക്കുകയില്ല. പദവി എനിക്കാവശ്യമില്ല. പണവും വേണ്ടാ. പണമുണ്ടാക്കാൻ ബ്സിനസ്സ് ചെയ്താൽ മതിയല്ലോ. ഞാനൊരു ലോവർ മിഡിൽ ക്ലാസുകാരനാണു്. എന്റെ വർഗത്തിന്റെ കോംപ്ലക്സുകൾ വളരെ കൂടുതലായി എന്നിലുണ്ടു്. അലർജി, കോൺസ്റ്റിപ്പേഷൻ, ഹോം സിക്ക്നസ് എന്നീ സുഖക്കേടുകൾ, അടിവസ്ത്രങ്ങൾ ധരിക്കുന്നതിനോടുള്ള അപ്രിയം കസേരയിലിരിക്കുമ്പോൾ മുന്നിൽക്കിടക്കുന്ന മേശയിൽ കാൽകയററിവയ്ക്കുന്ന സ്വഭാവം, ഇതൊക്കെ മരിക്കുന്നതുവരെ മാറാത്തവയും അമർത്തിവയ്ക്കുന്തോറും കൂടുതൽശക്തിയിൽ പുതിയ മാർഗ്ഗങ്ങളിൽക്കൂടി പുറത്തുവരുന്നവയുമാണു്. അങ്ങനെ വരുമ്പോൾ എന്റെ വ്യക്തിത്വത്തെ ഉദ്ഗ്രഥിക്കാൻ എനിക്കു കഴിയാതെവരും. സ്വയം ഉദ്ഗ്രഥിക്കാതെ ദേശീയോദ്ഗ്രഥനത്തിനുവേണ്ടി വാദിക്കാനും നാടു ഭരിക്കാനും എന്നെക്കൊണ്ടാവില്ല; അതു ശരിയുമല്ല. എന്തിനു് ഞാൻ ഔദ്യോഗിക ജീവിതം ഒരു ചൂളയാക്കണം? മനസ്സിന്റെ സ്വസ്ഥത നശിപ്പിക്കണം? എന്റെ കൊച്ചുകൊച്ചു മോഹങ്ങളെയും ദു:ഖങ്ങളെയും താലോലിച്ചുകൊണ്ടു ഞാനിരുന്നുകൊള്ളാം. എനിയ്ക്കു കത്തിയും മുള്ളും വേണ്ടായേവേണ്ടാ. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു'.

സദസ്സു മുഴുവൻ കലങ്ങിമറിഞ്ഞു. കാർലോസ് പ്ലാറ്റുഫോമിൽനിന്നു ചാടിയിറങ്ങി തനിക്കു കിട്ടിയ ഹാരവും ബൊക്കേയും അദ്ധ്യക്ഷനായ മുൻസിപ്പൽ ചെയർമാനെ ഏല്പിച്ച് പാഞ്ഞുപോയി.

അന്നു തന്നെ കാർലോസ് ഐ. എ. എസ്. സറണ്ടർ ചെയ്യുകൊണ്ടു് കത്തെഴുതി.

ആളുകൾ അയാളെ പരിഹസിച്ചു. അപ്പനമ്മമാർ നെഞ്ചത്തടിച്ചു. കണ്ണീരൊഴുക്കി. പക്ഷേ അവക്കു മകൻെറ കഴിവിൽ വിശ്വാസമുണ്ടായിരുന്നു. അതിനാൽ കാർലോസിൻെറ അടുത്ത നീക്കം എന്തു് എന്നു് രഹസ്യമായി ശ്രദ്ധിച്ചു.

II

കാർലോസ് കൈയിൽവന്ന മഹാലക്ഷ്മിയെ തട്ടിത്തെറിയ്ക്കുകയായിരുന്നോ? പറയാൻ എളുപ്പം. പക്ഷേ, അത്ര ലളിതമാണോ ഈ പ്രശ്നം? കൈയിൽ കിട്ടുന്നതു മുഴുവൻ പ്രയോജനപ്പെടുത്തുന്നവരാണ് മനുഷ്യരിൽ കൂടുതൽ പേരും. അവരാണു ഉന്നതവൃത്തങ്ങളിൽ സാധാരണയായി എത്തിച്ചേരാറുള്ളതു്. അവർ ചെമ്പിനെ പൊന്നാക്കുന്നവരാണ്. വിജയത്തിൽനിന്നു വിജയത്തിലേക്കു കുതിക്കാൻ ഇക്കൂട്ടർക്കു കഴിയുന്നു. ഈ പ്രത്യേകസിദ്ധി ഇല്ലാത്ത ഒരു വിഭാഗം ലോകത്തിലുണ്ട്. അവർ ലോവർ ഡിവിഷൻ ക്ലാർക്കായി സർവ്വീസിൽ കയറിയാൽ അങ്ങേയററം അപ്പർഡിവിഷൻ ക്ലാർക്കായി പെൻഷൻപററും. ഒരിക്കലും ഇതിലൊരാൾ ഒരു ഗസററഡ് ഓഫീസർ ആവുകയില്ല. കിട്ടുന്നതുകൊണ്ട് തൃപ്തരാണിവർ. എന്നാൽ കാർലോസ് ഇതിൽ രണ്ടിലും പെടുന്നില്ല. അയാളുടെ മനസ്സാകട്ടെ കുറെക്കൂടി സങ്കീർണ്ണമാണ്,

ഉന്നതമായ ഐ.എ.എസ്. സറണ്ടർചെയ്തതിൻെറ ഫലമായി വിദേശവാസയോഗം നഷ്ടപ്പെട്ട് വീട്ടിലിരിപ്പായ കാർലോസ് ലോകരുടെ ദൃഷ്ടിയിൽ ഒരുപടി താഴെയായി. 'ഉന്നതം', 'താഴെ' എന്നീ സാമാന്യവ്യവഹാരത്തിലുള്ള സങ്കുചിതങ്ങളായ

സംജ്ഞകരം ആരു കണക്കാക്കുന്നു? നാലു കാശു് കൂടുതൽ കിട്ടുന്നതാണോ ഉയർച്ച? ഒരിക്കലുമല്ല. യഥാർത്ഥ ഉയർച്ച ആത്മപരമാണു്. മരിച്ചു കഴിഞ്ഞാൽ മൂക്കിൽക്കൂടി രക്ഷപ്പെട്ടു് പറന്നുപോകുന്ന കിളിയല്ല ആത്മാവു്, അതു് ആദർശബോധം നിറഞ്ഞ വ്യക്തിത്വവും സാമൂഹ്യബോധവും തമ്മിൽ സമ്മേളിക്കുന്ന പ്രജ്ഞാമണ്ഡലമാണു്.

ഒരു ദിവസം രാവിലെ ആറരമണിക്കുള്ള തിരുവനന്തപുരം ഫാസ്റ്റു് പാസഞ്ചറിൽ കാർലോസ് തുകൽപ്പെട്ടിയുമായി കയറുന്നതു് ആളുകരം കണ്ടു. റാന്തലും പെട്ടിയെ തല്ലാനുള്ള കുറുവടിയുമായി ചാക്കുണ്ണി ബസ്സിനു് ഓരംചേർന്നു നില്ക്കുന്നു. 'കാളേജ് ലച്ചറർ' ആയി ജോലി കിട്ടി മകൻ പോകുന്നു. യാത്രയാക്കാൻ വന്നതാണു് എന്ന യാരം പറഞ്ഞു. ഐ. എ. എസ്സിനെക്കാളും ആദായത്തിലും പദവിയിലും വളരെ താഴ്ന്നതാണെങ്കിലും മകൻ ഒരു ല്ക്ചറർ ആയല്ലോ എന്നോർത്തു് ചാക്കുണ്ണി സന്തോഷിച്ചു. ലക്ചറർക്കു് സ്ത്രീധനം ഇരുപതിനായിരത്തോടടുത്തുവരും. കാളേജ് ലക്ചററായ നിലയ്ക്കു് പണം പലിശയ്ക്കു കൊടുക്കുകയല്ലാതെ മറെറാരു സൈഡ്ബിസ്സിനസ്സും ചെയ്യാനൊക്കുകയില്ല എന്നൊരു തകരാറുണ്ടു്.

വായുവിനെയും വെല്ലുന്ന വേഗത്തിൽ തിരുവനന്തപുരത്തേയ്ക്കു കുതിച്ച ബസ്സിലിരുന്നു് കാർലോസ് അദ്ധ്യാപകവൃത്തിയെപ്പററി വിചിന്തനം ചെയ്തു. കുട്ടിക്കാലത്തുതന്നെ ഡ്രൈവർ, ഡോക്ടർ, ആനക്കാരൻ, സിനിമാനടൻ എന്നിവയ്ക്കു പകരം ഒരു മാസ്റ്ററാകണമെന്നായിരുന്നു തൻെറ ആഗ്രഹം. സാന്ദീപനി ഗുരുവിൻെറ കാലത്തു മാത്രമേ അദ്ധ്യാപകവൃത്തിയിൽ മായം ചേരാതെയുള്ളൂ അതിനുശേഷം ആദ്യം ഫ്യൂഡലിസത്തിൻേറയും പിന്നെ ജന്മിമുതലാളിത്തത്തിൻെറയും തേർവാഴ്ചയിൽ എല്ലാതൊഴിലുകളുടെയും പാവനത്വം നഷ്ടപ്പെട്ട കൂട്ടത്തിൽ അദ്ധ്യാപകവൃത്തിയും ഒരു കീറിയ പുതപ്പായിക്കഴിഞ്ഞിരുന്നു. എന്നാലും കുട്ടികളിൽ ചിലർ ഇപ്പോഴും മുണ്ടിൻെറ മടുത്തുകെട്ടു് അഴിച്ചിടുന്നുണ്ടു്. കത്തിച്ച സിഗരററു് പിന്നിൽ ഒളിക്കുന്നതായി ഭാവിക്കുന്നുണ്ടു്. അല്പം പ്രതീക്ഷയ്ക്കു വഴിയുണ്ടെന്നു തീർച്ച.

കാർലോസ് ക്ലാസ്സുകളിൽ പോയിത്തുടങ്ങി. രാഷ്ട്രതന്ത്രമായിരുന്നു അയാളുടെ വിഷയം. അദ്ധ്യാപനത്തിൽ പുതിയൊരു ശൈലി അയാൾ ആവിഷ്ക്കരിച്ചു. വിദ്യാർത്ഥികളെ വികാരഭരിതരാക്കുക. ഉച്ചതിരിഞ്ഞ് ബീഡിപ്പുക തലയ്ക്കുപിടിച്ച് കിറുങ്ങിയിരിക്കാറുള്ള ചില മന്തന്മാർപോലും കാർലോസിന്റെ ലക്ചർ ക്ലാസുകളിൽ ആഹ്ളാദത്തോടെ ഭാഗഭാക്കുകളായി.

അങ്ങിനെയിരിക്കെ ഒരു നാൾ അതു സംഭവിച്ചു. ഉച്ചതിരിഞ്ഞ നേരത്ത് കാർലോസ് രാഷ്ട്രതന്ത്രം പഠിപ്പിച്ചു തുടങ്ങി. ആദ്യത്തെ ഇരുപതു മിനിററിനകം ക്ലാസിലെ നാല്പതു വിദ്യാർത്ഥികളും ഉറക്കമായി. കുട്ടികൾ നശ്ശബ്ദരായിരിക്കുന്നതറിഞ്ഞപ്പോൾ ഇതിൽ അസാധാരണത്വം ദർശിച്ച കാർലോസ് നോട്ടുബുക്കിൽനിന്ന് കണ്ണു പറിച്ച് ക്ലാസിനെ അവലോകനംചെയ്തു. ഹ ! നാല്പതുപേരും ഉറങ്ങിയിരിക്കുന്നു. മെല്ലെ നോട്ടുബുക്കു മടക്കി കസേരയിലിരുന്നു മേശയിൽ തലവച്ച് കാർലോസും ഉറക്കംതുടങ്ങി. ശാന്തത. അച്ചടക്കം. എത്ര മാതൃകാപരമായ അന്തരീക്ഷം. പക്ഷേ, അതങ്ങനെ തുടർന്നില്ല. ക്ലാസ്സ്റൂമിലേക്ക് ഒരു പോമറേനിയൻ പട്ടി ചാടിക്കയറി. കുട്ടികൾ ഉണർന്നു ആർത്തുവിളിച്ചു. കാർലോസ് ചാടിയെഴുന്നേററു. അയാളുടെ രോമകൂപങ്ങളിൽകൂടി രക്തം നുരച്ചുവന്നു. പട്ടി പ്ലാററ്ഫോമിലേക്കും അവിടെനിന്നും മേശപ്പുറത്തേയ്ക്കും കയറി. മേശപ്പുറത്തു കുത്തിയിരുന്ന് ഒരു നാർസിസ്സസിന്റെ വ്യഗ്രതയോടെ വാൽ നക്കി. പിന്നെ ഉഗ്രമായി കുരച്ചു. പ്ലാററുഫോമിൽ സ്തംഭിച്ചുനിന്നുകൊണ്ട് കാർലോസ് തന്റെ അപ്പനെപ്പററിയും പട്ടിയെ തല്ലാനായി അദ്ദേഹം കാലദേശഭേദമെന്യേ കൊണ്ടു നടക്കാറുള്ള കുറുവടിയെപ്പററിയും ഓർത്തു, ആ വടി കിട്ടിയിരുന്നെങ്കിൽ! ഇത്തരം അപൂർവ്വം സന്ദർഭങ്ങളിലെങ്കിലും ഒരു മകന് അച്ഛനെ ആവശ്യമായി വരുന്നു. അല്ലെങ്കിൽ അച്ഛന്റെ വടി—അത് പാരമ്പര്യത്തിന്റേതായി ക്കൊള്ളട്ടെ—യെപ്പററി ഓർക്കേണ്ടതായി വരുന്നു. കാർലോസ് ക്ലാസ് പിരിച്ചു വിട്ടു. ശകാരവാക്കുകൾ പുലമ്പിക്കൊണ്ട് ഇറങ്ങിപ്പോയി. പട്ടിയെ കൊണ്ടുവന്ന് ക്ലാസ്റൂമിലേക്കുവിട്ട

വിരുതൻ പിന്നീടു് മാപ്പുപറഞ്ഞെങ്കിലും ആ സംഭവം കാർലോസി ന്റെ മനസ്സിൽ വലിയൊരു വ്രണമുണ്ടാക്കി.

എന്തുകൊണ്ടാണു് ഇത്തരം കുസൃതിത്തരങ്ങൾ—'തെമ്മാടിത്തരം' എന്നു ചില വികാരഭരിതരും 'തരവഴിക്കേട്ട്' എന്നു് ചില രോഷാകുലരും—കാമ്പസിനുള്ളിൽ നടക്കുന്നതു്? കാർലോസ് ചിന്തിച്ചു. എന്താണു് ഗുരുശിഷ്യബന്ധം? അയാൾ പ്രശാന്തതയിലിരുന്നു് അദ്ധ്യാപകവൃത്തിയെപ്പററിയുള്ള ചിന്തകൾ പുനരാവാഹിച്ചു. (തടിയ്ക്കു തട്ടുന്ന ഒരു സംഭവമുണ്ടായാൽ മാത്രമേ പുനർവിചിന്തനത്തിനു് പ്രസക്തിയുള്ളു). രണ്ടു മനുഷ്യർ തമ്മിലുള്ള ബന്ധമാണു് ഗുരുശിഷ്യബന്ധം. സ്നേഹം മാത്രമാണു് രണ്ടു മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന അടിസ്ഥാനം. അതെ, ഗുരുശിഷ്യന്മാർ തമ്മിൽ സ്നേഹബന്ധമാണു് വേണ്ടതു്. അതാകട്ടെ ഇന്നില്ല. അതിനു പകരം കൃത്രിമമായ ആദരവും ഭയവുമുണ്ടെന്നു ഭാവിക്കലും. സാങ്കല്പികമായ ഒരു തിരശ്ശീലയ്ക്കു് ഇരുവശത്തുമായി അദ്ധ്യാപകവിദ്യാർത്ഥികൾ ഇരുന്നു് വൈദികചടങ്ങുകൾ, ശൗചം എന്നിവപോലെ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു. ഇത്രമാത്രം.

എങ്കിൽ? എങ്കിൽ ഇനി ഈ ജോലി തുടർന്നിട്ടു് എന്തു കാര്യം?

കാർലോസിന്റെ മനസ്സിലേക്കു് ഈ ചോദ്യം ആർത്തിരമ്പി വന്നു. കാളേജ് കാമ്പസ്സുകളിൽ സ്നേഹബന്ധം അസാദ്ധ്യമാണു്. സ്നേഹിക്കാനാവാത്തവിധം അദ്ധ്യാപകമനസ്സുകൾ ഉണങ്ങിച്ചുരുങ്ങിപ്പോയിരിക്കുന്നു. വ്യാപകമായ അർത്ഥത്തിൽ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥതന്നെ ഇതല്ലേ?

യൂണിവേഴ്സിററി പരീക്ഷകൾ അടുത്തുവന്നു. ക്ലാസ്സുകളിൽ പോയി നേരിട്ടു് പരീക്ഷാഫീസ് കുട്ടികളിൽനിന്നു ശേഖരിക്കുവാൻ പ്രത്യേക നിർദ്ദേശം കിട്ടിയതനുസരിച്ച് ഒരു പണപ്പെട്ടിയുമായി കാർലോസ് ക്ലാസ്സുകൾ കയറിയിറങ്ങി. ഒരോ ക്ലാസ്സിലും കയറി അയാൾ പണം ശേഖരിച്ചു. നോട്ടുകൾ എണ്ണി. അദ്ധ്യാപകവൃത്തിയും മററു ജോലികളുമായുള്ള വ്യത്യാസം ആദ്യമായി അനുഭവിച്ചു

റിഞ്ഞു. നോട്ടെണ്ണാൻ എന്തുരസം! ആദ്യാനുരാഗത്തിന്റെ പുളകംപോലെ, സച്ചിദാനന്ദസ്വരൂപം ആദ്യമായി അനുഭവവേദ്യമാകുമ്പോഴുള്ളതുപോലെ ആഹ്ളാദത്തിന്റെ ഒരു ഉരുാംപൊട്ടൽ. ഒരു നിമിഷനേരത്തേയ്ക്കു് ഉത്തരവാദിത്വത്തിൽനിന്നൊഴിഞ്ഞുമാറി അനായാസമായി ജീവിക്കാനുള്ള പ്രേരണ അയാളുടെ മനസ്സിൽ ആത്തിരമ്പിവന്നു. പിന്നെ കൂടുതൽ ആലോചിച്ചില്ല- തീരുമാനമെടുത്തു കഴിഞ്ഞു. അയാരം കാഷളജിൽനിന്നു് രാജിവച്ചു് പുറത്തിറങ്ങി നാട്ടിലെത്തി.

ചാക്കുണ്ണിയുടെ നടുവു് ഇപ്പോാം ശരിക്കും ഒടിഞ്ഞിരിക്കുന്നു. ജീവിതത്തിലാദ്യമായി അയാാം ചന്തക്കവലയിലെ ഷാപ്പിൽനിന്നും ഒരു കുപ്പി കള്ളും ഒരു താറാവുകറിയും—അർശ്ശസിനു കോഴി നല്ലതല്ല—കഴിച്ചു് വഴിനീളെ ഇഴഞ്ഞു, കരഞ്ഞു തെല്ലു ശാന്തനായപ്പോാം ഓർത്തു. മകൻ മിടുക്കനാണു്. ബുദ്ധിമാനാണു്. അവൻ ഇനി എന്തു ചെയ്യുന്നുവെന്നു് നോക്കാം.

## III

ആയിടയ്ക്കുതന്നെ കാർലോസ് ഒരു ദേശസാൽകൃതബാങ്കിലെ കാഷ്യർ-കം-ഗോഡൗൺ കീപ്പറായി ജോലിയിൽ പ്രവേശിച്ചിരുന്നു. ബാങ്കുജോലിക്കു് ധാരാളം ശമ്പളം കിട്ടുമെന്നു ചാക്കുണ്ണിക്കറിയാം. പ്രൊമോഷൻ കിട്ടിയില്ലെങ്കിലും പെൻഷനാകുമ്പോാം രണ്ടായിരത്തോടടുത്തു ശമ്പളം കാണും. ലെക്ചററെപ്പോലെ അന്തസ്സുകാണിക്കാനായി വേഷഭൂഷാദികാംക്കു് പണം കളഞ്ഞു കളിക്കേണ്ട. മകൻ മിടുക്കനാണെങ്കിൽ ഒരു നല്ല തുക അവൻ മിച്ചമുണ്ടാക്കും. ഇങ്ങനെയൊക്കെ ആലോചിച്ചെങ്കിലും ഏതാനും ദിവസങ്ങാംക്കകം ചാക്കുണ്ണിയുടെ മിച്ചമുണ്ടായിരുന്ന തലമുടിയും നരച്ചു. കവിളൊട്ടി കണ്ണുകാം കുഴിഞ്ഞു് ഭൂതകാലത്തിന്റെ ഒരു വികൃതപ്രേതമായി അയാാം നടന്നു. പ്രതീക്ഷകാം എല്ലാം കൈവിട്ടു. നിത്യവും രണ്ടുരൂപാ പത്തുപൈസാ മുടക്കി മദ്യപാനംചെയ്തു. അരോഗദൃഢഗാത്രനായിരുന്ന ചാക്കുണ്ണി ക്രമേണ ഒരു കാസരോഗിയായി മാറി. 'ഗുരുതര

മായ ഒരു മാനസികാഘാതത്തിൻെറ പ്രതികരണമാണ് ഈ 'കാസ രോഗം' എന്നാണ് ഡോക്ടർ പറഞ്ഞതു. 'വരാനുള്ളതു് വഴിയിൽ തങ്ങുകയില്ലല്ലോ' എന്ന, കാർലോസിൻെറ ഡോക്ടറോടുള്ള മറുപടിയും ശ്രദ്ധേയമാണ്.

പുതിയ ജോലി രസകരമായിരുന്നു. എണ്ണിയാലൊടുങ്ങാത്തത്ര കറൻസിനോട്ടുകളുടെ ഒരു മായാപ്രപഞ്ചം ; അല്ല; ഒരു വണ്ണപ്രപഞ്ചം. കാർലോസ് അതിൽ മുഴുകി. അയാാം കൗണ്ടറിൽ ഇരുന്നു. പണം എണ്ണി, പണം വാങ്ങി, പണം കൊടുത്തു. പണം കൈയിൽ കിട്ടുമ്പോാം മനുഷ്യരുടെ കണ്ണുകളിലെ പ്രത്യേകമായ ഒരു തിളക്കം നോക്കിയിരിക്കുക രസകരമായി അയാാംക്കു് അനുഭവപ്പെട്ടു. ഉച്ചതിരിഞ്ഞു് ക്യാഷ് ക്ലോസ്ചെയ്തിട്ടു് കൊടുത്തതും വാങ്ങിയതുമായ പണത്തിൻെറ കണക്കെടുത്തു് മേലുദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തിയപ്പോാം അവരുടെ കണ്ണുകളിലെ അവിശ്വാസം നിറഞ്ഞ നോട്ടവും അയാാംക്കു് അനിഷ്ടകരമായിരുന്നില്ല. ജോലിചെയ്യുന്നതിനിടയിൽ മനസ്സിനൊരു വ്യായാമം എന്നനിലയിൽ പണ്ടുപഠിച്ച അരിസ്റ്റോട്ടിലിൻേറയും ഷേക്സ്പിയറുടെയും ഉദ്ധരണങ്ങാം ഓർക്കാൻ അയാാം ശ്രമിച്ചു. ഒരിക്കലും ആ ശ്രമം വിജയിച്ചില്ല. എന്നിരുന്നാലും ജോലി രസകരമായിരുന്നതിനാൽ ദിവസങ്ങാം അറിയാതെ കടന്നുപോയി.

എന്നാൽ കറൻസി നോട്ടുകളും അയാളെ ചതിച്ചു. എന്നും ഒരേ തരത്തിലുള്ള നോട്ടുകാം എണ്ണി അയാാം മടുത്തു. (ഏതു ജോലിയും കുറേനാാം കഴിയുമ്പോാം മടുക്കും. ഒരിടത്തു കുത്തിയിരുന്നുകൊണ്ടുള്ള ജോലിയുടെ കാര്യം പറയാനുമില്ല.) കാർലോസിനു് തുടക്കത്തിലുണ്ടായിരുന്ന മടുപ്പ് പിന്നീട് അകാരണമായ ഒരു ദുഃഖമായി മാറി. സ്വയം മറന്നു് ഏറെനേരം അയാാം കൗണ്ടറിൽ ചലനമററിരുന്നു. ആരോടെന്നില്ലാതെ ചിരിച്ചു. ബുദ്ധിപരമായും വൈകാരികമായും കാർലോസിൻെറ മനസ്സ് ഉദ്ഗ്രഥിച്ചു എന്നതിൻെറ ലക്ഷണങ്ങളായിരുന്നു ഇവ. ഈ മാററം അപൂർവ്വമാണ്. മിക്ക

ആളുകൾക്കും ബുദ്ധിയും വികാരവും രണ്ടാണല്ലോ. ഇവ രണ്ടും ഒന്നായി മാറുമ്പോഴാണ് വ്യക്തിത്വം അതിന്റെ ഏററവും ഉന്നതമായ അവസ്ഥയിലെത്തുന്നത്. ഈ അവസ്ഥയിൽ ഒരു വ്യക്തി അസാധാരണനായിരിക്കും, സാധാരണക്കാരുടെ അളവുകോലുകളിൽ അപ്പോൾ അയാൾ ഒതുങ്ങുകയില്ല തങ്ങളുടെ അളവുകോലുകൾക്ക് അപ്രാപ്യനായി ഒരു വ്യക്തി മാറുമ്പോൾ അസൂയയും വൈരാഗ്യവും മൂത്ത സാധാരണക്കാർ അയാൾക്ക് 'വട്ട്'' ആണെന്നു പറയും: മിക്ക ജീനിയസ്സുകളെയും പകുതി തമാശായും പകുതി കാര്യമായും നാം 'വട്ട്'' എന്നു വിളിക്കുന്നതു് ഇതിനുള്ള പ്രത്യക്ഷമായ തെളിവാണ്, ചാക്കണ്ണിയുടെ മകനായ കാർലോസിൽ ഈ മാററം സംഭവിച്ചപ്പോഴാകട്ടെ, എപ്പോഴും ഒരു വലിയ മനസ്സിനെ തിരിച്ചറിയുന്നതിൽ പരാജയപ്പെടാറുള്ള സാമാന്യജനത 'കാർലോസിനു വട്ടാണ്'' എന്നു പറഞ്ഞു,

തിരക്കു നിറഞ്ഞ ഒരു ദിവസത്തിന്റെ തുടക്കം, കൗണ്ടറിന്റെ മുമ്പിൽ ധാരാളംപേരുണ്ട്, മനസ്സിനെ ഏകാഗ്രമാക്കി കാർലോസ് നോട്ടെണ്ണിത്തുടങ്ങി. പെട്ടെന്നതാ താഴെ നീട്ടി ഒരു വിളി, 'പേപ്പർ തകരം കുപ്പി........' കാർലോസ് ചെവി രണ്ടും വട്ടംപിടിച്ചു, 'പേപ്പർ, തകരം, കുപ്പി—പകരം ഈന്തപ്പഴം'. കാർലോസിന്റെ മനശ്ശാന്തി വിഭക്തമായി, എവിടെയാണിരിക്കുന്നതെന്ന് അയാൾ മറന്നു. നോട്ടുകൾ താഴെവീണു, കൈകൾ ചലിച്ചില്ല. അസാധാരണമായ ഒരു ചൈതന്യപ്രവാഹം അയാളുടെ മനസ്സിലുണ്ടായി. ഒരുതരം പ്രചോദനം, മുന്നോട്ടു പോകുവാനുള്ള ആജ്ഞ, ആകസ്മികമായി ലഭിച്ച ലക്ഷ്യബോധം. വഴിമുട്ടിനിന്ന ജീവിതത്തിനു് പുതിയൊരു പാത, കാർലോസ് ഇറങ്ങിയോടി, റോഡിലെത്തി പേപ്പർ തകരം കുപ്പിക്കാരനെ നിർന്നിമേഷനായി നോക്കിനിന്നു. എത്ര ഭാഗ്യവാനാണ് ഈ മനുഷ്യൻ! നിത്യവും വൈവിദ്ധ്യമുള്ള ഒട്ടേറെ വസ്തുക്കൾ കൈകാര്യം ചെയ്യാനുള്ള അവസരം അയാൾക്കുണ്ട്. സർവതന്ത്രസ്വതന്ത്രമായ ജീവിതം.

01320



മകൻ വീണ്ടും ജോലി രാജിവെച്ചു എന്ന വാർത്ത ചാക്കണ്ണി പ്രതീക്ഷിച്ചിരുന്നതായിത്തോന്നി. ഒന്നിരുത്തിമൂളിയിട്ടു് അയാൾ അകത്തേയ്ക്കു കയറി. അട്ടിമറികളുമായി ഇണങ്ങിപ്പോകാനുള്ള ഒരു ബലം അയാൾ നേടിയിരുന്നു, ആട്ടെ, ഇവൻ ഇനി എന്താണു് ചെയ്യുന്നതെന്നു കാണാം.

## IV

പുതിയ തൊഴിൽ സ്വീകരിച്ചതോടെ കാർലോസിൻെറ വേഷം കൈലിയും കൈയുള്ള ബനിയനും ആയി. ഒഴിഞ്ഞ ചാക്കും കൈത്രാസും മടിശ്ശീലനിറയെ ഈന്തപ്പഴവുമായി രാവിലെ അയാൾ ഇറങ്ങി. നിറഞ്ഞ ചാക്കും കൈത്രാസും ഒഴിഞ്ഞ മടിശ്ശീലയുമായി വൈകിട്ടു് അയാൾ കയറിവന്നു. ചാക്കിൽനിന്നും പത്രക്കടലാസ്സുകൾ, കോമ്പസിഷൻ ബുക്കുകൾ, ഒഴിഞ്ഞ ബിയർ കുപ്പികൾ ഇവ വാരി നിലത്തിട്ടു. വിയർപ്പു വടിച്ചുകളഞ്ഞു് ബനിയനൂരി അയക്കോലിൽ തൂക്കി, അയാൾ ഒരു 'ലേമാൻ' ആണിപ്പോൾ. നിന്ദിതനും പീഡിതനുമായ ഒരു വ്യക്തി. ചിന്തിക്കുവാനുള്ള ശക്തി പോലും അയാൾക്കില്ലാതെയായിരിക്കുന്നു. ചിന്തയുടെയും യുക്തിബോധത്തിൻെറയും സ്ഥാനത്തു് ചൂടുള്ള വികാരങ്ങൾ അയാളെ ഭരിച്ചു. മുൻകാലങ്ങളിൽ കാർലോസിലുണ്ടായിരുന്ന 'സർവ്വപുച്ഛം' മാറി അതിൻെറ സ്ഥാനത്തു് ലോകത്തോടും സഹജാതരോടും തന്നോടുതന്നെയുമുള്ള ഉത്തരവാദിത്വബോധം പ്രത്യക്ഷപ്പെട്ടു.

അമുൽ ടിന്നുകളുടെയും കാലിക്കുപ്പികളുടെയും മുന്നിൽ കാർലോസ് ധ്യാനനിരതനായി നിന്നു. ഹോമകുണ്ഡത്തിനുമുമ്പിൽ സുഗന്ധദ്രവ്യങ്ങളുടെ പുകയേററുനിൽക്കുന്ന ഒരു പുരോഹിതൻെറ മുഖമായിരുന്നു അതു്. അങ്ങനെ നിൽക്കെ അയാളുടെ നെററിയിൽ ചുളിവുകൾ പ്രത്യക്ഷപ്പെട്ടു. വേദനകൊണ്ടു് അയാളുടെ ആത്മാവു് പിടയുകയാണെന്നു തോന്നി. രണ്ടു തുള്ളി കണ്ണുനീർ അയാൾ ചൊരിഞ്ഞു. മനുഷ്യവർഗ്ഗത്തെപ്പററിയുള്ള അളവില്ലാത്ത ഉൽക്കണ്ഠയുടെ പ്രതീകമായിരുന്നു അതു്. കാർലോസ് മെല്ലെ കടലാസു്കെട്ടുകൾ

ചികഞ്ഞു നോക്കി. ആ കൂട്ടത്തിൽ താൻ ലക്ചററായിരുന്നപ്പോഠം കൊടുത്ത നോട്ടുകളും ബാങ്കിൽ ജോലി ചെയ്തതിൻെറ പഴയ ചില രേഖകളും അയാഠം കണ്ടു. ഭൂതകാലം മുമ്പിൽ പത്തി വിടർത്തിനി ന്നാടിയിട്ടും അയാഠം കുലുങ്ങിയില്ല. ഭൂതകാലം ഒരിക്കലും അയാഠം ക്കൊരു പ്രലോഭനമായിരുന്നില്ല എന്നതാകാം കാരണം.

എന്നിട്ടും കാർലോസ് പതറിപ്പോയി. അയാളുടെ മനസ്സ് കാററിലെ മെഴുകുതിരിനാളംപോലെ ആടിയുലഞ്ഞു. ആകസ്മിക മായി, കടലാസുകെട്ടുകഠംക്കിടയിൽനിന്നു കിട്ടിയ ഒരു ലഘു ലേഖ യായിരുന്നു അതിനു കാരണം, 'തമ്പിയുടെ ഹൃദയം' എന്നായിരുന്നു അതിൻെറ പേര്. അതിൽ കണ്ണും നട്ടിരിക്കെ കാർലോസിൻെറ മനസ്സു വളന്നു. പുതിയ അനേകം മാനങ്ങളിൽ അതു് വിശാ മനസ്സായി മാറി.

''......അവിടെ നമുക്ക് മഹത്ത്വമുള്ള കിരീടങ്ങളും ആദി ത്യൻെറ പ്രകാശംപോലെയുള്ള വസ്ത്രങ്ങളും കിട്ടും. സ്വർണ്ണമുടി ധരി ച്ചിരിക്കുന്ന മൂപ്പന്മാരേയും പൊൻവീണകഠം വായിച്ചുകൊണ്ടിരി ക്കുന്ന കന്യാസ്ത്രീകളെയും നമുക്കു മുമ്പേ ആ സ്ഥലത്തേക്കു പാർക്കുവാൻ പോയ കോടാനുകോടി ആത്മാക്കളേയും നീ കാണും...''

രാത്രി മുഴുവൻ ഈ വരികളിൽ കണ്ണും നട്ടിരിക്കുകയായിരുന്നു കാർലോസ്. പതിവില്ലാതെ പാതിരാനേരത്തും മകൻെറ മുറിയിൽ വെളിച്ചം കണ്ടു് ചാക്കുണ്ണി എത്തിനോക്കി. തുറിച്ച കണ്ണുകളോടെ അപാരതയിൽ നോക്കി ചലനമററ് മകനിരിക്കുന്നു. തലയ്ക്കു പിന്നിൽ അസാധാരണമായ ഒരു പരിവേഷം. തേജസ്സു നിറഞ്ഞ മുഖം, ചാക്കുണ്ണി ചിന്താധീനനായി, അയാഠം പിറുപിറുത്തു: ''പുണ്യവാളന്മാരെപ്പോലെ എൻെറ മകൻ കാർലോസിൻെറ തലക്കു പിന്നിലും മഞ്ഞപ്രഭയോ...?'' ചാക്കുണ്ണി വേഗം പോയി ഭാര്യ കുഞ്ഞാണ്ടമ്മയെ വിളിച്ചു ''കണ്ടോടി അതു് ? ദാ നോക്കു്! നീ കണ്ടോ! ഇവിടെ വെല്യ പുണ്യസ്ഥലാകാൻ പുവ്വാ. പാണ്ടിലൊള്ള ചെട്ട്യാരമ്മാരു് മുഴുവൻ ഇവിടെ കാശുമായിട്ട് വന്നു് വരിയായി നിൽക്കുന്നതു് നീ കണ്ടോ! അവൻ ബുത്തിയൊള്ളവനാ......''

നേരം പരാപരാവെളുത്തില്ല. കാർലോസിനെ കണാനില്ല എന്ന വാൎത്ത പരന്നു. എന്തോ ആലോചിച്ചുകൊണ്ട് തലയുയൎത്തി അയാാം ഗൗരവത്തിൽ നടന്നുപോകുന്നതു് കണ്ടവരുണ്ട്. ചാക്കുണ്ണിയും ഭാൎയ്യയും നെഞ്ചത്തടിച്ചു കരഞ്ഞു. മകൻ കൈവിട്ടു പോകുന്നതൊഴിച്ചാൽ മറെറന്തും അവർ സഹിക്കും. അവർ ഒററയ്ക്കും കൂട്ടായും ഒരുമിച്ചും വെവ്വേറെയും മേൽകീഴും കീഴ്മേലും കാർലോസിനെതപ്പിത്തടഞ്ഞു. നേതിനേതിയെന്നു പറഞ്ഞു,

## V

സന്ധ്യക്ക് ആറരമണിയോടെ കൊട്ടാരക്കര_കോട്ടയം ഫാസ്റ്റ് പാസഞ്ചറിൽ കാർലോസ് തിരുവല്ലാ കരിശുകവലയിൽ വന്നിറങ്ങി. എങ്ങും നോക്കാതെ നടന്നുപോയി.

ഏഴുമണിയോടടുപ്പിച്ച് മറെറാരു ബസ്സിൽ ചാക്കുണ്ണിയും അവിടെ വന്നിറങ്ങി. ത്രികാലങ്ങളിലും കൈയിൽ വഹിക്കുന്ന റാന്തലും കുറുവടിയും നിലത്തുവച്ച് അയാാം ഭ്രാന്തനെപ്പോലെ ചുററും നിന്നവരോടു ചോദിച്ചു :

'എൻെറ മകൻ കാർലോസിനെ കണ്ടോ? തലയ്ക്കു പിന്നിൽ മഞ്ഞപ്രഭ അടയാളം'.

'ഹാവൂ. ആശ്വാസം. ഡയോജനിസ്സാണെന്നാ ഞാൻ വിചാരിച്ചതു്.' ഒരുവൻ ആത്മഗതമായി പറഞ്ഞു.

അപരൻ പറഞ്ഞു:

'പറഞ്ഞ അടയാളമുള്ള ഒരുത്തൻ എന്നോടു് കീഴക്കോട്ടിനി ബസ്സുണ്ടോന്നു ചോദിച്ചു. അന്നേരം ഞാൻ ചോദിച്ചു, നീങ്ങക്കെവിടാ പോകേണ്ടതെന്നു്. *കുമ്പനാട്ടാന്നു മറുപടി. ബസ്സ് പോയീന്നു് ഞാൻ പറഞ്ഞു. അന്നേരം അയാാം ധൃതിയിൽ നടന്നുപോയി. പിന്നെ ഞാൻ ചോദിച്ചതിനൊന്നും അയാളൊട്ടു് ഉത്തരവും പറഞ്ഞില്ല'.

---

* ദൈവസഭകാൎക്ക് പ്രസിദ്ധമായ മദ്ധ്യതിരുവിതാംകൂറിലെ ഒരു സ്ഥലം. ആഗോളാടിസ്ഥാനത്തിൽ പ്രവൎത്തിക്കുന്ന ധാരാളം ദൈവ സഭകളുടെ ആസ്ഥാനമാണിവിടം.

ആ പറഞ്ഞതു് ശരിയായിരുന്നു. ആകാശത്തേക്കു് ഉയർത്തിയ കൈകളുമായി കാർലോസ് കിഴക്കോട്ടു നീണ്ടുകിടക്കുന്ന ടാറിട്ട റോഡിലൂടെ അപ്പോഴം നടന്നുനീങ്ങുകയായിരുന്നു. പിന്നിലായി മദനഭ്രാന്തിളകിയ ഏതാനും നായ്ക്കൾ- മഹാപ്രസ്ഥാനത്തെ അനുസ്മരിപ്പിക്കുന്ന യാത്ര. അയാളുടെ മനസ്സു് തീവ്രമായ ലക്ഷ്യബോധത്താൽ ഏകാഗ്രമായി വർത്തിച്ചു. തവളകളുടെ തുളഞ്ഞുകയറുന്ന ശബ്ദവും, അലസരും ബുദ്ധിഹീനരുമായ സാമാന്യജനങ്ങളുടെ ശബ്ദവും തമ്മിൽ അയാൾ തിരിച്ചറിഞ്ഞില്ല. ഒരു കിലോമീററർ പിന്നിലായി കാർലോസിനെ അന്വേഷിച്ചിറങ്ങിയ ചാക്കുണ്ണി പുത്രശോകത്താൽ വെന്തുനീറിയ മനസ്സുമായി സഞ്ചരിക്കുന്നുണ്ടായിരുന്നു. അലംഘനീയമായ വിധി അവർക്കിടയിൽ ഒരു കിലോമീററർ നീളത്തിൽ വ്യാപിച്ചുകിടന്നു.

മുമ്പോട്ടു പോകുന്തോറും പരിസരം അപരിചിതമായിമാറി. സാൻഫ്രാൻസിസ്കോ, സിലോൺ, അയോവ, അർമീനിയ തുടങ്ങിയ ദേശങ്ങളെ അനുസ്മരിപ്പിക്കുന്ന കാഴ്ചകൾ കണ്ടായിവന്നു. സ്വർണ്ണമുടിയും സ്വർണ്ണഫ്രേമുള്ള കണ്ണടയും ധരിച്ച ചില മൂപ്പന്മാർ ഇടയ്ക്കിടെനിന്നു് 'രക്തം രക്തം' എന്നു ഗർജ്ജിക്കുന്നുണ്ടായിരുന്നു. വികാരം ബുദ്ധിയെ കീഴടക്കിയ മനസ്സുമായി കാർലോസ് അടിവച്ചടിവച്ചു നടന്നു.

ഒരു കിലോമീററർ പിന്നിലായി അടിവച്ചടിവച്ചുനടന്നു് ബുദ്ധിയാൽ തന്റെ തീവ്രവികാരങ്ങളെ എതിർത്തു തോല്പിച്ചുകൊണ്ടു് ചാക്കുണ്ണി പിറുപിറുത്തു :

'നിന്നെ ഞാൻ എവിടിട്ടെങ്കിലും പിടിക്കും'.

## VI

'നാശപട്ടണങ്ങളിൽനിന്നു വന്നവരേ!'

പററെ വെട്ടിയ തലമുടിയും ക്ലീൻഷേവുചെയ്ത മുഖവും ഉള്ള, കട്ടിവെള്ളത്തുണിയിൽ കോളറില്ലാത്ത കുപ്പായം ധരിച്ച, കറുത്തു തടിച്ച ഒരു മനുഷ്യൻ മരച്ചുവട്ടിൽ നിന്നിരുന്നു.

നാശപട്ടണങ്ങളിൽനിന്നു വന്നവരെ, ഞാനാണ് ഏവൻഗേലിസ്ഥൻ.''*

ആൾക്കൂട്ടത്തിൽനിന്ന് ഒരു പൊട്ടിക്കരച്ചിലുയൎന്നു.

'നിൻെറ പേരു്?' ഏവൻഗേലിസ്ഥൻ ചോദിച്ചു.

'പാപി'.

'അതല്ല; ഈ ലോകത്തിലെ പേരു്?'

'കാർലോസ്'

'നാശപട്ടണത്തിലായിരുന്നു ഇത്രനാളും താമസമെന്നു ഇപ്പോൾ ബോദ്ധ്യമായൊ?'

'ആയി'.

നിൻെറ അവസ്ഥ ഇതാണെങ്കിൽ നീ നല്ല സ്ഥലത്തേക്ക് പോകാത്തതെന്തു്?

'ഞാൻ എവിടേക്ക് ഓടിപ്പോകേണ്ടു ?'

അപ്പോൾ ഏവൻഗേലസ്ഥൻ ദൂരേക്ക് ചൂണ്ടി:

'അതാ, ആ കാണുന്ന വയലിൻെറ അപ്പുറത്തായി ഇടുക്കമായ ഒരു വാതിൽ നീ കാണുന്നുവോ ?

'കാണുന്നില്ല,'—കാർലോസ് സംശയിക്കാതെ പറഞ്ഞു.

'അതാ ദൂരത്തിൽ പ്രകാശിക്കുന്ന ഒരു വെളിച്ചം നീ കാണുന്നുവോ ?'

'കാണുന്നു'.

'ആ വെളിച്ചംതന്നെ നോക്കിക്കൊണ്ട് നേരെനടന്ന് അതിലേക്കു കയറിപ്പോക. അപ്പോൾ വാതിൽ കാണും. അവിടെ എത്തിയാൽ നീ ചെയ്യേണ്ടതെന്തു് എന്നു് അറിയപ്പെടും. വരിക, ഞാനുണ്ടു് നിനക്കു കൂട്ടിനു്.'

അവർ നടന്നു നീങ്ങി, ഇടയ്ക്കു് കാർലോസിൻെറ കാലു് പി. ഡബ്'ള്യൂ. ഡി.ക്കാർ കുഴിച്ചിട്ടിരിക്കുന്ന ഒരു കുഴിയിൽ വീണു. അതിൽനിന്നും കരകയറുമ്പോൾ ഏവൻഗേലിസ്ഥൻ പറഞ്ഞു :

'ഇതാണ് നിരാശ്രയക്കുഴി, ചഞ്ചലഹൃദയന്മാർ ഇത്തരം കുഴിയിൽ വീണാൽ മതി, യാത്ര മതിയാക്കി തിരിച്ചുപോരും'.

---

* Evangelist.

ഒരു കൊച്ചു കുട്ടിയെപ്പോലെ കാർലോസ് ഏവൻഗേലിസ്ഥനെ നോക്കി. അയാളുടെ മനസ്സു ശുദ്ധവും കളങ്കമില്ലാത്തതും ആയി മാറിയിരുന്നു. അമ്മയെ മുന്നിൽ കണ്ട കൊച്ചുകുട്ടിയുടെ വെമ്പലോടെ അയാരം കുതിച്ചു,

## V.I

പുരുഷാരം ലക്ഷ്യസ്ഥാനത്തെത്തി. കണ്ണഞ്ചിക്കുന്ന പ്രകാശധാര. അലൌകികമായ ശബ്ദവിശേഷം. പ്രപഞ്ചരഹസ്യത്തിന്റെ നാദം ശുദ്ധമായ ഉച്ചാരണത്തിൽ അകത്തുനിന്നു ചോദിച്ചു:

'വന്നോ'?

'കൊണ്ടുവന്നിട്ടൊണ്ടു''. ഏവൻഗേലിസ്ഥൻ അകത്തേയ്ക്കു വിളിച്ചുപറഞ്ഞു. പിന്നെ കാർലോസിനോടു്:

'കയറിപ്പോക'.

ഈ സമയത്തു് ചങ്കുപിളക്കുന്ന ഒരു നിലവിളി അടുത്തുവന്നു. ആളുകരം തിരിഞ്ഞുനോക്കി. ഒരു കൈയിൽ റാന്തലും മറുകൈയിൽ കുറുവടിയും ധരിച്ച ത്രികാലജ്ഞാനിയായ ചാക്കുണ്ണി. അയാരം പ്രകാശത്തിന്റെ ഉറവിടത്തിനും മകൻ കാർലോസിനും മദ്ധ്യേ നിലകൊണ്ടു് ഒരു രക്തസാക്ഷിയുടെ വീറോടെ ഗജ്ജിച്ചു:

'എന്റെ നെഞ്ചത്തടിക്ക ആദ്യത്തെ ആണി!'

ആരൊക്കെയോകൂടി അയാളെ പിടിച്ചുമാററി. ഒരുവൻ ചാക്കുണ്ണിയുടെ ചെവിയിൽ പറഞ്ഞു:

'ആണിയടിക്കേണ്ട ആവശ്യമില്ല. ഒടലോടെയാ'.

ചാക്കുണ്ണി അതുപറഞ്ഞയാളിനെ സൂക്ഷിച്ചുനോക്കി, പിന്നെ എന്തൊ ഓർത്തിട്ടു പറഞ്ഞു ;

കുഞ്ഞാണ്ടമ്മേ നിർബന്ധിച്ചിട്ടാ ഞാനിറങ്ങിയതു്. ''ഇവന്റെ ആഗ്രഹംപോലെ എന്തുചെയ്യുന്നതിനും എനിക്കു സന്തോഷമേയുള്ളു''

അതൊരു തന്ത്രമാണെന്നു് കാർലോസിനു പിടികിട്ടി. സൂത്രപ്പണി എന്നും അപ്പൻ തന്റെ മനസ്സുമാററാനായി ശ്രമിച്ചിട്ടുള്ളതു് ഈ തരത്തിലാണു്.

'ദേണ്ടെ നോക്കിക്കൊ...' കാർലോസ് ചാക്കുണ്ണിയോടു പറഞ്ഞു.

കാർലോസ് കൈകരം ഉയർത്തിപ്പിടിച്ച് 'ഈ ആരോഗ്യസ്വാമിക്ക് എന്തുമുട്ടായി.. ...' എന്നു ചൂളമടിച്ചുകൊണ്ട് പ്രകാശത്തിലേക്ക് ഒരൊററ ചാട്ടം! അല്പനേരത്തിന്നകം അയാളെ കാണാതെയായി. അഭൌമവും അതിശയകരവുമായ മുഴക്കം മാത്രം അവശേഷിച്ചു.

ജനക്കൂട്ടം പിരിഞ്ഞുപോയി.

ഹതാശനായ ചാക്കുണ്ണി റാന്തലും കുറുവടിയും കൈയിലെടുത്തു. മല്ലപ്പള്ളിക്ക് ലോഡുംകൊണ്ടുപോയ ലോറി വല്ലതും കാലിയടിച്ചു വരുന്നോ എന്നറിയാനായി ഇടയ്ക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടു നടന്നു. ഇതിനിടയിൽ ആകസ്മികമായി ഒരു ഫാസ്റ്റ്പാസഞ്ചർ വന്നതു് കൂവിവിളിച്ചു നിർത്തി. അയാരം വല്ലവിധേനയും കയറിപ്പററി. ഇത്ര തുച്ഛവും പരിമിതവുമായ നേരംകൊണ്ടുതന്നെ അയാളുടെ ഏകപുത്രനായ കാർലോസ് സ്വർഗ്ഗരാജ്യത്തെത്തിക്കഴിഞ്ഞിരുന്നു എന്നതു് എന്തൊരതിശയമാണ്! എത്രമനോഹരമാണ്! ചാക്കുണ്ണി അതാ ബസ്സിൽ കുനിഞ്ഞിരുന്നു് അത്രയും നേരത്തെ ടെൻഷൻ മാററാനായി ഒരു ബീഡി വലിക്കുന്നു. എന്നാൽ കാർലോസിൻെറ ഇപ്പോഴത്തെ അവസ്ഥയോ! സമയം, അന്തരീക്ഷം, ഭൗതികമണ്ഡലം എന്നിവയാൽ പരിമിതപ്പെടുത്താൻ കഴിയാത്തതായിരിക്കും അയാളുടെ ഇപ്പോഴത്തെ അമർത്യശരീരം......

അനുബന്ധം : കല സമൂഹത്തിനുവേണ്ടി

കാർലോസ് കഥാവശേഷനായ ഈ സന്ദർഭത്തിൽ ചില വസ്തുതകരം വെളിച്ചത്തു കൊണ്ടുവരുവാൻ കഥാകൃത്തു് ആഗ്രഹിക്കുന്നു ഇത്രയുംകാലം സമൂഹത്തോടുള്ള ഉത്തരവാദിത്വം മറന്നു് പറയേണ്ടതൊന്നും പറയാതെ ആരംകൂട്ടത്തിൽ തനിയെ കുത്തിയിരുന്നു് പല്ലു ഞെറുമ്മുകയും മൂക്കുചീററുകയും ചെയ്തതിൻെറ ഫലമായി കലയും സാഹിത്യവും തികച്ചും വൈയക്തികവും ക്ഷുദ്രവും ആയ ചില മൂല്യങ്ങളെക്കൊണ്ടു നിറഞ്ഞു എന്നു് ഉത്തമബോദ്ധ്യം ഉണ്ടായിരിക്കുന്നതിനാലാണു് അയാരം ഈ സാഹസത്തിനു മുതിരുന്നതു്.

കാർലോസ് അസാധാരണനായിരുന്നു. ഗൗതമബുദ്ധനു പോലും കഴിയാഞ്ഞതു് അയാൾ നേടി. ബുദ്ധിജീവികൾക്കു ഭാവി തലമുറയോടുണ്ടായിരിക്കേണ്ട ബന്ധം അയാൾ തന്റെ പ്രവൃത്തിയിലൂടെ വിശദീകരിച്ചു, സാംസ്കാരിക—ബൗദ്ധികജീവിതത്തിൽ നിന്നു് ആധുനികമനുഷ്യൻ എങ്ങനെ അകലുന്നു എന്നു വ്യക്തമാക്കി. ബുദ്ധിപരമായ സങ്കീർണ്ണതയിൽനിന്നു വൈകാരികമായ ലാളിത്യത്തിലേക്കുള്ള തിരിച്ചുപോക്കിലൂടെയാണ് യഥാർത്ഥഹ്യൂമനിസം ആരംഭിക്കുന്നതെന്നു് ചൂണ്ടിക്കാട്ടി. ഐ. എ. എസ്സിന്റെ അർത്ഥശൂന്യത കാട്ടിക്കൊടുത്തു. ആക്രിക്കച്ചവടം പലരും കരുതുന്നതുപോലെ അത്ര അന്തസ്സാരശൂന്യമല്ല എന്നു തെളിയിച്ചു. വിവിധതരം എസ്റ്റാബ്ലിഷ്മെന്റ് കോട്ടകളെ പർപ്പടകങ്ങളെന്നതുപോലെ തകർത്തു.

കാർലോസ് നമുക്കു് പരിചയമുള്ള ഒരു ജീവിതമാതൃകയല്ല, അയാൾ അങ്ങേയററത്തെ വ്യഷ്ടിവാദിയാണ് (Individualist). ഓരോ മനുഷ്യന്റെ ജീവിതവും മററുള്ളവരുടേതിൽനിന്നു മൗലികഭിന്നതയുള്ളതാണ് എന്ന നിഗമനമാണ് വ്യഷ്ടിവാദത്തിന്റെ അടിസ്ഥാനം. ഇതു പൂർണ്ണമായും ശരിയല്ല. എത്രയൊക്കെ വ്യത്യസ്തങ്ങളായിക്കൊള്ളട്ടെ, എല്ലാ മനുഷ്യരുടേയും ജീവിതം ഏതാണ്ടു് അഞ്ചോ ആറോ നിശ്ചിതമായ പാറേറണുകൾക്കുള്ളിൽ ഒതുങ്ങുന്നു. ലോകത്തിൽ ചില ജീവിതപ്പാതകളേയുള്ളു. ഈ ലോകത്തിലാണ് ജീവിച്ചിരിക്കുന്നതെങ്കിൽ ഇവയിലേതെങ്കിലുമൊന്നു് തെരഞ്ഞെടുക്കാതെ യാതൊരു നിവൃത്തിയുമില്ല. തലമുടിയും കൃതാവുമായി നടന്നു് അപ്പാപ്പന്മാരേയും അമ്മാവന്മാരേയും കാണുമ്പോൾ ഭവ്യത നടിച്ച് ഒതുങ്ങിക്കൂടുന്ന തനി വ്യഷ്ടിവാദികളായ ഡാൻഡികൾ മുതൽ വികാരിയച്ചന്മാർ, ഫിററർമാർ, കർഷകത്തൊഴിലാളികൾവരെ ഇതിൽ നിന്നും തങ്ങൾക്കു് ഏററവും അടുത്തുള്ള പാതയിലേക്കു ചാടിക്കയറി വേഗം യാത്ര ചെയ്യുന്നവരാണ്. ഇവിടെയാണ് കാർലോസ്സ് ഭിന്നനാകുന്നതു്. അയാൾ അംഗീകൃതജീവിതമാതൃകകളെ മുഴവൻ നിരാകരിച്ചുകൊണ്ടു് സ്വന്തമായൊരു ജീവിതപ്പാത വെട്ടിത്തുറന്നു. അങ്ങനെ അയാൾ അപവാദമായിത്തീർന്നു. ഒന്നിനുവേണ്ടി പ്ലാററ്

ഫോമിൽ വാദിക്കുകയും മററൊന്നിനു് കൊതിക്കുകയും ഇതു രണ്ടും ശരിയാകാതെ മൂന്നാമതൊരു തരത്തിൽ പ്രവൎത്തിക്കാൻ നിർബ്ബന്ധിതനായിത്തീരുകയും മക്കരം, അളിയന്മാർ, ശിങ്കിടികരം എന്നിവരുടെ നന്ദികേടും നെറികേടും കണ്ടു് മനസ്സെരിഞ്ഞു് മടുത്തു് അവസാനകാലത്തു് 'ഈ ജന്മം പാഴിലായിപ്പോയല്ലോ...' എന്നു് സ്വയം ശപിക്കേണ്ടിവരികയും തലയിലെഴുത്തായിട്ടുള്ള സാധാരണക്കാരനു് — അയാളാണു് ഉത്സർഗ്ഗം — അന്ത്യവേളയിൽ വായ്ക്കുള്ളിക ചാലിച്ചുചേൎത്ത ജീരകവെള്ളംപോലും കുടിക്കാൻ തരപ്പെടാതെ ചത്തുമലക്കേണ്ടതായി വരുമ്പോരം — ഞാൻ ഉറപ്പിച്ചു പറയുന്നു...കാർലോസിൻെറ ആത്മാവു് മാറിനിന്നു് നമ്മെനോക്കി മന്ദ്രമധുരമായി പുഞ്ചിരിക്കും. കാരണം, ജനിച്ചദിവസംമുതൽ തൻെറ പുണ്ണുകരം നിറഞ്ഞ തലയിൽ കത്തുന്ന ജീവിതചക്രം ചുമന്നു് അപമാനവും ആകാംക്ഷയും കൊടുംവേദനയും അനുഭവിച്ചു് ജീവിക്കേണ്ടിവന്നെങ്കിലും മോക്ഷപ്രാപ്തിയിൽക്കൂടി, ഇടുക്കമേറിയ ഒരു വാതിലിൽക്കൂടി ഈ വിഷമവൃത്തത്തിൽനിന്നു് - മററാൎക്കും അതിൽനിന്നു രക്ഷപ്പെടാൻ സാധിച്ചിട്ടില്ല—എന്നോൎക്കണം — കുതിച്ചുചാടാൻ അയാരംക്കു കഴിഞ്ഞു. അതിനാൽ ചിന്തിക്കുന്നവരേ, ചിന്തിക്കുന്നതിനനുസരിച്ചു് മാത്രം പ്രവൎത്തിക്കാനാഗ്രഹിക്കുന്നവരേ, ഒരു വാക്കു്: കാർലോസിൻെറ മാൎഗ്ഗത്തെ നിങ്ങരം അവഗണിക്കരുതു്. അതാണു് നിങ്ങരംക്കു് മാതൃകയാവേണ്ടതു്, ഈ കഥ വായനക്കാരായ നിങ്ങളുടെയെല്ലാം കണ്ണുതുറപ്പിക്കട്ടെ! 'നിങ്ങളുടെ തീരുമാനം നിങ്ങളുടെ വിധി നിൎണ്ണയിക്കുന്നു' എന്നതാണു് ഈ കഥയുടെ ഗുണപാഠം. ഇതിൻെറ പ്രയോജനം സിദ്ധിക്കുന്നവർ മററു പ്രതിഫലമൊന്നും തരേണ്ട. ഒന്നുമാത്രം ചെയ്യുക. ദയവായി ഈ സംഭവങ്ങളും ഇതിൻെറ ഗുണപാഠവും പ്രചരിപ്പിക്കാനുത്സാഹിക്കുക. അതൊരിക്കലും വെറുതെയാവുകയില്ല. ഇന്നല്ലെങ്കിൽ നാളെ എല്ലാ നല്ല പ്രവൃത്തികരംക്കും പ്രയോജനം കിട്ടിയല്ലേ പററൂ?

—വി. പി. ശിവകുമാർ

— x —

# പൊതുസ്വത്തും പൌരന്മാരും

## 1. എന്താണ് പൊതുസ്വത്ത്?

ഏതു രാഷ്ട്രത്തിലും പൊതു സ്ഥലങ്ങളും പൊതു കെട്ടിടങ്ങളും മററ് പൊതുസ്വത്തുക്കളും ഉണ്ടായിരിക്കും. ഭരണകൂടകാര്യാലയങ്ങൾ, തപാലാപ്പീസുകൾ, തീവണ്ടികൾ, ബസ്സുകൾ, ഭരണകൂടത്തിൻെറ അധീനതയിലുള്ള വാഹനങ്ങൾ, ടെലിഫോൺ ബൂത്തുകൾ, തെരുവു വിളക്കുകൾ എന്നിവ പൊതുസ്വത്തിന്ന് ചില ഉദാഹരണങ്ങളാണ്. കൂടാതെ പൊതുജനങ്ങൾ സമ്മേളിക്കുന്നതോ സൗജന്യമായോ പണം കൊടുത്തോ അവക്ക് പ്രവേശനമനുവദിക്കുന്നതോ ആയ സമ്മേളനമന്ദിരങ്ങൾ, ചലച്ചിത്രശാലകൾ തുടങ്ങിയവയും ഈ ഇനത്തിൽ പെടുന്നു, എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതുരാലയങ്ങളും, തീവണ്ടിയാപ്പീസുകളും, ബസ്ഷെൽട്ടറുകളും, ഇത്തരത്തിലുള്ള മററു പലതും പൊതുസ്വത്തെന്നപേർ അർഹിക്കുന്നു. കാരണം അവ പൊതുജനങ്ങളുടെ ആവശ്യങ്ങളെ നിറവേററുന്നവയും നികുതി ദായകരുടെ ചെലവിൽ കെട്ടപ്പെട്ടവയും അവരുടെതന്നെ ചെലവിൽ പരിരക്ഷിക്കപ്പെടുന്നവയുമാണ്.

## 2. അസ്വാസ്ഥതകൾ ഉണ്ടാവുമ്പോൾ എന്തു സംഭവിക്കുന്നു?

പൊതുസമാധാനത്തെ ഭഞ്ജിക്കാത്തിടത്തോളംകാലം, ജനായത്തരീതിയിലുള്ള ഇന്ത്യൻ ഭരണഘടന, എല്ലാ ജനങ്ങൾക്കും സമാധാനപരമായി സമ്മേളിക്കാനും, തങ്ങളുടെ സങ്കടങ്ങളെ തുറന്നുപറയാനും, ഘോഷയാത്രകൾ നയിക്കാനും ഉള്ള എല്ലാ അവകാശങ്ങളും നൽകിയിട്ടുണ്ട്. അടുത്ത കാലത്തായി, വിവിധവിഭാഗത്തിൽ പെട്ടവക്ക് ഘോഷയാത്രയായി നീങ്ങാനും, വമ്പിച്ചതോതിൽ സമ്മേളിക്കാനുമുള്ള ഒരു പ്രവണത കാണുന്നുണ്ട്. ഇവയുടെ സംഘാടകക്ക് സംഘാംഗങ്ങളുടെമേൽ കാര്യക്ഷമമായവിധം നിയന്ത്രണംചെലു

ത്താൻ കഴിയാത്തതുമൂലം, കുഴപ്പമുണ്ടാക്കൽ തൊഴിലാക്കിയിട്ടുള്ള ചിലർ ബോധപൂർവ്വം തീവെച്ചും, കല്ലെറിഞ്ഞും, സ്ഫോടനവസ്തുക്കൾ ഉപയോഗിച്ചും പൊതുസ്വത്തിന്നു് നഷ്ടവും നാശവും ഉണ്ടാക്കിത്തീർക്കുന്നു. ഹർത്താലുകൾ, ബന്ദുകൾ, പണിമുടക്കങ്ങൾ മുതലായവ നടക്കുമ്പോൾ അവ സംഘടിപ്പിക്കുന്നവരും അവയിൽ പങ്കുചേരാൻ ആഗ്രഹിക്കാത്തവരും തമ്മിൽ നടക്കാറുള്ള നിരന്തരസംഘട്ടനങ്ങൾക്കു് നാം സാക്ഷികളാണു്. ക്രമസമാധാനപരിപാലകർ കരുതൽ നടപടികൾ എടുക്കാറുണ്ടെങ്കിലും പല സാമൂഹ്യവിരുദ്ധശക്തികളും ഇത്തരം സന്ദർഭങ്ങളിൽ നിന്നും മുതലെടുത്തു് കൊള്ള മുതലായവ നടത്തുകയും പൊതുസ്വത്തുകൾക്കു് ഹാനിവരുത്തുകയും ചെയ്യുന്നു. ഗതാഗതവ്യൂഹത്തിന്റെ പേരിൽ ഒരപായവും ഇല്ലാതിരിക്കേത്തന്നെ ബസ്സുകളും തീവണ്ടികളും കത്തിക്കുകയും അവയുടെ നേർക്കു് കല്ലെറിയുകയും ചെയ്യുന്ന കാഴ്ച സാധാരണമാണു്.

3. പൊതുജനങ്ങളെ ഇതു് എപ്രകാരം ബാധിക്കും?

ഇത്തരത്തിലുള്ള അക്രമാസക്തമായ പ്രക്ഷോഭണങ്ങൾ നിരപരാധികളായ പൊതുജനങ്ങൾക്കു് വളരെയേറെ നഷ്ടവും, അസൌകര്യവും ഉണ്ടാക്കിത്തീർക്കുന്നു. പൊതുഗതാഗതവ്യൂഹത്തിന്റെ സ്തംഭനം കാരണം മരണക്കിടക്കയിൽ കിടക്കുന്ന രോഗികളെ ആതുരാലയങ്ങളിലേക്കു നീക്കംചെയ്യാനോ, കുട്ടികൾക്കു് സുരക്ഷിതമായി പാഠശാലകളിൽ എത്തിച്ചേരാനോ. ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാർക്കു് കാര്യാലയങ്ങളിൽ ഹാജരാകാനോ, തൊഴിലാളികൾക്കു് തൊഴിലുകൾ നിർവ്വഹിക്കുന്നതിന്നു് പോകാനോ കഴിയുകയില്ല. കൂടാതെ പൊതുസ്വത്തു് കത്തിച്ചുകളഞ്ഞാലോ, മററുപ്രകാരത്താൽ നശിപ്പിച്ചാലോ വരുന്ന സാമ്പത്തികമായ നഷ്ടം അപരിമേയമായിരിക്കും. ബസ്സു് കത്തിക്കുകയോ ഔദ്യോഗികകാര്യാലയം നശിപ്പിക്കുകയോ ചെയ്യുന്നതുമൂലം ഉണ്ടാകുന്നനഷ്ടം നികത്താൻ ഭരണകൂടത്തിന്നു പൗരന്മാരോട് കൂടുതൽ നികുതി വസൂലാക്കേണ്ടിവരുമെന്ന കാര്യം മനസ്സിലാക്കേണ്ടതാണു്. വ്യാവസായികോല്പാദനങ്ങളുടെ കുറവു്, ഗതാഗതവ്യൂഹത്തിൽനിന്നു് വരുന്ന നഷ്ടം, കടകളിലെ വില്പനക്കുറവു് മുതലായവ സാധനങ്ങളുടെ വിലവർദ്ധനക്കു് കാരണമാകുമെന്നതു് നിശ്ചയമാണു്,

4. പൊതുസ്വത്ത് നമ്മുടെ സ്വത്ത്

സമൂഹത്തിൻെറ വിവിധതലങ്ങളിലിരിക്കുന്നവർ, പൊതുസ്വത്ത് തങ്ങളുടെ സ്വത്താണെന്നും, അത് ഓരോരുത്തനും ചേർന്നതാണെന്നുമുള്ള വസ്തുത ദുർല്ലഭമായിമാത്രമേ മനസ്സിലാക്കുന്നുള്ളു. ഈ ബോധം കുട്ടികളുടെ മനസ്സിൽ സ്വഭാവരൂപീകരണകാലത്തുതന്നെ വളർത്തണം. അങ്ങനെ ഓരോ പൌരനും പൊതുസ്വത്ത് സംരക്ഷിക്കാൻ പ്രയത്നിക്കണം.

5. പൌരന്മാരുടെ അവകാശം

ഇന്ത്യൻ ശിക്ഷാനിയമം 103ാം വകുപ്പുപ്രകാരം, സ്വന്തസ്വത്തും, മററുള്ളവരുടെ സ്വത്തും (പൊതുസ്വത്തടക്കം) സംരക്ഷിക്കാനായി ഓരോ പൌരനും വ്യക്തിപരമായ പ്രതിരോധനടപടികഠക്കുള്ള അവകാശമുണ്ട്. കുഴപ്പമുണ്ടാക്കുന്നവരെ ഗുരുതരമായവിധം പരുക്കേല്പിച്ചുപോലും, തീവെപ്പ്, കൊള്ള, മോഷണം, അനധികൃതമായ സ്വത്തുകയ്യേററം മുതലായവയെ തടയാനുള്ള അവകാശം അവനുണ്ട്. അപരാധി അപരാധം ചെയ്യൽ തുടരുന്നിടത്തോളംകാലം സ്വത്തുക്കളെ സംരക്ഷിക്കാനുള്ള വ്യക്തിപരമായ പ്രതിരോധത്തിനുള്ള അകവാശം പൌരനിൽ നിക്ഷിപ്തമാണ്. ഇത്തരത്തിലുള്ള തിന്മകളോട് പൊരുതാനായി ക്രമനിയമസമാധാനപരിപാലകരെ സഹായിക്കുന്ന പൊതുജനങ്ങളെ തമിഴ്നാട്ട് ഭരണകൂടം എല്ലായ്പോഴും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

6. ഉപകാരപ്രദമായ ചില സൂചനകഠ

എല്ലാ പൊതുസ്വത്തുക്കളേയും സംരക്ഷിക്കാനോ, ഓരോ പൌരനും സംരക്ഷണം നല്ലാനോ പോലീസുസേനയ്ക്കു മാത്രം കഴിയുകയില്ലെന്ന കാര്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. അതിനാൽ പൊതുജനങ്ങളിൽ ഓരോരുത്തരും പോലീസിന്ന് തങ്ങളുടെ സഹകരണം നൽകേണ്ടതു് അത്യാവശ്യമാണ്. പ്രക്ഷോഭണങ്ങളോ, അക്രമാസക്തമായ സംഘട്ടനങ്ങളോ നടക്കുമ്പോഠ പോലീസ്

കൺട്രോംറൂമുകളിലേക്ക്, പണമൊന്നും കൊടുക്കാതെതന്നെ 100 എന്ന അക്കം ഡയൽചെയ്ത്, പോലീസിനെ വിവരം അറിയിക്കാൻ ഓരോ പൌരനും അവകാശമുണ്ട്. ഒട്ടുമുക്കാലും പ്രദേശങ്ങളിൽ വയർലസ് വാഹനങ്ങളോടുകൂടിയ പോലീസ് കൺട്രോംറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അവ ദിവസം മുഴുവനും തെരുവുകളിൽ റോന്തു ചുററിക്കൊണ്ടിരിക്കും. ഇത്തരത്തിലുള്ള അടിയന്തര ടെലഫോൺ വിളികൾക്ക് അവ പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. നിങ്ങളുടെ സമക്ഷത്തിൽവെച്ച് ആരെങ്കിലും അക്രമംചെയ്താൽ അവരെ കയ്യോടെ പിടിച്ച് പോലീസിൽ ഏല്പിക്കേണ്ടതാണ്. പൌരന്മാരെല്ലാവരും സംഘടിച്ച്, വിമുക്തഭടന്മാരുടേയും കായശേഷിയുള്ള പൌരന്മാരുടെയും സേവനങ്ങളെ പ്രയോജനപ്പെടുത്തി നീതിനിയമ സമാധാന പരിപാലനസമിതികൾ രൂപീകരിക്കണം. കൂടാതെ കോടതികളുടേയും, കമ്മീഷനുകളുടേയും മുമ്പാകെ ഹാജരായി തങ്ങളുടെ ദൃഷ്ടിയിലും അറിവിലും പെട്ടതായ സംഭവങ്ങളെക്കുറിച്ച് തെളിവുനൽകാനും മുന്നോട്ടുവരണം.

## 7. ഉപസംഹാരം

പൊതുസ്വത്തുക്കൾ സംരക്ഷിക്കുകയെന്നതു് ഓരോ പൌരന്റെയും ബാദ്ധ്യതാപൂർവ്വമായ കർത്തവ്യമാണ്. അവസാനിക്കാത്ത ജാഗരൂകതയാണ് സ്വാതന്ത്ര്യത്തിന്നു് നാം നല്കേണ്ട വില. ആക്രമത്തെ നിയന്ത്രിക്കുകയും പൊതുസ്വത്ത് സുരക്ഷിതമാക്കുകയും ചെയ്തില്ലെങ്കിൽ ജനാധിപത്യത്തിന്റെ ഭാവി അപകടത്തിലായേക്കും.

( തമിഴ്നാട്ട് സർക്കാരിന്റെ നിർദ്ദേശമനുസരിച്ച്, കോളേജ് വിദ്യാഭ്യാസത്തിനുള്ള ഡയരക്ടരിൽനിന്നും അയച്ചുകിട്ടിയ മാതൃകാപാഠത്തിന്റെ വിവർത്തനം. വിവർത്തക : ഡോ. വി. പത്മാവതി.)

# കുറിപ്പുകൾ

## 1. ഒരു കാഥികയുടെ അനുഭവപാഠങ്ങൾ.

എൻ. ലളിതാംബിക അന്തർജ്ജനം 1909-ൽ കോട്ടവട്ടത്ത് ജനിച്ചു. പുതുമയാന്ന കഥകളെഴുതി സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠനേടി. അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' എന്ന നോവൽ അവരെ കൂടുതൽ ശ്രദ്ധാർഹയാക്കി. 'ആത്മകഥക്ക് ഒരാമുഖം' എന്ന പുസ്തകത്തിലാണ് ഈ ലേഖനമുള്ളത്. സരളവും ശക്തവുമാണ് അന്തർജ്ജനത്തിന്റെ ഗദ്യശൈലി.

ചോദ്യങ്ങൾ

എ—ഉത്തരം (300 വാക്കിൽ കവിയാതെ)

1. 'ബഹുജനഹിതായ—ബഹുജനസുഖായ' എന്ന ലക്ഷ്യം കലയ്ക്ക് ഉണ്ടാവണമെന്ന് പറയാൻ കാരണമെന്ത്?

2. 'ഞാനും ഒരു കവിയായി, കഥാകർത്രിയുമായി'—അന്തർജ്ജനം വിവരിക്കുന്ന സാഹചര്യമെന്ത്?

ബി—ഉത്തരം (1200 വാക്കിൽ കവിയാതെ)

എഴുത്തുകാരിയും വിപ്ലവകാരിയുമായ ലളിതാംബിക അന്തർജ്ജനം.

## 2. മെൻഡൽ

ശാസ്ത്രകാരനും സാഹിത്യകാരനുമാണ് ഡോ. കെ. ഭാസ്കരൻനായർ, കലാസുഭഗമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി. 'ചിന്താതീർത്ഥം' എന്ന ലേഖന സമാഹാരകൃതിയിൽ ഈ ലേഖനം കാണാം. ഡോ. നായർ 1913-ൽ ഇടയാറന്മുളയിൽ ജനിച്ചു.

ചോദ്യങ്ങൾ

എ—

1. ബർണാഡ്ഷായുടെ കുസൃതി.

2. 'പ്രകൃതിംയാന്തിഭൂതാനി' എന്ന തത്ത്വം മെൻഡലിസത്തിൽ അന്തർഭവിച്ചിരിക്കുന്നുവെന്ന് ലേഖകൻ സംശയിക്കാൻ കാരണമെന്ത് ?

ബി....

മെൻഡലിന്റെ പരീക്ഷണങ്ങളെക്കുറിച്ച് വിവരിക്കുക.

### 3. മാരാരുടെ കത്ത്.

കെ. എം. കുട്ടികൃഷ്ണമാരാർ 1900-ൽ തൃപ്രങ്ങോട്ട് ജനിച്ചു. ഭാരതീയ സാഹിത്യത്തിൽ അന്യാദൃശമായ അവഗാഹം നേടി. ഭാരതീയസാഹിത്യ നിരൂപണത്തിൽനിന്ന് ക്ഷുരമ്പുകൾനേടി, അപരാജിതനായി. മലയാള സാഹിത്യനിരൂപണരംഗത്ത് വിലസി. 'യുക്തിയും വ്യക്തിത്വവുമുള്ള ശൈലി മാരാരുടെ രചനകൾക്ക് ശക്തി പകരുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പിന് മാരാർ എഴുതിയ ഈ കത്ത് 'മാരാരുടെ കത്തുകൾ' എന്ന പുസ്തകത്തി ലുള്ളതാണ്.

ചോദ്യങ്ങൾ

എ—

1. ആസ്വാദനത്തിലൂടെ 'സദ്യപരനിർവൃതയേ' എന്നൊരവസ്ഥയിലെ ത്തുന്ന ആളാണ് മാരാരെന്ന് എങ്ങനെ അനുമാനിക്കാം?

2. കലാസൃഷ്ടികളിൽനിന്നുൽഗമിക്കുന്ന ആദ്ധ്യാത്മികപരിമളം മാരാർക്ക് പ്രിയങ്കരമായിരുന്നുവെന്നതിന് എന്താണ് തെളിവ്?

ബി—

ജീവനസംഗീതത്തെക്കുറിച്ച് മാരാർക്കുള്ള അഭിപ്രായങ്ങളെന്ത്?

### 4. ജൂബയിലെ ദിവസങ്ങൾ

എസ്. കെ. പൊറ്റെക്കാട്ട് 1913-ൽ കോഴിക്കോട്ട് ജനിച്ചു. 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിനു ഇന്ത്യയിലെ ഏററവും വലിയ സമ്മാനമായ 'ജ്ഞാനപീഠം' അവാർഡ് ലഭിച്ചു. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, സഞ്ചാരസാഹിത്യകാരൻ എന്നീ നിലകളിൽ ഒന്നാംനിരക്കാരനാണ് പൊറെറക്കാട്ട്. കാവ്യമധുരമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി. നൈൽ ഡയറി' എന്ന സഞ്ചാരസാഹിത്യകൃതിയിൽ ഈ ഭാഗം കാണാം.

ചോദ്യങ്ങൾ

എ—

1. അറബികളുടെ 'ജബ്ന' പ്രിയം.

2. 1949 ഡിസംബർ 30-ാം തിയ്യതിയിലെ രാത്രി.

ബി—

ജൂബയിലെ 'അവാദ്' എന്ന മനുഷ്യനെക്കുറിച്ച് സഞ്ചാരിയുടെ വിവരണങ്ങൾ.

## 5. പ്രാസവാദം

കാല്പനിക നവോത്ഥാനത്തിന് തൊട്ടുമുമ്പ് നടന്ന എന്നതു് പ്രാസവാദത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കെ. ഭാസ്കരപ്പിള്ളയുടെ 'സാഹിത്യസമരങ്ങൾ' എന്ന 'പുസ്തകത്തിൽനിന്നാണു് "ഈ ലേഖനം. ഡിസ്ട്രിക്ട് ജഡ്ജിയും ലാങ്ഗ്വേജ് ഓഫീസറുമായിരുന്ന ലേഖകൻ നല്ലൊരു ഗദ്യകാരനും പണ്ഡിതനുംകൂടിയാണെന്നു് ഈ ലേഖനം വ്യക്തമാക്കുന്നു.

ജനനം 1913-ൽ ചിറയിൻകീഴ് എന്ന സ്ഥലത്തായിരുന്നു.

ചോദ്യങ്ങൾ

എ—

1. കവിതയുടെ രൂപഭാവങ്ങൾ.

2. വെൺമണി കവിത.

ബി—

പ്രാസവാദത്തിൻെറ ചരിത്രം വിവരിക്കുക.

## 6. ഞങ്ങളുടെതന്നെ ഒരുഭാഗം

ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് 14-6-1909നു് ഏലങ്കുളത്തു ജനിച്ചു. 1964 ജൂലായ് 5നു് മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നതാണു് ഈ ലേഖനം. ഒരു വലിയ സ്വാതന്ത്ര്യഭടനും രാഷ്ട്രീയനേതാവുമായ ഇ. എം. എസ്. പ്രതിഭാശാലിയായ ഒരെഴുത്തുകാരൻ കൂടിയാണു്.

ചോദ്യങ്ങൾ

എ—

1. ''എൻെറ ജീവിതത്തിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട ലഘുഗ്രന്ഥമാണതു്''—ഏതു്? അതെഴുതാനുണ്ടായ പ്രേരണ എന്തായിരുന്നു?

2. 1947-ൽ നെഹ്റു ഇ. എം. എസ്സിനയച്ച കത്തിൻെറ പ്രാധാന്യമെന്താണു്?

ബി—

ഇ. എം. എസ്. വിവരിക്കുന്ന നെഹ്റുവിൻെറ വ്യക്തിപ്രഭാവം.

## 7. ക്രൈസ്തവവാദശം മലയാളസാഹിത്യത്തിൽ

ഡോ. സുകുമാർ അഴീക്കോടു്, ജനനം 24-2-1926-ൽ. ഇന്നു് ജീവിച്ചിരിപ്പുള്ള സാഹിത്യവിമർശകരിൽ പ്രമുഖനാണു് സുകുമാർ അഴീക്കോട്. പ്രഗല്ഭനായ പണ്ഡിതൻ, പ്രാമാണികനായ പ്രഭാഷകൻ എന്നീ നിലക

ളിലും പ്രശസ്തനാണ് അദ്ദേഹം. 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു'. 'ആശാൻെറ സീതാകാവ്യം', 'രമണനും മലയാളകവിതയും' എന്നിവ അദ്ദേഹത്തിൻെറ വിഖ്യാത നിരൂപണകൃതികളാണ്.

ചോദ്യങ്ങൾ

എ—

1. ലോകക്രൈസ്തവർക്കിടയിൽ മുന്തിയസ്ഥാനം പാരമ്പര്യത്തിൻെറ പേരിൽ കേരളീയക്രിസ്ത്യാനിക്കുണ്ട്—സ്ഥാപിക്കുക.

2. 'നസ്രാണി സാമൂഹ്യമായി തനി ഹിന്ദുവായിരുന്നു'—തെളിവെന്ത്?

ബി—

മലയാളസാഹിത്യത്തിൽ ക്രൈസ്തവവാദശം എങ്ങനെ പ്രത്യാശിച്ചു കാണുന്നുവെന്ന് വിവരിക്കുക.

## 8. കേരളവും മരക്കാർവംശവും

ശ്രീ. പി. എ. സെയ്തുമുഹമ്മദ് 25-11-1930-ൽ കൊടുങ്ങല്ലൂരിലെ ആല എന്ന സ്ഥലത്തു ജനിച്ചു. കേരളചരിത്രസംബന്ധമായ ധാരാളം പുസ്തകങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. ചരിത്രകേരളം, സഞ്ചാരികളുടെ കേരളം, കേരളം നൂററാണ്ടുകൾക്കുമുമ്പ്, കേരള മുസ്ലിം ചരിത്രം, കേരള ചരിത്ര വീക്ഷണം, ചരിത്രസഞ്ചാരം തുടങ്ങിയവ ഇദ്ദേഹത്തിൻെറ കൃതികളിൽ ചിലതാണ്. 'ചരിത്രകേരള'ത്തിന് മദിരാശി ഗവൺമെൻറ് ബഹുമതി നൽകിയിട്ടുണ്ട്. അതിലുൾപ്പെടുന്ന ഒരു ലേഖനമാണ് 'കേരളവും മരക്കാർ വംശവും'.

ചോദ്യങ്ങൾ

എ—

1. മരക്കാർവംശത്തിൻെറ ഉത്ഭവവും വളർച്ചയും.

2. കേരളത്തിൽ മരക്കാർവംശം പരാജയപ്പെടാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

ബി—

''ഒരു രാഷ്ട്രത്തിൻെറ നിലനില്പിന്നു് ആ രാഷ്ട്രത്തിലെ സൈനികശക്തിയാണ് നിദാനം''—ഈ പ്രസ്താവനയെ കേരളത്തിലെ മരക്കാർമാരുടെ ചരിത്രത്തിലൂടെ സ്പഷ്ടീകരിക്കുക.

## 9. ഭാരതീയസാഹിത്യത്തിന്റെ അന്തർദ്ധാര

ശ്രീനി എന്ന തൂലികാനാമത്തിൽ എഴുതാറുള്ള പ്രൊഫ. ശ്രീനിവാസൻ 4-5-1923-ലാണ് ജനിച്ചത്. ദിവ്യകോകിലം, നിഴലും നിലാവും, അന്ത്യലിഖിതം തുടങ്ങി ഏതാനും ഗ്രന്ഥങ്ങളുടെ കർത്താവാണ് ശ്രീനി. ''കവിയും കാവ്യവും'' എന്ന സമാഹാരത്തിൽ ഈ ലേഖനം കാണാം.

ചോദ്യങ്ങൾ

എ—

ഭാരതീയസാഹിത്യത്തിന്റെ ഇന്നത്തെ നിലയെന്ത്?

ബി—

ഭാരതീയസാഹിത്യത്തിന്റെ അന്തർദ്ധാര കണ്ടെത്തുന്നതിൽ ലേഖനകർത്താവ് എത്രത്തോളം വിജയിച്ചിട്ടുണ്ട് ?

## 10. പരദേശിമോക്ഷയാത്ര

വി. പി. ശിവകുമാറിന്റെ 'പരദേശിമോക്ഷയാത്ര' ഒരു പരീക്ഷണമാണെന്ന് അഭിപ്രായപ്പെടുന്ന, ഒരു നിരൂപകൻ, ആത്മാന്വേഷണവ്യഗ്രരായ ചില ആധുനികകഥാകൃത്തുക്കളെ കളിയാക്കുന്നതാണത്രെ, ഈ കഥ. കഥ 76 എന്ന സമാഹാരത്തിൽ ഈ കഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചോദ്യങ്ങൾ

എ—

ആ സംഭവം കാർലോസിന്റെ മനസ്സിൽ വലിയ ഒരു വ്രണമുണ്ടാക്കി —എന്തായിരുന്നു ആ സംഭവം?

ബി—

കാർലോസിന്റെ കഥ നമ്മെ പഠിപ്പിക്കുന്ന ഗുണപാഠമെന്ത്?

—x—

# GADYASOPANAM

## SELECTIONS IN MALAYALAM PROSE

B. A., B. Sc. Part I - Malayalam


**UNIVERSITY OF MADRAS**

MADRAS - 600 005

1987



Indic Digital Archive Foundation

gpura.org